# വിശ്വാസത്തിന്റെ ചുവടുവെപ്പുകൾ

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 683 562

# വിശ്വാസത്തിന്റെ ചുവടുവെപ്പുകൾ


## പ്രൊഫ. എം.വൈ. യോഹന്നാൻ

റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682 311, കേരളം.
ഫോൺ: (0484) 2689489, 2689889

E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**


●


Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി - 683 562**

●

Cover Page & Design
Binu Varghese
Dentcare Dental Lab Pvt. Ltd., Muvattupuzha

●

Printed at
Five Star Offset Printers, Kochi

●

Price: ` 70

●



All rights reserved with the publisher

## ആമുഖം

ഒരിക്കൽ ക്ലോറോഫോം കണ്ടുപിടിച്ച ജയിംസ് സിംസനോട് ഒരാൾ ചോദിച്ചു. അങ്ങയുടെ ജീവിതത്തിലെ ഏറ്റവും വലിയ കണ്ടുപിടുത്തം ഏതാണ്? "മനുഷ്യനെ മയക്കുന്ന ക്ലോറോഫോം കണ്ടുപിടിച്ചതല്ല, എന്നെ മയക്കിയ ക്രിസ്തുവിനെ കണ്ടെത്തിയതാണ് എന്റെ ഏറ്റവും വലിയ കണ്ടുപിടിത്തം." അദ്ദേഹം മറുപടി പറഞ്ഞു.

ക്രിസ്തുവിന്റെ അപ്രമേയ പ്രതിഭ, മാനവജാതിക്ക് നൽകിയ മഹാസന്തോഷമാണ് സുവിശേഷത്തിന്റെ കാതലും കാമ്പും. Paradise lost എഴുതിയ ജോൺ മിൽട്ടൺ, Less Miserables (പാവങ്ങൾ - ലാമിറാബ്ളേ) എഴുതിയ വിക്ടർ യൂഗോ, യുദ്ധവും സമാധാനവും (War and Peace) എഴുതിയ ടോൾസ്റ്റോയി, Divine Comedy എഴുതിയ ഡാൻഡേ മുതലായ സാഹിത്യനായകന്മാർ ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ശക്തി സ്വാംശീകരിച്ചവരായിരുന്നു.

മൊളോക്കോയിലെ കുഷ്ഠരോഗികൾക്കുവേണ്ടി ജീവിതം ബലികഴിച്ച ഫാദർ ഡാമിയൻ, ആഫ്രിക്കയിലെ കിരാതന്മാരുടെ ഇടയിൽ തന്നെത്തന്നെ മറന്ന് സുവിശേഷത്തിന്റെ വിത്ത് വിതച്ച ഡേവിഡ് ലിവിങ്സ്റ്റൺ, അമേരിക്കൻ ഭരണഘടനയുടെ ഉപജ്ഞാതാവായ ബെഞ്ചമിൻ ഫ്രാങ്ക്ളിൻ തുടങ്ങിയ മഹത്വ്യക്തികൾ സുവിശേഷത്തിന്റെ തണലിലേക്ക് ലക്ഷങ്ങളെ ആകർഷിച്ചവരാണ്.

ആതൻസ് ബുദ്ധിജീവികളുടെ നാടാണ്. സോക്രട്ടീസിന്റെയും പ്ലേറ്റോയുടെയും അരിസ്റ്റോട്ടിലിന്റെയും നാട്ടിലെ ഒരു

താത്വികാചാര്യൻ ആയിരുന്ന അരിസ്റ്റഡസ്, അന്നത്തെ ചക്രവർത്തിക്ക് ഒരു എഴുത്ത് എഴുതി: "ക്രിസ്ത്യാനികൾ എന്ന് പറയുന്ന ഈ മനുഷ്യർ തങ്ങളെ ദ്രോഹിക്കുന്നവരെ താത്പര്യ പൂർവ്വം സ്നേഹിക്കുകയും അവർക്ക് നന്മ ചെയ്യുകയും ചെയ്യുന്നു.

സുപ്രസിദ്ധ ക്രിസ്തുവിശ്വാസിയായിരുന്ന ബിഷപ്പ് ഫുൾട്ടൻ ഷീൻ ക്രിസ്തുവിന്റെ മഹത്വത്തിന്റെ ശരിയെ ഉൾക്കൊണ്ട് പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്.

Once partner must never be an instrument of once will; rather in marriage the partner is a limit to once will the other person is not to be regarded like a subjugated colony......egotism in marriage is assassination."

സ്വന്തം അഭിലാഷപൂർത്തീകരണത്തിനുള്ള ഒരു ഉപകര ണമല്ല ജീവിതപങ്കാളി. പ്രത്യുത, ഒരാളുടെ ഇഷ്ടാനിഷ്ടങ്ങൾ ചെന്ന് നിൽക്കേണ്ട അതിർത്തിവരമ്പാണത്. കീഴടക്കപ്പെട്ട കോളനിപോലെയല്ല മറ്റേയാൾ. വൈവാഹിക ജീവിതത്തിലെ തനിക്കു താൻ പോരിമ കൊലപാതകമാണ്.

ക്രിസ്റ്റീന റോസറ്റി എന്ന കവയത്രി ഒരു ദിവസം സമുദ്രതീരത്ത് പോയി ഏകാന്തചിന്തയിൽ മുഴുകിയിരിക്കുക യായിരുന്നു. അനന്തമായ സാഗര ഗരിമ, ഉഗ്രകോപത്തോടെ അലറിക്കുതിക്കുന്ന അലമാലകൾ, എപ്പോഴും പ്രക്ഷുബ്ധമായ മഹാസമുദ്രം, അതിലേക്ക് നിരന്തരം ഒഴുകിയെത്തുന്ന നദികൾ! കവയത്രി ഇങ്ങനെ എഴുതി.

"All earths full rivers cannot fill the sea that drinking thirsteth still."

മനുഷ്യഹൃദയത്തിന്റെ പ്രതീകമാണ് സമുദ്രം. അതിന് നിറവേകാൻ ഒന്നിനും കഴിയുകയില്ല. ദൈവത്തിനല്ലാതെ അവിടെ പൂർണ സംതൃപ്തിയും സമാശ്വാസവും നൽകുവാൻ സാധിക്കുകയില്ല. വിശ്വാസത്തിന്റെ കാലടിപ്പാടുകൾ പിന്തുടർന്ന് സായൂജ്യമടഞ്ഞ മഹാരഥന്മാരുടെ നിരയിൽ

മുൻപന്തിയിൽ തിരുവചനത്തിലെ അബ്രാഹാമിനെ കാണാം. അദ്ധ്വാനവും ക്ലേശവും കഴിഞ്ഞ് നിർവൃതിയുടെ തുറമുഖത്ത് അണഞ്ഞ പൂർവ്വപിതാവായ അബ്രാഹാം വിശ്വാസത്തിന്റെ ചുവടുവയ്പ്പുകളുടെ ഉടമയാണ്.

അബ്രാഹാമിന്റെ പാദമുദ്രകൾ പതിഞ്ഞ പ്രതലത്തിൽക്കൂടി നടന്ന് ക്രിസ്തുവിനെ പിൻപറ്റുന്നതിന്റെ ആവേശവും ആനന്ദവും ആണ് ഈ ഗ്രന്ഥം രചിക്കുവാൻ എന്നെ പ്രേരിപ്പിച്ചത്. ഇത് വായിക്കുന്ന എല്ലാവരും ആ വരിഷ്ഠമായ സരണിയിലൂടെ തലമുറകളെ പ്രകമ്പനം കൊള്ളിക്കുന്നവരായി തീരണമെന്ന് ഞാൻ ആശിക്കുന്നു.

ഈ പുസ്തകം വെളിച്ചം കാണുന്നതിന് മുഖാന്തിരമായ അനേകം ആത്മീയ സഹോദരങ്ങൾ എനിക്കുണ്ട്. നിസ്തന്ദ്രമായ പരിശ്രമത്തിലൂടെ editing, DTP, Cover Page, Printing എന്നിവയിൽ എല്ലാം അത്യുത്സാഹം കാണിച്ച എന്റെ പ്രിയപ്പെട്ട സഹോദരങ്ങളോട് എനിക്ക് നിസ്സീമമായ കൃതജ്ഞതയുണ്ട്. ഈ പുസ്തകം വായിക്കുന്ന ഏവരും വിശ്വാസത്തിന്റെ അനുഗ്രഹപാതയിലൂടെ മുന്നേറി ക്രിസ്തുവിനെ സ്വന്തം കർത്താവും രക്ഷിതാവുമായി സ്വീകരിക്കുവാൻ ഇടയാകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

നിങ്ങളുടെ വിനീത വിധേയൻ,

**എം.വൈ. യോഹന്നാൻ സാർ.**

# ഒന്ന്

*"എന്റെ പിതൃഭവനത്തിൽനിന്നും ജന്മദേശത്തു നിന്നും എന്നെ കൊണ്ടുവന്നവനും എന്നോട് അരുളിച്ചെയ്തവനും നിന്റെ സന്തതിക്കു ഞാൻ ഈ ദേശം കൊടുക്കുമെന്ന് എന്നോടു സത്യം ചെയ്തവനുമായി സ്വർഗ്ഗത്തിന്റെ ദൈവമായ യഹോവ എന്റെ മകന് നീ ഒരു ഭാര്യയെ അവിടെ നിന്നു കൊണ്ടുവരുവാൻ തക്കവണ്ണം നിനക്കു മുമ്പായി തന്റെ ദൂതനെ അയയ്ക്കും."*

*ഉല്പത്തി 24 : 7*

അബ്രാഹാം തന്റെ ദാസനായ എല്യേസറിനെ, യിസ്ഹാക്കിന് ഒരു മണവാട്ടിയെ തേടുവാൻ പറഞ്ഞയയ്ക്കുകയാണ്: ഒരിക്കൽ ഞാൻ എന്റെ ജീവനുള്ള ദൈവത്തിന്റെ മുമ്പാകെ എന്നെ സമർപ്പിച്ചു.

1. Abraham's Example of Dedication

എന്തൊരു ശക്തിയുള്ള, കരുത്തുറ്റ പ്രസ്താവന! പ്രിയപ്പെട്ടവരേ, നമ്മുടെ ജീവിതത്തിൽ ഒരിക്കൽ ഒരു സമർപ്പണം എടുത്തിട്ടുണ്ടെങ്കിൽ അതിന്റെ തീജ്വാല നമ്മുടെ സിരകളിൽ ആളിക്കൊണ്ടിരിക്കും. നിങ്ങൾ അങ്ങനെയൊരു സമർപ്പണം എടുത്തിട്ടുണ്ടോ? ദൈവത്തിന്റെ ശബ്ദം നിങ്ങളെ തൊട്ടിട്ടുണ്ടോ? ദൈവത്തിന്റെ ശബ്ദം നിങ്ങളുടെ ഹൃദയത്തിൽ വന്ന് അലയടിച്ചിട്ടുണ്ടോ?

എന്നെങ്കിലും ഒരു സമയത്ത് ദൈവം നിങ്ങളോട് ഇട

പെട്ടു എന്ന് നിങ്ങൾക്ക് ബോദ്ധ്യമുണ്ടോ? ഇല്ലെങ്കിൽ ഇന്ന്, ഇപ്പോൾ ദൈവം നിങ്ങളോട് ഇടപെടുകയാണ്. ഇന്ന് ജീവ നുള്ള ദൈവത്തിന്റെ ആശ നിങ്ങളെ അറിയിക്കുകയാണ്: മകനേ, മകളേ, നീ എന്റെ വാക്ക് കേട്ട് ഇറങ്ങി പുറപ്പെടുക.

ദൈവം, അബ്രാഹാമിനോട് പറഞ്ഞു: നീ നിന്റെ ദേശത്തെ വിടണം, പിതൃഭവനത്തെ വിടണം, നിന്റെ ഇന്നത്തെ സാഹച ര്യത്തെ വിടണം. നീ ഇന്ന് വിഗ്രഹാരാധിയായി കഴിയുന്നു. എന്നാൽ നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹി ക്കപ്പെടുവാൻ ഞാൻ കണ്ടിരിക്കുകയാണ്. നിന്നിൽ ഒരാളിൽ നിന്നുകൊണ്ട് ഈ ഭൂമിയിലെ സകലവംശങ്ങളെയും സകല ജാതികളെയും അനുഗ്രഹിക്കാൻ ഞാൻ ആശ വച്ചിരിക്കുകയാണ്.

അതുകൊണ്ട് നീ ഈ വിഗ്രഹസേവയിൽ കഴിയേണ്ട വനല്ല. നീ സത്യദൈവത്തെ അറിഞ്ഞ് ജീവനുള്ള ദൈവ ത്തിന്റെ വഴിയിൽ ജീവിക്കേണ്ടവനാണ്. നീ അതുകൊണ്ട് ഈ ദേശം വിടുക; പിതൃഭവനം വിടുക; ഞാൻ നിന്നെ കാണിപ്പാനിരി ക്കുന്ന ദേശത്തേക്ക് പുറപ്പെടുക.

അബ്രാഹാം 75-ാം വയസ്സിലാണ് കൽദയരുടെ ഊരിൽ നിന്ന് യൂഫ്രട്ടീസ്, ടൈഗ്രീസ് നദിക്ക് അക്കരെ, മെസ്സപ്പൊട്ടോമ്യൻ സമതലത്തിൽ നിന്ന് പുറപ്പെട്ടത്. തുടർന്ന് ഈ എഴുപതോളം വർഷക്കാലവും ഉള്ളിൽ ആ തീ കാത്തുസൂക്ഷിച്ചു കൊണ്ടിരുന്നു.

ഒരിക്കൽ സമർപ്പണം എടുത്ത, ദൈവസന്നിധിയിൽ ചില തീരുമാനങ്ങൾ എടുത്തു പുറപ്പെട്ടവരോടു ചോദിക്കട്ടെ, നിങ്ങളുടെ ഉള്ളിൽ ഇന്ന് ആ തീ കത്തുന്നുണ്ടോ? അന്ന് എടുത്ത സമർപ്പണത്തിന്റെ അഗ്നി! ആ തീനാളം നിങ്ങളിൽ ജ്വലിക്കുന്നുണ്ടോ?

പ്രിയപ്പെട്ടവരേ, അത് എന്തൊരു ഭാഗ്യമാണ്! എന്തൊരു ശക്തിയാണ്! ജീവനുള്ള ദൈവത്തോട് വാക്ക് പറഞ്ഞു പുറപ്പെട്ട ദൈവത്തിന്റെ ദാസൻ ആ വാക്കിൽ നിലനിൽക്കുന്നു.

അബ്രാഹാം തന്റെ ദാസനോട് പറയുകയാണ്: എനിക്ക് ഒരു മകനുണ്ട്, ദൈവം തന്ന മകൻ. സ്വർഗ്ഗത്തിലെ ദൈവം എന്റെ വാർദ്ധക്യത്തിൽ തന്ന മകനാണ്. പ്രതീക്ഷയൊന്നും ഉണ്ടായിരുന്നില്ല. എനിക്ക് അല്പംപോലും ആശയില്ലായിരുന്നു. ഞാൻ തളർന്ന് അവശനായിപ്പോയതാണ്. വാഗ്ദത്തമുണ്ട്, പക്ഷേ എന്ന് സാധിക്കും? 25 വർഷങ്ങളുടെ നീണ്ട കാത്തിരിപ്പിനുശേഷമാണ് എനിക്ക് യിസ്ഹാക്കിനെ കിട്ടിയത്. എന്നാൽ ഞാൻ ചിലപ്പോൾ തളർന്നെങ്കിലും സ്വർഗ്ഗത്തിലെ ദൈവം തളർന്നില്ലായിരുന്നു.

ഞാൻ അന്ന് കൽദയരുടെ ഊരിൽ വച്ച് ദൈവത്തോടു പറഞ്ഞ വാക്ക് ദൈവം ഓർത്തു. ചിലപ്പോഴെല്ലാം ഞാൻ ഭാരത്തോടെ ചിന്തിച്ചിട്ടുണ്ട്: കർത്താവേ, ഇത് നീ എന്നോടു പറഞ്ഞ വാക്കാണല്ലോ, പക്ഷേ എന്തുകൊണ്ട് നിറവേറുന്നില്ല എന്ന്. അതുകൊണ്ടാണ് കൂടാരത്തിന്റെയുള്ളിൽ എന്റെ ഭാര്യ സാറാ നെടുവീർപ്പോടെ ഇരിക്കുമ്പോൾ ഞാൻ കൂടാര വാതിൽക്കൽ നെടുവീർപ്പോടെ, മുഖം വാടിയവനായി, ഉള്ളം തളർന്നവനായി, തല കുമ്പിട്ടവനായി ഇരുന്നത്. എന്നാൽ അന്ന് ദൈവം എന്റെ തല ഉയർത്തി. ദൈവം വീണ്ടും എന്നെ സന്ദർശിച്ചു. ഇപ്പോൾ എനിക്ക്, ഈ 140-ാമത്തെ വയസ്സിൽ എന്റെ ദാസനായ നിന്നോട് ഒരു വാക്കേ പറയാനുള്ളൂ.

“എന്റെ പിതൃഭവനത്തിൽനിന്നും, ജന്മദേശത്തുനിന്നും എന്നെ കൊണ്ടുവന്നവനും എന്നോട് അരുളിച്ചെയ്തവനും നിന്റെ സന്തതിക്ക് ഞാൻ ഈ ദേശം കൊടുക്കുമെന്ന് എന്നോട് സത്യം ചെയ്തവനുമായ സ്വർഗ്ഗത്തിന്റെ ദൈവമായ യഹോവ എന്റെ മകന് നീ ഒരു ഭാര്യയെ അവിടെനിന്ന് കൊണ്ടുവരുവാൻ തക്കവണ്ണം നിനക്ക് മുമ്പായി തന്റെ ദൂതനെ അയയ്ക്കും.”

എന്റെ സഹോദരങ്ങളേ, നിങ്ങൾ ദൈവത്തോട് ഒരിക്കൽ ഒരു വാക്കു പറഞ്ഞവരാണെങ്കിൽ നിങ്ങൾക്ക് നിങ്ങളുടെ മക്കളുടെ കാര്യം ദൈവത്തോട് ബോധിപ്പിക്കാം.

മക്കളുടെ വിവാഹത്തിന്റെ കാര്യം, പഠിത്തത്തിന്റെ കാര്യം, ജോലിയുടെ കാര്യം, അവരുടെ ഭവനത്തിന്റെ കാര്യം, ഇങ്ങനെ അവരുടെ എല്ലാ കാര്യവും അന്വേഷിച്ചുകൊണ്ട് സ്വർഗ്ഗത്തിലെ ദൈവത്തിന്റെ സന്നിധിയിലേക്ക് കടന്നു ചെല്ലാം.

നിങ്ങളുടെ ആവശ്യങ്ങൾ ദൈവത്തോടു പറയാം. ഹൃദയത്തിലെ ആഗ്രഹങ്ങൾ ദൈവസന്നിധിയിൽ ബോധിപ്പിക്കാം. അധരങ്ങളുടെ യാചന നിഷേധിക്കാത്ത ദൈവം, ആഗ്രഹിച്ചത് സാധിപ്പിച്ചുതരുന്ന ദൈവം വേണ്ടത് നിങ്ങൾക്ക് തക്കസമയത്ത് സാധിപ്പിച്ചു തരും.

ജീവനുള്ള ദൈവത്തിന് സമയം തെറ്റുകയില്ല; അബ്രാഹാമിന് ഉറപ്പുണ്ട്. ഇത്രയും കാലം എന്നോട് വാക്കുപറഞ്ഞ ദൈവം. ഇത്രയും കാലം എന്നെ നയിച്ച ദൈവം, എന്നെ നടത്തിയ ദൈവം, ഞാൻ പറഞ്ഞ സമർപ്പണത്തെ അംഗീകരിച്ച ദൈവം. എന്റെ കർത്താവേ, നീ എനിക്കുവേണ്ടി, എന്റെ മകനുവേണ്ടി, എന്റെ കുടുംബത്തിനുവേണ്ടി കരുതും.

ഒരിക്കൽ സമർപ്പിച്ച, ദൈവത്തോട് വാക്കു പറഞ്ഞ ഒരാളാണ് ഞാൻ. എന്റെ പിതൃഭവനത്തിൽനിന്നും എന്റെ ജന്മദേശത്ത് നിന്നും എന്നെ കൊണ്ടുവന്ന ദൈവം!

സഹോദരങ്ങളേ, നിങ്ങളെ പുറപ്പെടുവിച്ച ദൈവത്തെ നിങ്ങൾക്ക് അറിയാമോ? നിങ്ങളെ ഈ കൂട്ടായ്മയിലേക്ക് ആനയിച്ച ദൈവത്തെ നിങ്ങൾക്ക് പരിചയപ്പെടാൻ കഴിഞ്ഞിട്ടുണ്ടോ? നിങ്ങൾക്ക് ജീവന്റെ വചനത്തോട് ഒരു മധുരം തന്ന ദൈവത്തെ അനുഭവിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ജീവന്റെ ആത്മാവ് നിങ്ങളുടെ മദ്ധ്യത്തിൽ ശക്തിയായി വാദിച്ചുകൊണ്ടിരുന്നത് നിങ്ങൾക്കോർമ്മയുണ്ടോ?

ഇന്നും ആ ആത്മാവ് നിങ്ങളുടെ മുമ്പിൽ വന്ന് വാദിക്കുകയാണ്; മകനേ, നീ പണ്ടൊരിക്കൽ പറഞ്ഞ വാക്ക് മറന്നുവോ? എന്റെ പ്രിയ മകളേ, നിന്റെ ജീവിതത്തിൽ നീ ഒരിക്കൽ എന്നോട് ചില വാക്കുകൾ പറഞ്ഞതല്ലേ? നിന്നോട്

ഞാൻ നേരിട്ട് ഇടപെട്ടതല്ലേ? വചനം നിനക്ക് തന്നതല്ലേ? വചനത്തിൽക്കൂടി ഞാൻ നിനക്ക് പ്രത്യക്ഷപ്പെട്ടതല്ലേ? ഞാൻ തന്ന വാക്ക് കേട്ട് നീ പുറപ്പെട്ടത് നിനക്കോർമ്മയില്ലേ? നിന്റെ സമർപ്പണം എവിടെ?

സഹോദരങ്ങളേ, നിങ്ങൾ എന്നെങ്കിലും ഒരു സമർപ്പണം പറഞ്ഞിട്ടുണ്ടോ? ജീവിതത്തിൽ അഴുക്കു പറ്റുകയില്ല എന്ന് ദൈവത്തോട് വാക്കുപറഞ്ഞവരില്ലേ? ഒരണുവിൽപ്പോലും തെറ്റുപറ്റാതെ നിൽക്കും എന്ന് ദൈവത്തോട് വാക്കു പറഞ്ഞവരില്ലേ? ഒരു ചിന്തയിൽപോലും പാളിച്ച വരാതെ ഞാൻ എന്നെത്തന്നെ സൂക്ഷിച്ചുകൊള്ളാം എന്ന് ദൈവത്തോട് പ്രതിജ്ഞ ചെയ്തവരില്ലേ?

'സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു, മശിഹായെ ഞാൻ സ്വീകരിക്കുന്നു' എന്നു നാവുകൊണ്ട് ഏറ്റുപറഞ്ഞവരില്ലേ? പഴയ മനുഷ്യൻ മരിച്ചു, അടക്കപ്പെട്ടു, പുതിയ മനുഷ്യൻ ഉയിർത്തെഴുന്നേറ്റു എന്ന് അനുഭവിച്ചവരില്ലേ? എന്നാൽ ഇന്നത്തെ നിങ്ങളുടെ അവസ്ഥ എന്താണ്?

സഹോദരങ്ങളേ, ദൈവം തന്റെ മഹത്വമുള്ള വചനം അബ്രാഹാമിന് കൊടുത്തു.

വചനം നിങ്ങൾക്ക് ലഭിച്ചു, എന്നും വചനം കിട്ടിക്കൊണ്ടിരിക്കുന്നു. 'Familiarity breeds contempt' എന്ന് ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. എന്നും വചനം കേൾക്കുമ്പോൾ ഒരു ചെടിപ്പ് വരും. ഓ, ഇന്നലെ കേട്ടതല്ലേ ഇന്നും കേൾക്കുന്നത്? പാപം വരരുത്, യേശുക്രിസ്തുവിന്റെ തിരുരക്തത്തിൽ ശരണപ്പെട്ട് പാപത്തിന്മേൽ ജയം നേടിക്കൊള്ളണം, ജയജീവിതം, വിശ്വാസജീവിതം, അത് നിങ്ങളുടെ സമ്പത്താക്കിക്കൊള്ളണം, ഇതൊക്കെയല്ലേ എന്നും കേൾക്കുന്നത്?

പ്രിയപ്പെട്ടവരേ, ദൈവത്തിന്റെ വചനം നിത്യനൂതനമാണ്. ദൈവത്തിന്റെ വചനം എന്നും പുതിയതാണ്; എന്നും പുതിയ കൃപയാണ്; എന്നും പുതിയ മന്നയാണ്. ഇന്നലത്തെ

മന്നയല്ല ഇന്നു കിട്ടുന്നത്. ഇന്നത്തേക്ക് പുതിയ മന്ന വർഷിക്കുകയാണ്. മകനേ, നിന്റെ കൂടാരത്തിൽ നിന്ന് ഇറങ്ങിവന്ന് പുതിയ മന്ന പെറുക്കിയെടുക്കണം. ഇന്നലത്തേത് സംഭരിച്ചു വയ്ക്കേണ്ട, ഇന്നു പുതിയ മന്ന പെറുക്കണം.

“എന്നോട് അരുളിച്ചെയ്തവൻ” എന്നാണ് അബ്രാഹാം പറയുന്നത്. എന്നെ പിതൃദേശത്തുനിന്നും പഴയ ഭവനത്തിൽ നിന്നും എന്റെ പിതാക്കന്മാരുടെ അരികിൽനിന്നും പുറപ്പെടുവിച്ച ദൈവം. അവൻ എന്നെ കൊണ്ടുവന്നു, എന്നോട് അരുളിച്ചെയ്തു, എനിക്ക് വാഗ്ദത്തം തന്നു. ദൈവം എന്നും വാഗ്ദത്തങ്ങളുടെ ദൈവമാണ്. വാഗ്ദത്തങ്ങൾ തരുന്നവൻ മാത്രമല്ല, വാഗ്ദത്തങ്ങൾ പാലിക്കുന്ന ദൈവമാണ്.

എന്റെ സ്നേഹിതരേ, നിങ്ങൾക്ക് വാഗ്ദത്തങ്ങൾ കിട്ടിയിട്ടുണ്ടോ? നിങ്ങൾ പഴയ ഏടുകൾ മറിച്ചുനോക്കൂ. എന്തു മാത്രം വാഗ്ദത്തങ്ങൾ! വ്യക്തിപരമായ വാഗ്ദത്തങ്ങൾ നിങ്ങൾക്കു ലഭിക്കും. പൊതുവായ വാഗ്ദത്തങ്ങൾ ലഭിക്കും.

ഒരു വ്യക്തിയ്ക്ക് വ്യക്തിപരമായി, specific ആയി, personal ആയി കൊടുക്കുന്ന വചനം റീമ - Rhema ആണ്. എന്നാൽ ദൈവം പൊതുവായി നൽകുന്ന വചനം ലോഗോസ് - Logos ആണ്. നിങ്ങൾക്ക് ഇതുരണ്ടും കിട്ടിയിട്ടുണ്ട്. ദൈവം നിങ്ങൾക്ക് നേരിട്ട് ആലോചനകൾ തരുന്നു, നേരിട്ട് പ്രത്യക്ഷനാകുന്നു. ദൈവം നിങ്ങളോട് വ്യക്തിപരമായി സംസാരിക്കുന്നു. നിങ്ങളുടെ വ്യക്തിപരമായ ആവശ്യം കണ്ടറിഞ്ഞ് അതാതു ദിവസത്തേക്കുള്ള മന്ന പൊഴിച്ചു തരുന്നു.

അബ്രാഹാമിന്റെ സമർപ്പണം! എന്നോട് അരുളിച്ചെയ്ത ദൈവത്തിന്റെ മുമ്പിൽ, എനിക്കു വാഗ്ദത്തം തന്ന ദൈവത്തിന്റെ മുമ്പിൽ എനിക്ക് ഒരു സമർപ്പണം ഉണ്ടായി. ഞാൻ പിതൃദേശം വിട്ടു, ജന്മദേശം വിട്ടു, പിതൃഭവനം വിട്ടു. Abraham's example of dedication! അബ്രാഹാമിന്റെ സമർപ്പണത്തിന്റെ മാതൃക!

പഴയനിയമത്തിൽ എത്രയോ സ്ഥലങ്ങളിൽ ഇതു പോലെ dedication ഉണ്ട്; ഇതുപോലെ സമർപ്പണമുണ്ട്. അബ്രാഹാം സമർപ്പിച്ചു, യിസ്ഹാക്ക് സമർപ്പിച്ചു, യാക്കോബ് സമർപ്പിച്ചു.

മുൾപ്പടർപ്പിൽ തീയായി ദൈവം പ്രത്യക്ഷപ്പെട്ടപ്പോൾ ദൈവസന്നിധിയിൽ മോശ സമർപ്പിച്ചു. ജീവനുള്ള ദൈവ ത്തിന്റെ മുമ്പിൽ ദാവീദ് സമർപ്പിച്ചു. ദാനിയേൽ സമർപ്പിച്ചു. പ്രവാചകർ സമർപ്പിച്ചു. ദൈവം, തന്റെ സന്നിധിയിൽ സമർപ്പിച്ച തന്റെ മക്കളുടെ നാവിൽ വചനം വരച്ചു കൊടുത്തു.

മനോഹരമായ ഒരു കഥ ഞാൻ കേട്ടിട്ടുണ്ട്. ഫിൽ ഹെയിൽസ് എന്ന ഭക്തനായ ഒരു സുവിശേഷകൻ ഭാവനയിൽ ഒരു കഥ പറഞ്ഞു. ആ കഥ Bob Gass എന്ന സുവിശേഷകൻ എടുത്തുപറഞ്ഞു. കഥ ഇങ്ങനെയാണ്:

യേശുതമ്പുരാൻ നടന്നുപോകുകയാണ്. നടന്നു പോകുമ്പോൾ ഒരാൾ വഴിയരികത്തിരുന്ന് കരയുന്നു. കർത്താവ് ചോദിച്ചു: എന്താ കരയുന്നത്? ഞാൻ ഒരു കുരുടനാണ്. കർത്താവ് അവന് സൗഖ്യം കൊടുത്തു. അവനു സന്തോഷമായി. കർത്താവ് പിന്നെയും മുന്നോട്ടു പോകുകയാണ്. നടന്നു നടന്നു പോകുമ്പോൾ അവിടെ വേറൊരാൾ ഇരുന്ന് കരയുന്നു. എന്താ കരയുന്നത്? കർത്താവ് ചോദിച്ചു. അവൻ പറഞ്ഞു: ഞാൻ ഒരു മുടന്തനാണ് നടക്കാൻ വയ്യ. അവനും കർത്താവ് സൗഖ്യം കൊടുത്തു.

കർത്താവ് പിന്നെയും മുന്നോട്ടു പോകുമ്പോൾ വേറൊരാൾ വഴിയോരത്തിരുന്നു കരയുന്നു. എന്തേ കരയുന്നത്? ഞാൻ ഒരു സുവിശേഷകനാണ്. സുവിശേഷകൻ! കർത്താവ് അരികത്തിരുന്നുകൊണ്ട് ഈ സുവിശേഷകന്റെ കൂടെ കരയാൻ തുടങ്ങി. കർത്താവ് പിന്നെ അവിടെനിന്നും പോകുന്നില്ല. സുവിശേഷകൻ ആത്മാക്കൾക്കുവേണ്ടി കരയുകയാണ്, മറ്റുള്ളവർക്കുവേണ്ടി കരയുകയാണ്.

ഇന്നത്തെ സുവിശേഷകന്മാർ ഇതൊന്നു കേട്ടിരുന്നെങ്കിൽ! ഇന്നത്തെ പട്ടക്കാർ ഇതൊന്നു കേട്ടിരുന്നെങ്കിൽ! ഇന്നത്തെ മൂപ്പന്മാർ ഇതൊന്നു കേട്ടിരുന്നെങ്കിൽ! ഇന്നത്തെ കശ്ശീശന്മാർ ഇതൊന്നു കേട്ടിരുന്നെങ്കിൽ!

ആ സുവിശേഷകന്റെ അടുത്തു നിന്ന് കർത്താവ് പോകുന്നില്ല. ദൈവം തന്റെ ശുശ്രൂഷകന്മാരെ മാനിക്കുന്നു. ആത്മാക്കൾക്കുവേണ്ടി കരയുന്ന ദൈവത്തിന്റെ വേലക്കാരോട് ചേർന്നിരുന്ന് സ്വർഗ്ഗത്തിലെ ദൈവം കരയുന്നു.

നിങ്ങൾക്കൊരു സമർപ്പണമെടുക്കാൻ പറ്റുമോ? കർത്താവിനോട് വാക്കുപറയാൻ പറ്റുമോ? കർത്താവേ, ഇത്രയും കാലം ചുമതലാബോധമില്ലാത്തവനായി ഞാൻ ജീവിച്ചു. ഉത്തരവാദിത്വബോധമില്ലാത്തവളായി ജീവിച്ചു. യേശുവേ, എന്റെ കഴിഞ്ഞ കാലങ്ങൾ പാഴായിപ്പോയി. ഞാൻ അലസനായിപ്പോയി. ഞാൻ ഉദാസീനയായിപ്പോയി. ഞാൻ മയങ്ങിപ്പോയി, ഉറങ്ങിപ്പോയി. ആത്മാവിൽ ചൈതന്യം കെട്ടു പോയി. എന്റെ നാഥാ, ഞാൻ ഇന്ന് നിന്നോട് ഒരു വാക്കുപറയട്ടെ, വീണ്ടും ഒരു സമർപ്പണം എടുക്കട്ടെ.

എനിക്കുവേണ്ടി തിരുരക്തം ചിന്തിയവനേ, എന്റെ പാപക്കറകൾ കഴുകാൻ എനിക്കുവേണ്ടി ജീവൻ വെടിഞ്ഞവനേ, നിനക്കുവേണ്ടി ഞാനിതാ എന്നെത്തന്നെ തരുന്നു. സമ്പൂർണ്ണ സമർപ്പണം ഞാൻ എടുക്കുന്നു. യേശുവേ, ഈ നിമിഷം മുതൽ ഞാൻ നിന്റെ അടിമ, ഞാൻ നിന്റെ വക, ഞാൻ നിന്റെ സത്യശുശ്രൂഷകൻ, നിന്റെ വിശ്വസ്ത വേലക്കാരൻ.

## രണ്ട്

*“ആ പുരുഷൻ അവളെ ഉറ്റുനോക്കി, യഹോവ തന്റെ യാത്രയെ സഫലമാക്കിയോ ഇല്ലയോ എന്ന് അറിയേണ്ടതിന് മിണ്ടാതിരുന്നു. ഒട്ടകങ്ങൾ കുടിച്ചുതീർന്നപ്പോൾ അവൻ അര ശേക്കെൽ തൂക്കമുള്ള ഒരു പൊന്മൂക്കുത്തിയും അവളുടെ കൈക്കിടുവാൻ പത്തു ശേക്കെൽ തൂക്കമുള്ള രണ്ടു പൊൻവളയും എടുത്ത് അവളോട്: നീ ആരുടെ മകൾ? പറക; നിന്റെ അപ്പന്റെ വീട്ടിൽ ഞങ്ങൾക്കു രാപാർപ്പാൻ സ്ഥലം ഉണ്ടോ എന്നു ചോദിച്ചു.”* *ഉല്പത്തി 24 : 21 – 23*

എല്യേസർ അബ്രാഹാമിന്റെ ഏകജാതനായ യിസ്ഹാക്കിന് ഒരു മണവാട്ടിയെ തേടി പുറപ്പെട്ടിരിക്കുകയാണ്. മൈലുകൾ മൈലുകൾ ദൂരെ ഹാരാനിൽ ചെന്ന്, എല്യേസർ ഒരു കിണറ്റിൻ കരയിൽ നിൽക്കുകയാണ്. അപ്പോഴാണ് ലാബാന്റെ സഹോദരിയായ, ബെഥൂവേലിന്റെ മകളായ റിബെക്ക വെള്ളം കോരുവാനായി വരുന്നത്.

എല്യേസർ റിബെക്കയെ ഉറ്റുനോക്കി. തന്റെ യാത്ര ദൈവം സഫലമാക്കിയോ എന്ന് പ്രാർത്ഥനാപൂർവ്വം ശ്രദ്ധിച്ചുകൊണ്ടിരുന്നു. അവളെ നോക്കിക്കൊണ്ടിരുന്നപ്പോൾ ഹൃദയം ദൈവസന്നിധിയിൽ പകരുകയായിരുന്നു. പ്രാർത്ഥനയിലൂടെ ദൈവസന്നിധിയിലേക്ക് ആഗ്രഹങ്ങൾ അറിയിക്കുകയാണ്.

ദൈവത്തിന്റെ guidance എന്താണ്? ദൈവിക നടത്തിപ്പ് എങ്ങനെയാണ് എന്ന് എല്യേസർ ശ്രദ്ധിക്കുകയാണ്. ഈ

പെൺകുട്ടിയെ ആയിരിക്കുമോ അബ്രാഹാമിന്റെ മകനായ യിസ്ഹാക്കിന്റെ മണവാട്ടിയായി ദൈവം കരുതിയിരിക്കുന്നത്? തന്റെ ഇതുവരെയുള്ള യാത്ര ദൈവം സഫലമാക്കിയോ എന്ന് എല്യേസർ ശ്രദ്ധയോടെ പ്രാർത്ഥിച്ചുകൊണ്ട് നിന്നു.

പ്രാർത്ഥിക്കുന്ന ദൈവപൈതലിന്, ദൈവം പ്രാർത്ഥനയ്ക്ക് മറുപടി തരും. മുന്നോട്ടു പോകേണ്ടത് എങ്ങനെയെന്ന് ചിന്തിച്ച് ആഗ്രഹത്തോടെ നിൽക്കുന്ന ദൈവദാസന് ദൈവം തന്റെ വഴി കാണിച്ചു കൊടുക്കും. ദൈവത്തിന്റെ ഹിതം നിറവേറ്റിക്കൊടുക്കും.

അബ്രാഹാം ദൈവം വിളിച്ചു വേർതിരിച്ച ദൈവദാസനാണ്. അബ്രാഹാമിന്റെ മകനായ യിസ്ഹാക്ക് വാഗ്ദത്തസന്തതിയാണ്. യിസ്ഹാക്കിൽ കൂടെ അബ്രാഹാമിന്റെ വംശപരമ്പരയെ വളർത്തുക, ഉയർത്തുക, വർദ്ധിപ്പിക്കുക എന്നുള്ളത് ദൈവിക പദ്ധതിയാണ്. ദൈവത്തിന്റെ പദ്ധതിയിൽ ഒരു കണ്ണിയാകാൻ യിസ്ഹാക്കിന്റെ ഭാര്യ ഉതകണം. അതിനുപറ്റിയ ഒരു പെൺകുട്ടിയാണോ ഇവൾ എന്ന് എല്യേസർ പ്രാർത്ഥനാപൂർവ്വം ശ്രദ്ധിക്കുന്നു.

പ്രിയപ്പെട്ടവരേ, ഒട്ടേറെ ആത്മീയപാഠങ്ങൾ ഇതിൽ നിന്ന് നമുക്ക് മനസ്സിലാക്കാനുണ്ട്. ദൈവത്തിന്റെ ഹിതം എന്ത് എന്നറിയാൻ നാം കാംക്ഷിച്ചാൽ ദൈവം തന്റെ ഹിതം നമുക്ക് കാണിച്ചു തരികയും തന്റെ ആഗ്രഹം നമ്മിൽക്കൂടി നിവർത്തിക്കയും ചെയ്യും. ദൈവം നമുക്ക് തന്റെ ആലോചന പറഞ്ഞുതരും. ദാവീദു പാടുന്നുണ്ട്:

"ഞാൻ നിന്റെമേൽ ദൃഷ്ടിവച്ച് നിനക്ക് ആലോചന പറഞ്ഞുതരും."

ദാവീദിനുശേഷം യെശയ്യാപ്രവാചകൻ പറയുന്നുണ്ട്:

*''നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ: വഴി ഇതാകുന്നു, ഇതിൽ നടന്നു*

*കൊൾവിൻ എന്നൊരു വാക്ക് പിറകിൽ നിന്നു കേൾക്കും."* *യെശയ്യാവ് 30 : 21*

സ്വർഗ്ഗത്തിലെ ദൈവം നമ്മുടെ പ്രാർത്ഥന മാനിക്കുന്നവനാണ്. നിത്യനായ ദൈവം നമ്മുടെ ആഗ്രഹങ്ങൾ സാധിപ്പിച്ചുതരുന്നവനാണ്. ദൈവം തന്റെ ഹിതം നമ്മെ അറിയിക്കുന്നവനാണ്. ദൈവത്തിന്റെ വഴികളിലൂടെ നമ്മെ നയിക്കാൻ ദൈവം ബദ്ധപ്പെടുകയാണ്.

സ്കോട്ലന്റിൽ വർഷങ്ങൾക്കു മുമ്പു നടന്ന സംഭവമാണ്. ഒരു സാധാരണക്കാരനായ കർഷകനുണ്ടായിരുന്നു, അദ്ദേഹത്തിന്റെ പേര് ഫ്ളെമിംഗ് എന്നാണ്. അദ്ദേഹത്തിന്റെ കൃഷിഭൂമിയുടെ ഒരു ഭാഗത്ത് അദ്ദേഹം ജോലി ചെയ്തു കൊണ്ടിരുന്നപ്പോൾ ആ പ്രദേശം മുഴുവൻ മൂടൽമഞ്ഞുണ്ടായി. ഭയങ്കര കറുത്തിരുണ്ട മൂടൽമഞ്ഞ്.

അദ്ദേഹം ജോലി നിറുത്തി വീട്ടിലേക്ക് പോരാൻ ശ്രമിക്കുമ്പോൾ, ആ മൂടൽമഞ്ഞിൽ ഒരു കുട്ടി വഴിയേത് എന്നറിയാതെ അമ്പരന്നു നിൽക്കുകയാണ്. ഫ്ളെമിംഗ് ആ കുട്ടിയുടെ കൈക്കു പിടിച്ചു, ഭയങ്കരമായ മൂടൽമഞ്ഞിൽനിന്ന് നല്ല വെളിച്ചമുള്ള, പ്രയാസമില്ലാത്ത വഴിയിൽ കൊണ്ടുപോയി നിർത്തി. ആ കുട്ടിയെ കൂടെ നടത്തി, വീട് എവിടെയാണെന്നു ചോദിച്ച് വീട്ടിൽ കൊണ്ടുചെന്നാക്കി. അപ്പോൾ ആ കുട്ടിയുടെ അപ്പൻ അവിടെ ഉണ്ടായിരുന്നില്ല.

പിറ്റേ ദിവസം അപ്പൻ ഫ്ളെമിംഗിന്റെ വീടന്വേഷിച്ചു വന്നു. എന്നിട്ട് പറഞ്ഞു: മൂടൽമഞ്ഞിൽപ്പെട്ട് വഴിതെറ്റി വിഷമിച്ചു പോയ എന്റെ മകനെ നിങ്ങളാണ് രക്ഷിച്ചത്. ഞാൻ നിങ്ങൾക്കൊരു സമ്മാനം തരാൻ വന്നതാണ്. ഉടനെ കർഷകനായ ഫ്ളെമിംഗ് പറഞ്ഞു: എനിക്ക് പ്രതിഫലം ഒന്നും വേണ്ട, നിങ്ങൾ വന്നതിൽ സന്തോഷം.

ഇങ്ങനെ പറഞ്ഞുകൊണ്ടു നിൽക്കുമ്പോൾ ആ വീടിന്റെ വാതിൽക്കൽ ഫ്ളെമിംഗിന്റെ കൊച്ചുകുട്ടി വന്നു നിന്നു.

തലേദിവസം മൂടൽമഞ്ഞിൽപ്പെട്ട ഈ ധനാഢ്യനായ മനുഷ്യന്റെ മകന്റെ പ്രായമുള്ള ഒരു കുട്ടി. ആ കുട്ടിയെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ സമ്മാനം ഒന്നും മേടിക്കണ്ട; ഞാൻ ഈ കുട്ടിയെ പഠിപ്പിക്കട്ടെ? ഇവനെ പഠിപ്പിച്ച് ഞാൻ വലിയവനാക്കാൻ നോക്കാം.

അപ്പന്റെ അത്രയും വലിയവനായില്ലെങ്കിലും അതിന്റെ പകുതിയെങ്കിലും നല്ലവനായി ഈ മകൻ തീർന്നാൽ നല്ലതാണല്ലോ എന്ന് ധനാഢ്യനായ ആ മനുഷ്യൻ പറഞ്ഞു. "പഠിപ്പിക്കുന്നതിൽ സന്തോഷമേയുള്ളൂ, എനിക്ക് പഠിപ്പിക്കാൻ വലിയ മാർഗ്ഗം ഒന്നുമില്ല" എന്ന് കർഷകനായ ഫ്ളെമിംഗ് പറഞ്ഞു. ആ കുട്ടി പഠിച്ചു, നല്ലതുപോലെ പഠിച്ച് നല്ല മിടുക്കനായി. അവന്റെ പേരാണ് അലക്സാണ്ടർ ഫ്ളെമിംഗ്! അവന്റെ പഠിത്തത്തിന്റെ ചെലവ് മുഴുവൻ വഹിച്ചത് നല്ലവനായ, ധനാഢ്യനായ ആ മനുഷ്യനാണ്.

അലക്സാണ്ടർ പഠിച്ചുയർന്ന്, വൈദ്യശാസ്ത്രത്തിൽ ഒരു ശാസ്ത്രജ്ഞനായി മാറി. ഈ അലക്സാണ്ടർ ഫ്ളെമിംഗ് ആണ് പെൻസിലിൻ കണ്ടുപിടിച്ചത്. ഈ മരുന്നിന്റെ ഗുണങ്ങൾ ഇന്ന് വിശ്വപ്രസിദ്ധമാണ്.

അലക്സാണ്ടർ ഫ്ളെമിംഗ് ഒരിക്കൽ ഹോസ്പിറ്റലിൽ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന്റെ പ്രായത്തിലുള്ള ഒരു ചെറുപ്പക്കാരനെ ന്യൂമോണിയ ബാധിച്ച് അത്യാസന്നനിലയിൽ അവിടെ കൊണ്ടുവന്നു. ആശയ്ക്കു വകയില്ലാത്ത അവസ്ഥയിലാണ് കൊണ്ടുവന്നത്. ഫ്ളെമിംഗ് ആ രോഗിയിൽ പെൻസിലിൻ കുത്തിവച്ചു. ആ രോഗി രക്ഷപ്പെട്ടു.

ആ രോഗിയുടെ പേര് വിൻസ്റ്റൺ ചർച്ചിൽ! രണ്ടാം ലോകമഹായുദ്ധകാലത്ത് ഇംഗ്ലണ്ടിന് ഏറ്റവും സമർത്ഥമായി നേതൃത്വം നൽകിയ ചർച്ചിൽ, സുപ്രസിദ്ധനായ രാഷ്ട്രതന്ത്രജ്ഞനാണ്. വിൻസ്റ്റൺ ചർച്ചിൽ ആരോഗ്യത്തോടെ ജീവിക്കുന്നതിന് മുഖാന്തരമായത് അലക്സാണ്ടർ

ഫ്ളെമിംഗിന്റെ പെൻസിലിൻ കണ്ടുപിടിത്തമാണ്.

നോക്കൂ, ഒരു ചെറിയ കാര്യമാണ് അലക്സാണ്ടർ ഫ്ളെമിംഗിന്റെ അപ്പൻ ചെയ്തത്. മൂടൽമഞ്ഞിൽപ്പെട്ടുപോയ ഒരു കുട്ടിയെ രക്ഷിച്ചു. അതിനെ തുടർന്ന് ജീവിതത്തിൽ സംഭവിച്ച അനുഗ്രഹകരമായ വഴിത്തിരിവുകൾ! എല്ലാമെല്ലാം നന്മയ്ക്കായി തീർന്നു.

പ്രിയപ്പെട്ടവരേ, ഈ ലോകത്ത് നടക്കുന്ന പല കാര്യങ്ങളും നേരിട്ടുകാണുമ്പോൾ അത്ര വലിയ കാര്യങ്ങളായി തോന്നുകയില്ല. പക്ഷേ, നാം ചെയ്യുന്ന ഒരു ചെറിയ കാര്യം, നിസ്സാരമായ ഒരു കാര്യം വളരെ ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുന്നതായിരിക്കും. ഒരു ചെറിയ സഹായം, ഒരു മധുരവാക്ക്, ഒരു നല്ല പെരുമാറ്റം, ഒരു വിനീതമായ സംസാരം, ഒരു എളിമയുറ്റ സംഭാഷണം, അത് ചിലരെയെല്ലാം രൂപാന്തരപ്പെടുത്തുന്നതിന് മുഖാന്തരമായി എന്നുവരാം. ഒരു അല്പസഹായം, വളരെ ഉയർന്ന തലങ്ങളിലുള്ള അനുഗ്രഹങ്ങൾക്ക് കാരണമായിത്തീർന്നു എന്നു വരാം.

റിബെക്കയുടെ അടുക്കൽ എല്യേസർ വന്ന് ഉറ്റുനോക്കിക്കൊണ്ടു നിന്നു. ഈ പെൺകുട്ടി തന്നെ ആയിരിക്കുമോ എന്റെ യജമാനനായ അബ്രാഹാമിന്റെ മകനായ യിസ്ഹാക്കിനുവേണ്ടി ദൈവം കരുതിയിരിക്കുന്ന പെൺകുട്ടി എന്ന് ചിന്തിച്ചുകൊണ്ട് എല്യേസർ അവളോട് സംസാരിക്കുകയാണ്.

> *"ദാസൻ വേഗത്തിൽ അവളെ എതിരേറ്റു ചെന്നു: നിന്റെ പാത്രത്തിലെ വെള്ളം കുറെ എനിക്കു കുടിപ്പാൻ തരേണം എന്നു പറഞ്ഞു. യജമാനനേ, കുടിക്ക എന്ന് അവൾ പറഞ്ഞു വേഗം പാത്രം കൈയിൽ ഇറക്കി അവന്നു കുടിപ്പാൻ കൊടുത്തു."*
>
> *ഉല്പത്തി 24 : 17, 18*

എല്യേസറിന്റെ കൂടെ പത്ത് ഒട്ടകങ്ങൾ ഉണ്ട്. ഈ

ഒട്ടകങ്ങളെയെല്ലാം നിർത്തിയിട്ടാണ് ദാസൻ റിബെക്കയുടെ അടുക്കൽ ചെന്ന് വെള്ളം കുടിക്കാൻ ചോദിക്കുന്നത്.

> *“അവന്നു കുടിപ്പാൻ കൊടുത്തശേഷം: നിന്റെ ഒട്ടകങ്ങൾക്കും വേണ്ടുവോളം ഞാൻ കോരിക്കൊടുക്കാം എന്നുപറഞ്ഞു, പാത്രത്തിലെ വെള്ളം വേഗം തൊട്ടിയിൽ ഒഴിച്ചു, പിന്നെയും കോരിക്കൊണ്ടു വരുവാൻ കിണറ്റിലേക്കു ഓടി ഇറങ്ങി അവന്റെ ഒട്ടകങ്ങൾക്കും എല്ലാം കോരിക്കൊടുത്തു.”* *ഉല്പത്തി 24 : 19, 20*

അവൾ നോക്കിയപ്പോൾ മരുഭൂമിയിൽക്കൂടി യാത്ര ചെയ്ത്, വലഞ്ഞു ക്ഷീണിച്ച്, തളർന്നു വിവശമായി നിൽക്കുന്ന പത്ത് ഒട്ടകങ്ങൾ. എല്യേസർ വെള്ളം കുടിക്കുന്നതുകണ്ട് കൊതിപൂണ്ട് ഒട്ടകങ്ങൾ നിൽക്കുന്നതു കണ്ടപ്പോൾ അവൾ പറയുകയാണ്: “നിന്റെ ഒട്ടകങ്ങൾക്കും വേണ്ടുവോളം ഞാൻ കോരിക്കൊടുക്കാം.”

അത്ര ചെറിയ കാര്യമല്ല അവൾ പറഞ്ഞത്. ഒരു ഒട്ടകം ഏതാണ്ട് തൊണ്ണൂറ് ലിറ്റർ വെള്ളം കുടിക്കും. പത്ത് ഒട്ടകങ്ങളുണ്ട്, തൊള്ളായിരം ലിറ്റർ വെള്ളം വേണം! അവിടെ മെസ്സപ്പൊട്ടോമ്യയിലെ കിണറുകളിലേക്ക് പടിക്കെട്ടുകളുണ്ട്. പടിപടിയായി ഇറങ്ങിച്ചെന്നുവേണം വെള്ളം കോരിക്കൊണ്ടുവരാൻ. ധൃതഗതിയിൽ വെള്ളം കോരിക്കൊണ്ടു വന്നു കൊടുക്കണം. കോരുന്ന പാത്രത്തിൽ ഏതാണ്ട് പതിനെട്ടു ലിറ്റർ വെള്ളം കൊള്ളും. അപ്പോൾ ഏതാണ്ട് അമ്പതുപ്രാവശ്യം കിണറ്റിൽ ഇറങ്ങി വെള്ളം കൊണ്ടുവരണം.

അവൾ ധൃതഗതിയിൽ ഓടിയിറങ്ങുകയാണ്. ഏതാണ്ട് അമ്പതുപ്രാവശ്യം ഭാരമേറിയ പാത്രത്തിൽ വെള്ളം നിറച്ചുകൊണ്ടുവന്ന് ഒട്ടകങ്ങൾക്കു കൊടുക്കുകയാണ്. എന്തു ബദ്ധപ്പെട്ടുള്ള ജോലിയാണ് അവൾ ചെയ്തത്! എന്തിനാണ് അവൾ അത് ചെയ്തത്? ഒരു പരിചയവും ഇല്ലാത്ത മനുഷ്യൻ.

നാം എബ്രായ ലേഖനത്തിൽ വായിക്കുന്നുണ്ട്; "അതിഥി സൽക്കാരം മറക്കരുത്; അതിനാൽ ചിലർ അറിയാതെ ദൈവദൂതന്മാരെ സൽക്കരിച്ചിട്ടുണ്ടല്ലോ."

അബ്രാഹാമിന്റെ കൂടാരവാതിൽക്കൽ അതിഥികൾ വന്നപ്പോൾ അബ്രാഹാം അവരെ സൽക്കരിച്ചു. 'അറിയാതെ ദൈവദൂതന്മാരെ സൽക്കരിച്ചു' എന്ന് എബ്രായലേഖനകർത്താവ് പറയത്തക്കവണ്ണം അറിയാതെ വൻകാര്യം ചെയ്യുകയാണ്. അറിഞ്ഞുകൊണ്ടല്ലെങ്കിലും വീട്ടിൽ വരുന്നവരെ ആദരിക്കുകയാണ്. തന്റെ അടുക്കൽ വരുന്നവരെ ആദരിക്കുകയാണ്. തന്റെ അടുക്കൽ വരുന്നവർക്ക് ചെയ്യേണ്ട സഹായം ചെയ്തു കൊടുക്കുകയാണ്.

പ്രിയപ്പെട്ടവരേ, മറ്റുള്ളവർക്കുവേണ്ടി എന്തെങ്കിലും തരത്തിൽ ബദ്ധപ്പെടാൻ നാം നമ്മെത്തന്നെ വിട്ടുകൊടുത്താൽ, നാം നമ്മുടെ സ്വയത്തെ മറന്ന് മറ്റുള്ളവരെ സഹായിക്കാനും അവർക്ക് ഒത്താശ കൊടുക്കാനും അവർക്ക് സഹായഹസ്തം നീട്ടുവാനും നമ്മെത്തന്നെ വിട്ടുകൊടുത്താൽ അതിന് പ്രതിഫലമുണ്ട്.

കുറഞ്ഞത് അമ്പതുപ്രാവശ്യമെങ്കിലും ബദ്ധപ്പെട്ട് കിണറ്റിലേക്ക് ഓടിയിറങ്ങി, ഓരോ പ്രാവശ്യവും പതിനെട്ടുലിറ്റർ വെള്ളവും ചുമന്നുകയറി ഒട്ടകങ്ങൾക്കു കൊടുക്കുന്ന ആ ഭാരിച്ച വേല ചെയ്തപ്പോൾ ഒരിക്കലും റിബെക്ക ഓർത്തില്ല, ഞാൻ ഒരു വലിയ സമൂഹത്തിന്റെ, കുലകൂടസ്ഥമായ തറവാടിന്റെ, ഉന്നതമായ സ്ഥാനത്തിന്റെ മഹിമയിലേക്ക് വരാൻ പോകുകയാണ് എന്ന്.

തന്റെ ജീവിതത്തെ ആകമാനം മാറ്റിമറിക്കുന്ന ഒരു കാര്യമാണ് താൻ ചെയ്യുന്നതെന്ന് അവൾ അറിഞ്ഞില്ല. ജീവിതത്തിന്റെ വിധി നിർണ്ണയിക്കുന്ന, ഭാവിഭാഗധേയത്തെ മുഴുവനും നിയന്ത്രിക്കുന്ന ഒരു വലിയ കാര്യം! തലമുറതലമുറയായി അനുഗ്രഹത്തിന്റെ പടവുകളിലേക്ക് മനുഷ്യതതിയെ കയറ്റി

വിടുന്ന മഹാഭാഗ്യം! അതാണ് റിബെക്ക ചെയ്തുവെച്ചത്.

സ്നേഹിതരേ, വളരെ പ്രായോഗികമായ ഒരു കാര്യം നിങ്ങളോടു പറയുകയാണ്. ഒരു വാക്ക്, ഒരു ചെറിയ പ്രവൃത്തി, ഒരു കരുണയുള്ള നോട്ടം, ഒരു സ്നേഹമുള്ള പെരുമാറ്റം, ഒരു ആർദ്രതയുള്ള സമീപനം, വിനീതമായ ഒരു സംഭാഷണം, അതിൽക്കൂടി സാധിക്കാൻ പോകുന്നത് എന്താണ് എന്നു നാം അറിയുന്നില്ല.

അതു നമ്മുടെ വ്യക്തിജീവിതത്തിൽ തുടങ്ങണം. കുടുംബത്തിൽ തുടങ്ങണം. നമ്മുടെ സമൂഹത്തിൽ തുടങ്ങണം. നമ്മുടെ സമുദായത്തിൽ, സഭയിൽ, നമ്മുടെ രാഷ്ട്രത്തിൽ എവിടെയെല്ലാം നമുക്ക് പ്രവർത്തിക്കാൻ രംഗങ്ങളുണ്ടോ അവിടെയെല്ലാം നമ്മിൽനിന്ന് നന്മകൾ മറ്റുള്ളവരിലേക്ക് പകരാൻ സാധിക്കണം.

കഷ്ടപ്പാടുണ്ട്, ബദ്ധപ്പാടുണ്ട്, ചിലതെല്ലാം ത്യജിക്കേണ്ടതുണ്ട്. ചില സൗകര്യങ്ങൾ ത്യജിക്കേണ്ടിവരും. ചില സാഹചര്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യേണ്ടിവരും. പക്ഷേ, അതിൽക്കൂടി സാധിക്കാൻ പോകുന്നത് വൻകാര്യങ്ങളാണ്. ഒരുചെറുവിരലനക്കുക; സാധിക്കുന്നിടത്തോളം സഹായം ചെയ്യുക, ഉപകാരം ചെയ്യുക. മറ്റുള്ളവരുടെ പ്രയാസത്തിൽ സഹതപിക്കാൻ സാധിക്കുക.

ഇംഗ്ലീഷിൽ ഒരു ശൈലിയുണ്ട്, “To pain with the pain, of the pained.” വേദനിക്കുന്നവരുടെ വേദനയിൽ പങ്കുചേർന്നു വേദനിക്കാൻ സാധിക്കുക. അത് ചെറിയ കാര്യമല്ല. ആത്മീയ ജീവിതത്തിന്റെ ഔന്നത്യങ്ങളിലേക്ക് കയറിപ്പോകണമെങ്കിൽ നമ്മുടെ ജീവിതത്തിൽ നന്മകൾ സ്വാംശീകരിക്കണം.

പ്രിയപ്പെട്ടവരേ, നന്മകൾ നമ്മിൽക്കൂടി മറ്റുള്ളവർക്കു ലഭിക്കുന്നതിനുതകുന്ന ഒരു ജീവിതം നയിക്കാൻ നമുക്ക് സാധിക്കുന്നുണ്ടോ? നന്മയുടെ മൂർത്തിമത്ഭാവമായി കുരിശിന്മേൽ ക്രിസ്തുവിനെ നാം കാണുകയാണ്. സ്നേഹത്തിന്റെ

മകുടം ചൂടി യേശു കുരിശിന്മേൽ കിടക്കുന്നു.

ലോകം കാണുമ്പോൾ യേശു മുൾമുടിയേറ്റ്, ചോര ചിന്തി കിടക്കുന്നു. ലോകം കാണുമ്പോൾ കുരിശ് ഒരു പരാജയമാണ്. ലോകം നോക്കുമ്പോൾ കുരിശ് ഒരു വലിയ മണ്ടത്തരമാണ്, മഹാഭോഷത്തമാണ്. എന്നാൽ കോടാനുകോടി ജനങ്ങൾക്ക് നിത്യസ്വർഗ്ഗത്തിന്റെ അവകാശം നേടിത്തരികയാണ് ആ ക്രൂശുമരണം.

> *"തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷം ഓർത്ത് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കയും ചെയ്തു. നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്ക് നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊൾവിൻ."   എബ്രായർ 12 : 2, 3*

കർത്താവ് വിരോധം സഹിച്ചു. ചങ്കിൽ കുന്തംകൊണ്ട് കുത്തേറ്റ്, തിരുവിലാവ് തുറക്കപ്പെട്ടു. തിരുരക്തം വാർന്നൊഴുകിക്കൊണ്ട് കുരിശിന്മേൽ കിടന്നു. കർത്താവ് ആക്ഷേപപാത്രമായി കുരിശിന്മേൽ കിടന്നു. കടന്നു പോകുന്നവരെല്ലാം തല കുലുക്കി നിന്ദിക്കുന്നു, സകലരും പരിഹസിക്കുന്നു, സകലരും ആക്ഷേപിക്കുന്നു, സകലരും വെറുക്കുന്നു. ഒരു നല്ല വാക്കു പറയാൻ ആരുമില്ല.

'ഞാൻ പകച്ചുനോക്കി, എങ്കിലും സഹായിപ്പാൻ ആരേയും കണ്ടില്ല' എന്ന് കർത്താവ് പറയുമാറ്, സഹതപിക്കുന്ന ഒരു കുഞ്ഞിനെപ്പോലും കാണാതെ കർത്താവ് പരവശതയോടെ നോക്കിയ സമയം. മുകളിലേക്ക് നോക്കിയപ്പോൾ അതുവരെ ഉണ്ടായിരുന്ന ദൈവികസാന്നിദ്ധ്യവും കാണുന്നില്ല. മനുഷ്യജാതിയുടെ പാപത്തിന്റെ കാർമേഘം വന്നുമൂടിയിരിക്കുന്നു.

എല്ലാവരും കൈവിട്ടു, ശിഷ്യന്മാർ കൈവിട്ടു. ഏറ്റവും സ്നേഹത്തോടെ നിർത്തിയ പത്രോസ് തള്ളിപ്പറഞ്ഞു. പ്രിയ

സ്നേഹിതനായി കൂടെക്കൊണ്ടുനടന്ന, സ്നേഹത്തോടെ മാറിൽ ചാരിയ ശിഷ്യൻ മാത്രമുണ്ട് താഴെ കുരിശിന്റെ ചുവട്ടിൽ. പണപ്പെട്ടി ഏല്പ്പിച്ചിരുന്ന യൂദാ ഒറ്റിക്കൊടുത്തു. എല്ലാവരും ചിതറി ഓടി. ആരുമില്ലല്ലോ പിതാവേ, നീയും പോയോ? “എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്ത്?”

സ്നേഹിതരേ, അവിടെയാണ് നന്മ! അവിടെയാണ് സ്നേഹം! അവിടെയാണ് ത്യാഗം! അതാണ് കുരിശിന്റെ അർത്ഥം. ആ കുരിശിൽ നേടിത്തന്ന രക്ഷ ഇന്ന് നിങ്ങളെ തഴുകട്ടെ. ആ രക്ഷ നിങ്ങളെ സമീപിക്കട്ടെ. ആ സ്നേഹം തലോടട്ടെ. ആ സ്നേഹം നിങ്ങളുടെ കണ്ണുനീർ തുടക്കട്ടെ. ബാധകൾ അകറ്റട്ടെ. ക്രൂശിലെ സ്നേഹം നിങ്ങളുടെ പാപങ്ങളെല്ലാം മാറ്റട്ടെ. നിങ്ങളുടെ ജീവിതത്തിന്റെ കേടുകൾ മാറ്റിത്തരട്ടെ. ബന്ധനങ്ങൾ അഴിച്ചുതരട്ടെ. ദുസ്സ്വഭാവങ്ങൾ മാറ്റിത്തരട്ടെ. ജീവിതത്തിലേക്ക് ശാന്തി പകർന്നു തരട്ടെ.

നിങ്ങളുടെ കുടുംബത്തിലേക്ക് സന്തോഷം അണമുറിയാതെ ഒഴുകട്ടെ. നിങ്ങൾക്ക് സമാധാനവും സന്തോഷവും കൈവരട്ടെ. കുടുംബജീവിതം ഭദ്രമായിത്തീരട്ടെ. നിങ്ങളുടെ മക്കൾ തലമുറ തലമുറയായി അനുഗ്രഹിക്കപ്പെടട്ടെ. മക്കൾ ദൈവത്തിന്റെ വകയായി, ദൈവത്തിന്റെ വേലക്കാരായി മാറട്ടെ. സത്യാരാധന തുടങ്ങട്ടെ. സ്തുതി മുഴങ്ങട്ടെ. ദൈവനാമം മഹത്വപ്പെടട്ടെ.

## മൂന്ന്

*"ഒട്ടകങ്ങൾ കുടിച്ചു തീർന്നപ്പോൾ അവൻ അര ശേക്കെൽ തൂക്കമുള്ള ഒരു പൊന്മൂക്കുത്തിയും അവളുടെ കൈക്കിടുവാൻ പത്തു ശേക്കെൽ തൂക്കമുള്ള രണ്ടു പൊൻവളയും എടുത്ത് അവളോട്: നീ ആരുടെ മകൾ? പറക; നിന്റെ അപ്പന്റെ വീട്ടിൽ ഞങ്ങൾക്കു രാപാർപ്പാൻ സ്ഥലമുണ്ടോ എന്നു ചോദിച്ചു. അവൾ അവനോട്: നാഹോരിനു മിൽക്കാ പ്രസവിച്ച മകനായ ബെഥൂവേലിന്റെ മകളാകുന്നു ഞാൻ എന്നു പറഞ്ഞു. ഞങ്ങളുടെയവിടെ വയ്ക്കോലും തീനും വേണ്ടുവോളം ഉണ്ട്; രാപാർപ്പാൻ സ്ഥലവും ഉണ്ട് എന്നും അവൾ പറഞ്ഞു. അപ്പോൾ ആ പുരുഷൻ കുനിഞ്ഞു യഹോവയെ നമസ്ക്കരിച്ചു." ഉല്പത്തി 24 : 22 – 26*

അബ്രാഹാമിന്റെ ഏകജാതനായ യിസ്ഹാക്കിന് മണവാട്ടിയെ തേടിയാണ് എല്യേസർ പുറപ്പെട്ടിരിക്കുന്നത്. എല്യേസർ കുനിഞ്ഞ് യഹോവയെ നമസ്കരിച്ചു. എല്യേസർ പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്.

കഴിഞ്ഞ രണ്ടായിരത്തിലേറെ വർഷമായി കർത്താവായ യേശുക്രിസ്തുവിന് മണവാട്ടിയായി ഒരു സഭയെ ഒരുക്കുവാൻ, ആടയാഭരണങ്ങൾ അണിയിച്ചൊരുക്കുവാൻ, കാര്യസ്ഥനായ 'റൂഹ്ക്കുദിശാ പാറക്കലീത്ത' ഈ ഭൂമിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ലോകത്തെമ്പാടും വ്യാപരിച്ചുകൊണ്ടിരിക്കുകയാണ്. പരിശുദ്ധാത്മാവിന്റെ പ്രവൃത്തി

എന്താണ്? ക്രിസ്തുവിനായി മണവാട്ടിയെ ഒരുക്കുന്നു, സഭയെ സുന്ദരിയാക്കി ഒരുക്കുന്നു.

"സുന്ദരികളിലതിസുന്ദരി നീ ജാതികളിൽ സൂനു" എന്ന് പിതാക്കന്മാർ പാടിയത് വിവാഹശുശ്രൂഷയിൽ നാം കേട്ടിട്ടുണ്ട്. സുന്ദരികളിൽ അതിസുന്ദരിയായി, പുറജാതികളുടെ പുത്രിയായ മണവാട്ടിസഭയെ ജീവനുള്ള ദൈവം ഒരുക്കിക്കൊണ്ടിരിക്കുന്നു. അതിസുന്ദരിയായി, സുഗന്ധമുള്ള വസനങ്ങളും (വസ്ത്രങ്ങൾ), ആടയാഭരണങ്ങളുമെല്ലാം അണിയിച്ച്, നീതിപ്രവൃത്തികളും നന്മ പ്രവൃത്തികളുമാകുന്ന വിശുദ്ധ ജീവിതത്തിന്റെ സൗഗന്ധികത്വം സഭയ്ക്ക് പകർന്നു കൊടുത്തുകൊണ്ട് പരിശുദ്ധാത്മാവ് സഭയെ ഒരുക്കുന്നു. യിസ്ഹാക്കിന്റെ മണവാട്ടിയെ എല്യേസർ ഒരുക്കിയതുപോലെ, പരിശുദ്ധാത്മാവ് ക്രിസ്തുവിന് ഒരു മണവാട്ടിസഭയെ ഇന്ന് ഒരുക്കിക്കൊണ്ടിരിക്കുന്നു.

സുന്ദരികളിലതി സുന്ദരി നീ-ജാതികളിൽ സൂ-നൂ!
നൃപതി ശലോമോൻ വിമലസഭേ!-നിന്നെ ലാളിപ്പൂ
നിന്നധരങ്ങൾ-മധുവർഷിക്കുന്നു.
വസന സുഗന്ധം- നീസാൻ കുസുമസമം
സഭയേ! സകലവിധം സുമുഖീ-നീ കറതീണ്ടാത്തോൾ
സ്ലീബായെ വന്ദിപ്പതിനാൽ-രാജാവാം മശിഹാ!
ഹാലേലുയ്യാ-കാക്കുന്നു നിന്നെ

സുന്ദരികളിലതി സുന്ദരി നീ-ജാതികളിൽ സൂ-നൂ!
ഉലകിതിലൊരുപോലൊളിവീശും-പകലോനൊത്തോ-ൾ നീ
താവകഫാലേ-സ്ലീബായിൻ മുദ്ര
പാവന വദനം-സ്തുതിപാടീടുന്നു.
ദൈവസുതൻ തൻ രക്തം നിൻ-വായ്മലരിൽക്കാ-ൺമൂ
സ്തുതിപാടുന്നിരവും പകലും-നിൻ സന്താന-ങ്ങൾ
ഹാലേലൂയ്യാ-ഉഹാലേലുയ്യാ.

പുലരിയിലപ്പരമോന്നതനാം-ദൈവത്തെ വാ-ഴ്ത്തും

മീവൽപ്പറവയൊടൊപ്പം താൻ-സഭസംഗീത-ത്തിൽ
ദാവീദിന്റെ-കിന്നരവും പേറി
അവളീറയരോ-ടൊപ്പം പാടുന്നു
നൂറ്റമ്പതു കമ്പികളേലും-തംബുരുവാദ്യ-ത്താൽ
അവളുടയോനെ വാഴ്ത്തീടു-ന്നുലകങ്ങളിലെ-ങ്ങും
ഹാലേലുയ്യാ-കൃപവർഷിച്ചീടാൻ

സഭയോതുന്നെന്നെ മൂന്ന്-കോട്ടകൾ ചുറ്റു-ന്നു
വഞ്ചകനാം ദുഷ്ടാത്മാവിങ്ങുള്ളിൽ പൂകീ-ടാ
ബന്ധിച്ചവയാ-ണന്യോന്യം മൂന്നും
കോട്ടകളിടയിൽ-സ്ഥലമില്ലിവ പാർത്താൽ
താതസുതാമലറൂഹായാ-മേകത്വം ത്രി-ത്വം
മഹിമയെഴും മണവാട്ടിസമം-മദ്ധ്യേമേവു-ന്നേൻ
ഹാലേലുയ്യാ ഉഹാലേലുയ്യാ

വിവാഹ ശുശ്രൂഷയിൽ മനോഹരമായ മറ്റൊരു ഗീതമുണ്ട്. റിബെക്കയോട് യിസ്ഹാക്കിനെ ചേർത്ത് വാഴ്ത്തിയ ദൈവം ഈ ദമ്പതികളെ ആശീർവ്വദിക്കട്ടെ എന്ന്.

ആദിമനീതി-ജ്ഞരെ വാഴ്ത്തിയ
ദൈവം-തൻ ബഹുകൃപയാ-ലീ
ദാസരെ വാഴ്ത്ത-ട്ടെ, ദേവാ! ദയ ചെയ്തീടണമേ

റഫ്ക്കയൊടിസഹാ-ക്കിനെ വാഴ്ത്തിയ,
ദൈവം-തൻ ബഹുകൃപയാ-ലീ
ദാസരെ വാഴ്ത്ത-ട്ടെ, ദേവാ! ദയ ചെയ്തീടണമേ

റിബെക്കയോടുകൂടെ യിസ്ഹാക്കിനെ വാഴ്ത്തിയ ദൈവം! യിസ്ഹാക്കിന് ഒരു നല്ല മണവാട്ടിയെ തേടി ഇറങ്ങിയ എല്യേസറിന്റെ ആഗ്രഹം സാധിപ്പിച്ചുകൊടുത്ത ദൈവം! ആ ജീവനുള്ള ദൈവം, അവന്റെ വിശുദ്ധ മണവാട്ടിസഭയുടെ അംഗമായി നമ്മെ ചേർക്കാൻ തിരുമനസ്സാകട്ടെ. അവന്റെ മണ വാട്ടിസഭയിലെ ശുദ്ധിമതിയായ കന്യകയായി, പുരുഷൻ തൊടാത്ത കന്യകയായി നാം ഓരോരുത്തരും തിളങ്ങുവാൻ,

വിളങ്ങുവാൻ, പ്രശോഭിക്കുവാൻ ഇടവരട്ടെ.

*“ബാല അതിസുന്ദരിയും പുരുഷൻ തൊടാത്ത കന്യകയും ആയിരുന്നു”* *ഉല്പത്തി 24 : 16*

അവൾ ശുദ്ധിമതിയായിരുന്നു, കറ തീണ്ടാത്തവളായിരുന്നു. അവൾ കറ, ചുളുക്കം എന്നിവ ഇല്ലാത്തവളായിരുന്നു, അവൾ അശുദ്ധി തൊടാത്തവളായിരുന്നു.

പ്രിയപ്പെട്ടവരേ, ക്രിസ്തുവിന്റെ കന്യകയായി, ക്രിസ്തുവിന്റെ മണവാട്ടിയായി, ക്രിസ്തുവിന്റെ കാന്തയായി നാം ഓരോരുത്തരും ഒരുങ്ങിത്തീർന്ന് കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിൽ, ആ തിരുമണവാളന്റെ സന്നിധാനത്തിലേക്ക് പറന്നുയരേണ്ട മണവാട്ടിയായി ഇവിടെ കാത്തിരിക്കേണ്ടവരാണ്.

യേശു, തന്റെ മണവാട്ടിയെ ചേർപ്പാൻ വീണ്ടും വരും.

*“ഞാൻ നിങ്ങളെക്കുറിച്ചു ദൈവത്തിന്റെ എരിവോടെ എരിയുന്നു; ഞാൻ ക്രിസ്തു എന്ന ഏക പുരുഷന് നിങ്ങളെ നിർമ്മലകന്യകയായി ഏല്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു. എന്നാൽ സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു.”*

*2 കൊരിന്ത്യർ 11 : 2, 3*

“നിങ്ങളെ നിർമ്മലകന്യകയായി ഏല്പിപ്പാൻ” എന്നാണ് അപ്പൊസ്തലൻ പറയുന്നത്. നിങ്ങൾ വിവാഹനിശ്ചയം ചെയ്യപ്പെട്ട ആ പുരുഷനോട് അടുക്കുന്നതിന് മുമ്പ് അന്യപുരുഷന്റെ അടുക്കലേക്ക് തിരിയുമോ? അന്യപുരുഷനിലേക്ക് ആകൃഷ്ടരാകുമോ എന്ന് അപ്പൊസ്തലൻ ഭയപ്പെടുകയാണ്.

വിവാഹനിശ്ചയം ചെയ്യപ്പെട്ട കന്യകയെ സ്വീകരിക്കു

ന്നതിനുവേണ്ടി രാജാധിരാജൻ വരുമ്പോൾ ഈ കന്യക അന്യ പുരുഷന്റെ കൂടെ ആയിരിക്കുമോ? നിങ്ങൾ ഒരുസമയത്ത് വാക്കുപറഞ്ഞവരാണ്. ഒരിക്കലെങ്കിലും നിങ്ങൾ ദൈവത്തോട് വാക്ക് പറഞ്ഞവരല്ലേ? സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു, മശിഹായെ ഞാൻ സ്വീകരിക്കുന്നു എന്ന് വാക്കുപറഞ്ഞവർ ഇന്ന് ആരുടെ കൂടെയാണ് ജീവിയ്ക്കുന്നത്?

ഇന്ന് കള്ളത്തരവും വഞ്ചനയും കൈവശമില്ലേ? കൊള്ളരുതായ്മകൾ, അവിശ്വസ്തതകൾ കൈവശമില്ലേ? അന്യന്റെ സമ്പത്ത് കൈവശം വച്ചുകൊണ്ടിരിക്കുന്നവരില്ലേ? കൈക്കൂലി വാങ്ങിയവരില്ലേ? അഴിമതിക്ക് കൂട്ടു നിന്നവരില്ലേ? കൊള്ളലാഭം ഉണ്ടാക്കിയവരില്ലേ? അശുദ്ധജീവിതം നയിച്ചവ രില്ലേ? മദ്യപാനം ചെയ്തവരില്ലേ?

ഇന്നും ജീവിതത്തിൽ അശുദ്ധബന്ധം തുടരുന്നവരില്ലേ? അഴുക്കുചാലുകളിൽ ജീവിക്കുന്നവരില്ലേ? ബ്ലൂ ഫിലിം കണ്ടു രസിക്കുന്നവരില്ലേ? സിനിമാപടങ്ങളുടെ മ്ലേച്ഛതകൾ കണ്ട് ആസ്വദിക്കുന്നവരില്ലേ? ഇന്നും വക്രതയും വഞ്ചനയും ചതിവും കൈവശം വച്ചുകൊണ്ടിരിക്കുന്നവരില്ലേ? ഇന്നും ജീവിതത്തിൽ തിന്മകളില്ലേ? ഇതൊന്നും വിടാൻ ഇതുവരെയും സമയമായില്ലേ?

രാജാധിരാജനോട് വാക്കുപറഞ്ഞവരല്ലയോ? ഈ യേശുവിനെ കൈക്കൊള്ളുന്നു എന്ന് തീരുമാനിച്ചവരല്ലയോ? "മിശിഹായെ ഞാൻ സ്വീകരിക്കുന്നു" എന്നല്ലയോ നിങ്ങൾ പറഞ്ഞത്? "സാത്താനേ, നിന്നെയും നിന്നിലുള്ള സകല ഭയ ത്തേയും നിന്റെ സകലശക്തിയേയും ഞാൻ ഉപേക്ഷിക്കുന്നു" എന്നല്ലയോ നിങ്ങൾ പറഞ്ഞത്? എന്നാൽ ഇന്ന് നിങ്ങളുടെ ജീവിതം എങ്ങനെയിരിക്കുന്നു? സാത്താന് ഇടമുള്ളത് ചില തെല്ലാം നിങ്ങളുടെ ജീവിതത്തിലില്ലേ? നിങ്ങൾ അവിശ്വസ്ത രല്ലേ?

ജോലിസ്ഥലത്ത് കൃത്യമായി ജോലി ചെയ്യാത്തവരില്ലേ?

മാതാപിതാക്കളെ ആദരിക്കാത്തവരില്ലേ? അനുസരിക്കാത്തവരില്ലേ? പ്രായമുള്ള അപ്പനെയും അമ്മയെയും നോക്കാത്തവരില്ലേ? ഭാര്യയെ മർദ്ദിക്കുന്നവരില്ലേ? ആ സാധു സ്ത്രീയുടെ ഹൃദയം നൊമ്പരപ്പെടുത്തുന്നവരില്ലേ? ഭർത്താവിനോട് അവിശ്വസ്തത കാണിക്കുന്നവരില്ലേ? ഭർത്താവിനെ അനുസരിക്കാതെ ധിക്കാരം കാട്ടുന്നവരില്ലേ? കോപിച്ച് അലറുന്നവരില്ലേ?

സ്നേഹിതരേ, ഇന്ന് ഈ മണവാളൻ വന്നാൽ അവന്റെ സന്നിധിയിലേക്ക് കറയില്ലാത്ത കന്യകയായി ചെല്ലാൻ നിങ്ങൾക്ക് ഒരുക്കമുണ്ടോ? രാജാധിരാജൻ വരാറായി. അവന്റെ വരവിന്റെ കാലൊച്ച കേട്ടുതുടങ്ങി. അവന്റെ വരവിനുവേണ്ടി മണൽത്തരികൾ ചലിച്ചു തുടങ്ങി. പ്രകൃതി ഒരുങ്ങിക്കഴിഞ്ഞിരിക്കുന്നു. രാജാധിരാജന്റെ പുനരാഗമനത്തിനുവേണ്ടി ഒലിവ് മല ഒരുങ്ങിക്കഴിഞ്ഞു. 'അവന്റെ കാൽ ഒലിവ് മലയിൽ നിൽക്കും' എന്ന് പ്രവാചകൻ പറഞ്ഞത് അർത്ഥവത്താകാനുള്ള കാലങ്ങൾ അടുത്തുകഴിഞ്ഞിരിക്കുന്നു.

ജീവനുള്ള ദൈവത്തിന്റെ വചനം നിങ്ങളോട് ചോദിക്കുന്നു: മകളേ, നീ ഒരുങ്ങിയോ? മകനേ, നീ ഒരുങ്ങിയോ? നിന്റെ ജീവിതം ക്രിസ്തുവിന് പ്രസാദകരമായിത്തീർന്നുവോ? നിന്റെ ജീവിതത്തിലെ പാപങ്ങളെ നീ വിട്ടൊഴിഞ്ഞുവോ? പാപങ്ങളോട് യാത്രപറഞ്ഞുവോ? അഴിമതികളും അക്രമങ്ങളും വേണ്ടാ എന്നു വച്ചോ? ദുഷ്ടതയും ചതിവുകളും സകല ക്രൂരതകളും നിന്നിൽനിന്ന് മാറിയോ? മകനേ, നിന്റെ ജീവിതം എങ്ങനെയിരിക്കുന്നു എന്ന് സ്നേഹവാനായ ദൈവം ഈ സമയത്ത് അലിവോടെ ചോദിക്കുന്നു. ഒരുങ്ങുവാൻ ഇനിയും സമയമായില്ലയോ?

"കടന്നുപോകുന്ന ഏവരുമായുള്ളോരേ, ഇത് നിങ്ങൾക്ക് ഏതുമില്ലയോ എന്നാണ് കർത്താവ് ചോദിക്കുന്നത്." കടന്നുപോകുന്ന നിങ്ങൾ ഈ ക്രൂശിലേക്ക് നോക്കാത്തത് എന്ത്? ക്രൂശിലെ സ്നേഹത്തെ കാണാത്തതെന്ത്? നിങ്ങൾക്കുവേണ്ടി പിടഞ്ഞു മരിച്ച ആ നിസ്തുല സ്നേഹത്തെ നിങ്ങൾ അറിയാ

ത്തതെന്ത്?

നിങ്ങൾക്കുവേണ്ടി നിന്ദയേറ്റവൻ! നിങ്ങൾക്കുവേണ്ടി പീഡയേറ്റവൻ! നിങ്ങൾക്കുവേണ്ടി കന്നത്ത് അടിയേറ്റവൻ! നിങ്ങൾക്കുവേണ്ടി മുഖത്ത് തുപ്പലേറ്റവൻ! നിങ്ങൾക്കുവേണ്ടി നിന്ദാവിഷയമായവൻ! നിങ്ങൾക്കുവേണ്ടി ആക്ഷേപപാത്ര മായവൻ! അവനത്രേ ചോരചിന്തി കുരിശിൽ കിടന്നു പിടയു ന്നത്. അവന്റെ വേദന നിങ്ങൾ കാണാത്തതെന്ത്?

നിങ്ങളുടെ ഓരോ വാക്കിലെ തിന്മയും അവന്റെ ചങ്കി ലേക്ക് കുന്തംപോലെ തറയ്ക്കുകയാണെന്ന് നിങ്ങൾ അറിയു ന്നുണ്ടോ? ക്രൂശിലെ സ്നേഹത്തെ നിങ്ങൾ കാണൂ; ആ സ്നേഹത്തിലേക്ക് നിങ്ങൾ ഓടി അണയൂ. ഇനിയെങ്കിലും പാപത്തോട് യാത്രപറഞ്ഞിട്ട് അതിവേഗം രക്ഷകന്റെ ക്രൂശിൻ ചുവട്ടിലേക്ക് ഓടി വരൂ. അവൻ നിങ്ങളെ മാടി വിളിക്കുക യാണ്. അവൻ നിങ്ങളെ തേടി വന്നിരിക്കുകയാണ്. അവന് നിങ്ങളോട് പരിഭവമില്ല, അവൻ നിങ്ങളോട് കോപിക്കുകയില്ല.

*“അവന്റെ കോപം ക്ഷണനേരത്തേക്കേയുള്ളൂ; അവന്റെ പ്രസാദമോ ജീവപര്യന്തമുള്ളത്; സന്ധ്യ യിങ്കൽ കരച്ചിൽ വന്ന് രാപാർക്കും; ഉഷസ്സിലോ ആനന്ദഘോഷം വരുന്നു.” സങ്കീർത്തനം 30 : 5*

സന്ധ്യയിൽ അനുതാപത്തിന്റെ കരച്ചിൽ, ഉഷസ്സിലോ സന്തോഷത്തിന്റെ ആനന്ദഘോഷം. അനുതാപത്തിന്റെ കര ച്ചിലുണ്ടായാൽ അടുത്തുതന്നെ സന്തോഷത്തിന്റെ ആർപ്പുവി ളിയുണ്ടാകും. അനുതപിച്ച് കരയുക, പാപത്തെ ഓർത്ത് അനു തപിക്കുക. തിരിഞ്ഞുനോക്കി പാപങ്ങൾ ഓരോന്ന് എണ്ണി യെണ്ണി കണ്ടുപിടിക്കുക. കർത്താവേ, നിന്റെ തിരുമുമ്പാകെ വരാൻ എനിക്ക് യോഗ്യതയില്ലല്ലോ. നിന്റെ സന്നിധിയിലേക്ക് അണയാനുള്ള അർഹത എനിക്കില്ലല്ലോ. ഞാൻ പാപത്തിൽ പിറന്നവൻ, പാപത്തിൽ ജീവിച്ചവൻ.

ഒരിക്കൽ സമർപ്പണം എടുത്തെങ്കിലും ഞാൻ അതിൽ

നിന്നെല്ലാം പുറകോട്ട് പോയി. ആദ്യസ്നേഹം നഷ്ടപ്പെടുത്തിക്കളഞ്ഞു. എന്റെ ദൈവമേ, നീ എനിക്കു തന്ന കരുണയും വാത്സല്യവുമെല്ലാം ഞാൻ തുച്ഛീകരിച്ചു കളഞ്ഞു. എന്നെ സ്നേഹിച്ച് എന്നെ തന്റെ തിരുരക്തത്താൽ കഴുകിയ യേശുവിന്റെ സ്നേഹത്തെ ഞാൻ മറന്നുകളഞ്ഞു.

നിന്റെ തിരുരക്തത്താൽ എന്നെ കഴുകിയതാണ്. എന്റെമേൽ നിന്റെ കൃപ ചൊരിഞ്ഞതാണ്. എന്റെ ഉള്ളിൽ നിന്റെ ജീവജലം പകർന്നതാണ്. എന്റെ ബന്ധനങ്ങൾ നീ അഴിച്ചതാണ്. എന്നാൽ വീണ്ടും കെട്ടുകൾ വന്ന് മുറുകിപ്പോയി. പാപം എന്റെ മേൽ കർതൃത്വം നടത്തിക്കഴിഞ്ഞു. എന്നോട് പൊറുക്കണമേ. എന്റെ പാപക്കറകളിൽനിന്ന് എന്നെ കഴുകിയെടുക്കണമേ. എന്നെ ശുദ്ധീകരിക്കണമേ. നിങ്ങൾ പ്രാർത്ഥിക്കുമോ? ദൈവകരങ്ങളിലേക്ക് നിങ്ങളെ ഏല്പിക്കുമോ?

ബാല അതിസുന്ദരിയായിരുന്നു; പുരുഷൻ തൊടാത്ത കന്യകയായിരുന്നു. എല്യേസർ ഉറ്റുനോക്കി: “നീ ആരുടെ മകൾ? പറക; നിന്റെ അപ്പന്റെ വീട്ടിൽ ഞങ്ങൾക്ക് രാപാർപ്പാൻ സ്ഥലമുണ്ടോ?” എന്നു ചോദിച്ചു. അവൾ അവനോട്: “നാഹോരിന് മിൽക്കാ പ്രസവിച്ച മകനായ ബെഥൂവേലിന്റെ മകൾ ആകുന്നു ഞാൻ.” അവൾ വളരെ വിശദീകരിച്ച് പറയുകയാണ്. എന്തിനായിരിക്കും അവൾ അങ്ങനെയൊക്കെ പറഞ്ഞത്? അവൾ ഒന്നും ഓർത്തുകൊണ്ടല്ല പറഞ്ഞത്. പക്ഷേ, അവളെക്കൊണ്ട് ജീവനുള്ള ദൈവം അങ്ങനെയെല്ലാം പറയിപ്പിക്കുകയാണ്.

കാരണം, അബ്രാഹാം പുറപ്പെട്ടുപോന്ന ആ ബെഥൂവേലിന്റെ കുടുംബത്തിൽ തന്നെയാണ് ഇവളും എന്ന് ഈ ദാസന് മനസ്സിലാക്കിക്കൊടുക്കാൻ ഉതകുന്ന ഒരു വിശദീകരണമാണ് അവൾ നൽകുന്നത്. വേറൊരു കാര്യവും കൂടി അവൾ എടുത്തു പറഞ്ഞു: “ഞങ്ങളുടെയവിടെ വൈക്കോലും തീനും വേണ്ടുവോളമുണ്ട്; രാപാർപ്പാൻ സ്ഥലവും ഉണ്ട്.”

“അപ്പോൾ ആ പുരുഷൻ കുനിഞ്ഞ് യഹോവയെ നമസ്ക്കരിച്ചു.” കൊള്ളാം, ഇവൾ തന്നെയാണ് യിസ്ഹാക്കിന്റെ കന്യക. ഇവൾ തന്നെയാണ് യിസ്ഹാക്കിന്റെ മണവാട്ടി. എല്യേസറിന് മനസ്സിലായി ദൈവം തന്നെ ശരിയായ വഴിക്ക്, വേണ്ടിടത്തേക്ക് തന്നെ നടത്തി. സ്തോത്രം!

ദൈവമക്കളേ, നിങ്ങളുടെ ജീവിതത്തിൽ നിങ്ങളെ നടത്തുന്ന ദൈവത്തെ നിങ്ങൾ കാണണം. ഇതുവരെയും നിങ്ങളെ നടത്തിയ ദൈവം! നിങ്ങൾ അമ്മയുടെ ഗർഭത്തിൽ ഉരുവാകുന്നതിനുമുമ്പേ ദൈവം നിങ്ങളെ അറിഞ്ഞു. കേവലം ഒരു മാംസപിണ്ഡമായി നിങ്ങൾ രൂപപ്പെടുന്നതിനു മുമ്പു തന്നെ സ്വർഗ്ഗത്തിലെ ദൈവം നിങ്ങളെ അറിഞ്ഞു. അന്ന് ദൈവം നിങ്ങളെ നിയമിച്ചു. ദൈവം നിങ്ങളെ പേർചൊല്ലി വിളിച്ചു. ദൈവം നിങ്ങളെ തിരഞ്ഞെടുത്തു.

അമ്മയുടെ ഗർഭത്തിൽ നിങ്ങളുടെ അസ്ഥിപഞ്ജരം രൂപപ്പെടുമ്പോൾ ദൈവത്തിന്റെ കണ്ണ് നോക്കിക്കൊണ്ടിരുന്നു. സ്വർഗ്ഗത്തിലെ ദൈവത്തിന്റെ പ്രത്യേക പരിചരണത്തിലും പ്രത്യേക ശ്രദ്ധയിലും സൂക്ഷ്മമായ പരിഗണനയിലും നിങ്ങൾ ഇവിടംവരെയും എത്തിച്ചേർന്നു. ഈ ഭൂമിയിലേക്ക് യദൃച്ഛയാ നിങ്ങൾ ജനിച്ചതല്ല. ഈ ഭൂമിയിൽ ഇത്രയും കാലം നിങ്ങൾ ജീവിച്ചത് യാദൃച്ഛികമായല്ല. ദൈവം കണ്ടതാണ്. ദൈവം നിങ്ങളെ അറിഞ്ഞതാണ്. ദൈവത്തിന് നിങ്ങളെക്കുറിച്ച് സുവ്യക്തമായ ഒരു പദ്ധതിയുണ്ട്; നല്ല ഒരു പ്ലാൻ ഉണ്ട്.

എത്രപേർക്കിത് മനസ്സിലായി? മകനേ, നിന്നെക്കുറിച്ച് ദൈവത്തിന് ഒരു പദ്ധതിയുണ്ട്. മകളേ, ദൈവത്തിന് നിന്നെക്കുറിച്ച് ഒരു പദ്ധതിയുണ്ട്. അതുകൊണ്ടാണ് ഇപ്പോഴും ദൈവം നിന്നോട് സ്നേഹമായി സംസാരിക്കുന്നത്. കർത്താവ് നിന്റെ അരികത്തേക്ക് വന്നിരിക്കുന്നത്.

നീ എവിടെയിരുന്ന് ഈ വാക്കുകൾ വായിക്കുന്നുവോ അവിടംവരെയും ജീവനുള്ള ക്രിസ്തു എഴുന്നള്ളി വന്ന്

നിന്നോട് കരുണയോടെ സംസാരിക്കുന്നത് നിന്നെക്കുറിച്ച് ദൈവത്തിന് ഒരു പദ്ധതിയുള്ളതുകൊണ്ടാണ്. നിന്നെ അവൻ സ്നേഹിക്കുന്നതുകൊണ്ടാണ്. നിന്നെ കർത്താവായ യേശു ക്രിസ്തുവിന്റെ മണവാട്ടിയാക്കുവാൻ കർത്താവിന് പരിപാടി യുള്ളതുകൊണ്ടാണ്.

സ്വർഗ്ഗീയ സദസ്സിൽ നിന്നെ ചേർത്തണയ്ക്കാൻ ദൈവ ത്തിനാഗ്രഹമുണ്ട്. അതിനുവേണ്ടി നിന്നെ ഒരുക്കുകയാണ്. നിന്നെ ശുദ്ധീകരിക്കുകയാണ്. കഴുകുകയാണ്. ജീവജലം നിന്റെമേൽ തളിക്കുകയാണ്. തിരുരക്തം നിന്റെമേൽ ചാർത്തു കയാണ്; ജയമുള്ള സ്ലീബാ നിന്റെ ശിരസ്സിൽ വയ്ക്കുകയാണ്. ദൈവത്തിന്റെ അരുമകരം നിന്റെ ശിരസ്സിൽ വച്ച് നിന്നെ ആശീർവ്വദിക്കുകയാണ്. വിശ്വസിക്കൂ, ദൈവത്തിന്റെ കരങ്ങ ളിലേക്ക് നിങ്ങളെ ഏല്പിക്കൂ. ദൈവത്തോട് വാക്കു പറയൂ. അവന്റെ കരങ്ങളിലേക്ക് നിങ്ങളുടെ ഭാവി മുഴുവൻ ഏല്പിച്ചു എന്ന ഉറപ്പോടുകൂടി ദൈവത്തെ സ്തുതിയ്ക്കൂ.

# നാല്

1. Abraham's example of dedication.

അബ്രാഹാം ദൈവസന്നിധിയിൽ ചെയ്ത ഉടമ്പടി, ദൈവത്തോടു പറഞ്ഞ വാക്ക്, അബ്രാഹാമിന്റെ സമർപ്പണം.

2. Servant's example of devotion.

അബ്രാഹാമിന്റെ ദാസനായ എല്യേസറിന്റെ Devotion.

അബ്രാഹാമിനോടുള്ള കടപ്പാട്, യജമാനനോടുള്ള വിശ്വസ്തത. A servant's devotion to Abraham. ദാസന്റെ യജമാനനോടുള്ള പ്രതിബദ്ധത. യജമാനനോടുള്ള ഭക്തി. യജമാനസ്നേഹം, യജമാനനോട് വാക്കു പാലിക്കുന്നതിനുള്ള തത്പരത. അതാണ് നാം കാണുന്നത്.

> *"അപ്പോൾ ആ പുരുഷൻ കുനിഞ്ഞു യഹോവയെ നമസ്കരിച്ചു: എന്റെ യജമാനനായ അബ്രാഹാമിന്റെ ദൈവമായ യഹോവ വാഴ്ത്തപ്പെട്ടവൻ; അവൻ എന്റെ യജമാനനോടുള്ള ദയയും വിശ്വസ്തതയും ഉപേക്ഷിച്ചിട്ടില്ല. ഈ യാത്രയിൽ യഹോവ എന്നെ എന്റെ യജമാനന്റെ സഹോദരന്മാരുടെ വീട്ടിലേക്കു നടത്തിക്കൊണ്ടുവന്നുവല്ലോ എന്നു പറഞ്ഞു.* *ഉല്പത്തി 24 : 26 – 27*

ദാസൻ റിബെക്കയെ കണ്ടു, റിബെക്കയെ ഉറ്റുനോക്കി; "തന്റെ യാത്ര യഹോവ സഫലമാക്കിയോ എന്നറിയാൻ മിണ്ടാതെ നിന്നു." അവൾ എല്യേസറിനു വെള്ളം കോരിക്കൊടുത്തു. ദൂരയാത്ര ചെയ്തുവരുന്ന എല്യേസറിന്റെ ഒട്ടകങ്ങൾക്ക്

അവൾ വെള്ളം കോരിക്കൊടുത്തു.

റിബെക്ക എല്യേസറിനും ഒട്ടകങ്ങൾക്കും വെള്ളം കൊടുത്തുകഴിഞ്ഞപ്പോൾ എല്യേസർ അര ശേക്കെൽ തൂക്ക മുള്ള ഒരുപൊൻ മൂക്കുത്തിയും അവളുടെ കൈക്കിടുവാൻ പത്തുശേക്കെൽ തൂക്കമുള്ള രണ്ട് പൊൻവളകളും കൊടുത്തു. നീ ആരുടെ മകൾ? പറക. നിന്റെ അപ്പന്റെ വീട്ടിൽ ഞങ്ങൾക്ക് രാപാർപ്പാൻ സ്ഥലമുണ്ടോ എന്നു ചോദിച്ചു.

“അവൾ അവനോട്: ഞാൻ നാഹോരിന്നു മിൽക്ക പ്രസ വിച്ച മകനായ ബെഥൂവേലിന്റെ മകൾ ആകുന്നു എന്ന് പറഞ്ഞു. ഞങ്ങളുടെ അവിടെ വൈക്കോലും തീനും വേണ്ടുവോളം ഉണ്ട്; രാപാർപ്പാൻ സ്ഥലവുമുണ്ട് എന്നും അവൾ പറഞ്ഞു.”

എല്ലാം ദൈവികമായ ഒരു നടത്തിപ്പാണ്. റിബെക്കയെ യിസ്ഹാക്കിനുവേണ്ടി ഒരുക്കുന്നതിനുവേണ്ടി ദാസൻ വന്നു നിൽക്കയാണ്. ആരാണ് മണവാട്ടിയാകാൻ പോകുന്നത്, ആരെയാണ് ദൈവം തെരഞ്ഞെടുത്തിരിക്കുന്നത് എന്ന് ദാസന് അറിഞ്ഞുകൂടാ.

അബ്രാഹാം പറഞ്ഞതനുസരിച്ച് ഹാരാനിലേക്ക് യാത്ര ചെയ്തു വന്നിരിക്കുകയാണ്. പക്ഷേ, റിബെക്കയെ കണ്ടു. എന്തോ ഒരു അടുപ്പം തോന്നി. ഏതോ ഒരു സൗഹൃദം തോന്നി, നിന്നു.

ഒട്ടകങ്ങൾ ദാഹിച്ചു വലഞ്ഞു വന്നിരിക്കയല്ലേ. ദാസനും ഒട്ടകങ്ങൾക്കും അവൾ വെള്ളം കോരിക്കോരി കൊടുത്തു. മോളേ, നിന്റെ വീട് എവിടെയാണ് എന്നു ചോദിച്ചു. ഞങ്ങൾക്ക് ഇന്നു രാത്രി രാപാർക്കാൻ അവിടെ സ്ഥലമുണ്ടോ എന്നു ചോദിച്ചു. രാപാർപ്പാൻ സ്ഥലമുണ്ട്, ഒട്ടകങ്ങൾക്ക് വയ്ക്കോലും തീനും എല്ലാം വേണ്ടുവോളം ഉണ്ട് എന്ന് അവൾ പറഞ്ഞു.

അറിഞ്ഞുകൊണ്ടല്ല അവൾ സൽക്കരിക്കുന്നത്; അറി

ഞ്ഞുകൊണ്ടല്ല അവൾ ആ മധുരവാക്കു പറയുന്നത്. അത് അവളുടെ സ്വഭാവത്തിൽ അലിഞ്ഞുകിടക്കുന്ന നന്മയാണ്. മധുരമായ ഭാഷണം. ഹൃദ്യമായ സംഭാഷണം, സ്നേഹാർദ്ര മായ സ്വഭാവം. അത് അവളുടെ രക്തത്തിൽ തന്നെ അലിഞ്ഞുകിടക്കുകയാണ്.

അതുകൊണ്ടാണ് ഒരു പരിചയവുമില്ലാത്ത ഈ മാന്യനായ മനുഷ്യനോട് ഇത്രയും വിനീതമായും മധുരമായും സ്നേഹമായും അവൾക്ക് സംസാരിക്കാൻ കഴിഞ്ഞത്.

ഞങ്ങളുടെ വീട്ടിൽ രാപാർക്കാൻ സ്ഥലമുണ്ട്. ഞാൻ ബെഥൂവേലിന്റെ മകളാണ്. ഞാൻ നാഹോരിന് മിൽക്ക പ്രസ വിച്ച ബെഥൂവേലിന്റെ മകളാണ്. വിശദീകരിച്ചു പറയുകയാണ്. അവിടെ അതൊരു മാന്യതയായിട്ടാണ് നാം കാണേണ്ടത്.

സാധാരണയിൽ അധികമായ സംഭാഷണം വരുമ്പോൾ അത് മാന്യതാഹീനമായി കാണുന്ന സാഹചര്യങ്ങൾ ഉണ്ടാകാറുണ്ട്. പലപ്പോഴും അടക്കമൊതുക്കമുള്ളവർ ചുരുക്കമേ പറയാവൂ. അധികം സംസാരിക്കാതിരിക്കുന്നതാണ് നല്ലത്. “വാക്കുകളുടെ പെരുപ്പത്തിൽ ലംഘനങ്ങളുടെ ബാഹുല്യമുണ്ട്” എന്ന് ശലോമോൻ സദൃശവാക്യത്തിൽ പറയുന്നുണ്ട്. വാക്കുകൾ കൂടിയാൽ തെറ്റുകൾ കൂടുതൽ വരും. വാക്കുകൾ ചുരുക്കുക.

> *“കേൾപ്പാൻ വേഗതയും പറവാൻ താമസവും കോപത്തിന്നു താമസവുമുള്ളവൻ ആയിരിക്കട്ടെ.”*
>
> *യാക്കോബ് 1 : 19*

പക്ഷേ, ചിലപ്പോൾ മാന്യതയുടെ മുഖമുദ്രയായും സംസാരം തീരാവുന്നതാണ്, തീരേണ്ടതാണ്. ഇവിടെ അവൾ കൂടുതൽ പറഞ്ഞു. എന്തോ ഒരു ദൈവനടത്തിപ്പാണത്.

സാധാരണയായി പെൺകുട്ടികൾ ഒരു അപരിചിതനെ കണ്ടാൽ അങ്ങനെ പറയേണ്ട ആവശ്യമില്ല. സാധാരണഗതിയിൽ

വിവേകമുള്ള സ്ത്രീകൾ അധികം സംസാരിക്കാതിരിക്കുന്നതാണ് നല്ലത്. പ്രത്യേകിച്ചും അപരിചിതനായ ഒരു ആളെ കണ്ടാൽ അധികം മിണ്ടാനോ നിന്നുകൊടുക്കാനോ ഇടയാകാതെ കരുതിക്കൊള്ളുന്നത് നല്ലതാണ്. അതിനാണ് ലജ്ജാശീലം, സൗമ്യത, അടക്കമൊതുക്കം, വിവേകം എന്നൊക്കെ പറയുന്നത്.

എന്നാൽ ഇവിടെ ദൈവിക നടത്തിപ്പനുസരിച്ചാണ് എല്യേസർ വന്നിരിക്കുന്നത്. ദൈവിക നടത്തിപ്പനുസരിച്ചാണ് റിബെക്ക ഇതു പറയുന്നത്. എല്ലാറ്റിന്റെയും പിന്നിൽ നിത്യനായ ദൈവത്തിന്റെ ഒരു കരമുണ്ട്.

അബ്രാഹാമിന്റെ മകനായ യിസ്ഹാക്കിന് ഒരു കന്യകയെ തേടി പുറപ്പെട്ട യാത്രയിൽ കിട്ടാനിടയുള്ള പെൺകുട്ടി, അവൾ വരുംകാല തലമുറയിൽ കർത്താവായ യേശുക്രിസ്തുവിന് ജന്മം കൊടുക്കുന്ന ഒരു അനുഗൃഹീത തലമുറയുടെ വിധാതാവായി, അനുഭവോക്താവായി മാറുവാനുള്ള ഭാഗ്യകരമായ വിപര്യയമാണ് സംഭവിക്കാൻ പോകുന്നത്.

അതിനുവേണ്ടിയുള്ള ദൈവികമായ ഒരുക്കമാണത്. നമ്മുടെ വാക്കുകളെല്ലാം ദൈവം നിയന്ത്രിക്കട്ടെ. നമ്മുടെ ചലനങ്ങൾ ദൈവം നിയന്ത്രിക്കട്ടെ, ഭരിക്കട്ടെ. ഓരോ ചലനത്തിലും കർത്താവിന്റെ തിരുമുഖത്തു നോക്കിയിട്ട് നാം സംസാരിക്കാൻ തുടങ്ങിയാൽ, പെരുമാറാൻ തുടങ്ങിയാൽ കേടു പറ്റുകയില്ല.

വാക്കുകൾ ചുരുക്കണമോ അധികമാകണമോ അതു ദൈവം നിർണ്ണയിക്കട്ടെ. ഓരോ വാക്കും പറയുമ്പോൾ എന്റെ കർത്താവു പ്രസാദിക്കുമോ എന്നു ചിന്തിച്ചുകൊണ്ട് പറയാൻ പറ്റുമോ? നല്ലതാണ്. നമ്മുടെ വാക്കുകളെ നാം നിയന്ത്രിക്കുക.

ദൈവം പ്രസാദിക്കുമോ ഞാനീ പറയുന്നത്? എന്റെ ഈ ഭാവം ദൈവം പ്രസാദിക്കുമോ? എന്റെ പെരുമാറ്റം ദൈവം പ്രസാദിക്കുമോ? നാം ദൈവസന്നിധിയിലേക്കു സമർപ്പിച്ച് പ്രാർത്ഥിച്ചുകൊണ്ട് ധ്യാനാത്മകമായി ദൈവത്തിലർപ്പിച്ചുകൊ

ണ്ടാണ് ഓരോ ചുവടും വയ്ക്കുന്നതെങ്കിൽ നമുക്ക് തെറ്റുപറ്റുകയില്ല. കരുതലോടെ സംസാരിക്കുക. കരുതലോടെ പെരുമാറുക.

റിബെക്ക അവിടെ കരുതലോടെ സംസാരിച്ചു: "ഞങ്ങ ളുടെ അവിടെ വയ്ക്കോലും തീനും വേണ്ടുവോളമുണ്ട്, രാപാർപ്പാൻ സ്ഥലവുമുണ്ട് എന്നവൾ പറഞ്ഞു. അപ്പോൾ ആ പുരുഷൻ കുനിഞ്ഞ് യഹോവയെ നമസ്ക്കരിച്ചു." ആ കിണറ്റിൻ കരയിൽ നിന്ന് ദാസൻ ദൈവത്തെ സ്തുതിച്ചു.

ഈ ദാസന് അബ്രാഹാമിന്റെ ദൈവമായ യഹോവ വാഴ്ത്തപ്പെട്ടവൻ എന്നു പറയത്തക്കവണ്ണം അബ്രാഹാമിന്റെ ദൈവത്തെക്കുറിച്ച് ഒരു മതിപ്പുണ്ട്. അബ്രാഹാമിന്റെ ദൈവ ത്തെക്കുറിച്ച് മതിപ്പുണ്ടാകണമെങ്കിൽ അബ്രാഹാമിനെക്കു റിച്ച് മതിപ്പുണ്ടാകണം.

മറ്റുള്ളവർ നമ്മെയാണ് കാണുന്നത്. നമ്മിൽക്കൂടി വേണം അവർ നാം പറയുന്ന ക്രിസ്തുവിനെ കാണാൻ. അതുകൊണ്ടാണ് അപ്പൊസ്തലൻ പറയുന്നത്: നാം ക്രിസ്തുവിന്റെ പത്രമാണ് എന്ന്.

നാം ക്രിസ്തുവിന്റെ മുഖപത്രമായി നിൽക്കണ്ടേ? ക്രിസ്തുവിന്റെ അതേ പ്രതിബിംബനമായി, ക്രിസ്തുവിന്റെ സ്വഭാവം നമ്മിൽക്കൂടി പ്രതിഫലിക്കത്തക്കവണ്ണം ക്രിസ്തുവിന്റെ ഭാവത്തോടെ നാം നിൽക്കേണ്ടതാണ്.

ക്രിസ്തുവിന്റെ ഭാവമാണോ നിങ്ങൾക്കുള്ളത്? നിങ്ങളുടെ ഓരോ ചലനത്തിലും ഓരോ സംസാരത്തിലും ക്രിസ്തുവിന്റെ ഭാവത്തോടുകൂടിയാണോ നിൽക്കുന്നത്? ചിന്തിക്കുമ്പോൾ കാണാം, പലപ്പോഴും പരാജയപ്പെട്ടുപോയി.

അമ്മാവിയമ്മയുടെ അടുക്കൽ സംസാരിച്ചപ്പോൾ ക്രിസ്തുവിന്റെ ഭാവത്തിലോ അതോ പിശാചിന്റെ ഭാവത്തിലോ നീ സംസാരിച്ചത്? മരുമകളുടെ അടുക്കൽ പെരുമാറിയപ്പോൾ,

ആ സാധു പെൺകുട്ടിയുടെ ഹൃദയത്തെ വ്രണപ്പെടുത്തിയപ്പോൾ ക്രിസ്തുവിന്റെ ഭാവമായിരുന്നുവോ അതോ, പിശാചിന്റെ നരകഭാവമായിരുന്നുവോ? നരകഭീകരതയുടെ കോപഭാവ മായിരുന്നുവോ? നരകത്തിന്റെ ഭയാനകത്വത്തിന്റെ ഉജ്ജ്വല ഭാവമായിരുന്നുവോ?

പരിചയമുള്ളതോ പരിചയമില്ലാത്തതോ ആയ ഒരു പെൺകുട്ടിയുടെ മുമ്പിൽ നിന്നപ്പോൾ കാമം ജ്വലിച്ചുകൊണ്ട് കാമഭ്രാന്തുപിടിച്ച് ഹൃദയത്തിൽ കാമം എരിപൊരിക്കൊണ്ടു കൊണ്ട് ആയിരുന്നുവോ സംസാരിച്ചത്?

ജീവിതത്തിന്റെ ഓരോ നിമിഷവും ക്രിസ്തുവിന്റെ ഭാവം ഉൾക്കൊള്ളുവാൻ സാധിച്ചാൽ നാം ഭാഗ്യശാലികളാണ്. ദൈനംദിന ജീവിതത്തിൽ ഓരോ കാര്യത്തിൽ ഇടപെടുമ്പോഴും ക്രിസ്തുവിന്റെ ഭാവം നമ്മെ ഭരിക്കട്ടെ. ക്രിസ്തുവിന്റെ ഭാവം നമ്മിലൂടെ സ്ഫുരിക്കട്ടെ.

റിബെക്ക ഇതു പറഞ്ഞുകഴിഞ്ഞപ്പോൾ ദാസൻ ദൈവത്തെ സ്തുതിച്ചു.

> *‘‘എന്റെ യജമാനനായ അബ്രാഹാമിന്റെ ദൈവമായ യഹോവ വാഴ്ത്തപ്പെട്ടവൻ; അവൻ എന്റെ യജമാനനോടുള്ള ദയയും വിശ്വസ്ത തയും ഉപേക്ഷിച്ചിട്ടില്ല. ഈ യാത്രയിൽ യഹോവ എന്നെ എന്റെ യജമാനന്റെ സഹോദരന്മാരുടെ വീട്ടിലേക്കു നടത്തിക്കൊണ്ടു വന്നുവല്ലോ എന്നു പറഞ്ഞു.”*
>
> *ഉല്പത്തി 24 : 27*

എത്തേണ്ടിടത്ത് യഹോവ എന്നെ എത്തിച്ചു.

എന്റെ സ്നേഹിതരേ, നിങ്ങൾ എത്തേണ്ടിടത്ത് നിങ്ങളെ എത്തിക്കുവാൻ ദൈവം ശക്തനാണ്. വിശ്വസ്തനായ ദൈവത്തിന്റെ കരങ്ങളിലേക്ക് നിങ്ങളെ ഏല്പിച്ചു നോക്കൂ. നിങ്ങളെ അവൻ നയിച്ചുകൊള്ളും. നിങ്ങൾക്കു കേടുപറ്റാതെ

അവൻ നടത്തിക്കൊള്ളും.

പരീക്ഷ എഴുതുന്ന ഒരു വിദ്യാർത്ഥി പരീക്ഷാഹാളിൽ ഇരിക്കുമ്പോൾ ദൈവത്തോടു പ്രാർത്ഥിക്കട്ടെ: കർത്താവേ, നീ കനിഞ്ഞ് എന്റെ അരികിലേക്ക് ഒന്ന് എഴുന്നള്ളി വരണമേ. ഞാൻ ഉത്തരമെഴുതുമ്പോഴെല്ലാം നിന്റെ കരം എന്നോടുകൂടെ ഉണ്ടായിരിക്കണമേ. നിന്റെ മാലാഖമാർ എനിക്കു ചുറ്റും കാവലായി നിൽക്കണമേ. സ്വർഗ്ഗീയ ഗണങ്ങൾ കാവലായി നിന്നുകൊണ്ട് ഈ പരീക്ഷ എഴുതി പൂർത്തീകരിക്കാൻ എനിക്കു കൃപ തരണമേ. അങ്ങനെ സമർപ്പിച്ചുകൊണ്ട് പരീക്ഷ എഴുതുമ്പോൾ നിങ്ങൾക്കു കിട്ടുന്ന വിജയം നിങ്ങൾ ചിന്തിക്കുന്നതിലും അധികമായിരിക്കും.

ഓരോ തൊഴിലിലും ഇടപെടുമ്പോൾ ക്രിസ്തുവിനെ മുൻനിർത്തി നിങ്ങൾ പ്രവർത്തിക്കൂ. ആദിയിൽ ദൈവം! ആദ്യം ദൈവം! ദൈവത്തിന് ഒന്നാംസ്ഥാനം കൊടുത്തുകൊണ്ട്, ദൈവത്തെ മുൻനിർത്തിക്കൊണ്ട് നിങ്ങൾ പ്രവർത്തിക്കൂ. ഏതൊരു കാര്യത്തിന് ഇറങ്ങി പുറപ്പെടുമ്പോഴും നിങ്ങൾക്ക് അങ്ങനെ ചെയ്യാം.

നിങ്ങൾ വിവാഹത്തിനുവേണ്ടി ഒരുങ്ങുമ്പോൾ, അല്ല വിവാഹം ആലോചിക്കുമ്പോൾ, വീടുപണിയാൻ തുടങ്ങുമ്പോൾ, വീടുപണിതു വീട്ടിൽ കയറി പാർക്കാൻ തുടങ്ങുമ്പോൾ, നിങ്ങൾ ഒരു അഡ്മിഷൻ തേടുമ്പോൾ, ഒരു ഹോസ്റ്റലിൽ പോയി താമസിക്കുമ്പോൾ, ക്ലാസ്സിൽ ആദ്യമായി കയറുമ്പോൾ, ഓരോ ദിവസവും ക്ലാസ്സിലേക്കു കയറുമ്പോൾ, എല്ലാം ദൈവതിരുമുഖത്തേക്കു നോക്കിക്കൊണ്ടു ചെയ്യൂ. അപ്പോൾ കാണാം ക്രിസ്തുവിന്റെ കരം നിങ്ങളെ നടത്തിക്കൊണ്ടു പോകുന്നത്.

ജീവിതത്തിന്റെ ഓരോ ചുവടുവയ്പ്പിലും ക്രിസ്തുവിനെ മുൻനിർത്തുക. ക്രിസ്തു നടന്നുചെല്ലാത്ത വഴികളിലൂടെ ഞാൻ പോകുകയില്ല എന്നു നിങ്ങൾ ഉറയ്ക്കുക. ക്രിസ്തു

ആഗ്രഹിക്കാത്ത ഒരു കാര്യം ഞാൻ ചെയ്യുകയില്ല. ക്രിസ്തു പ്രസാദിക്കാത്ത ഒരു കാര്യത്തിൽ ഞാൻ ഇടപെടുകയില്ല. നിങ്ങൾക്കു തീരുമാനിക്കാം. എപ്പോഴും ക്രിസ്തുവിന്റെ ഭാവം!

സങ്കീർത്തനക്കാരനായ ദാവീദ് 32-ാം സങ്കീർത്തനത്തിൽ എഴുതിച്ചേർത്തു:

> *"ഞാൻ നിന്നെ ഉപദേശിച്ച്, നടക്കേണ്ടുന്ന വഴി നിനക്ക് കാണിച്ച് തരും; ഞാൻ നിന്റെ മേൽ ദൃഷ്ടി വച്ച് നിനക്ക് ആലോചന പറഞ്ഞു തരും."*
>
> *സങ്കീർത്തനങ്ങൾ 32 : 8*

73-ാം സങ്കീർത്തനത്തിൽ സങ്കീർത്തനക്കാരൻ പിന്നേയും പറഞ്ഞു:

> *"നിന്റെ ആലോചനയാൽ നീ എന്നെ നടത്തും; പിന്നത്തേതിൽ മഹത്വത്തിലേക്ക് എന്നെ കൈക്കൊള്ളും. സ്വർഗ്ഗത്തിൽ എനിക്ക് ആരുള്ളൂ? ഭൂമിയിലും നിന്നെയല്ലാതെ ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല. എന്റെ മാംസവും ഹൃദയവും ക്ഷയിച്ചുപോകുന്നു; ദൈവം എന്നേക്കും എന്റെ ഹൃദയത്തിന്റെ പാറയും എന്റെ ഓഹരിയും ആകുന്നു."*
>
> *സങ്കീർത്തനങ്ങൾ 73 : 24 – 26*

> *"കർത്താവ് നിങ്ങൾക്ക് കഷ്ടത്തിന്റെ അപ്പവും ഞെരുക്കത്തിന്റെ വെള്ളവും മാത്രം തന്നാലും ഇനി നിന്റെ ഉപദേഷ്ടാവ് മറഞ്ഞിരിക്കയില്ല; നിന്റെ കണ്ണ് നിന്റെ ഉപദേഷ്ടാവിനെ കണ്ടുകൊണ്ടിരിക്കും. നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ: വഴി ഇതാകുന്നു, ഇതിൽ നടന്നുകൊൾവിൻ എന്നൊരു വാക്ക് പിറകിൽ നിന്ന് കേൾക്കും."* *യെശയ്യാവ് 30 : 20 – 22*

പ്രിയപ്പെട്ടവരേ, നിങ്ങൾ അക്ഷരികമായി ഒരു ശബ്ദം കേട്ടു

എന്നു വരികയില്ല. കേൾക്കുന്നുണ്ടോ, നല്ലത്. നിങ്ങളുടെ ഉള്ളിൽ ഒരു നടത്തിപ്പ് നിങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കും. ഓരോ ചുവടുവയ്പ്പിലും ദൈവികമായ നടത്തിപ്പ്. എന്താണിതിനു കാരണം? കർത്താവു നമുക്കു തന്നിരിക്കുന്ന പദവി!

*"അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു."*

*യോഹന്നാൻ 1 : 12*

ദൈവത്തെ കൈക്കൊള്ളുക; ദൈവത്തിന്റെ നാമത്തെ വിശ്വസിക്കുക. യേശുവിനെ കൈക്കൊണ്ട് യേശുവിനെ വിശ്വസിക്കുന്ന ഏവർക്കും ദൈവത്തിന്റെ മകനും മകളും ആകുവാനുള്ള പദവിയും അധികാരവും ദൈവം തന്നിരിക്കയാണ്.

*"നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു. ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന് കൂട്ടവകാശികളും തന്നെ."* *റോമർ 8 : 17*

മക്കൾ ആണെങ്കിൽ നാം അവകാശികൾ ആണ്. സ്വർഗ്ഗത്തിലെ അപ്പന് നമ്മെ നടത്താൻ കടപ്പാടുണ്ട്. മക്കളായ നമുക്ക് അവകാശമുണ്ട്. പ്രിയപ്പെട്ടവരേ, അവകാശം പറഞ്ഞ് ചെല്ലണം. അപ്പാ, ഞാൻ നിന്റെ മകനല്ലേ? നിന്റെ തിരുവചനപ്രകാരം ഞാൻ യേശുവിനെ എന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചതല്ലേ? ഞാൻ യേശുവിനെ കൈക്കൊണ്ടതല്ലേ?

യേശുവിനെ കൈക്കൊണ്ട് യേശുവിന്റെ നാമത്തിൽ ഞാൻ വിശ്വസിക്കുന്നുണ്ടല്ലോ. അതുകൊണ്ടാണല്ലോ പാപം വിടാൻ എനിക്ക് കഴിഞ്ഞത്. കഴിഞ്ഞകാല ജീവിതത്തിലെ പാപങ്ങളോട് ഞാൻ യാത്ര പറഞ്ഞുവല്ലോ. കർത്താവേ, ഞാൻ ഒരു പുതിയ മനുഷ്യനായിത്തീർന്നുവല്ലോ. ഞാൻ നിന്റെ അവകാശിയായി തീർന്നിരിക്കുന്നു. അതുകൊണ്ട് ഞാൻ നിന്നോട് ചോദിക്കുകയാണ്, ഈ പ്രശ്നത്തിൽ നീ എനിക്ക്

മുമ്പെ നിൽക്കണം. ഈ പ്രശ്നത്തെ ഞാൻ അഭിമുഖീകരിക്കുമ്പോൾ നീ എനിക്കുവേണ്ടി വാദിക്കണം.

അവകാശമുണ്ടെന്നു പറയുന്നു. പക്ഷേ, പല ദൈവമക്കൾക്കും ഈ ധൈര്യം കിട്ടുന്നില്ല. എന്തുകൊണ്ടാണ് ധൈര്യം കിട്ടാതെ പോകുന്നത്?

> *"അവകാശി സർവ്വത്തിനും യജമാനൻ എങ്കിലും ശിശുവായിരിക്കുന്നേടത്തോളം ദാസനേക്കാൾ ഒട്ടും വിശേഷതയുള്ളവനല്ല, പിതാവു നിശ്ചയിച്ച അവധിയോളം രക്ഷകന്മാർക്കും ഗൃഹവിചാരകന്മാർക്കും കീഴ്പെട്ടവനത്രേ എന്നു ഞാൻ പറയുന്നു"*
>
> *ഗലാത്യർ 4 : 1, 2*

അപ്പന് ഒരു ലക്ഷം രൂപ ബാങ്കിൽ ഡിപ്പോസിറ്റ് ഉണ്ട്. പക്ഷേ, ഈ മോൻ ചെന്നാൽ ആ രൂപ എടുക്കാൻ പറ്റുകയില്ല. അപ്പന്റെ ചെക്ക്ബുക്കുമായിട്ടാണ് പോയത്. അവൻ ഒപ്പിട്ടു കൊടുത്തു പക്ഷേ, രൂപ കിട്ടുകയില്ല. കാരണം, അവൻ minor ആണ്. അവൻ major ആകണം.

നിങ്ങൾ major ആകാതെ അവകാശം നിങ്ങൾക്കു സ്വന്തമാക്കാൻ ഒക്കുകയില്ല. നിങ്ങൾ പ്രായപൂർത്തിയാകണം. അതിന് എന്തുവേണം?

ജീവനുള്ള ദൈവത്തിന്റെ ആത്മാവിനാൽ നീ നിറയണം; പരിശുദ്ധാത്മാവിനാൽ നീ നിറയണം; നീ പ്രായവും പക്വതയും പ്രാപിക്കണം. ദൈവപൈതലേ, നീ ഒരു പേരിന് ജീവനിൽ നിന്നാൽ പോരാ, ഒരു ചെറിയ തിരിയായി, ഒരു മിന്നാമിനുങ്ങു പോലെ കത്തിക്കത്തി നിന്നാൽ പോരാ, ജ്വലിക്കുന്ന ഒരു പന്തമായി മാറണം.

തിരിയാണെങ്കിൽ കാറ്റു വന്നാൽ കെട്ടുപോകും. എന്നാൽ അത് ഒരു ബൾബാണെങ്കിൽ കെട്ടുപോകുകയില്ല. അതിന് ട്രാൻസ്ഫോർമറുമായി ബന്ധമുണ്ട്.

കേടുവരാത്ത സ്വർഗ്ഗീയ ട്രാൻസ്ഫോർമറാണ് ഗോഗുൽത്തായിൽ സ്ഥാപിച്ചിരിക്കുന്നത്. അവിടെ നിന്ന് ഒഴുകിവരുന്നത് അവന്റെ തിരുവിലാവിൽനിന്ന് പൊട്ടിയൊഴുകിയ ചെഞ്ചോരയാണ്. ആ തിരുരക്തം നിന്റെ സിരകളിലൂടെ ഒഴുകുന്ന ബന്ധം നിനക്കുണ്ടെങ്കിൽ അവകാശം മുഴുവൻ നിനക്ക് കിട്ടിക്കഴിഞ്ഞു. നിനക്ക് ആവശ്യം വരുമ്പോഴെല്ലാം ഓടിച്ചെന്ന് അപ്പന്റെ ഡിപ്പോസിറ്റിൽ നിന്ന് ഒപ്പിട്ടെടുക്കാം.

ആത്മനിറവ് സ്നേഹത്തിന്റെ നിറവാണ്; ആത്മനിറവ് വിശുദ്ധിയുടെ നിറവാണ്. ആത്മനിറവ് തേജസ്സിന്റെ നിറവാണ്. ആത്മനിറവ് സിരകളിലൂടെ തീ പായുന്ന നിറവാണ്. ആത്മനിറവ് ജീവിതത്തിന്റെ എല്ലാ കോണുകളിലൂടെയും സ്വർഗ്ഗത്തിന്റെ അഗ്നി ഇറങ്ങുന്ന നിറവാണ്.

ആ നിറവിലേക്ക് ദൈവം നിങ്ങളെ വിളിക്കുകയാണ്. നിങ്ങൾ ഒന്നേ ചെയ്യേണ്ടൂ. കർത്താവേ, നിന്റെ തിരുരക്തത്താൽ എന്നെ കഴുകണമേ. ഇനിമേൽ ഞാൻ ഒരു പുതിയ മനുഷ്യനായിരിക്കും. I will never be the same! ഞാൻ പഴയ മനുഷ്യൻ ആയിരിക്കയില്ല.

# അഞ്ച്

*"അപ്പോൾ അവൻ: യഹോവയാൽ അനുഗ്രഹിക്ക പ്പെട്ടവനേ, അകത്തു വരിക; എന്തിനു പുറത്തു നില്ക്കുന്നു? വീടും ഒട്ടകങ്ങൾക്കു സ്ഥലവും ഞാൻ ഒരുക്കിയിരിക്കുന്നു എന്നു പറഞ്ഞു"*

*ഉല്പത്തി 24 : 31*

"യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവനേ, അകത്തു വരിക; എന്തിനു പുറത്തു നില്ക്കുന്നു?" നല്ലതുപോലെ ഹൃദ യത്തെ സ്പർശിക്കുന്ന ഒരു വാക്യമാണത്. ദൈവത്തിന്റെ അഗാധമായ സ്നേഹത്തിന്റെ ക്ഷണമായി, നമ്മോടുള്ള വ്യക്തിപരമായ ആഹ്വാനമായിത്തന്നെ നാമത് സ്വീകരിക്കുന്നത് നല്ലതായിരിക്കും.

ആരും പുറത്ത് നിൽക്കേണ്ട ആവശ്യമില്ല. ആരും അന്യരായി നിൽക്കേണ്ട ആവശ്യമില്ല. ആരും അകന്ന് നിൽക്കേണ്ട ആവശ്യമില്ല. യഹോവയാൽ അനുഗ്രഹിക്കപ്പെട്ട വനേ, അകത്തു വരിക; എന്തിനു പുറത്തു നില്ക്കുന്നു?

സ്നേഹത്തിന്റെ ഒരു വിളിയാണത്. സ്നേഹത്തിന്റെ ഒരു ക്ഷണമാണത്. അത് വലിയൊരു സ്വാഗത വചനമാണ്. അകത്തേക്കു വരുവാൻ വിളിക്കുകയാണ്.

1. Abraham's example of dedication
2. Servant's example of devotion
3. Rebecca's example of decision

അബ്രാഹാമിന്റെ ദാസനായ ഏല്യേസർ അബ്രാഹാമിന്റെ ഏകജാതനായ യിസ്ഹാക്കിന് ഒരു മണവാട്ടിയെ കണ്ടെത്തുന്നതിനുവേണ്ടി അറുന്നൂറ് നാഴിക ദൂരം സഞ്ചരിച്ച്, മരുഭൂമിയിൽക്കൂടി യാത്രചെയ്ത് ഹാരാനിൽ എത്തിച്ചേർന്നു. കിണറ്റരികിൽ വച്ച് കന്യകയായ റിബെക്കയെ കണ്ടു.

റിബെക്കയുടെ കൈകൾക്ക് വള ഇടുവിച്ചു, മൂക്കിൽ പൊൻമൂക്കുത്തി അണിയിച്ചു. യാത്ര സഫലമായി എന്ന ബോദ്ധ്യം കിട്ടിയതുകൊണ്ടാണ് ഇതെല്ലാം ചെയ്തത്. ഇവൾ തന്നെയാണ് എന്റെ യജമാനന്റെ ഏകജാതനുള്ള മണവാട്ടി എന്നു ദാസന് മനസ്സിലായി.

റിബെക്ക പറഞ്ഞതനുസരിച്ച് എല്യേസർ കിണറ്റിൻ കരയിൽനിന്ന് മുന്നോട്ട് നീങ്ങാൻ ഒരുങ്ങി നിൽക്കുകയാണ്. അപ്പോഴേക്കും റിബെക്ക വീട്ടിൽ ചെന്നുകഴിഞ്ഞു.

> *"ബാല ഓടിച്ചെന്ന് അമ്മയുടെ വീട്ടുകാരെ ഈ വസ്തുത അറിയിച്ചു. റിബെക്കയ്ക്ക് ഒരു സഹോദരൻ ഉണ്ടായിരുന്നു; അവനു ലാബാൻ എന്നു പേർ. ലാബാൻ പുറത്ത് കിണറ്റിങ്കൽ ആ പുരുഷന്റെ അടുക്കൽ ഓടിച്ചെന്നു. അവൻ മൂക്കൂത്തിയും സഹോദരിയുടെ കൈമേൽ വളയും കാണുകയും ആ പുരുഷൻ ഇന്നപ്രകാരം എന്നോടു പറഞ്ഞു എന്നു തന്റെ സഹോദരിയായ റിബെക്കയുടെ വാക്കു കേൾക്കയും ചെയ്തപ്പോൾ ആ പുരുഷന്റെ അടുക്കൽ ചെന്നു; അവൻ കിണറ്റിങ്കൽ ഒട്ടകങ്ങളുടെ അരികെ നിൽക്കയായിരുന്നു."*
>
> *ഉല്പത്തി 24 : 28 - 30*

ഈ ഭാഗത്ത് രണ്ടിടത്ത് ഒരേ വാക്കുകൾ നമുക്ക് കാണാം. "ഓടിച്ചെന്നു." റിബെക്ക വീട്ടിലേക്ക് ഓടിച്ചെന്നു. ലാബാൻ കിണറ്റിൻ കരയിലേക്ക് ഓടിച്ചെന്നു. വളരെ തിടുക്കത്തിലാണ്

എല്ലാം നടക്കുന്നത്.

റിബെക്ക ആടിനെ നോക്കിയിട്ട് വീട്ടിലേക്കു വരുമ്പോൾ സഹോദരനായ ലാബാൻ അവളിൽ ഒരു പ്രത്യേകത കണ്ടു; അവളുടെ മുഖത്ത് ഒരു പ്രസന്നത. അവളുടെ മുഖത്ത് ഒരു പ്രത്യേക സന്തോഷം! കൂടാതെ അവളുടെ കൈകളിൽ വളകൾ! മൂക്കിൽ പൊൻമൂക്കുത്തി! ഇതൊന്നും ഇല്ലാതെയാണല്ലോ അവൾ ഇവിടെനിന്നു പോയത്! പുതിയ രൂപത്തിലും ഭാവത്തിലുമാണ് അവൾ വരുന്നത്. ലാബാനോട് ഉണ്ടായ കാര്യങ്ങളെല്ലാം അവൾ പറഞ്ഞു.

ഒരു ആഢ്യത്വമുള്ള മനുഷ്യൻ വീടിന്റെ അരികത്തുള്ള കിണറ്റിന്നരികിൽ വന്നു എന്നും വെള്ളം ചോദിച്ചപ്പോൾ അദ്ദേഹത്തിനും ഒട്ടകങ്ങൾക്കും വെള്ളം കോരിക്കൊടുത്തു എന്നും ആ മനുഷ്യൻ രാപാർപ്പാൻ സ്ഥലമുണ്ടോ എന്ന് അന്വേഷിച്ചു എന്നുമെല്ലാമുള്ള കാര്യങ്ങൾ റിബെക്ക ലാബാനോട് വിവരിച്ചു പറഞ്ഞു.

> *"അവൻ മൂക്കുത്തിയും സഹോദരിയുടെ കൈമേൽ വളയും കാണുകയും ആ പുരുഷൻ ഇന്നപ്രകാരം എന്നോടു പറഞ്ഞു എന്നു തന്റെ സഹോദരിയായ റിബെക്കയുടെ വാക്കു കേൾക്കയും ചെയ്തപ്പോൾ ആ പുരുഷന്റെ അടുക്കൽ ചെന്നു."* *ഉല്പത്തി 24 : 30*

റിബേക്ക വന്ന് ചില കാര്യങ്ങൾ പറഞ്ഞു. പക്ഷേ, അവൾ പറയുന്നതിനുമുമ്പ് അവളുടെ ശരീരത്തിലുള്ള വ്യത്യാസം, അവളുടെ മുഖത്തുള്ള ഭാവ വ്യത്യാസം അത് വീട്ടിലുള്ളവർക്ക് നല്ലപോലെ ബോദ്ധ്യമായി; ലാബാനും പ്രത്യേകിച്ച് ബോദ്ധ്യമായി; ലാബാൻ ആകർഷിക്കപ്പെട്ടു.

വളരെ ഗൗരവതരമായ ഒരു ആശയം നിങ്ങളോടു പറയട്ടെ: നമ്മുടെ ജീവിതമാണ് മറ്റുള്ളവരെ ക്രിസ്തുവിലേക്ക്

ആകർഷിക്കുന്നത്.

വിശ്വാസികളായ നമ്മുടെ ഓരോരുത്തരുടേയും ജീവിതമാണ് മറ്റുള്ളവരെ ക്രിസ്തുവിങ്കലേക്കു വഴി നടത്തുന്നത്. നമ്മിൽ വരുന്ന മാറ്റം, നമ്മുടെ ഭാവത്തിൽ വന്ന രൂപാന്തരം, സംസാരത്തിൽ വരുന്ന മാറ്റം, നമ്മുടെ പ്രകൃതത്തിൽ വരുന്ന മാറ്റം, ദൈനംദിന ജീവിതത്തിലെ വിവിധ ചലനങ്ങളിൽ, വിവിധ വ്യാപാരങ്ങളിൽ ഉള്ള മാറ്റം, അത് മറ്റുള്ളവരെ ചിന്തിപ്പിക്കും.

പതിവില്ലാത്ത ചില പ്രത്യേകതകൾ ദൈവമക്കളിൽ മറ്റുള്ളവർ കാണണം. നിങ്ങൾ പറയും: സാറേ, പ്രത്യേകതയുണ്ട്. ഞങ്ങൾ എന്നും വേദപുസ്തകവുമായിട്ടാണ് നടക്കുന്നത്. അല്ലെങ്കിൽ വേദപുസ്തകത്തിന്റെ പുറത്ത് ഒരു നല്ല വേദവാക്യം എഴുതി ഒട്ടിച്ചിട്ടുണ്ട്. അല്ലെങ്കിൽ ഒരു കുരിശ് വേദപുസ്തകത്തിന്റെ പുറത്ത് ഒട്ടിച്ചിട്ടുണ്ട്. പുറമെ ഉള്ള ചിലതെല്ലാമുണ്ട്.

എന്നാൽ അതിനപ്പുറം നമ്മുടെ ജീവിതത്തിൽ വളരെ കൃത്യമായ ഒരു മാറ്റം കാണിക്കാൻ പറ്റുന്നുണ്ടോ? ജോലിസ്ഥലത്ത് നമ്മുടെ സംസാരരീതികൾ, നമ്മുടെ പ്രവർത്തനശൈലിയുള്ള മാറ്റങ്ങൾ, അത് ആളുകൾ കാണുന്നുണ്ടോ? നമ്മുടെ പ്രകൃതം കണ്ടാൽ ഇവൻ ഒരു ദൈവദാസനാണ്, ഇവൾ ഒരു ദൈവദാസിയാണ്, ഏതോ ഒരു പ്രത്യേകത ആ മുഖത്തുണ്ട്, ആ ഭാവത്തിൽ ഒരു പ്രത്യേക സൗമ്യതയുണ്ട്, ആ വാക്കുകളിൽ ഒരു പ്രത്യേക താഴ്മയുണ്ട് എന്ന് നമ്മെ നോക്കി മറ്റുള്ളവർ പറയുമോ? അവരുടെ ഉള്ളിൽ തോന്നുമോ?

നമ്മുടെ പ്രകൃതം കണ്ടാൽ, നമ്മുടെ സ്വഭാവം കണ്ടാൽ എന്തൊരു ശാന്തത! എത്ര ഹൃദയത്തെ മുറിപ്പെടുത്തുന്ന കാര്യങ്ങൾ വന്നാലും കോപിക്കുന്നില്ല; ക്ഷോഭിക്കുന്നില്ല; ആരോടും കയർക്കുന്നില്ല. സ്വാർത്ഥമായി ഒന്നും പറയുന്നില്ല, ചെയ്യുന്നില്ല. സ്വന്തം കാര്യത്തിനുവേണ്ടി ഒരു പ്രത്യേക

വ്യഗ്രതയും കാണിക്കുന്നില്ല. പണത്തോടുള്ള കാര്യത്തിൽ ഏതോ ഒരു നിർമ്മമതയുണ്ട്.

ചലനത്തിൽ ഒരു സംശുദ്ധിയുണ്ട്. ആ നോട്ടത്തിനുണ്ട് വിശുദ്ധി, ആ നോട്ടത്തിലുണ്ട് ഒരു എളിമ. ആരേയും വ്രണപ്പെടുത്തുന്ന സംസാരരീതിയില്ല. ആരുടേയും കുറ്റം പറയുന്നില്ല. മറ്റുള്ളവരെ ബഹുമാനിക്കുകയും ആദരിക്കുകയുമേ ചെയ്യുന്നുള്ളൂ. മറ്റുള്ളവരിലുള്ള നന്മയാണ് പറയുന്നത്, തിന്മ പറയുന്നില്ല. എന്തോ ചില പ്രത്യേകതകൾ ഉണ്ട്. നിങ്ങളെക്കുറിച്ച് മറ്റുള്ളവർ ഇങ്ങനെ ചിന്തിക്കുമോ?

റിബെക്ക വീട്ടിൽനിന്നു പോയതുപോലല്ല തിരിച്ചുവരുന്നത്. എന്തു വ്യത്യാസം! ഏതോ ഒരു പ്രത്യേക പ്രദീപ്തി മുഖത്ത് തിങ്ങുന്നു. ഒരു പ്രത്യേക ശോഭ. ഏതോ ഒന്നു നേടിയതുപോലെ. ഒരു പ്രത്യേക കരുത്ത് കിട്ടിയതുപോലെ. എന്തോ ഒരു ധൈര്യം!

> *"ഒട്ടകങ്ങൾ കുടിച്ചു തീർന്നപ്പോൾ അവൻ അര ശേക്കെൽ തൂക്കമുള്ള ഒരു പൊൻ മൂക്കുത്തിയും അവളുടെ കൈക്കിടുവാൻ പത്തു ശേക്കെൽ തൂക്കമുള്ള രണ്ടു പൊൻവളയും എടുത്ത് അവളോട്, നീ ആരുടെ മകൾ?" ഉല്പത്തി 24 : 22*

വളയൊന്നുമില്ലാതെ പോയവൾ വളയോടുകൂടി വരുന്നു. പരിശുദ്ധാത്മാവിന്റെ സമീപത്തു ചെന്നാൽ നിങ്ങളുടെ ജീവിതത്തിൽ ചില ആഭരണങ്ങൾ കൈവരും.

എന്താണ് സാക്ഷാത്തായ ആഭരണം?

> *"ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിപ്പിൻ; അവരിൽ വല്ലവരും വചനം അനുസരിക്കാത്തപക്ഷം ഭയത്തോടുകൂടിയ നിങ്ങളുടെ നിർമ്മലമായ നടപ്പു കണ്ടറിഞ്ഞു വചനം കൂടാതെ*

*ഭാര്യമാരുടെ നടപ്പിനാൽ ചേർന്നുവരുവാൻ ഇട യാകും. നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമേയുള്ളതല്ല, സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം; അത് ദൈവസന്നിധിയിൽ വിലയേറിയതാകുന്നു. ഇങ്ങനെയല്ലോ പണ്ട് ദൈവത്തിൽ പ്രത്യാശ വച്ചിരുന്ന വിശുദ്ധ സ്ത്രീകൾ തങ്ങളെത്തന്നെ അലങ്കരിച്ച് ഭർത്താക്കന്മാർക്കു കീഴടങ്ങിയിരുന്നത്" 1 പത്രോസ് 3 : 1 – 5*

നിഗൂഢതയിൽ സൗമ്യതയും സാവധാനതയും ഉണ്ടായിരിക്കണം. ഹൃദയത്തിന്റെ അഗാധത്തിൽ സൗമ്യതയും സാവധാനതയും ഉണ്ടായിരിക്കണം. ഭർത്താക്കന്മാർക്കു കീഴടങ്ങുന്നവരായിരിക്കണം. മാതാപിതാക്കൾക്കു കീഴടങ്ങുന്ന വരായിരിക്കണം. തന്നിഷ്ടം കാണിക്കുന്നവരാകരുത്. നിങ്ങൾ പൊന്നണിഞ്ഞ് വിളങ്ങി നടക്കുന്നതിലല്ല ദൈവം പ്രസാദിക്കുന്നത്. നിങ്ങളുടെ അലങ്കാരം സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കണം.

റിബെക്കയുടെ കൈയിൽ വളകളും മൂക്കിൽ മൂക്കുത്തിയും കണ്ടു എന്നു പറയുന്നത് പുറമെയുള്ള ആഭരണത്തിന്റെ പ്രസക്തിയല്ല ഇവിടെ പരിശുദ്ധാത്മാവ് രേഖപ്പെടുത്തുന്നത്. അവളുടെ ജീവിതത്തിൽ കാണുന്ന വിശിഷ്ടമായ സ്വഭാവ സവിശേഷതകൾ! മുഖത്ത് പ്രതിഫലിച്ച സംശുദ്ധിയുടെ മികവ്! ഓരോ ചലനത്തിലുമുള്ള വിശുദ്ധി!

പ്രായത്തിന്റെ ചാപല്യങ്ങളിൽ പെട്ടുപോകരുത്. യൗവ്വനത്തിന്റെ ആവശ്യമില്ലാത്ത ഉന്മേഷപ്രകൃതിമൂലം വരുന്ന

കൊള്ളരുതായ്മയുടെ ഭീകരമായ ആക്രമണങ്ങളിൽ നിങ്ങൾ വഴിപ്പെട്ടുപോകരുത്. നിങ്ങളുടെ യൗവ്വനശക്തി നിങ്ങളിൽത്തന്നെ നിൽക്കേണ്ടതാണ്. അത് അന്യസ്ഥലത്തേക്കോ അന്യവ്യക്തി കളിലേക്കോ ഒഴുകിപ്പോകാൻ പാടില്ല.

പ്രണയബന്ധങ്ങളിൽ കുടുങ്ങി നിങ്ങളുടെ ആയുസ്സ് നശിപ്പിച്ചുകളയരുത്. ഹൃദയത്തിന്റെ സംശുദ്ധി നിങ്ങളുടെ ആഭരണമായിരിക്കട്ടെ.

ഹൃദയത്തിന്റെ വിശുദ്ധി, നിങ്ങളുടെ ചലനത്തിന്റെ വിശുദ്ധി. കണ്ണുകളുടെ, നോട്ടത്തിന്റെ വിശുദ്ധി, സംസാരത്തിന്റെ വിശുദ്ധി, നിങ്ങളുടെ ഓരോ ചലനത്തിലും വിശുദ്ധി മികവോടെ വിളങ്ങട്ടെ.

റിബെക്ക പറഞ്ഞതു കേട്ടപ്പോൾ ലാബാന് ആവേശമായി. സഹോദരങ്ങളേ, നമ്മെ കണ്ട് മറ്റുള്ളവർ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ അരികിലേക്ക് ആനയിക്കപ്പെടട്ടെ. ക്രിസ്തുവിന്റെ ചുവട്ടടിയിലേക്കു വരട്ടെ; അനേകർ ക്രൂശിന്റെ മാർഗ്ഗത്തിലേക്കു നമ്മെ കണ്ടു വരട്ടെ. നാം അനുഭവിക്കുന്ന സമാധാനം, നാം അനുഭവിക്കുന്ന വിശുദ്ധി, നാം അനുഭവിക്കുന്ന സ്നേഹം കണ്ടു വരട്ടെ.

മോളേ, നിന്റെ മരുമകൾ നിന്റെ സ്വഭാവം കണ്ട് ക്രിസ്തുവിനെ കണ്ടെത്തിയിട്ടുണ്ടോ? മോളേ, നിന്റെ അമ്മാവിയമ്മ നിന്റെ സ്വഭാവം കണ്ട് ക്രിസ്തുവിനെ കണ്ടെത്തിയിട്ടുണ്ടോ? നിങ്ങളുടെ കൂടെ ജോലി ചെയ്യുന്നവർ, എപ്പോഴും നിങ്ങളെ കാണുന്നവർ നിങ്ങളുടെ സ്വഭാവം കണ്ടിട്ട്, നിങ്ങളുടെ ശാന്തത കണ്ടിട്ട്, നിങ്ങളുടെ സ്നേഹം കണ്ടിട്ട്, നിങ്ങളുടെ സൗമ്യത കണ്ടിട്ട് ഇത് സാക്ഷാൽ സ്നേഹമാണല്ലോ, ഇവിടെയുണ്ടല്ലോ സംശുദ്ധി എന്ന് അവരുടെ ഉള്ളിൽ തട്ടുന്നുണ്ടോ?

നിങ്ങളുടെ ജോലിയിലുള്ള മികവു കണ്ടിട്ട്, ഉത്തരവാദിത്ത ബോധം കണ്ടിട്ട്, നിങ്ങളുടെ വിശ്വസ്തത കണ്ടിട്ട് ഇതാണല്ലോ

സാക്ഷാത്തായ ജോലിയുടെ മികവ്, ഇതാണല്ലോ ജോലിയുടെ തികവ്, ഇതാണല്ലോ കാര്യക്ഷമത എന്ന് അവർക്കു മനസ്സിലാകത്തക്കവണ്ണം മറ്റുള്ളവർക്ക് നിങ്ങളുടെ ജീവിതം ഒരു പാഠമായിത്തീരുന്നുണ്ടോ? നിങ്ങൾ മാതൃകായോഗ്യ മായിട്ടാണോ ജീവിക്കുന്നത്?

*"അങ്ങനെതന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."*

*മത്തായി 5 : 16*

ഇതുവരേയും നമ്മുടെ ജീവിതംകണ്ട് മറ്റുള്ളവർക്ക് യേശുവിനെ കാണാൻ പറ്റിയില്ലെങ്കിൽ ഇന്ന് നമുക്കു തുടങ്ങാം. ഇവിടെയുള്ളതെല്ലാം മായയാണ്. ഇന്നു നാം ഭംഗിയായി സൂക്ഷിക്കുന്ന ശരീരം പുഴുവരിക്കാനുള്ളതാണ്. ഏതാനും നാളുകൾക്കകം ഇത് മണ്ണോടുമണ്ണ് ചേരും. ശരീരത്തിൽ നിന്ന് ശ്വാസം പോയിക്കഴിഞ്ഞാൽ, പ്രാണൻ പോയിക്കഴിഞ്ഞാൽ പിന്നെ എത്രയും വേഗം മണ്ണിനടിയിലാക്കാനാണ് ശ്രമം. അധികനേരം വച്ചുകൊണ്ടിരിക്കാൻ പറ്റില്ല.

ഇവിടെയുള്ള സ്വത്ത് കൂടെ പോരില്ല. കൂടെ പോരാൻ ആരും ഉണ്ടാകില്ല. എല്ലാം വിട്ട് ഞാൻ എന്ന മനുഷ്യൻ അക്കരയ്ക്ക് പോയിക്കഴിയും. ആത്മാവ് ജീവൻ തുടിച്ചിരുന്ന ഈ ശരീരം നിർജ്ജീവമായിക്കഴിഞ്ഞു. കിളിക്കൂട്ടിൽനിന്ന് കിളി പുറത്തേക്ക് പറന്നു കഴിഞ്ഞു. പിന്നെ ആർക്കും ഒന്നും ചെയ്യാനില്ല. പ്രിയപ്പെട്ടവർ അന്ത്യചുംബനം നൽകും. എല്ലാം കഴിയും.

എന്നാൽ എല്ലാവരും മാറിയാലും എല്ലാം മാറിയാലും മാറാത്തവൻ ഒരുവനുണ്ട്. അവനത്രേ കർത്താവായ യേശുക്രിസ്തു! ലോകം മാറിപ്പോകും, പണം മാറിപ്പോകും,

സ്വത്തു മാറിപ്പോകും, സ്നേഹിതർ മാറിപ്പോകും, സഹോദരങ്ങൾ മാറിപ്പോകും, പദവികൾ മാറിപ്പോകും, നീ നേടിയ പാണ്ഡിത്യം മാറിപ്പോകും, നീ നേടിയ പരിജ്ഞാനം മാറിപ്പോകും, നിനക്കുണ്ടായിരുന്ന എല്ലാ മികവുകളും മാറിപ്പോകും. നിന്റെ കഴിവുകളെല്ലാം പോയി, നീ ചലനമറ്റു കിടക്കുകയാണ്.

എന്നാൽ അപ്പോഴും നിന്നെ വിട്ടുമാറാത്ത ഒരുവനുണ്ട്. അവനെ നിങ്ങളുടെ സ്നേഹിതനായി കൈക്കൊള്ളാമോ? അവനെ നിങ്ങൾക്കു സ്വീകരിക്കാമോ? അവനായി നിങ്ങളുടെ ഉള്ളം തുറക്കാമോ? അവനോട് നിങ്ങൾക്ക് വാക്കു പറയാമോ?

ലാബാൻ ഓടി ഇറങ്ങിവന്നു. വീടിനു പുറത്തു നിൽക്കുന്ന ഈ ദാസനോട് വളരെ സ്നേഹത്തോടെ മാടിവിളിച്ചുകൊണ്ടു പറയുകയാണ്: “യഹോവയാൽ അനുഗ്ര ഹിക്കപ്പെട്ടവനേ അകത്ത് വരിക, എന്തിന് പുറത്ത് നിൽക്കുന്നു?” അകത്തേക്ക് ക്ഷണിക്കുകയാണ്. അകത്തേക്ക് ആനയിക്കുക യാണ്. ലാബാൻ എല്യേസറിനോടു പറഞ്ഞ ആ വാക്കുകളിലുണ്ട് ഒരു വലിയ സ്നേഹത്തിന്റെ ആഹ്വാനം.

അബ്രാഹാം പിതാവിന്റെ മകനായ യിസ്ഹാക്കിനുവേണ്ടി ഒരു മണവാട്ടിയെ തേടിയാണു ദാസൻ വന്നിരിക്കുന്നത്. സ്വർഗ്ഗീയ പിതാവായ, നിത്യപരിശുദ്ധനായ, തേജോമയനായ ദൈവത്തിന്റെ ഏകജാതനായ തിരുക്കുമാരന്, കർത്താവായ യേശുക്രിസ്തുവിന് ഒരു മണവാട്ടിസഭയെ ഒരുക്കുവാനായി ഇന്ന് ഈ ഭൂമിയിലൂടെ ഊടാടി നടക്കുന്ന പരിശുദ്ധാത്മാവി നെയാണ് ഇത് സൂചിപ്പിക്കുന്നത്.

പരിശുദ്ധാത്മാവ് വെളിയിൽ വന്നു നിൽക്കുകയാണ്. അനുഗ്രഹിക്കാനാണു വരുന്നത്. മണവാട്ടിയെ ഒരുക്കിക്കൊണ്ടു പോകുവാനാണ് വരുന്നത്.

വെളിമ്പ്രദേശത്തേയ്ക്ക് തന്റെ കൂടാരത്തിൽ നിന്നിറങ്ങി

വരുന്ന മണവാളനുവേണ്ടി മണവാട്ടിയെ ഒരുക്കിക്കൊണ്ടു പോകുന്നതിനുവേണ്ടി ദാസൻ വന്നിരിക്കയാണ്.

പരിശുദ്ധാത്മാവ് ഇന്ന് ലോകമെമ്പാടും ആത്മാക്കളെ ആദായപ്പെടുത്തുകയും യേശുക്രിസ്തുവിന്റെ മണവാട്ടി സഭയിലേക്ക് ചേർത്തുകൊണ്ടിരിക്കുകയും ചെയ്യുകയാണ്.

*"ഞാൻ ക്രിസ്തുവിനെയും സഭയെയും ഉദ്ദേശിച്ചത്രേ പറയുന്നത്."* *എഫേസ്യർ 5 : 32*

ആരാണ് സഭ? എന്താണ് സഭ? കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു. രക്ഷിക്കപ്പെടുന്നവരാണ്, രക്ഷ അനുഭവിക്കുന്നവരാണ് സഭ.

മഹാപരിശുദ്ധനായ ക്രിസ്തുവിന്റെ മണവാട്ടിയാകാനുള്ള യോഗ്യത എനിക്കുണ്ടോ എന്ന് നാം ചിന്തിക്കേണ്ടതാണ്. തേജോമയനായ ക്രിസ്തുവിന്റെ, വിശുദ്ധിയുടെ നിറവാകുന്ന ക്രിസ്തുവിന്റെ, മഹാപരിശുദ്ധനായ ക്രിസ്തുവിന്റെ മണവാട്ടിയാകാനുള്ള വിശുദ്ധി എനിക്കുണ്ടോ?

ലാബാന് ദൈവത്തെ അറിഞ്ഞുകൂടാ. ലാബാൻ സത്യദൈവത്തിന്റെ ആരാധകനുമല്ല. ലാബാൻ അറിഞ്ഞുകൊണ്ടല്ലെങ്കിലും എല്യേസറിനെ ക്ഷണിക്കുകയാണ്: "യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവനേ അകത്ത് വരിക, എന്തിന് പുറത്ത് നിൽക്കുന്നു?"

യഹോവ എന്നുള്ള പേര് ലാബാൻ കേട്ടിട്ടുണ്ട്. ലാബാന്റെ അപ്പനായ ബെഥൂവേലിന്റെ പിതാവ് നാഹോരിന്റെ സഹോദരനായി അബ്രാഹാം എന്നൊരാൾ ഉണ്ടായിരുന്നു എന്നും അബ്രാഹാം സത്യദൈവത്തെ തിരിച്ചറിഞ്ഞു എന്നും യഹോവയായ ദൈവത്തിന്റെ വചനം കേട്ട് ഇറങ്ങി പുറപ്പെട്ടു എന്നും കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പുറപ്പെടുക എന്ന ശബ്ദം കേട്ടുകൊണ്ട് അബ്രാഹാം പുറപ്പെട്ടു എന്നുമെല്ലാമുള്ള

ചരിത്രം ലാബാൻ കേട്ടിട്ടുണ്ട്. ലാബാന് കൂടുതലൊന്നും അറിഞ്ഞുകൂടാ. പക്ഷേ, യഹോവ എന്നു കേട്ടിട്ടുണ്ട്. അതുകൊണ്ടു പറയുകയാണ്: “യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവനേ അകത്ത് വരിക, എന്തിന് പുറത്ത് നിൽക്കുന്നു?”

സ്നേഹിതരേ, നിങ്ങൾക്ക് ദൈവത്തെക്കുറിച്ച് കൂടുതലൊന്നും അറിഞ്ഞുകൂടാ. ക്രിസ്തു ആരാണെന്ന് അറിഞ്ഞുകൂടാ. ക്രിസ്തുവിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ നിങ്ങൾക്കില്ല. അനേകർ അങ്ങനെയുള്ളവരുണ്ട്. ഈ വാക്കുകളെ വായിക്കുന്ന ചിലരെങ്കിലും ആത്മീയ കാര്യങ്ങളിൽ കൂടുതൽ പരിജ്ഞാനമില്ലാത്തവരാണ്. പക്ഷേ, നിങ്ങൾ അറിഞ്ഞുകൊണ്ടോ അറിയാതെയോ ഇപ്പോൾ ഈ വാക്കുകൾ വായിക്കുന്നത് ദൈവഹിതമാണ്.

നിങ്ങൾ സ്വന്തമായി നിരൂപിച്ചതല്ല. നിങ്ങൾ പ്രത്യേകിച്ച് കരുതിയതല്ല. എന്നാൽ നിങ്ങൾ ഇപ്പോൾ ഈ വാക്കുകളെ വായിക്കുകയാണ്. “യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവനേ അകത്ത് വരിക, എന്തിന് പുറത്ത് നിൽക്കുന്നു” എന്ന് നിങ്ങൾക്ക് ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ക്ഷണിക്കാൻ കിട്ടുന്ന അവസരമാണിത്.

ദൈവത്തിന്റെ പരിശുദ്ധാത്മാവിനെയാണ് നിങ്ങൾ ക്ഷണിക്കുന്നത്, ദൈവത്തിന്റെ ജീവനുള്ള ആത്മാവിനെയാണ് സ്വാഗതം ചെയ്യുന്നത് എന്ന് നിങ്ങൾ അറിയുന്നില്ലെങ്കിലും ഇപ്പോൾ നിങ്ങളുടെ അരികത്തു വന്ന് ദൈവത്തിന്റെ പരിശുദ്ധാത്മാവാണ് നിങ്ങളോട് വാദിക്കുന്നതെന്ന് മനസ്സിലാക്കുകയും ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ നിങ്ങളുടെ ഉള്ളത്തിലേക്ക് നിങ്ങൾ വിളിക്കുകയും ചെയ്യുക.

ഹൃദയത്തിന്റെ വാതിൽ തുറന്ന് കർത്താവായ യേശുവിന്റെ ആത്മാവിനെ നിങ്ങൾ വിളിക്കുക. ജീവന്റെ ആത്മാവ് നിങ്ങളുടെ മുന്നിൽ തുടിച്ചുകൊണ്ടു നിൽക്കുകയാണ്;

ആത്മാവ് നിങ്ങളുടെ മുന്നിൽ വാദിച്ചുകൊണ്ടു നിൽക്കുകയാണ്. ദൈവത്തിന്റെ ആത്മാവ് വാദിക്കുന്ന സമയം നിങ്ങൾ നിങ്ങളെ ത്തന്നെ വിധേയപ്പെടുത്തിക്കൊടുക്കുക.

*"മനുഷ്യനിൽ എന്റെ ആത്മാവ് സദാകാലവും വാദിച്ചുകൊണ്ടിരിക്കയില്ല; അവൻ ജഡം തന്നെയ ല്ലോ."* *ഉല്പത്തി 6 : 3*

"My spirit must not for ever be disgraced in man." എന്റെ ആത്മാവ് സദാകാലം മനുഷ്യന്റെ മുമ്പിൽ വാദിച്ചു നിന്നിട്ട് മനുഷ്യൻ എന്നെ കൈക്കൊണ്ടില്ലെങ്കിൽ ഞാൻ ഇട്ടേച്ചു പോകുന്നതിന് മടിക്കുകയില്ല എന്നാണ് അതിന്റെ അർത്ഥം. മനുഷ്യന്റെ മുമ്പിൽ അപമാനിതനാകാൻ എന്റെ ആത്മാവിനെ ഞാൻ സമ്മതിക്കുകയില്ല. വാദിച്ചു നിന്നിട്ട്, കെഞ്ചിക്കൊണ്ടു നിന്നിട്ട് മനുഷ്യൻ സ്വീകരിച്ചില്ലെങ്കിൽ എന്റെ ആത്മാവ് അപമാനിതനാകും. ഞാൻ അതിനു സമ്മതിക്കയില്ല എന്നാണ് ദൈവം പറയുന്നത്.

മനുഷ്യൻ മുഴുവൻ അശുദ്ധനാണ്. അവനെ വിശുദ്ധീകരിക്കാൻ പരിശുദ്ധാത്മാവ് വന്നു വിളിക്കുകയാണ്. അവനെ ഒന്നു രൂപപ്പെടുത്തുവാൻ, അവനൊരു മാറ്റം കൊടുക്കുവാൻ ആത്മാവ് യത്നിക്കുകയാണ്. ശാന്തിയില്ലാത്ത ജീവിതത്തിലേക്കു ശാന്തി പകരാൻ, ജീവിതത്തിൽ സ്വസ്ഥത യില്ലാത്തവർക്കു സ്വസ്ഥത നൽകുവാൻ പരിശുദ്ധാത്മാവ് വരുന്നു. ഒരിക്കലും നിരൂപിക്കാത്ത മഹാഭാഗ്യം നിങ്ങൾക്കു നൽകുവാനായി ആത്മാവ് വരികയാണ്.

ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഓരോ വചനശുശ്രൂഷ യിൽക്കൂടെയും അനുഗൃഹീതമായ ക്രിസ്തീയ പുസ്തകങ്ങൾ വായിക്കുന്നതിലൂടെയും നിങ്ങളോടു വാദിക്കുകയാണ്. നിങ്ങൾക്കു സ്വസ്ഥത തരാൻ, നിങ്ങളെ അനുഗ്രഹിക്കാൻ പരി ശുദ്ധാത്മാവ് അദ്ധ്വാനിക്കുന്നു.

ഇന്ന് നിങ്ങളുടെ ജീവിതത്തിൽ അനേകം അസ്വസ്ഥതകളുണ്ട്. അഴുക്കുകൾ നിങ്ങളിൽ പറ്റിപ്പിടിച്ചിട്ടുണ്ട്. ഈ സ്വഭാവങ്ങൾ വച്ചുകൊണ്ട് നിങ്ങൾക്ക് ദൈവരാജ്യത്തിൽ ചെല്ലാൻ ഒക്കുകയില്ല.

ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമുക്ക് വചനം തരുന്ന നല്ലകാലം! ആത്മാവ് നമ്മോടു വാദിക്കുന്ന കാലം! തിരുവചനം നമുക്കു സമൃദ്ധിയായി ലഭിക്കുന്ന കാലം! ആത്മാവിന്റെ ശബ്ദം കേൾക്കുന്ന കാലം! ആത്മാവ് കഴിഞ്ഞകാലങ്ങളെല്ലാം കഴുകിത്തരാം എന്നു പറഞ്ഞുകൊണ്ട് നമ്മുടെ അരികത്തു വന്നു വാദിക്കുന്ന കാലം!

ക്രിസ്തുവിന്റെ തിരുരക്തം നമ്മുടെമേൽ പതിക്കുവാനും നമ്മെ മുദ്രയിടുവാനും തിരു രക്തത്താൽ നമ്മെ കഴുകുവാനും നമ്മെ വീണ്ടെടുക്കുവാനും സ്വർഗ്ഗത്തിന്റെ അവകാശം നമുക്കു തരുവാനും ആവലോടെ നില്ക്കുന്ന കാലം! പാപം വിട്ടൊഴിയുവാനുള്ള കൃപ നമ്മുടെമേൽ പകരുവാൻ ഈ നല്ല കാലത്ത് ബദ്ധപ്പാടോടെ നിൽക്കുന്ന പരിശുദ്ധാത്മാവിന്റെ തിരുവചനത്തിന്റെ അത്ഭുതകരമായ ശക്തി അനുഭവിച്ചുകൊണ്ട് ഇപ്പോൾ നിങ്ങൾക്ക് വേണമെങ്കിൽ മനം തിരിയാം.

നമുക്കുള്ള ആയുഷ്ക്കാലം എത്രയാണ് എന്ന് നമുക്കറിഞ്ഞുകൂടാ. ഒരു ചുരുങ്ങിയ കാലമുണ്ട് നമ്മുടെ മുന്നിൽ. ഇത്രയുംകാലം നാം ഈ ഭൂമിയിൽ ജീവിച്ചു. ജീവിതത്തിന്റെ അവസാനകാലഘട്ടത്തിലേക്കു നാം നീങ്ങിക്കൊണ്ടിരിക്കുകയാണ്.

കാലം അതിന്റെ അവസാനത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു. ഇനിയും ഈ ലോകത്തിന് എത്രകാലമുണ്ട്? ഈ കാണുന്നതെല്ലാം തകിടം മറിയാൻ എത്ര സമയം വേണം? സെക്കന്റുകൾക്കുള്ളിൽ എല്ലാം തകരാനല്ലേയുള്ളൂ?

ഇന്നേക്ക് രണ്ടായിരത്തിലേറെ വർഷങ്ങൾക്കു മുമ്പ്

അപ്പൊസ്തലനായ പത്രോസ് പറഞ്ഞു: "ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും. മൂലപദാർത്ഥങ്ങൾ കത്തിയഴിയും". എല്ലാം കത്തി നശിച്ചു പോകും!

"ചൂളപോലെ കത്തുന്ന ഒരു ദിവസം വരും" എന്ന്, മലാഖി പ്രവാചകൻ പറഞ്ഞു.

മരണം പടിവാതിൽക്കൽ വന്നു നിൽക്കുന്നു എന്ന് ആരെങ്കിലും അറിയുന്നുണ്ടോ? നിങ്ങളുടെ ശരീരത്തിൽ രോഗാണുക്കൾ കടന്നിട്ടുണ്ട് എന്ന് നിങ്ങൾക്കറിയാമോ? നിങ്ങളുടെ അരികത്തു വന്ന് മരണം മുട്ടിനിൽക്കുകയാണെന്ന്, മരണദൂതൻ വന്നു സമീപിച്ചു നിൽക്കുകയാണെന്ന് ആരെങ്കിലും ഗ്രഹിക്കുന്നുണ്ടോ?

സഹോദരങ്ങളേ, ഇപ്പോൾ നിങ്ങൾ മനം തിരിയുവിൻ. ഇപ്പോൾ നിങ്ങൾ ദൈവത്തിന്റെ കരുണയ്ക്കുവേണ്ടി യാചിപ്പിൻ. സമയം വൈകുന്നതിനു മുമ്പ്, നേരം ഇരുളുന്നതിനുമുമ്പ് അതിവേഗം ഒരു സങ്കേതസ്ഥാനം കണ്ടെത്തുവിൻ. ഇരുണ്ടുപോയാൽ പിന്നെ നിങ്ങൾ അലഞ്ഞുതിരിയേണ്ടിവരും.

ഇപ്പോൾ നേരം സന്ധ്യയായിട്ടില്ല. കാലത്തിന്റെ സന്ധ്യ ആകുന്നതിനുമുമ്പ്, യുഗത്തിന്റെ ഇരുളു വ്യാപിക്കുന്നതിനു മുമ്പ് നിങ്ങളുടെ അരികത്തു വന്നു മുട്ടുന്ന പരിശുദ്ധാത്മാവിനുവേണ്ടി നിങ്ങളുടെ ഹൃദയം തുറന്നുകൊണ്ട് നിങ്ങൾ വിളിക്കുവിൻ:

"യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവനേ അകത്തു വരുവിൻ, എന്തിനു പുറത്തു നിൽക്കുന്നു?"

നിങ്ങൾക്കുവേണ്ടി കുരിശിൽ മരിച്ച രക്ഷകനോടു നിങ്ങൾക്കു പറയാം. എന്റെ നാഥാ! ഇത്രയുംകാലം വെറുമയിൽ ജീവിച്ചുപോയി. ഇത്രയുംകാലം പാഴായി ജീവിച്ചുപോയി; വ്യർത്ഥമായി ജീവിച്ചുപോയി. ഇത്രയുംകാലം

നാശോന്മുഖമായി ജീവിച്ചുപോയി; പാപത്തിന്റെ അടിമത്തത്തിൽ ജീവിച്ചുപോയി; വിലകെട്ടതിനുവേണ്ടി ജീവിച്ചുപോയി.

വിലയുള്ളതൊന്നും ഞാൻ നേടിയില്ല. വിലയുള്ള ആയുസ്സിനുവേണ്ടി നേടിയില്ല. വിലയുള്ള ലോകത്തിനു വേണ്ടി നേടിയില്ല. വിലയുള്ള ആത്മാവിനുവേണ്ടി നേടിയില്ല. നിത്യസ്വർഗ്ഗത്തിനുവേണ്ടി നേടിയില്ല.

എനിക്കുവേണ്ടി ക്രൂശിൽ മരിച്ച രക്ഷകാ, നീ പുറത്തു നിൽക്കല്ലേ. നീ അകത്തേക്കു വരണമേ. എന്റെ ഉള്ളിലേക്കു വരണമേ. എന്നെ നീ രൂപാന്തരപ്പെടുത്തണമേ. എന്നെ നീ വിശുദ്ധനാക്കണമേ. എന്റെ പാപക്കറകളെ കഴുകണമേ. എന്നെ നിന്റെ സ്നേഹത്താൽ നിറയ്ക്കണമേ. എന്റെമേൽ നിന്റെ കരം വയ്ക്കണമേ. എന്നെ അനുഗ്രഹിക്കണമേ.

# ആറ്

*"അപ്പോൾ ലാബാനും ബെഥൂവേലും: ഈ കാര്യം യഹോവയാൽ വരുന്നു; നിന്നോടു ഗുണമെങ്കിലും ദോഷമെങ്കിലും പറവാൻ ഞങ്ങൾക്കു കഴികയില്ല."*
*ഉല്പത്തി 24 : 50*

"ഈ കാര്യം യഹോവയാൽ വരുന്നു." ഇത് ദൈവത്തിന്റെ നടത്തിപ്പാണ്. ഇത് ദൈവത്തിന്റെ ഹിതപ്രകാരം സംഭവിക്കുന്നതാണ്. ദൈവത്തിന്റെ ആലോചന, ദൈവത്തിന്റെ clear guidance ഈ കാര്യത്തിന്റെ പിന്നിലുണ്ട് എന്ന് റിബെക്കയുടെ മാതാപിതാക്കളും സഹോദരനും തിരിച്ചറിഞ്ഞു.

ലാബാനും ലാബാന്റെ അപ്പനായ ബെഥൂവേലിനും മനസ്സിലായി, ലാബാന്റെ സഹോദരിയായ റിബെക്കയെ അബ്രാഹാമിന്റെ മകനായ യിസ്ഹാക്കിന് ഒരു മണവാട്ടിയായി ഒരുക്കുന്നതിനുവേണ്ടി എല്യേസർ വന്നിരിക്കുകയാണ് എന്ന്.

ഹാരാനിൽ വന്ന് അബ്രാഹാമിന്റെ ദാസനായ എല്യേസർ റിബെക്കയെ കണ്ടു. റിബെക്കയെ അരികത്ത് വിളിച്ച് അവളോട് സംസാരിച്ചു. എല്യേസർ പ്രാർത്ഥനാപൂർവ്വമാണ് സംസാരിക്കുന്നത്. ഉറ്റുനോക്കുന്നുണ്ട്, ശ്രദ്ധിച്ചുനിരീക്ഷിക്കുന്നുണ്ട്. ഓരോ ചുവടുവയ്പിലും ഓരോ ചലനത്തിലും ദൈവഹിതം എന്താണ് എന്ന് അറിയുവാൻ അവൻ ശ്രദ്ധാലുവായി നിൽക്കുകയാണ്. ദൈവഹിതം അറിയാതെ ഒരു ചുവടുവയ്ക്കരുത്, ദാസനു നിർബ്ബന്ധമുണ്ട്.

എന്റെ യജമാനനായ അബ്രാഹാമിന്റെ ഏകജാതനായ

മകന് ഒരു മണവാട്ടിയെ കരുതണം. അതാണ് അബ്രാഹാമിന്റെ ദാസനായ എല്യേസറിന്റെ പ്രാർത്ഥന.

ഒരേയൊരു ചിന്തയാണ്, എന്റെ യജമാനനായ അബ്രാഹാമിന്റെ മകനായ യിസ്ഹാക്കിന് ഒരു കന്യകയെ കണ്ടെത്തണം.

*"ഞാൻ വന്ന കാര്യം അറിയിക്കുംമുമ്പെ ഭക്ഷണം കഴിക്കയില്ല എന്ന് അവൻ പറഞ്ഞു"*

*ഉല്പത്തി 24 : 33*

എല്യേസർ ഒരു അതിഥിയാണ്. ഒരു വിരുന്നുകാരനായി അങ്ങു ദൂരെ നിന്ന് ഒരാൾ വന്നിരിക്കുന്നു. കാര്യങ്ങൾ ഒന്നും ലാബാൻ അറിഞ്ഞിട്ടില്ല. ആകെ ഒന്നു മാത്രമേ അറിയാവൂ. ഈ അതിഥി വന്നതിനുശേഷം എന്റെ സഹോദരിക്ക് ഒരു മാറ്റമുണ്ട്. അവളുടെ കൈയിൽ രണ്ടു പൊൻവളയുണ്ട്. അവൾക്ക് മൂക്കുത്തിയുണ്ട്. അവളുടെ മുഖത്തും ചലനത്തിനും എല്ലാം ഒരു പ്രസാദാത്മകത്വമുണ്ട്.

ഒരു പ്രത്യേക സന്തോഷം! ഒരു പ്രത്യേക ശാന്തി! എന്തോ ഒന്നു കിട്ടിയതുപോലുള്ള അനുഭവം അവളുടെ മുഖത്തു പ്രതിബിംബിക്കുന്നുണ്ട്. ലാബാന് അത്രയുമേ അറിയാവൂ.

ഏതായാലും യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവനേ അകത്തുവരിക, എന്തിനു പുറത്തു നിൽക്കുന്നു എന്നുപറഞ്ഞ് ലാബാൻ എല്യേസറിനെ അകത്തേക്കു ക്ഷണിച്ചു. എല്യേസർ വന്നു.

*"അങ്ങനെ ആ പുരുഷൻ വീട്ടിൽ ചെന്നു. അവൻ ഒട്ടകങ്ങളെ കോപ്പഴിച്ചു ഒട്ടകങ്ങൾക്കു വയ്ക്കോലും തീനും അവന്നും കൂടെയുള്ളവർക്കും കാലുകളെ കഴുകുവാൻ വെള്ളവും കൊടുത്തു, അവന്റെ മുമ്പിൽ ഭക്ഷണം വച്ചു. ഞാൻ വന്ന കാര്യം അറിയിക്കും മുമ്പെ ഭക്ഷണം കഴിക്കയില്ല എന്ന് അവൻ*

*പറഞ്ഞു.”* *ഉല്പത്തി 24 : 32, 33*

ഞാൻ ഒരു ഉന്നതമായ ലക്ഷ്യത്തോടെയാണ് വന്നത്. എന്നെ ഏല്പിച്ചിരിക്കുന്ന ദൗത്യം വളരെ ശ്രേഷ്ഠമായ ഒന്നാണ്. എന്റെ യജമാനനായ അബ്രാഹാമിന്റെ ഏകജാതനായ യിസ്ഹാക്കിനു ഒരു കന്യകയെ തേടുവാനാണ് എന്നെ അയച്ചിരിക്കുന്നത്.

അതിന്റെ ഗതി എന്താണെന്നും പരിസമാപ്തി എന്താണെന്നും വ്യക്തമായ ചിത്രം കിട്ടാതെ ഞാൻ ഭക്ഷണം കഴിക്കയില്ല. എല്യേസറിന്റെ കാര്യത്തോടുള്ള ആത്മാർത്ഥതയും ഗൗരവബോധവും ചുമതലാബോധവും എല്ലാം നാം അതിൽ കാണുകയാണ്.

2. Servant's example of devotion

പിന്നെ എല്യേസറിന്റെ ഒരു സാക്ഷ്യമാണ് പറയുന്നത്. ഞാൻ എന്തിനാണ് വന്നത്? എന്നെ ആരാണ് അയച്ചത്? എന്റെ ദൗത്യം എന്താണ്? എന്റെ വരവിന്റെ ഉദ്ദേശം എന്താണ്? എന്നെ ഭരമേല്പിച്ചിരിക്കുന്ന കാര്യത്തിന്റെ ഗൗരവം എന്താണ്? ആരുടെ വാക്കു കേട്ടാണ് ഞാൻ പുറപ്പെട്ടിരിക്കുന്നത്? എന്നിങ്ങനെയുള്ള അനേകമനേകം കാര്യങ്ങൾ എല്യേസർ സുദീർഘമായി പറയുകയാണ്.

ഞാൻ ദൈവസന്നിധിയിൽ ആലോചന ചോദിച്ച് ദൈവഹിതപ്രകാരം മാത്രമേ നീങ്ങുന്നുള്ളു എന്നുള്ള ഹൃദയത്തിന്റെ അഗാധതയിലുള്ള തീരുമാനത്തിന്റെ ശക്തി. അത് ആ വാക്കുകളിൽ നിഴലിക്കുകയാണ്. എല്ലാം പറഞ്ഞുതീരുന്ന സമയത്ത് എല്യേസർ പറയുകയാണ്:

*“ഞാൻ അവളുടെ മൂക്കിന്നു മൂക്കുത്തിയും കൈകൾക്ക് വളയും ഇട്ടു. ഞാൻ കുനിഞ്ഞ് യഹോവയെ നമസ്ക്കരിച്ചു, എന്റെ യജമാനന്റെ സഹോദരന്റെ മകളെ അവന്റെ മകന്നായിട്ടു എടു*

*പ്പാൻ എന്നെ നേർവ്വഴിക്കു കൊണ്ടുവന്നവനായി എന്റെ യജമാനൻ അബ്രാഹാമിന്റെ ദൈവമായ യഹോവയെ വാഴ്ത്തുകയും ചെയ്തു."*

*ഉല്പത്തി 24 : 47, 48*

ഏല്യേസർ പറയുകയാണ്: എന്റെ യജമാനനായ അബ്രാഹാമിന്റെ ദൈവമായ യഹോവയെ ഞാൻ വാഴ്ത്തി. എന്നെ നേർവഴിക്കു കൊണ്ടുവന്നു; നേർനിലത്തിൽ നടത്തി. അങ്ങ് ദൂരെ നിന്ന് പുറപ്പെട്ടുവന്ന സമയം മുതൽ ഈ നിമിഷം വരെയും എന്നെ ചൊവ്വായ വഴിയിൽ നടത്തിക്കൊണ്ടുവന്നു. ഒരു സ്വർഗ്ഗീയമായ നടത്തിപ്പ് എനിക്കു തന്നു.

അങ്ങോട്ടോ ഇങ്ങോട്ടോ വ്യതിചലിക്കാൻ എനിക്ക് ഇടയായില്ല. വഴി തെറ്റേണ്ടി വന്നില്ല. ആരോടും ആലോചന ചോദിക്കേണ്ടി വന്നില്ല. ഒരു അദൃശ്യകരം എന്നെ നടത്തിക്കൊണ്ടുവന്നു. ഒരു അത്ഭുതകരം എന്നെ നയിച്ചുകൊണ്ടുവന്നു.

ഏല്യേസർ കാര്യങ്ങൾ എല്ലാം വിവരിച്ചു കഴിഞ്ഞപ്പോഴാണ് ലാബാനും അപ്പനായ ബെഥൂവേലും പറയുന്നത്: ഈ കാര്യം യഹോവയാൽ വരുന്നു. ഈ വിവാഹാലോചന ദൈവനിശ്ചയപ്രകാരം വരുന്നതാണ്.

നമ്മിൽ പലർക്കും ദൈവനടത്തിപ്പ് അറിയണമെന്ന് ആഗ്രഹമുണ്ട്. ഞാൻ ഏതു വിഷയത്തിനാണ് പഠിക്കാൻ പോകേണ്ടത്? ഞാൻ എന്തു ബിസിനസ്സ് ആണ് ചെയ്യേണ്ടത്? എന്തു തൊഴിലാണ് എടുക്കേണ്ടത്? ഞാൻ ഏതു ഹോസ്പിറ്റലിൽ ആണ് പോകേണ്ടത്? ഞാൻ ഏതു ഡോക്ടറെയാണ് കാണേണ്ടത്? ഞാൻ ഇപ്പോൾ വീടു വയ്ക്കണമോ? എവിടെയാണ് വീടു വയ്ക്കേണ്ടത്? ഇങ്ങനെ അനേകമനേകം കാര്യങ്ങൾക്ക് നമ്മുടെ ദൈനംദിന ജീവിതത്തിൽ നമുക്ക് ആലോചന കിട്ടേണ്ടി വരും.

എങ്ങനെ ദൈവഹിതം അറിയാം? ഞാൻ ഒരു സംഭവ

കഥ വായിച്ചു. ഒരു കാറിന്റെ ഉടമസ്ഥൻ ഡ്രൈവറോട് പറഞ്ഞു: കാർ ഇറക്കിയിട്ട് ഒന്ന് കഴുക്, കുറച്ച് ദൂരയാത്ര ചെയ്യാനുണ്ട്. ഡ്രൈവർ കാർ കഴുകി. ഉടമസ്ഥൻ നോക്കി, തൃപ്തിയായില്ല. ആ മുൻവശത്തെ ഗ്ലാസ്സ് ഒന്നു വൃത്തിയായിട്ട് കഴുക്. എന്തു മാത്രം ചെളിയാണ് ഇരിക്കുന്നത്? ഒന്നുകൂടി കഴുകി. ഉടമ സ്ഥന് ഒട്ടും തൃപ്തിയായില്ല.

ദീർഘയാത്ര ചെയ്യാനുള്ളതല്ലേ? എന്താ ഈ കാണിച്ചു വച്ചിരിക്കുന്നത്? നല്ലതുപോലെ വൃത്തിയായിട്ട് കഴുക്. വീണ്ടും കഴുകിയിട്ടും ഉടമസ്ഥന് തൃപ്തിയാകുന്നില്ല. നല്ലതു പോലെ ദേഷ്യപ്പെട്ടു. ഉച്ചത്തിൽ ആക്രോശിച്ചു: ജോലി അറി യാൻ പാടില്ലാതെ വന്നിരിക്കയാണ്. ഒരു കാറ് കഴുകാൻ പോലും അറിയാത്തവൻ എങ്ങനെ വണ്ടി ഓടിക്കും?

ശബ്ദകോലാഹലം കേട്ടുകൊണ്ട് ഉടമസ്ഥന്റെ ഭാര്യ പുറത്തേക്ക് വന്നു. സാഹചര്യങ്ങൾ എല്ലാം നോക്കി. ആ സ്ത്രീ പെട്ടെന്ന് ഭർത്താവിന്റെ അടുക്കലേക്ക് വന്നു. ഭർത്താ വിന്റെ കണ്ണട വാങ്ങിച്ചിട്ട് നല്ലപോലെ ക്ലീൻ ചെയ്തു കൊടു ത്തു. ഉടമസ്ഥൻ കണ്ണടവച്ചു. അപ്പോൾ കാർ നല്ല വൃത്തിയായി ട്ടിരിക്കുന്നു. പറ്റിയത് എന്താണ്?

ഉടമസ്ഥന്റെ കണ്ണടയിൽ നല്ല അഴുക്കുണ്ടായിരുന്നു. ഈ അഴുക്കിലൂടെയാണ് നോക്കിയത്. നമുക്ക് സാഹചര്യങ്ങളെ പഴി പറയാൻ തോന്നും. സാഹചര്യങ്ങളിൽ കുറ്റം കണ്ടെത്താൻ തോന്നും. നമ്മുടെ സ്വന്തം ജീവിതത്തിന്റെ അഴുക്ക് നാം കാണാറില്ല. എനിക്ക് ദൈവനടത്തിപ്പ് വേണം എന്ന് നാം പറ യുന്നു. പക്ഷേ, ഇതെങ്ങനെ തെളിഞ്ഞുകിട്ടും? നടത്തിപ്പ് എങ്ങനെ തിരിച്ചറിയും? എങ്ങനെ തെളിമയോടെ ഇതു മനസ്സിലാ ക്കാൻ സാധിക്കും?

എന്റെ ജീവിതത്തിൽ അഴുക്കുണ്ടെങ്കിൽ, എന്റെ ജീവി തത്തിൽ തിന്മയുണ്ടെങ്കിൽ, എന്റെ വീക്ഷണഗതിയിൽ വൈക

ല്യമുണ്ടെങ്കിൽ, എന്റെ കാഴ്ചപ്പാടിൽ തിന്മയുണ്ടെങ്കിൽ എനിക്ക് ദൈവത്തിന്റെ ഹിതമറിയാൻ സാധിക്കുകയില്ല.

25-ാം സങ്കീർത്തനം ദൈവഹിതത്തിന്റെ ഒരു സങ്കീർത്തനമാണ്. A Psalms of guidance! ദൈവത്തിന്റെ നടത്തിപ്പിന്റെ സങ്കീർത്തനം!

> *"നിന്റെ സത്യത്തിൽ എന്നെ നടത്തി എന്നെ പഠിപ്പിക്കേണമേ; നീ എന്റെ രക്ഷയുടെ ദൈവമാകുന്നുവല്ലോ."* *സങ്കീർത്തനങ്ങൾ 25 : 5*

> *"നിന്നെ കാത്തിരിക്കുന്ന ഒരുത്തനും ലജ്ജിച്ചുപോകയില്ല; വെറുതെ ദ്രോഹിക്കുന്നവർ ലജ്ജിച്ചുപോകും."* *സങ്കീർത്തനങ്ങൾ 25 : 3*

> *"നിഷ്കളങ്കതയും നേരും എന്നെ പരിപാലിക്കുമാറാകട്ടെ; ഞാൻ നിങ്കൽ പ്രത്യാശ വച്ചിരിക്കുന്നുവല്ലോ."* *സങ്കീർത്തനങ്ങൾ 25 : 21*

നിഷ്കളങ്കതയും നേരും എന്റെ ജീവിതത്തിലുണ്ടെങ്കിൽ, എന്റെ ലക്ഷ്യം സംശുദ്ധമാണെങ്കിൽ എനിക്ക് ദൈവഹിതമറിയാൻ സാധിക്കും. ഓരോ ചുവടുവയ്പ്പിലും ദൈവത്തിന്റെ ഹിതമറിയാൻ സാധിക്കും. ഞാൻ പ്രാർത്ഥനയോടെ ദൈവത്തിന്റെ കരുണയ്ക്കും ദൈവത്തിന്റെ വചനത്തിനും വേണ്ടി കാത്തിരിക്കുമ്പോൾ ദൈവത്തിന്റെ ആത്മാവ് എനിക്കാവശ്യമുള്ളത് പറഞ്ഞുതരും. നേർനിലത്തിൽ എന്നെ നടത്തും.

> *"ഞാൻ നിന്നെ ഉപദേശിച്ച്, നടക്കേണ്ടുന്ന വഴി നിനക്കു കാണിച്ചുതരും; ഞാൻ നിന്റെമേൽ ദൃഷ്ടിവച്ച് നിനക്ക് ആലോചന പറഞ്ഞുതരും."*
> *സങ്കീർത്തനങ്ങൾ 32 : 8*

നിങ്ങൾ ആലോചന ചോദിക്കാൻ വേറെ ആരുടേയും അടുക്കലേക്കു പോകണ്ട. വിശുദ്ധന്മാരെ തേടിപ്പോകണ്ട.

ആരോടും ആലോചന ചോദിക്കണ്ട. നിങ്ങൾ ചിന്തിക്കണം: ഞാൻ വാസ്തവമായി ദൈവത്തിന്റെ ഹിതത്തിനൊത്തവണ്ണം നടക്കാൻ നിഷ്കളങ്ക മനസ്സാക്ഷിയോടെ ദൈവഹിതം തേടുന്നവനാണോ? എന്റെ ജീവിതം ഞാൻ ദൈവത്തിന് സമർപ്പിച്ചിട്ടുണ്ടോ? എന്റെ ഭാവി ഞാൻ ദൈവത്തെ ഏല്പിച്ചിട്ടുണ്ടോ? ദൈവത്തിന്റെ വഴിയെ പോകുവാൻ തക്കവണ്ണം എനിക്കൊരു സമർപ്പണമുണ്ടോ?

പാപത്തോട് യാത്രപറഞ്ഞുള്ള ഒരു ജീവിതമാണോ ഞാനിന്ന് നയിക്കുന്നത്? എന്റെ തന്നിഷ്ടങ്ങളെല്ലാം ഞാൻ വിട്ടുവോ? ഇല്ല, നിങ്ങൾ നിങ്ങളുടെ തന്നിഷ്ടം വിട്ടിട്ടില്ല. നിങ്ങൾക്ക് നിങ്ങളുടെ തന്നെ ചില ശരികളുണ്ട്; നിങ്ങളുടെ തന്നെ ചില വഴികളുണ്ട്; നിങ്ങളുടെ തന്നെ ചില നന്മകളുണ്ട്.

നിങ്ങൾക്ക് നല്ലത് എന്നു തോന്നുന്ന ചില മാർഗ്ഗങ്ങൾ മനസ്സിൽ നല്ല ഉറപ്പോടെ നിൽക്കുന്നുണ്ട്. അത് വിടാൻ നിങ്ങൾ തയ്യാറല്ല. ദൈവഹിതത്തിന് സമർപ്പിക്കുന്നു എന്ന് പറയും പക്ഷേ, സമർപ്പിക്കാൻ തയ്യാറല്ല.

ദൈവഹിതം അറിയാനുള്ള ആഗ്രഹത്തോടെ സ്വാർത്ഥ താത്പര്യം നിങ്ങൾ മാറ്റിവച്ചിട്ടുണ്ടോ? വ്യക്തിഗതമായ താത്പര്യങ്ങൾ മാറ്റിവെച്ചിട്ടാണോ നിങ്ങൾ ദൈവത്തിന്റെ ഹിതം അന്വേഷിക്കുന്നത്?

നമുക്കു ചില ആഗ്രഹങ്ങളുണ്ട്. അതിന് അനുകൂലമായി ദൈവം ആലോചന പറഞ്ഞുതരണം. സ്വന്തം ശരികൾ വിടാൻ മനസ്സില്ല. സ്വന്തം താത്പര്യങ്ങൾ വിടാൻ മനസ്സില്ല. സ്വന്തം ജീവിതത്തിൽ ചിലപ്പോൾ നഷ്ടങ്ങൾ വന്നു എന്നുവന്നേക്കാം. ചില സന്തോഷങ്ങൾ നഷ്ടപ്പെട്ടു എന്നു വരും. അതു വിടാൻ മനസ്സില്ല. എന്നാൽ ദൈവത്തിന്റെ കൂടെയാണ് പോകുന്നതെന്ന് ഒരു അനുകൂലമായ വിധി കിട്ടുകയും വേണം.

സഹോദരങ്ങളേ, നിന്റെ ഹിതത്തിന് ഒത്തതുപോലെ,

നിന്റെ ആഗ്രഹത്തിന് ഒത്തതുപോലെ ദൈവം നിൽക്കുകയില്ല. ദൈവഹിതം അറിയണമെങ്കിൽ എന്തുവേണം?

*“നിന്റെ സത്യത്തിൽ എന്നെ നടത്തി എന്നെ പഠിപ്പിക്കണമേ; നീ എന്റെ രക്ഷയുടെ ദൈവമാകുന്നുവല്ലോ!” സങ്കീർത്തനങ്ങൾ 25 : 5*

യേശുക്രിസ്തു എന്ന ആ അത്ഭുതപുരുഷനോട് നിങ്ങൾക്കു ഒരു പ്രിയം വരണം. അല്ലാതെ ആത്മീയജീവിതം നടക്കുകയില്ല.

നിങ്ങൾക്ക് യേശുവിനോട് ഒരു സ്നേഹം വരട്ടെ. അപ്പോൾ പാപത്തിന്റെമേൽ ജയം കിട്ടിത്തുടങ്ങും. തോറ്റുകൊണ്ടിരിക്കുന്ന പാപങ്ങളിൽ നിങ്ങൾ ജയം നേടിക്കൊണ്ടിരിക്കും. നിങ്ങൾക്ക് സമാധാനം കിട്ടിക്കൊണ്ടിരിക്കും.

യേശുക്രിസ്തുവിന്റെ വചനം നിങ്ങളെ നയിക്കാൻ തുടങ്ങും. ദൈവത്തിന്റെ ഇഷ്ടം ചെയ്യാൻ നിങ്ങൾക്കു താത്പര്യമുണ്ടാകും. ഓരോ കാര്യം വരുമ്പോഴും കർത്താവേ, ഇതു നിന്റെ ഇഷ്ടമാണോ എന്നു നിങ്ങൾ ചോദിക്കുക.

എന്റെ ആയുസ്സു നിന്നെ ഏല്പിച്ചതല്ലേ? എന്റെ ഭാവി നിന്റെ കരങ്ങളിലേക്കു തന്നതല്ലേ? എന്നെ നീ ഇത്രയും കാലം നടത്തിയതല്ലേ? മരണം വന്നപ്പോൾ നീ എനിക്കു മരണം മാറ്റിത്തന്നതല്ലേ? ആപത്തു വന്നപ്പോൾ നീയെന്നെ ആപത്തിൽ നിന്നു കരകയറ്റിയതല്ലേ? അനർത്ഥങ്ങൾ വന്നപ്പോൾ നീ എനിക്കു മോചനം തന്നതല്ലേ? അത്യഗാധക്കുഴിയിൽ ഞാൻ വീണപ്പോൾ നീ എന്നെ കരേറ്റിയവനല്ലേ?

എന്റെ ആയുസ്സു നിന്റെ കൈയിൽ തരാൻ, ഒരു സമർപ്പണമെടുക്കാൻ നീ എനിക്കു ഭാഗ്യം തന്നതല്ലേ? അങ്ങനെ നീ എന്നെ സ്നേഹിച്ചതല്ലേ? ഞാൻ എന്റെ ജീവിതം നിന്റെ കൈകളിലേക്കു വച്ചു മാറിയതല്ലേ?

സ്നേഹിതരേ, ഈ അനുഭവം വന്നാൽ നിങ്ങൾക്കു ചോദിക്കാം: എന്റെ കർത്താവേ, ഇനി നിന്റെ വഴിയിൽക്കൂടി എന്നെ നടത്തിയേ പറ്റൂ. നിന്റെ ഹിതം എന്നെ അറിയിച്ചു തന്നേ പറ്റൂ. നിന്റെ ഇഷ്ടം എനിക്കു കാണിച്ചുതരാതെ ഇനി മുന്നോട്ടുപോകുവാൻ എനിക്കു നിർവ്വാഹമില്ല. കർത്താവേ, ഇനി നീ എന്നെ നടത്തണം.

ഈ വചനം വായിച്ചുകൊണ്ടിരിക്കുന്ന സ്നേഹിതരേ, യേശുവിനോട് ഒരു സ്നേഹം വന്നിട്ട് അവനെ അനുഗമിപ്പാൻ നിങ്ങൾ തുടങ്ങുവിൻ. അവന്റെ ഇഷ്ടം അറിഞ്ഞു ജീവിയ്ക്കാൻ തുടങ്ങുവിൻ. കാണാം, സ്വർഗ്ഗത്തിലെ ദൈവം നിങ്ങളുടെമേൽ തീനാവു പകരും. പിളർന്ന തീനാവുകൾ പ്രത്യക്ഷമാകും. നിങ്ങൾക്ക് ആത്മാവിന്റെ നിറവു ലഭിക്കും. ആത്മാവിന്റെ അഭിഷേകം ലഭിക്കും.

ദൈവസന്നിധിയിൽ ഒരു സമർപ്പണത്തിലേക്കു വരുവാൻ നിങ്ങൾക്കു കഴിയുമോ? ജീവിതത്തിൽ വന്നുപോയ തെറ്റുകളെ ഓർത്ത് അനുതപിച്ച് മാനസാന്തരപ്പെട്ട് ക്രിസ്തുവിനായി ഹൃദയം തുറക്കുവാൻ നിങ്ങൾക്കു സാധിക്കുമോ? അവന്റെ രാജ്യവും അവന്റെ നീതിയും അന്വേഷിപ്പാൻ നിങ്ങൾ തുടങ്ങൂ. മുമ്പേ ക്രിസ്തു, അതു കഴിഞ്ഞേ മറ്റു കാര്യമുള്ളൂ എന്ന തീരുമാനത്തിലേക്കു നിങ്ങൾ വരൂ. എങ്കിൽ ദൈവം നിങ്ങളെ നേർനിലത്തിൽ നടത്തും.

ജീവിതം മുഴുവനായി ക്രിസ്തുവിനു കൊടുത്തെങ്കിൽ, ജീവിതം മുഴുവനായി രക്ഷകന്റെ പാദത്തിൽ അർപ്പണം ചെയ്തെങ്കിൽ, ക്രൂശിൽ മരിച്ച രക്ഷകന്റെ പാദപീഠത്തിങ്കൽ ആയുസ്സു മുഴുവൻ ഏല്പിച്ചെങ്കിൽ അവൻ നിങ്ങളെ നടത്തും. അവന് തെറ്റുപറ്റുകയില്ല, അവൻ നിങ്ങളെ നയിക്കും; അവന്റെ ആലോചനയാൽ നിങ്ങളെ നടത്തും, ഒടുവിൽ മഹത്വത്തിലേക്കു നമ്മെ കൈക്കൊള്ളുകയും ചെയ്യും.

ഈ കാര്യം യഹോവയാൽ വരുന്നു എന്നു പറയത്തക്ക വണ്ണം നമ്മുടെ ജീവിതത്തിൽ എല്ലാ കാര്യത്തിലും ദൈവനടത്തിപ്പു തരുന്നതിനു ഒറ്റക്കൊരു കാര്യം മാത്രം ചെയ്താൽ മതി. ക്രിസ്തുവിനെ നിങ്ങളുടെ നാഥനായി നിങ്ങളുടെ ഹൃദയത്തിൽ കൈക്കൊള്ളുക. ക്രിസ്തു ക്രൂശിൽ നേടിത്തന്ന രക്ഷ നിങ്ങൾ സ്വായത്തമാക്കുക. ക്രിസ്തുവിന്റെ രക്തത്താലുള്ള കഴുകൽ പ്രാപിക്കുക. ക്രിസ്തുവിന്റെ വീണ്ടെടുപ്പ് അനുഭവിക്കുക. ക്രിസ്തു തരുന്ന പാപക്ഷമ അനുഭവിക്കുക. ക്രിസ്തു തരുന്ന നിത്യജീവൻ അനുഭവിക്കുക. ഓരോ ചുവടുവയ്പ്പിലും ദൈവഹിതം അന്വേഷിക്കുക. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# ഏഴ്

*"അതിന് അവളുടെ സഹോദരനും അമ്മയും: ബാല ഒരു പത്തു ദിവസമെങ്കിലും ഞങ്ങളോടു കൂടെ പാർത്തിട്ട് പിന്നെ പോരട്ടെ എന്നു പറഞ്ഞു. അവൻ അവരോട്: എന്നെ താമസിപ്പിക്കരുതേ; യഹോവ എന്റെ യാത്ര സഫലമാക്കിയിരിക്കുന്നുവല്ലോ; യജമാനന്റെ അടുക്കൽ പോകുവാൻ എന്നെ പറഞ്ഞയക്കേണം എന്നു പറഞ്ഞു."*

*ഉല്പത്തി 24 : 55, 56*

അബ്രാഹാമിന്റെ ദാസനായ എല്യേസർ തന്റെ യജമാനനായ അബ്രാഹാമിന്റെ മകനായ യിസ്ഹാക്കിനുവേണ്ടി ഒരു മണവാട്ടിയെ തേടി അങ്ങ് ഹാരാനിൽ ബെഥൂവേലിന്റെ ഭവനത്തിൽ എത്തിയിരിക്കയാണ്. എല്യേസർ ബെഥൂവേലിന്റെ ഭവനത്തിൽ ചെന്നിട്ട്, അബ്രാഹാമിനുള്ള മഹത്വവും സമൃദ്ധിയും ഔന്നത്യവും, അബ്രാഹാമിനു വാർദ്ധക്യത്തിൽ ജനിച്ച മകനായ യിസ്ഹാക്കിനുള്ള സൗകുമാര്യവും അനുഗ്രഹങ്ങളും, എല്ലാ ഐശ്വര്യവും വർദ്ധിപ്പിച്ചു കൊടുക്കുന്ന ദൈവത്തിന്റെ കരുണയും വിവരിച്ചു പറയുകയായിരുന്നു.

ബെഥൂവേലിന്റെ ഭവനത്തിൽ ബെഥൂവേലും ബെഥൂവേലിന്റെ മകനായ ലാബാനും ഇരിക്കെ, ഭവനത്തിലുള്ള എല്ലാവരും കേൾക്കെ എല്യേസർ പറയുകയാണ്.

*"ഞാൻ അബ്രാഹാമിന്റെ ദാസൻ. യഹോവ എന്റെ യജമാനനെ ഏറ്റവും അനുഗ്രഹിച്ചു; അവൻ മഹാനായിത്തീർന്നു; അവൻ അവന് ആട്, മാട്, പൊന്ന്,*

*വെള്ളി, ദാസീദാസന്മാർ, ഒട്ടകങ്ങൾ, കഴുതകൾ എന്നീവകയൊക്കെയും കൊടുത്തിരിക്കുന്നു. എന്റെ യജമാനന്റെ ഭാര്യയായ സാറാ വൃദ്ധയായ ശേഷം എന്റെ യജമാനന് ഒരു മകനെ പ്രസവിച്ചു; അവൻ തനിക്കുള്ളതൊക്കെയും അവന്നു കൊടുത്തിരിക്കുന്നു. ഞാൻ പാർക്കുന്ന കനാൻദേശത്തിലെ കനാന്യകന്യകമാരിൽ നിന്ന് നീ എന്റെ മകനു ഭാര്യയെ എടുക്കാതെ, എന്റെ പിതൃഭവനത്തിലും വംശക്കാരുടെ അടുക്കലും ചെന്ന് എന്റെ മകന് ഭാര്യയെ എടുക്കേണമെന്ന് പറഞ്ഞ് യജമാനൻ എന്നെക്കൊണ്ടു സത്യം ചെയ്യിച്ചു."*

*ഉല്പത്തി 24: 34 – 38*

എല്യേസറിന്റെ വിവരണങ്ങൾ കേട്ടുകഴിഞ്ഞപ്പോൾ എല്ലാവരും പറഞ്ഞു:

*"ഈ കാര്യം യഹോവയാൽ വരുന്നു."*

*ഉല്പത്തി 24: 50*

ദൈവനടത്തിപ്പു പ്രകാരം വരുന്ന ഒരു നല്ല ആലോചനയാണ് ഇതെന്ന് ബെഥൂവേലിന്നും ലാബാന്നും മനസ്സിലായി; വീട്ടിലുള്ള എല്ലാവർക്കും മനസ്സിലായി. പക്ഷേ, എല്ലാമായിട്ടും അവർ പറയുന്ന ഒരു കാര്യമുണ്ട്.

*"ബാല ഒരു പത്തു ദിവസമെങ്കിലും ഞങ്ങളോടു കൂടെ പാർത്തിട്ടു പിന്നെ പോരട്ടെ എന്നു പറഞ്ഞു."*

*ഉല്പത്തി 24 : 55*

മാനുഷികമായ രീതിയിൽ പറഞ്ഞാൽ അറുന്നൂറു നാഴിക ദൂരേക്കാണ് റിബേക്കയെ വിടുന്നത്. ഇനി എന്നാണു കാണാൻ കിട്ടുക? അതുകൊണ്ട് കുറച്ചു ദിവസവും കൂടി കഴിഞ്ഞിട്ട് പോരട്ടെ എന്നു പറയുന്നതിൽ ഒരു അസാംഗത്യവുമില്ല.

എന്നാൽ ദാസൻ ഇത്രയും ദൂരെ നിന്നു വന്നിരിക്കുന്നു.

ഒട്ടകങ്ങളെക്കൊണ്ടും യാത്രക്കോപ്പുകളെക്കൊണ്ടുമെല്ലാം വന്നിരിക്കുന്നു. മണവാട്ടിയെ കണ്ടെത്തിയിരിക്കുന്നു. എല്ലാം അനുകൂലമായി വന്നിരിക്കുന്നു. മനോഹരമായ, ശ്രേഷ്ഠമായ ഒരു കാര്യമാണ് കൈവന്നിരിക്കുന്നത്. സ്വാഭാവികമായും ബാല കുറച്ചു ദിവസംകൂടി കഴിഞ്ഞുപോകട്ടെ എന്നു ചിന്ത വരാമെങ്കിൽപ്പോലും ആ അമ്മയും സഹോദരനും പറയേണ്ടിയിരുന്നത് ഇവൾക്ക് പോകാമല്ലോ, പോകട്ടെ എന്നാണ്.

എത്രയും ശ്രേഷ്ഠമായ ഒരു കാര്യം വന്നപ്പോൾ അത് എത്രയും വേഗം വേണമല്ലോ എന്നു തന്നെ അവർ ചിന്തിക്കുകയും പറയുകയും ചെയ്യേണ്ടതായിരുന്നു. കാര്യത്തിന്റെ ഗൗരവവും ലഭിച്ചിരിക്കുന്ന ആ ആലോചനയുടെ മാഹാത്മ്യവും മനസ്സിലാക്കിയിരുന്നെങ്കിൽ തീർച്ചയായും ഒരു നിമിഷം പോലും വൈകാതെ പോകുവാൻ അവർ സന്തോഷത്തോടെ സമ്മതിക്കേണ്ടതായിരുന്നു. കാര്യത്തിന്റെ ഗൗരവം അവർ അത്രതന്നെ മനസ്സിലാക്കിയില്ല.

മനുഷ്യന്റെ വഴികളും വിചാരങ്ങളും ദൈവത്തിന്റെ വഴികളിൽ നിന്നു വ്യത്യസ്തമാണ്. വലിയൊരു ശ്രേഷ്ഠമായ കാര്യം സംഭവിക്കാൻ പോകുമ്പോൾ അവിടെ എത്രയുംവേഗം അതു നടക്കണം എന്നു ചിന്തിക്കുകയാണ് വേണ്ടത്.

കുടുംബത്തിലേക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ നേട്ടമാണ് കൈവന്നിരിക്കുന്നത്. 'ശുഭസ്യാ ശീഘ്രം' എന്നു പറയുമല്ലോ. ശുഭകാര്യം എത്രയും ശീഘ്രമായി നടക്കട്ടെ. ഏറ്റവും ശ്രേഷ്ഠമായ കാര്യം, മഹനീയമായ കാര്യം, അത് എത്രയും വേഗം നടക്കട്ടെ എന്നു ചിന്തിക്കേണ്ടതായിരുന്നു. അതിനു പകരം അവർ പറയുകയാണ്, ബാല ഒരു പത്തു ദിവസമെങ്കിലും ഞങ്ങളോടുകൂടെ പാർത്തിട്ട് പിന്നെ പോരട്ടെ എന്ന്.

ഇതിന്റെ ആത്മീയമായ വശം ചിന്തിക്കുമ്പോഴാണ് ആ വാക്കുകളുടെ പിന്നിലുള്ള സാത്താന്യമായ പ്രേരണ നമുക്കു മനസ്സിലാകുന്നത്; പൈശാചികമായ സ്വാധീനം മനസ്സിലാകു

ന്നത്. ഇപ്പോൾ വേണ്ട, പിന്നെ മതി; അല്പംകൂടി താമസിക്കട്ടെ, പിന്നീടാകട്ടെ, കുറച്ചുകൂടി കഴിഞ്ഞുകൊള്ളട്ടെ എന്നു ചിന്തിക്കുന്ന മനോഭാവം! മനുഷ്യസഹജമാണ് പക്ഷേ, അപകടമാണ്.

ഞാൻ ഒരു ഭാവന ഇങ്ങനെ വായിച്ചു. കർത്താവായ യേശുവിനെ സാത്താൻ പരീക്ഷിച്ചല്ലോ. മൂന്നു ഭയങ്കര പരീക്ഷകൾ സാത്താൻ കർത്താവിനു നേരെ തൊടുത്തുവിട്ടു. കൺമോഹം, ജഡമോഹം, ജീവനത്തിന്റെ പ്രതാപം! ഈ മൂന്നു വഴികളിൽക്കൂടി കർത്താവിനെ പരീക്ഷിച്ചു തോല്പിക്കാനാണ് പിശാച് ശ്രമിച്ചത്. എന്നാൽ ഈ പരീക്ഷകളിലെല്ലാം കർത്താവ് ജയിച്ചു, പിശാച് തോറ്റു. പിശാച് തോറ്റ് വിഷണ്ണനായി പിശാചുക്കളുടെ ലോകത്തേക്ക് കടന്നുചെന്നു. കാരണം, യേശുവിനെ തോല്പിക്കാൻ കഴിഞ്ഞില്ല, ദൈവപുത്രനെ പരാജയപ്പെടുത്താൻ കഴിഞ്ഞില്ല.

പിശാചുക്കളുടെ ലോകത്ത് എത്തിയിട്ട് അവൻ തന്റെ കിങ്കരന്മാരെയെല്ലാം വിളിച്ചുവരുത്തി. ദുരാത്മസേനകളെല്ലാം വന്നു. സേനാതലവന്മാരെല്ലാം വന്നു. എല്ലാവരും വന്നപ്പോൾ പിശാച് അവരോടു പറഞ്ഞു: ഞാൻ ഒരു വലിയ ദൗത്യം നിർവ്വഹിക്കാൻ പോയി, പരാജയപ്പെട്ടു. പക്ഷേ, നമുക്ക് അടങ്ങിയിരിക്കാൻ പറ്റില്ല.

ക്രിസ്തുവിനെ പരീക്ഷയിൽ തോൽപിക്കാൻ സാധിച്ചില്ലെങ്കിലും ഇനി ക്രിസ്തുവിനെ തോല്പിക്കാൻ ഒരു മാർഗ്ഗമുണ്ട്. ക്രിസ്തുവിന്റെ അനുയായികളായിട്ടുള്ളവരെ തോല്പിച്ചാൽ മതി, അപ്പോൾ ക്രിസ്തു തോൽക്കും.

അതിന് നിങ്ങൾക്ക് എന്തെങ്കിലും പരിപാടി ആസൂത്രണം ചെയ്യുവാനുണ്ടോ? അവിടെ കൂടിയിരുന്ന സാത്താന്യകിങ്കരന്മാർ ഓരോരുത്തർ എഴുന്നേറ്റു നിന്നു. കോപം എന്ന വകുപ്പിന്റെ തലവൻ പറഞ്ഞു: എന്റെ സൈന്യത്തെ കൊണ്ടുപോയി ക്രിസ്തുവിന്റെ അനുയായികളെ ഞാൻ നശിപ്പിച്ചുകൊള്ളാം. അവരെ പരസ്പരം ശണ്ഠയിടുവാനും കലഹിക്കുവാനും പര

സ്പരം ഭിന്നിക്കുവാനുമായി കോപത്തിന്റെ ആത്മാവ് അവരുടെ ഉള്ളത്തിലേക്ക് ഞാൻ കടത്തിവിടും. സാത്താൻ ചോദിച്ചു: വേറെ ഏതെങ്കിലും മാർഗ്ഗങ്ങൾ നിങ്ങൾക്കു പറയുവാനുണ്ടോ?

അപ്പോൾ ലൈംഗികാസക്തിയുടെ തലവൻ എഴുന്നേറ്റു: അത് എനിക്ക് വളരെ എളുപ്പം സാധിക്കും. ഞാൻ ജയിച്ചുകൊള്ളാം. മനുഷ്യൻ സ്വതവേ ബലഹീനനാണ്. ലൈംഗികമായ കാര്യങ്ങളിലേക്കുള്ള ആസക്തിയുണ്ടാക്കി, ചീത്ത വികാരങ്ങളുണ്ടാക്കി, മലിനമോഹങ്ങൾ കൊടുത്ത് അവനെ കൊള്ളരുതാത്ത ബന്ധങ്ങളിലേക്കു വലിച്ചിഴച്ച് കെട്ടിപൂട്ടിയിട്ടുകൊള്ളാം.

ശരി, ഇനി വേറെ ആർക്കെങ്കിലും എന്തെങ്കിലും പറയാനുണ്ടോ? ദ്രവ്യാഗ്രഹത്തിന്റെ പിശാച് എഴുന്നേറ്റു. എല്ലാവരേയും ഒരുപോലെ തോല്പിക്കാവുന്ന വിഷയമാണ് ദ്രവ്യാഗ്രഹം! പണത്തോടുള്ള അത്യാർത്തി ഉണ്ടാക്കുക; പണം ഉണ്ടാക്കാൻവേണ്ടി എന്തു ഹീനകർമ്മവും ചെയ്യാൻ അവനെ ഉദ്യമിപ്പിക്കുക. അങ്ങനെ മനുഷ്യനെ തോല്പിക്കാം.

എല്ലാവരും പറഞ്ഞുകഴിഞ്ഞപ്പോൾ പിശാചുക്കളുടെ തലവൻ പറഞ്ഞു: നിങ്ങൾ ഓരോരുത്തരും പറഞ്ഞ കാര്യങ്ങളിലെല്ലാം തിന്മയുണ്ടെന്നും അത് ദോഷം വരുത്തുന്നതാണെന്നും അത് പിശാച് വരുത്തുന്നതാണെന്നും മനുഷ്യന് പെട്ടെന്ന് മനസ്സിലാകും. മനുഷ്യൻ ബുദ്ധിമാനാണ്. അതുകൊണ്ട് ഈ പറഞ്ഞതൊന്നും ഫലിക്കയില്ല.

അപ്പോൾ ഒരു സാത്താന്യസേവകൻ മുന്നോട്ടു വന്ന് പറഞ്ഞു: എനിക്കു സാധിക്കും മനുഷ്യനെ തോൽപിക്കാൻ. ഞാൻ മനുഷ്യരുടെ അടുത്തുചെന്ന് നിങ്ങൾ എല്ലാവരും മാനസാന്തരപ്പെടണം എന്നുപറയും. നിങ്ങൾ എല്ലാവരും സ്വാർത്ഥത കൈവെടിയണം, ദ്രവ്യാഗ്രഹത്തിന് പോകരുത്; നിങ്ങളുടെ സ്വഭാവം മാറണം, നിങ്ങൾ കോപിക്കരുത്, നിങ്ങൾ വിഷയാസക്തിയിൽ മുഴുകിപ്പോകരുത്, നിങ്ങൾ ലൗകിക സുഖഭോഗ

ങ്ങളുടെ പിന്നാലെ മയങ്ങിപ്പോകരുത്. ഇങ്ങനെ ഞാൻ അവരെ ഉപദേശിക്കും.

ദൈവം പറയുന്ന കാര്യങ്ങളെല്ലാം ശരിയാണ്. നിങ്ങൾ അങ്ങനെതന്നെ ജീവിക്കണം എന്ന് ഞാൻ ഉപദേശിക്കും. പിശാചുക്കളുടെ എല്ലാം മുഖത്ത് ഒരു പുച്ഛം. അവൻ പറഞ്ഞു: നിങ്ങൾ മാനസാന്തരപ്പെടണം എന്നെല്ലാം പറഞ്ഞ് ഉപദേശിച്ച ശേഷം അവസാനം ഞാൻ പറയും: "എന്നാലും ധൃതി പിടിക്കണ്ട, അല്പം കഴിഞ്ഞോട്ടെ, നാളെ മതി."

ഉടനെ സാത്താൻ കൈയടിച്ചു. ഭേഷ്, നീയാണ് ശരിയായി പറഞ്ഞത്. നീ യോഗ്യനാണ്. മനുഷ്യരെ നശിപ്പിക്കാൻ നീ പൊയ്ക്കോ. എല്ലാവരുംകൂടി അവനെ പ്രോത്സാഹിപ്പിച്ച് പറഞ്ഞുവിട്ടു. ഇതൊരു ഭാവനയാണ്. പക്ഷേ, ഈ ഭാവനയുടെ അർത്ഥം നമുക്ക് എളുപ്പം മനസ്സിലാകും.

പിന്നെ മതി, ഇന്നുവേണ്ട; ധൃതിപിടിച്ചു വേണ്ട; തിടുക്കത്തിൽ വേണ്ട. പറഞ്ഞതൊക്കെ ശരിയാണ്. മാനസാന്തരപ്പെടേണ്ടതാണ്. പാപം വിട്ടു ജീവിക്കേണ്ടതാണ്. കോപം മാറേണ്ടതാണ്. കൊള്ളരുതായ്മകളും അഴുക്കും മാറേണ്ടതാണ്. ജീവിതത്തിൽ കുറച്ചൊക്കെ മാറ്റം വരുത്തേണ്ടതാണ്. പക്ഷേ, കുറച്ചുകൂടി കഴിഞ്ഞോട്ടെ. വളരെ തിടുക്കത്തിൽ വേണ്ട.

ഇവിടെ റിബെക്കയുടെ അമ്മയും സഹോദരനും പറയുന്നത് ഇതു തന്നെയാണ്. "ബാല ഒരു പത്തു ദിവസമെങ്കിലും ഞങ്ങളുടെ കൂടെ പാർത്തിട്ട് പിന്നെ പോരട്ടെ എന്ന് പറഞ്ഞു." തിടുക്കത്തിൽ കൊണ്ടുപോകല്ലേ. കുറച്ചു ദിവസംകൂടി താമസിക്കട്ടെ.

ഇതു കേൾക്കുമ്പോൾ ചിന്തിക്കുക, നമുക്ക് എവിടെയെങ്കിലുമൊക്കെ തിരുത്താനുണ്ടോ? നാളുകളായി ദൈവത്തിന്റെ വചനം കേൾക്കുന്നവരാണ് നിങ്ങൾ അനേകം പേരും. ദൈവത്തിന്റെ വചനം നിരന്തരം നമ്മോട് സംസാരിച്ചുകൊണ്ടിരിക്കുകയാണ്.

എങ്ങനെ ജീവിച്ചാലാണ് ദൈവം പ്രസാദിക്കുന്നതെന്ന് നമുക്കു മനസ്സിലായിട്ടുണ്ട്; എങ്ങനെയാണ് ഭക്തിജീവിതം നയിക്കേണ്ടതെന്നും, എങ്ങനെ ജീവിച്ചാലാണ് സ്വർഗ്ഗരാജ്യത്തിൽ എത്തുക എന്നും തിന്മ എന്താണ് എന്നും നമുക്കു മനസ്സിലായിക്കഴിഞ്ഞു. പാപം വിട്ടൊഴിഞ്ഞു ജീവിക്കേണ്ടത് എങ്ങനെ എന്നും ഈ തിരുവചനത്തിന്റെ പ്രസക്തിയും പ്രാധാന്യവും എന്ത് എന്നും നമുക്ക് ദൈവം മനസ്സിലാക്കിത്തന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ വ്യാപാരം എന്ത് എന്നും പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളത്തിൽ തൊടുമ്പോൾ ലഭിക്കുന്ന മാധുര്യവും സൗകുമാര്യവും സന്തോഷവും സൗഖ്യവും എന്ത് എന്നും നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

നിങ്ങൾ തീരുമാനമെടുക്കുക: കർത്താവേ, ഞാൻ ഒട്ടും താമസിക്കുന്നില്ല. ഇതാ, ഞാൻ തിടുക്കത്തിൽ എന്നെ നിന്റെ കരങ്ങളിലേക്കു തരുന്നു. നാളേക്കു ഞാൻ മാറ്റി വയ്ക്കുകയില്ല. കാരണം, നാളെ എന്നുള്ളത് എന്റെ കൈയിൽ അല്ലല്ലോ. നാളെ ഞാൻ ഈ ഭൂമിയിൽ ജീവിച്ചിരിക്കുമെന്ന് ആർക്കറിയാം? നാളെ എനിക്കു സമർപ്പിക്കാൻ സാധിക്കുമെന്ന് എന്തുറപ്പുണ്ട്? നാളെ എനിക്കു മാനസാന്തരം കിട്ടും എന്ന് എന്താണുറപ്പ്? നാളെ പരിശുദ്ധാത്മാവ് എന്നോടു വാദിക്കും എന്ന് എന്താണുറപ്പ്? നാളെ കൃപയുടെ പെട്ടകം തുറന്നിരിക്കും എന്ന് എന്താണുറപ്പ്? നാളെ രക്ഷയുടെ പെട്ടകത്തിൽ പ്രവേശിക്കാൻ കഴിയും എന്ന് എങ്ങനെ പറയാൻ കഴിയും?

ഈ പെട്ടകത്തിന്റെ വാതിൽ അടയുന്നത് എപ്പോഴാണ് എന്ന് നമുക്ക് അറിഞ്ഞുകൂടാ. ഇന്ന് കൃപയുടെ വാതിൽ തുറന്നു കിടക്കുന്നു. ഏതൊരു പാപിക്കും അകത്തുവരാം.

സ്നേഹിതരേ, നിങ്ങളുടെ കാൽ ഇടറുന്നതിനുമുമ്പ് രക്ഷപ്പെടുക. കാലുകൾ ഇടറിപ്പോകുന്ന സമയം വരാൻ പോകുന്നു. വിളിപ്പാൻ സാധിക്കാത്ത നാളുകൾ വരാൻ പോകുന്നു. നിലവിളിച്ചാലും ഫലപ്പെടാത്ത നാളുകൾ വരുന്നു.

“പിന്നത്തേതിൽ അനുഗ്രഹം ലഭിപ്പാൻ ആഗ്രഹിച്ചിട്ട് കണ്ണുനീരോടുകൂടി അപേക്ഷിച്ചിട്ടും തള്ളപ്പെട്ടു, മാനസാന്തര ത്തിന് ഇടകണ്ടില്ല.” എന്ന് ഏശാവിനെക്കുറിച്ച് എബ്രായലേഖ നത്തിൽ നാം വായിക്കുന്നു.

*“എല്ലാവരോടും സമാധാനം ആചരിച്ചു ശുദ്ധീക രണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല. ആരും ദൈവകൃപ വിട്ടു പിൻമാറുകയും വല്ല കൈപ്പുള്ള വേരും മുളച്ചു കലക്കമുണ്ടാക്കി അനേ കർ അതിനാൽ മലിനപ്പെടുകയും ആരും ദുർന്നട പ്പുകാരനോ, ഒരു ഊണിന് ജ്യേഷ്ഠാവകാശം വിറ്റു കളഞ്ഞ ഏശാവിനെപ്പോലെ അഭക്തനോ ആയി ത്തീരുകയും ചെയ്യാതിരിപ്പാൻ കരുതിക്കൊ ൾവിൻ. അവൻ പിന്നത്തേതിൽ അനുഗ്രഹം ലഭി പ്പാൻ ആഗ്രഹിച്ചു കണ്ണുനീരോടുകൂടെ അപേക്ഷി ച്ചിട്ടും തള്ളപ്പെട്ടു മാനസാന്തരത്തിന് ഇട കണ്ടില്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ.”*

*എബ്രായർ 12 : 14 – 17*

സഹോദരങ്ങളേ, പിന്നത്തേതിൽ നമുക്ക് അനുഗ്രഹം ലഭിക്കാൻ ആഗ്രഹം വന്നേക്കാം. എന്തുറപ്പുണ്ട് അനുഗ്രഹം ലഭിക്കുമെന്ന്? എന്തുറപ്പുണ്ട് വാതിൽ തുറന്നു കിട്ടുമെന്ന്? വളരെ ഭയത്തോടെ നാം ശ്രദ്ധിക്കേണ്ടതാണ്. സമയം നീട്ടി വയ്ക്കരുത്.

“ഇപ്പോഴാകുന്നു സുപ്രസാദകാലം, ഇപ്പോൾ തന്നെ രക്ഷാദിവസം.” ദൈവത്തിന്റെ പ്രസാദകാലമാണ്, ദൈവ ത്തിന്റെ രക്ഷാദിവസമാണ്. സമയം കളയരുത്. എഫേസ്യലേ ഖനം അഞ്ചാം അദ്ധ്യായത്തിൽ അപ്പൊസ്തലൻ പറയും: “ഇത് ദുഷ്ക്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചു കൊള്ളുവിൻ ”എന്ന്. തക്കത്തിൽ ഉപയോഗിച്ചുകൊള്ളണം. ഒരു നിമിഷംപോലും വൈകരുത്. രക്ഷ അടുത്തിരിക്കുന്നു.

രക്ഷകൻ അടുത്തു വന്നിരിക്കുന്നു.

ഇപ്പോൾ തന്നെ നിങ്ങൾക്ക് ഹൃദയം യേശുവിനു സമർപ്പിക്കാം. ബാല പത്തുദിവസം കൂടി താമസിക്കട്ടെ എന്നു പറഞ്ഞു താമസിപ്പിക്കരുത്. ക്രിസ്തു എന്ന ജീവനാഥനു വേണ്ടി ജീവിതം അർപ്പണം ചെയ്യുവാൻ ഇനിയും നിങ്ങൾ വൈകരുത്. യേശുക്രിസ്തുവിന്റെ കരങ്ങളിലേക്കു നിങ്ങളുടെ ഭാവി ഏല്പിച്ചു കൊടുക്കുവാൻ ഇനിയും താമസിക്കരുത്. കർത്താവായ യേശുവിനുവേണ്ടി നിങ്ങളുടെ ആളത്വം മുഴുവൻ വിട്ടുകൊടുക്കുവാൻ ഇനിയും താമസിക്കരുത്.

സ്നേഹിതരേ, നിങ്ങളുടെ ജീവിതത്തിൽ ഈ അത്ഭുതം ഇപ്പോൾ സംഭവിക്കട്ടെ. നിങ്ങൾക്കുവേണ്ടി തന്നെത്തന്നെ ബലിയായി അർപ്പിച്ചവൻ, നിങ്ങൾക്കുവേണ്ടി കുറ്റമില്ലാത്ത രക്തം ചിന്തി ക്രൂശിൽ മരിച്ചവൻ, പാപിയായ മനുഷ്യനെ വിടുവിച്ച് സ്വർഗ്ഗത്തിലാക്കുവാൻ വേണ്ടി സ്വർഗ്ഗസീമകൾ വെടിഞ്ഞ് ഭൂമിയിലേക്കിറങ്ങി വന്ന് ത്യാഗമരണം വരിച്ചവൻ ഇപ്പോൾ നിങ്ങളുടെ മുമ്പിൽ കെഞ്ചിക്കൊണ്ടു നിൽക്കുകയാണ്.

ഇന്ന് അവന്റെ കരം നിങ്ങളുടെ നേരെ നീട്ടിയിരിക്കുന്നു. ഇന്ന് സ്നേഹത്തോടെ അവൻ നിങ്ങളെ ക്ഷണിക്കുന്നു. മക്കളേ, അകത്തുവരുവിൻ എന്നുപറഞ്ഞ് അവൻ നിങ്ങളെ വിളിക്കുന്നു. എന്റെ കൈകളിലേക്ക് നിങ്ങളുടെ ജീവിതം തരുവിൻ എന്നു പറയുന്നു. ഞാൻ നിന്നെ ബലമായി പിടിച്ചുകൊള്ളാം, നിന്റെ ഭാവി ഞാൻ ശോഭനമാക്കാം എന്നുപറയുന്നു:

നിനക്കു സന്തോഷകാലങ്ങൾ തരാം, ആനന്ദത്തിന്റെ ഐശ്വര്യകാലങ്ങൾ തരാമെന്നു പറയുന്നു. സമാധാനം നിനക്കു തരാമെന്നു പറയുന്നു. നിന്റെ അശുദ്ധി മാറ്റിത്തരാം, കോപം മാറ്റിത്തരാം, നിന്നെ ഞാൻ പൂർണ്ണമായി രൂപാന്തരപ്പെടുത്താം, നിനക്ക് ശോഭന കാലങ്ങൾ തരാമെന്നു പറയുന്നു.

അനുഗൃഹീതമായ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും കാലങ്ങൾ നിങ്ങൾക്കു ലഭിക്കാൻ ആഗ്രഹമുണ്ടെ

ങ്കിൽ ഇപ്പോൾ യേശുവിന്റെ കരങ്ങളിലേക്കു നിങ്ങളെത്തന്നേ കൊടുക്കൂ. മരണം വരുന്നതിനു മുമ്പ്, വാതിൽ അടയുന്നതിനുമുമ്പ്, കരുണക്കടൽ നമ്മുടെ നേരെ തുറന്നിരിക്കുമ്പോൾ ഇപ്പോൾത്തന്നെ ഈ അനുഗ്രഹസമൃദ്ധിയുടെ കടലിലേക്ക് എടുത്തു ചാടുവിൻ.

കരുണയുടെ കടലാണ് നമ്മുടെ മുമ്പിൽ ഇരമ്പിക്കൊണ്ടിരിക്കുന്നത്. സ്നേഹത്തിന്റെ വാത്സല്യക്കടൽ! അനുഗ്രഹത്തിന്റെ വാരിധി! അനുഗ്രഹത്തിന്റെ ഈ സാഗരത്തിലേക്ക് നിങ്ങൾ എടുത്തു ചാടുവിൻ. കർത്താവേ, ഞാനിതാ വരുന്നു. നീ എന്റെ അരികത്തേക്കു വന്നിരിക്കുന്ന ഈ സമയംതന്നെ എന്നെ നിന്റെ കരങ്ങളിലേക്കു തരുന്നു. എന്നെ സ്വീകരിക്കണമേ.

# എട്ട്

*"അവർ റിബെക്കയെ വിളിച്ചു അവളോട്: നീ ഈ പുരുഷനോടുകൂടെ പോകുന്നുവോ എന്നു ചോദിച്ചു. ഞാൻ പോകുന്നു എന്നു അവൾ പറഞ്ഞു."*

*ഉല്പത്തി 24 : 58*

നീ ഈ പുരുഷനോടുകൂടെ പോകുന്നുവോ? അമ്മയും സഹോദരനും റിബെക്കയോടു ചോദിക്കുകയാണ്. വളരെ ചുരുങ്ങിയ ഒരു പരിചയം മാത്രമേ റിബെക്കയ്ക്ക് എല്യേസറുമായിട്ടുള്ളൂ. എല്യേസർ അവിടെ വന്ന് ഒരു രാത്രി താമസിച്ചതിനിടയിൽ കുറേയേറെ കാര്യങ്ങൾ സംസാരിച്ചു.

അബ്രാഹാം പിതാവിനെക്കുറിച്ചു സംസാരിച്ചു. അബ്രാഹാമിന്റെ വംശമഹിമയെക്കുറിച്ചും അബ്രാഹാമിന്റെ കുലീനത്വത്തെക്കുറിച്ചും സംസാരിച്ചു. അബ്രാഹാമിന്റെ ദൈവഭക്തിയെക്കുറിച്ചു സംസാരിച്ചു. അബ്രാഹാമിന്റെ ദാസനായ താൻ ഇവിടെ വരാനിടയായ സാഹചര്യമെന്ത് എന്നതിനെക്കുറിച്ച് സംസാരിച്ചു.

അബ്രാഹാമിന്റെ ഏകജാതനായ യിസ്ഹാക്കിനെക്കുറിച്ച് വർണ്ണിച്ചു. യിസ്ഹാക്കിന്റെ മഹിമകളും സൗന്ദര്യത്തികവും മാത്രമല്ല, യിസ്ഹാക്കിന്റെ അനുസരണശീലവും വർണ്ണിച്ചു. യിസ്ഹാക്കിന്റെ ശ്രേഷ്ഠമായ സ്വഭാവമഹിമയെക്കുറിച്ചും വർണ്ണിച്ചു.

അബ്രാഹാം പിതാവിന്റെ ഏകജാതനായ യിസ്ഹാക്കിന് വേണ്ടി ഒരു മണവാട്ടിയെത്തേടിയാണ് താൻ പുറപ്പെട്ടി

രിക്കുന്നത് എന്ന വസ്തുതയെല്ലാം എല്യേസർ വിശദമായി പറഞ്ഞ് വർണ്ണിച്ചു. ഇതെല്ലാം കേട്ടുകഴിഞ്ഞപ്പോഴാണ് അപ്പ നായ ബെഥൂവേലിനും റിബെക്കയുടെ സഹോദരനായ ലാബാനും റിബെക്കയുടെ അമ്മയ്ക്കും ഈകാര്യം യഹോവയാൽ വരുന്നു, ഇത് ദൈവനിശ്ചയപ്രകാരം വരുന്ന ഒരു കാര്യമാണ് എന്ന് മനസ്സിലായത്.

പിറ്റേന്ന് രാവിലെ എഴുന്നേറ്റ ഉടനെ ദാസൻ പറയുകയാണ്; എന്നെ താമസിപ്പിക്കരുത്, എനിക്ക് ദൂരയാത്ര ചെയ്യുവാനു ണ്ടല്ലോ. വളരെ വളരെ ദൂരെ എന്റെ കൂടെയുള്ള ഈ പത്ത് ഒട്ട കങ്ങളുമായി എല്ലാ സന്നാഹങ്ങളുമായി ഞാൻ തിരികെ പോകേണ്ടതുണ്ട്. ബാലയെ എന്റെ കൂടെ അയയ്ക്കണം എന്നു പറഞ്ഞു.

> *"അതിന് അവളുടെ സഹോദരനും അമ്മയും: ബാല ഒരു പത്തുദിവസമെങ്കിലും ഞങ്ങളോടു കൂടെ പാർത്തിട്ട് പിന്നെ പോരട്ടെ എന്നു പറഞ്ഞു.'' അവൻ അവരോട്: എന്നെ താമസിപ്പിക്കരുതേ; യഹോവ എന്റെ യാത്ര സഫലമാക്കിയിരിക്കുന്നുവല്ലോ; യജമാനന്റെ അടുക്കൽ പോകുവാൻ എന്നെ പറഞ്ഞയയ്ക്കേണം എന്നു പറഞ്ഞു. ഞങ്ങൾ ബാലയെ വിളിച്ചു അവളോടു ചോദിക്കട്ടെ എന്ന് അവർ പറഞ്ഞു."*
>
> *ഉല്പത്തി 24 : 55 – 57*

അവർ പറഞ്ഞു: ഞങ്ങൾ ബാലയെ വിളിച്ച് അവളോട് ചോദിക്കട്ടെ. അവളുടെ അഭിപ്രായപ്രകാരം ചെയ്യാം. അവളല്ലേ പോരേണ്ടത്? അവളല്ലേ അങ്ങ് ദൂരെ ദൂരെ യാത്രചെയ്തു പോകേണ്ടത്? അവളല്ലേ വളരെ ഗൗരവമേറിയ ഒരു ജീവിത ഗതിയിലേക്കു തിരിയുന്നത്? അവളുടെ ജീവിതത്തിൽ മരണത്തോളമുള്ള ഒരു കാര്യത്തിനുവേണ്ടി അവളല്ലേ തീരുമാനമെടുക്കേണ്ടത്? അവളോടു ചോദിക്കാം.

അവർ റിബെക്കയെ വിളിച്ചു അവളോട്: നീ ഈ പുരുഷ നോടുകൂടെ പോകുന്നുവോ എന്നു ചോദിച്ചു.

വളരെ ഹൃദയസ്പർശിയായ ഒരു ചോദ്യമാണ്. മോളേ, ഈ പുരുഷൻ പറഞ്ഞതെല്ലാം നീ കേട്ടില്ലേ? നിന്റെ അഭിപ്രായ മെന്താണ്? വേഗം പോകണമെന്നാണല്ലോ ഇദ്ദേഹം പറയുന്നത്; മോളേ, നിന്റെ തീരുമാനമെന്താണ്? നീ ഈ പുരുഷനോടുകൂടെ പോകുന്നുവോ? ഞാൻ പോകുന്നു എന്ന് അവൾ പറഞ്ഞു.

അവൾക്ക് ഒന്നും ചിന്തിക്കേണ്ടി വന്നില്ല. ഞാൻ ഒന്നു ചിന്തിച്ചു നോക്കട്ടെ എന്ന് അവൾ പറഞ്ഞില്ല. വളരെ വ്യക്തമായിരുന്നു അവളുടെ തീരുമാനം. വളരെ സുനിശ്ചിതമായ അഭിപ്രായഗതിയാണ് അവൾ പുലർത്തിയത്. കാരണം, ആ പുരുഷനെ കണ്ടപ്പോൾ മുതൽ ഏതോ ഒരു ആകർഷണം അവളുടെ ഹൃദയത്തിൽ ഉണ്ടായിരിക്കുകയാണ്.

അവ്യക്തമായ, അദൃശ്യമായ, അവൾക്കുതന്നെ മനസ്സിലാക്കാൻ വയ്യാത്തതായ ഏതോ ഒരു ആകർഷണം ഈ പുരുഷനിലേക്ക് അവൾക്കു വന്നുകഴിഞ്ഞിരിക്കുന്നു.

അവൾ പറഞ്ഞു: ഞാൻ പോകുന്നു. കാരണം, തലേന്ന് എല്യേസർ പറഞ്ഞ വിവരണങ്ങളെല്ലാം അവൾ വീടിന്റെ വാതിലിനു പിറകിൽനിന്ന് കേൾക്കുന്നുണ്ടായിരുന്നു. അവൾക്ക് ഭാവിവരനായി ലഭിക്കാൻ പോകുന്ന യിസ്ഹാക്കിനെ ക്കുറിച്ചുള്ള വർണ്ണനകൾ എല്യേസർ പറയുന്നത് അവൾ ശ്രദ്ധ യോടെ കേട്ടിരുന്നു.

ഒന്നൊന്നായി കേൾക്കുമ്പോൾ അവളുടെ ഹൃദയം തരിക്കുകയാണ്; അവളുടെ മനസ്സ് ഉണർന്നുവരികയാണ്, യിസ്ഹാക്കിന്റെ അരികിലേക്കു പോകുവാൻ അവളുടെ ഹൃദയം ബദ്ധപ്പെടുകയാണ്. യിസ്ഹാക്കിന്റെ മണവാട്ടിയാകുവാനുള്ള അവളുടെ ദാഹത്തിനും ആഗ്രഹത്തിനും വലിയ ആവേശം ചിറകുവിരിക്കുകയാണ്. ഉത്സാഹഭരിതയായിട്ട് പോകുന്നതിന് അവൾ തയ്യാറെടുത്തുകഴിഞ്ഞിരിക്കുകയാണ്.

അമ്മയും സഹോദരനും ചോദിക്കുമ്പോൾ അതുകൊണ്ട് അവൾക്കു ചിന്തിക്കേണ്ടിവന്നില്ല. അവൾക്കു മനസ്സിലായി, ഞാൻ എന്തിനുവേണ്ടി പോകുന്നു? ആരുടെ സന്നിധിയിലേക്കു പോകുന്നു? ആരുടെ മണവാട്ടിയാകാൻ പോകുന്നു? വ്യക്തമായ ഒരു ചിത്രം കിട്ടിക്കഴിഞ്ഞു.

ഇത് കേവലം ഭൗതികമായി ചിന്തിച്ചു ധ്യാനിച്ചു പോകാവുന്ന ഒരു വിഷയമല്ല. കർത്താവായ യേശുവിന്റെ പരിശുദ്ധമായ സാന്നിദ്ധ്യത്തിലേക്ക് അണയുവാനുള്ള ക്ഷണം തരുന്നത് പരിശുദ്ധറൂഹായാണ്. കാര്യസ്ഥനായി, അബ്രാഹാം പിതാവിന്റെ ദാസനായി വന്നിരിക്കുന്ന എല്യേസർ പരിശുദ്ധാത്മാവിന്റെ പ്രതിരൂപമാണ്.

പരിശുദ്ധാത്മാവ് വന്ന് മനുഷ്യനെ ഉണർത്തുകയാണ്. മനുഷ്യനെ ക്രിസ്തുവിന്റെ സന്നിധിയിലേക്ക് ആനയിക്കുവാൻ ബദ്ധപ്പെടുകയാണ്. തിടുക്കപ്പെട്ട് വിളിക്കുകയാണ്. വളരെ വേഗത്തിൽ വരിക എന്ന് ബദ്ധപ്പാടോടെ വിളിക്കുകയാണ്. കർത്താവായ യേശുവിനെക്കുറിച്ചുള്ള വർണ്ണനകൾ പരിശുദ്ധാത്മാവ് പറഞ്ഞു കേൾപ്പിക്കുകയാണ്.

ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യവും വചനങ്ങളും അവളുടെ ഹൃദയത്തിൽ ആവേശമുളവാക്കുന്നു. അവളുടെ മനസ്സിൽ ഉന്മേഷം വർദ്ധിപ്പിക്കുന്നു. അവളുടെ ഹൃദയത്തിൽ ആഗ്രഹം വർദ്ധിപ്പിക്കുന്നു. അവൾ യിസ്ഹാക്കിനെ കണ്ടില്ല. പക്ഷേ കാണാതെ തന്നെ അവളുടെ ഹൃദയത്തിൽ താത്പര്യം ഉണ്ടായിക്കഴിഞ്ഞു. കേട്ട വാക്കുകൾ, കേട്ട വചനങ്ങൾ, കേട്ട വർണ്ണനകൾ എല്ലാം അവളുടെ ഹൃദയത്തിൽ യിസ്ഹാക്കിനെക്കുറിച്ചുള്ള വ്യക്തമായ, വളരെ നിയതമായ ഒരു ചിത്രത്തിന്റെ രൂപരേഖ വരച്ചു കഴിഞ്ഞു.

ക്രിസ്തുവിന്റെ വചനം നാം കേൾക്കുമ്പോൾ, പരിശുദ്ധാത്മാവ് വചനം നമുക്ക് തരുമ്പോൾ നമ്മുടെ ഹൃദയം ഉണർന്നു വരുന്നത് അതുകൊണ്ടാണ്. വചനം ദൈവത്തിന്റെ

ആത്മാവ് തരുന്നതാണ്. വചനം ദൈവത്തിന്റെ ആത്മാവു തന്നെയാണ്. "ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു; വചനം ദൈവമായിരുന്നു. വചനം ജഡമെടുത്ത് കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു."

കർത്താവായ യേശു വചനം ജഡമെടുത്തവനാണ്. ആ വചനം ദൈവത്തിന്റെ ആത്മാവാണ്. അത് നിത്യനായ ദൈവം തന്നെയാണ്. വചനമാണ് നമ്മുടെ ഹൃദയത്തിലേക്കു വരുന്നത്. ജീവനാകുന്ന വചനം പരിശുദ്ധാത്മാവ് നമുക്കു തരുമ്പോൾ നമ്മുടെ ഹൃദയം ഉണർന്നു വരികയാണ്.

ഉറങ്ങിക്കിടക്കുന്ന നമ്മുടെ മനസ്സ് ഉണർന്നു വരികയാണ്. ക്രിസ്തുവിന്റെ സന്നിധിയിലേക്ക് ബദ്ധപ്പെട്ട് ഓടുവാൻ നമ്മുടെ ഹൃദയം കൊതിപൂണ്ടുവരികയാണ്. ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ഒരു ആകർഷണം നമുക്കു ലഭിക്കുകയാണ്.

ആത്മീയജീവിതത്തിന്റെ മർമ്മം അതാണ്. ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ഒരാകർഷണം നമ്മെ വലയം ചെയ്യുന്നതു കൊണ്ടാണ് നാം അറിയാതെയറിയാതെ സമർപ്പണങ്ങളിലേക്ക്, തീരുമാനങ്ങളിലേക്ക്, നിഷ്ഠകളിലേക്ക്, പ്രതിഷ്ഠകളിലേക്ക് നീങ്ങുന്നത്.

ഒരു വലിയ സ്നേഹം നമ്മെ ആകർഷിക്കുന്നു. ഗോഗുൽത്തായിലെ സ്നേഹം! കരുണയുള്ള കർത്താവിന്റെ ക്രൂശിലെ സ്നേഹം! നിഷ്ക്കളങ്കമായ സ്നേഹം! നിർമ്മലമായ സ്നേഹം! പരിശുദ്ധമായ സ്നേഹം!

ആ സ്നേഹം നമ്മെ ഏവരേയും ആകർഷിക്കുന്നു. ഏവരേയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്ക് വന്നുകൊണ്ടിരുന്നു. സത്യവെളിച്ചമാകുന്ന ക്രിസ്തു തന്നിലേക്ക് നമ്മെ ആകർഷിക്കുന്നു. ക്രിസ്തുവിലേക്ക് നമ്മെ ആകർഷിക്കുകയും നമ്മെ വശീകരിക്കുകയും ചെയ്യുന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവാണ്.

അപ്പൊസ്തലനായ പൗലോസ് ആസ്യയിൽ മൂന്നു വർഷം വേല ചെയ്തതിനു ശേഷം, രാവും പകലും ഇടവിടാതെ കണ്ണുനീർ വാർത്തുകൊണ്ട് ആസ്യയിലുള്ള ആളുകളോട് ബുദ്ധിപറഞ്ഞു കൊടുത്തതിനുശേഷം ഏഷ്യാമൈനറിൽ ചെന്ന് അവിടുത്തെ ആളുകളോട് ദൈവത്തിന്റെ തിരുവചനം ഉപദേശിച്ചു. അപ്പൊസ്തലൻ അവിടെ നിന്നു പോകുന്ന സമയത്ത് ചെയ്യുന്ന ഒരു വിടവാങ്ങൽ പ്രസംഗമുണ്ട്. അതൊരു യാത്രാമൊഴിയാണ്.

ആവേശത്തോടുകൂടിയേ നമുക്കത് വായിക്കാൻ പറ്റുകയുള്ളൂ.

> *"ഇതാ, ഞാൻ ആത്മാവിനാൽ ബന്ധിക്കപ്പെട്ടവനായി യെരൂശലേമിലേക്ക് പോകുന്നു. ബന്ധനങ്ങളും കഷ്ടങ്ങളും എനിക്കായി കാത്തിരിക്കുന്നു എന്ന് പരിശുദ്ധാത്മാവ് പട്ടണംതോറും സാക്ഷ്യം പറയുന്നതല്ലാതെ അവിടെ എനിക്കു നേരിടുവാനുള്ളത് ഒന്നും ഞാൻ അറിയുന്നില്ല. എങ്കിലും ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല."*
>
> *അപ്പൊ. പ്രവൃത്തികൾ 20 : 22, 23*

I am drawn out irresistibly by the Holy Spirit. ഒരു ആകർഷണം വലിച്ചു കൊണ്ടുപോകുകയാണ്. പരിശുദ്ധാത്മാവ് എന്നെ വലിച്ചുകൊണ്ടു പോകുന്നു.

സ്നേഹിതരേ, നിങ്ങൾ ഇപ്പോൾ ഈ വചനം വായിക്കുന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിങ്ങളെ വലയം ചെയ്ത് ആകർഷിച്ച് നിങ്ങളെ വശീകരിച്ചതുകൊണ്ടാണ്.

ദൈവത്തിന്റെ നിഷ്ക്കളങ്കമായ സ്നേഹം നിങ്ങളുടെ മേൽ ഉദിച്ചിരിക്കുകയാണ്. നീതിസൂര്യന്റെ രജതകിരണങ്ങൾ നിങ്ങളുടെമേൽ പതിച്ചുകൊണ്ടിരിക്കുകയാണ്. രക്ഷകനായ മശിഹാതമ്പുരാന്റെ ആശ്വാസദായകമായ രശ്മികൾ നിങ്ങളുടെമേൽ പതിഞ്ഞുകൊണ്ടിരിക്കയാണ്. ആ സ്വർഗ്ഗീയ കിരണങ്ങൾ നിങ്ങളെ വലയം ചെയ്തു നിൽക്കുകയാണ്. ആ

സ്വർഗ്ഗീയ പ്രഭാവലയത്തിനുള്ളിൽ നിങ്ങളെ നിർത്തിയിരിക്കുകയാണ്.

നിങ്ങളെ ദൈവസ്നേഹം വശീകരിച്ചിരിക്കുകയാണ്. നിങ്ങളോ ഇതൊന്നും അറിഞ്ഞില്ല. ഇങ്ങനെ ഒരു സ്നേഹം എന്റെ പിന്നാലെയുണ്ട് എന്ന് നിങ്ങൾ അറിഞ്ഞില്ല. ഇങ്ങനെ ഒരു കരുണ എന്നെ വലയം ചെയ്യുന്നു, ഏതോ ഒരു അദൃശ്യ സ്നേഹം എന്നെ വലയം ചെയ്യുന്നു എന്നുള്ള സത്യം നിങ്ങൾ ഗ്രഹിച്ചില്ല.

ഏതെല്ലാം വഴികളിലൂടെ നിങ്ങൾ നടന്നവരാണ്? ഏതെല്ലാം പാപങ്ങളിൽ നിങ്ങൾ കുടുങ്ങിയവരാണ്? ഏതെല്ലാം അനർത്ഥങ്ങളിൽ പെട്ടുപോയവരാണ്? ഏതെല്ലാം അപകടങ്ങളിൽ കുടുങ്ങിക്കിടന്നവരാണ്? ഏതെല്ലാം നാശങ്ങളിൽ പെട്ട് നിങ്ങളുടെ ജീവിതം ഉലഞ്ഞതാണ്? എന്നാൽ അവിടെനിന്നെല്ലാം സ്നേഹവാനായ ദൈവം നിങ്ങളെ കോരിയെടുത്ത്, തന്റെ ചിറകിൽ വഹിച്ച് അവന്റെ സ്നേഹത്തിന്റെ നിഴലിൻ കീഴിൽ നിങ്ങളെ ഇത്രത്തോളം കൊണ്ടുവന്നു. ഇതുവരെയും നിങ്ങളെ നടത്തിക്കൊണ്ടുവന്നു.

അത്ഭുതങ്ങളല്ലേ തിരിഞ്ഞു നോക്കിയാൽ? ഇതുവരെയുള്ള ജീവിതത്തിൽ നോക്കിയാൽ അതിശയങ്ങളല്ലേ നടന്നത്? ചില പ്രതിസന്ധികൾ ജീവിതത്തിൽ വന്നു. അന്ന് നിങ്ങൾ അമ്പരപ്പിലായിരുന്നു. പക്ഷേ, അമ്പരപ്പുമാറ്റി നിങ്ങളെ ഇപ്പുറം കടത്തി. ചില തടസ്സങ്ങൾ ജീവിതത്തിൽ വന്നു. എന്നാൽ ആ തടസ്സങ്ങളാകുന്ന കടമ്പകളെ ചാടിക്കടക്കാൻ ദൈവം നിങ്ങൾക്കു കൃപ തന്നു. പുതുബലം തന്നു.

എങ്ങനെയാണ് ഇത്രവലിയ അപകടങ്ങളിൽ നിന്നു ഞാൻ രക്ഷപ്പെട്ടത് എന്ന് നിങ്ങളിപ്പോൾ അത്ഭുതപ്പെടുന്നു. എങ്ങനെ ആ ചീത്ത കൂട്ടുകെട്ടുകളിൽനിന്നു ഞാൻ വിടുവിക്കപ്പെട്ടു പോന്നു? എങ്ങനെ ആ ഭയങ്കരമായ, കൊള്ളരുതാത്ത ബന്ധത്തിൽ നിന്ന് മോചനം പ്രാപിക്കാൻ കഴിഞ്ഞു? എങ്ങനെ ആ ദൂഷിത

വലയത്തിൽനിന്ന് ഞാൻ മോചനം പ്രാപിച്ചു? ഇന്ന് നിങ്ങൾക്കതെല്ലാം അത്ഭുതങ്ങളാണ്.

ഏതെല്ലാം രോഗങ്ങളുടെ മാരകമായ ആക്രമണത്തിൽ നിന്നാണ് നിങ്ങൾ രക്ഷപ്പെട്ടുപോന്നത്? ഒരു സ്നേഹം നിങ്ങളെ വലിച്ചുകൊണ്ടുവന്നു. ഒരു സ്നേഹം നിങ്ങളെ വലയം ചെയ്തു കൊണ്ടു വന്നു. ഒരു സ്നേഹം നിങ്ങളെ ആകർഷിച്ചുകൊണ്ടു വന്നു. ആ സ്നേഹമാണ് ഗോഗുൽത്തായിലെ സ്നേഹം! ആ സ്നേഹമാണ് കാൽവറിക്രൂശിലെ സ്നേഹം! ആ സ്നേഹമാണ് യേശുക്രിസ്തുവിന്റെ ചങ്കുപിളർന്ന സ്നേഹം! തിരുവിലാവു തുറന്ന് ചോരയും നീരും ഒഴുക്കിയ സ്നേഹം!

ഈ സ്നേഹം നിങ്ങളെ ആകർഷിക്കുന്നത് കഷ്ടത മായ്ച്ചുതരാനാണ്. നിങ്ങളുടെ യാതനകൾ ഒഴിവാക്കിത്തരാനാണ്. ഈ ഭൂമിയിലെ ദുരിതങ്ങൾ, കടങ്ങൾ മാറ്റിത്തരാനാണ്. രോഗത്തിന്റെ വേദനകളും ആവലാതികളും നീക്കിത്തരാനാണ്.

ഭൗതികമായ അനേകമനേകം ആവശ്യഭാരങ്ങളിൽ നെടുവീർപ്പിട്ടുകഴിയുന്ന മനുഷ്യന്റെ ഹൃദയത്തിലേക്ക് ആന്തരികശാന്തി പകരാനാണ്. വഴിമുട്ടിപ്പോകുന്ന ജീവിതത്തിൽ സ്വസ്ഥതയും സമാധാനവും ശാന്തിയും പകരാനാണ്. എങ്ങനെ മുന്നോട്ടുപോകും എന്ന് ആശ്വാസമരുളാനാണ്.

അതിനെല്ലാം അപ്പുറമായി നിത്യശാന്തി, നിത്യസ്വർഗ്ഗം നിങ്ങൾക്കു തരാനാണ്. നിത്യസ്വർഗ്ഗീയ തേജസ്സിലേക്ക് നിങ്ങളെ ആനയിക്കാനാണ്. രാജാധിരാജന്റെ അരുമ മണവാട്ടിയാക്കി നിങ്ങളെ തീർക്കാനാണ്. കർത്താവായ യേശുവിന്റെ കൂടെ വാഴുന്ന അതിമനോഹരമാർന്ന, തേജസ്സാർന്ന സ്വർഗ്ഗീയ രംഗത്തേക്കു നിങ്ങളെ ഉയർത്തിയെടുക്കാനാണ്. നിങ്ങളുടെ കഠിനപാപങ്ങളെല്ലാം മോചിച്ചു തന്ന് നിങ്ങൾക്ക് നല്ലകാലം തരാനാണ്. ആനന്ദൈശ്വര്യമെഴുന്ന ആണ്ടുകളും മാസങ്ങളും നിങ്ങൾക്കു തരാനാണ് യേശു നിങ്ങളെ വിളിക്കുന്നത്.

സ്നേഹിതരേ, ഈ ക്രൂശിലെ സ്നേഹത്തെ നിങ്ങൾ ഒന്നു

കാണുമോ? നിങ്ങൾ പ്രാർത്ഥിക്കുമോ?

നാഥാ, ആ സ്നേഹം എന്നെ ഒന്നു തലോടണമേ. എന്റെ കണ്ണുനീരു തുടയ്ക്കണമേ. ക്രൂശിലെ സ്നേഹത്താൽ ഞാൻ ഒന്നു കത്തുപിടിക്കുമാറാകണമേ. എന്നോടു നീ മനസ്സലിയണമേ. എന്നെ നീ ഒന്നു രൂപപ്പെടുത്തി എടുക്കണമേ. എന്റെ സ്വഭാവ ത്തിലുള്ള മലിനതകൾ മാറ്റി എനിക്ക് ദിവ്യസ്വഭാവം തരണമേ. എന്നെ ഒരു വിശുദ്ധനാക്കി മാറ്റണമേ. തീജ്ജ്വാല എന്റെമേൽ പകരണമേ. എന്നെ അനുഗ്രഹിക്കണമേ. യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ സ്നേഹത്തിന്റെ സാക്ഷി; ഇന്നുമുതൽ ഞാൻ നിന്റെ വക.

# ഒമ്പത്

*“അവനെ നിങ്ങൾ കണ്ടിട്ടില്ലെങ്കിലും സ്നേഹി ക്കുന്നു; ഇപ്പോൾ കാണാതെ വിശ്വസിച്ചുംകൊണ്ട് നിങ്ങളുടെ വിശ്വാസത്തിന്റെ അന്തമായ ആത്മ രക്ഷ പ്രാപിക്കയും പറഞ്ഞുതീരാത്തതും മഹിമ യുള്ളതുമായ സന്തോഷത്തോടെ ആനന്ദിക്കയും ചെയ്യുന്നു.”* *1 പത്രോസ് 1 : 8, 9*

പറഞ്ഞുതീരാത്ത സന്തോഷം! മഹിമയുള്ള സന്തോഷം! ഇപ്പോൾ നേരിട്ടു കാണുന്നില്ല. കാണാതെ വിശ്വസിക്കുന്നു. അവനെ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുന്നു.

3. Rebecca's example of decision

റിബെക്ക യിസ്ഹാക്കിനെ കണ്ടില്ല; എങ്കിലും സ്നേഹി ക്കുന്നു. യിസ്ഹാക്കിന്റെ അരികിലേക്കു പോകുവാൻ ഹൃദയം ബദ്ധപ്പെടുകയാണ്.

അവൾ കാണാതെ തന്നെ വിശ്വസിച്ചു. അവനെ കണ്ടിട്ടി ല്ലെങ്കിലും സ്നേഹിച്ചു. നീ ഈ പുരുഷന്റെ കൂടെ പോകു ന്നുവോ? ഞാൻ പോകുന്നു. വ്യക്തമായ തീരുമാനം! കരു ത്തുറ്റ വാക്കുകൾ! രണ്ടാമതൊരു ചിന്തയില്ല.

ദൈവജനമേ, നിങ്ങൾ എന്തുപറയുന്നു? നീ ഈ പുരുഷ നോടുകൂടെ പോകുന്നുവോ? പരിശുദ്ധാത്മാവ് നിങ്ങളെ വർണ്ണിച്ചു കേൾപ്പിച്ചില്ലേ ഈ മഹത്വമുള്ള രക്ഷകന്റെ പദവികളും അവന്റെ കൃപകളും അനുഗ്രഹങ്ങളുമെല്ലാം? ലഭിക്കാൻ പോകുന്ന അനുഗ്രഹത്തിന്റെ കാര്യങ്ങളെല്ലാം നിങ്ങൾ കേട്ടില്ലേ? എന്തു

പറയുന്നു നിങ്ങൾ? നീ ഈ പുരുഷനോടുകൂടെ പോകുന്നുവോ?

മോനേ, നീ ഈ പുരുഷനോടുകൂടെ പോകുന്നുവോ? പരിശുദ്ധാത്മാവിന്റെ കൂടെ നീ പുറപ്പെടുന്നുവോ? പരിശുദ്ധാത്മാവ് നിന്നെ ഉദ്വേഗിപ്പിച്ച് നിന്നെ പുറപ്പെടുവിച്ച് ക്രിസ്തുവിന്റെ സന്നിധിയിലേക്ക് നിന്നെ കൊണ്ടുപോകുവാനുള്ള തത്രപ്പാടോടെ നിൽക്കുമ്പോൾ നിന്റെ തീരുമാനം എന്താണ്?

ഓരോരുത്തരോരോരുത്തരാണ് തീരുമാനമെടുക്കേണ്ടത്. കൂട്ടമായുള്ള തീരുമാനമല്ല. എന്റെ ഭർത്താവു വന്നാൽ ഞാൻ പോരാം, എന്റെ മക്കളും കൂടി വന്നാൽ ഞാൻ പോരാം, എന്റെ ഭാര്യയും കൂടി ഉണ്ടെങ്കിൽ ഞാൻ പോരാം, അല്ല എന്റെ കൂടെ ജോലി ചെയ്യുന്നവരൊക്കെ ഉണ്ടെങ്കിൽ ഞാൻ പോരാം. വീട്ടിലുള്ള എല്ലാവരും കൂടി ആണെങ്കിൽ ഞാൻ പോരാം. അങ്ങനെയല്ല. If anybody! നിങ്ങൾ ഒരാൾ, നീ ഈ പുരുഷനോടുകൂടെ പോകുന്നുവോ? ഞാൻ പോകുന്നു. സഹോദരൻ പോരുന്നുണ്ടോ, നോട്ടമില്ല. അമ്മ വരുന്നുണ്ടോ, നോട്ടമില്ല. ഞാൻ പോകുന്നു.

നീ ഈ പുരുഷനോടുകൂടെ പോകുന്നുവോ എന്ന ചോദ്യത്തിന്റെ അനുരണനം നൂറ്റാണ്ടുകൾ നൂറ്റാണ്ടുകൾ കഴിഞ്ഞ് അപ്പൊസ്തലനായ പത്രോസ് ഈ വാക്കുകളിലൂടെ വളരെ ശക്തമായി ആവിഷ്ക്കരിക്കുകയാണ്:

> *“അവനെ നിങ്ങൾ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുന്നു; ഇപ്പോൾ കാണാതെ വിശ്വസിച്ചുംകൊണ്ട് നിങ്ങളുടെ വിശ്വാസത്തിന്റെ അന്തമായ ആത്മരക്ഷ പ്രാപിക്കയും പറഞ്ഞുതീരാത്തതും മഹിമയുള്ളതുമായ സന്തോഷത്തോടെ ആനന്ദിക്കുകയും ചെയ്യുന്നു.”* *1 പത്രോസ് 1: 8, 9*

അപ്പൊസ്തലനായ പത്രോസ് ക്രിസ്തുവിനെ അനുഭവിച്ചുകൊണ്ടാണ് പറയുന്നത്. പത്രോസ് പറയും: ഞങ്ങൾ ക്രിസ്തുവിന്റെ മഹത്വം കണ്ടവരാണ്, തേജോമയനായ

ക്രിസ്തുവിനെ ഞങ്ങൾ കണ്ടവരാണ്, ഞങ്ങൾ മഹിമ കണ്ട സാക്ഷികളാണ്.

സ്നേഹിതരേ, മഹിമ കണ്ട സാക്ഷികളാകാൻ നിങ്ങൾക്ക് താത്പര്യമുണ്ടോ? കാണാതെ വിശ്വസിപ്പാൻ നിങ്ങൾക്കു സാധിക്കുന്നുവോ? ക്രിസ്തുവിന്റെ സ്നേഹമാണ് നിങ്ങളുടെ പിന്നാലെ വലയം ചെയ്തു നിൽക്കുന്നതെന്ന് വിശ്വസിക്കുവാൻ കഴിയുമോ?

'കുരിശും കഠാരയും' എന്ന പേരിൽ David Wilkerson എഴുതിയ പുസ്തകത്തിന്റെ താളുകൾ ഞാൻ വായിക്കുകയായിരുന്നു. ഞാൻ അത് വായിച്ചു വരുമ്പോൾ എന്റെ ഹൃദയം കത്താൻ തുടങ്ങി. എന്താണെന്നോ? സത്യമായും ഒരു ആത്മാവ് മീതെ നിന്നു പ്രവർത്തിക്കുന്നു. എല്ലാം കാണുന്ന ദൈവാത്മാവ് അദ്ദേഹത്തെ നടത്തുന്നു.

നിങ്ങൾ പലരും അറിഞ്ഞില്ല എങ്കിലും നിങ്ങളുടെമീതെ ഒരു ദൈവാത്മാവ് പ്രവർത്തിക്കുന്നുണ്ട്. നിങ്ങളുടെ ചുറ്റും ദൈവാത്മാവ് വലയം ചെയ്തു നിൽക്കുന്നുണ്ട്. നിങ്ങളുടെ മീതെ പരിശുദ്ധാത്മാവു ചിറകു വിരിച്ചു നിൽക്കുന്നുണ്ട്.

മോനേ, നീ അറിയുന്നുണ്ടോ നിന്നെ ഈ സമയം വരെയും നടത്തിയത് ആരാണെന്ന്? നീ ചിലപ്പോൾ മത്സരിച്ചു. നീ ഒരു പക്ഷേ മറുതലിച്ചു, സംശയിച്ചു. പക്ഷേ, ആ ദൈവസ്നേഹം നിന്നെ വിട്ടുമാറിയില്ല. നിനക്കു പലതും മനസ്സിലായില്ല എങ്കിലും ദൈവസ്നേഹം നിന്നെ വിട്ടുമാറിയില്ല. നിനക്കു പ്രതിസന്ധികൾ വന്നു. പ്രശ്നങ്ങൾ വന്നു, ആകുലങ്ങൾ വന്നു. ആവലാതികൾ വന്നു. വലിയ വലിയ ഞെരുക്കങ്ങൾ വന്നു. മുന്നോട്ട് ഒരു ചുവടുപോലും വയ്ക്കാൻ കഴിയാത്ത രീതിയിൽ പ്രശ്നങ്ങൾ തെറുത്തുയർന്നു വന്നു.

മോളേ, കുടുംബത്തിൽ ചില പ്രതിസന്ധികൾ വന്നു. വലിയ നാശങ്ങൾ വന്നു; വലിയ കെടുതികൾ വന്നു. എന്നാൽ നിന്റെ പിന്നാലെ എല്ലാം കണ്ടുകൊണ്ട് ക്ഷമയോടെ നിന്ന്

നിന്നെ ചേർത്തണയ്ക്കാൻ വെമ്പുന്ന കൈകളെ, ആ സ്നേഹത്തിന്റെ കരുത്തുറ്റ കരങ്ങളെ കുഞ്ഞേ, നീ കണ്ടില്ല.

ഇപ്പോൾ ആ സ്നേഹത്തിന്റെ കരമാണ് നിന്നെ വന്നു തലോടുന്നത്. ആ സ്നേഹത്തിന്റെ കരമാണ് നിന്നെ വലയം ചെയ്തു നിൽക്കുന്നത്. ആ കരമാണ് നിന്നെ മാടി മാടി അടുപ്പിക്കുന്നത്. അവൻ നിന്നെ മറന്നിട്ടില്ല. അവൻ നിന്നെ വിട്ടുപോയിട്ടില്ല. അവൻ നിന്നെ ഉപേക്ഷിച്ചിട്ടില്ല. അവന് നിന്നെ ഉപേക്ഷിക്കാൻ സാദ്ധ്യമല്ല. അവന് നിന്നെ വിട്ടുപോകാൻ സാദ്ധ്യമല്ല.

അവൻ സ്നേഹം മാത്രമാണ്. അവന് നിങ്ങളോട് പരിഭവമില്ല. അവൻ ദീർഘക്ഷമയോടെ നിങ്ങളെ സഹിച്ചുകൊണ്ട് നിങ്ങളുടെ പിറകെ ബദ്ധപ്പാടോടെ വന്നു നിൽക്കുകയാണ്. അവന്റെ സ്നേഹാർദ്രമായ കരങ്ങൾ നിങ്ങളുടെ നേരെ നീട്ടുകയാണ്.

പ്രിയപ്പെട്ടവർ ചിലർ വേർപെട്ടുപോയി. താങ്ങാൻ വയ്യാത്ത അപകടമായിരുന്നു. ഏറ്റവും പ്രിയപ്പെട്ട ചിലർ നേരത്തെ ഈ ഭൂമിയിൽ നിന്നു വാങ്ങിപ്പോയി. അത് താങ്ങാനാവാത്ത ഒരു വേദനാവിഷയമായിരുന്നു.

മോനേ, മോളേ, നിന്റെ ജീവിതത്തിൽ ഇങ്ങനെയുള്ള പ്രതിസന്ധികൾ വന്നപ്പോൾ നീ പതറിപ്പോയി; ഉലഞ്ഞുപോയി. എനിക്ക് ആരുമില്ലല്ലോ എന്നു നീ ഓർത്തുപോയി. എന്നെ കാണാൻ ആരുമില്ലല്ലോ, എന്നെ താങ്ങാൻ ആരുമില്ലല്ലോ, എന്നെ ഒന്നു സഹായിപ്പാൻ ആരുമില്ലല്ലോ, ഒരു കൈത്താങ്ങൽ തരാൻ ആരുമില്ലല്ലോ എന്നെല്ലാം നീ ഓർത്തുപോയി.

ഒരു ദൈവപൈതൽ എനിക്കുവേണ്ടി പ്രാർത്ഥിക്കാനില്ലല്ലോ. എന്റെ തലമുറയിൽ എന്റെ കുടുംബങ്ങളിൽ ഒരു ഭക്തിയുള്ള ദൈവപൈതൽ ഉണ്ടായിരുന്നു എങ്കിൽ എനിക്കുവേണ്ടി പ്രാർത്ഥിച്ചേനെ. എനിക്ക് അതില്ലല്ലോ എന്നെല്ലാം നിങ്ങൾ അമ്പരപ്പിൽ ചിന്തിച്ചുപോയി.

ആരും നിന്നെ കാണാനില്ല. ആരും നിന്നെ കരുതാനില്ല. ആരും നിന്നെ സ്നേഹിപ്പാനില്ല. പക്ഷേ, നിന്നെ സ്നേഹിക്കുന്ന ഒരു യേശുവുണ്ട്. അവനാണ് ഇപ്പോൾ നിന്റെ അടുക്കലേക്ക് വന്നിരിക്കുന്നത്.

നീ ഈ പുരുഷനോടുകൂടെ പോകുന്നുവോ? എന്നാണു പരിശുദ്ധാത്മാവ് ചോദിക്കുന്നത്. നിങ്ങൾ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുന്നു. നേരിട്ടു കണ്ടില്ല. എങ്കിലും നിങ്ങൾ സ്നേഹിക്കാൻ തുടങ്ങുകയാണ്. കാരണം, ഒരു സ്നേഹമാണ് നിങ്ങളെ വലയം ചെയ്യുന്നത്. ഒരു സ്നേഹമാണ് നിങ്ങളെ വശീകരിക്കുന്നത്, ആകർഷിക്കുന്നത്. പറഞ്ഞുതീരാത്ത മഹിമ! അവർണ്ണനീയമായ മഹിമ! അനിർവ്വചനീയമായ മഹിമ! അഗോചരമായ മഹിമ!

> *"ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു. കർത്താവിന്റെ മനസ്സ് അറിഞ്ഞവൻ ആർ? അവന്നു മന്ത്രി ആയിരുന്നവൻ ആർ? അവന്നു വല്ലതും മുമ്പെ കൊടുത്തിട്ട് പ്രതിഫലം വാങ്ങുന്നവൻ ആർ? സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ; അവന്നു എന്നേക്കും മഹത്വം ആമേൻ."* *റോമർ 11 : 33 – 36*

'ദൈവം എന്റെ പിതാവായപ്പോൾ' എന്ന ഒരു പുസ്തകമുണ്ട്. ബിൽക്യുസ് ഷെയ്ക് എഴുതിയ ആ പുസ്തകത്തിൽ ഓരോ ചുവടുവയ്പ്പിലും പരിശുദ്ധാത്മാവ് നടത്തുന്ന കാര്യം ബിൽക്യുസ് ഷെയ്ക് പറയുന്നു. ഞാൻ വായിച്ച് അത്ഭുതപ്പെട്ടു.

ഗുൽഷാൻ എസ്ഥേർ എഴുതിയ 'ചീന്തിയ മൂടുപടം' എന്ന പുസ്തകവും വായിച്ചു. അതിൽ ഗുൽഷാൻ എസ്ഥേ

റിനെ ദൈവാത്മാവ് തൊട്ടുതൊട്ടു നടത്തുന്നു. നമുക്ക് വിശ്വസിക്കുവാൻ സാധിക്കുമോ? സത്യമായും ഒരു ദൈവാത്മാവ് പ്രവർത്തിക്കുന്നു. ആവശ്യക്കാരുടെ ഇടയിൽ പ്രവർത്തിക്കുന്നു; നമ്മുടെ ഇടയിലൂടെ സഞ്ചരിക്കുന്നു; നമ്മുടെ അരികത്തുവന്നു നിൽക്കുന്നു. നാം ഈ പുറമെയുള്ള കണ്ണുകൊണ്ട് കാണുന്നില്ല.

കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കാമോ? വിശ്വസിക്കാമോ? എന്നാൽ പറഞ്ഞുതീരാത്തതും മഹിമയുള്ളതുമായ സന്തോഷത്തോടെ ആനന്ദിക്കാം. വിശ്വാസത്തിന്റെ അന്തമായ ആത്മരക്ഷ പ്രാപിക്കാം.

ഇന്ന് നിങ്ങളുടെ ബുദ്ധിയിൽ പലതും മനസ്സിലാകുന്നില്ല. മനുഷ്യബുദ്ധിക്കു വിധേയമാകുമോ ദൈവത്തിന്റെ കാര്യങ്ങൾ? നിത്യനായ ദൈവത്തിന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവുമാകുന്നു! ആർക്കും മനസ്സിലാവുകയില്ല.

കർത്താവിന്റെ മനസ്സ് അറിഞ്ഞവനാര്? അവന്നു മുമ്പെ വല്ലതും കൊടുത്തിട്ട് പ്രതിഫലം വാങ്ങുന്നവൻ ആര്? സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ.

നിങ്ങളെ സ്നേഹത്തോടെ ക്ഷണിക്കുന്ന ക്രിസ്തു. പരിശുദ്ധാത്മാവ് നിങ്ങളെ വലയം ചെയ്തുകൊണ്ട് സ്നേഹത്തോടെ വിളിക്കുന്നു. നിങ്ങൾ വിശ്വസിക്കൂ. അനുഭവങ്ങൾ പിന്നാലെ വരും.

ഞാൻ ഭക്തസിംഗിന്റെ ചില പുസ്തകങ്ങൾ വായിച്ചു. നല്ല ജീവസ്സുറ്റ അനുഭവങ്ങൾ! ദൈവത്തിന്റെ പരിശുദ്ധാത്മാവ് തൊട്ടു തൊട്ടു നടത്തുന്നു. ഭക്തന്മാരുടെ അനുഭവമാണത്.

വളരെ ആത്മീയമായ, ശക്തമായ തേജസ്സോടെ നിന്ന ഒരു ദൈവദാസനാണ് ഭക്തസിംഗ്. നമ്മുടെ ഭാരതത്തിൽ തന്നെ ജനിച്ചുവളർന്ന ഒരാൾ. അദ്ദേഹം തന്റെ അനുഭവം പറ

യുന്നു: ഒരു കവലയിൽ എത്തുമ്പോൾ ഇനി വലത്തോട്ടു നടക്ക് എന്ന് പരിശുദ്ധാത്മാവ് അദ്ദേഹത്തോടു പറയുന്നു. വഴി അറിയാൻ പാടില്ല. കുറച്ചങ്ങു പോകുമ്പോൾ, നേരെ മുന്നോട്ടു നടക്കാൻ പറയുന്നു. കുറച്ചുകൂടി മുമ്പോട്ടു ചെല്ലുമ്പോൾ, കുറച്ചുകൂടി മാറി വേറൊരു വഴിക്ക് നടക്കാൻ പറയുന്നു. ആത്മാവ് എത്തേണ്ടിടത്തേക്ക് ഇങ്ങനെ നടത്തിക്കൊണ്ടു പോകുകയാണ്.

എന്റെ സഹോദരങ്ങളേ, നിങ്ങൾ വിശ്വാസികളാകൂ. സത്യമായും ഒരു ദൈവം ജീവിക്കുന്നു. കർത്താവായ യേശു ക്രിസ്തു, ദൈവത്തിന്റെ ഏകജാതനായ തിരുക്കുമാരൻ കുരിശിൽ മരിച്ചു. എന്റെ പാപത്തിനുവേണ്ടി മരിച്ചു. ക്രിസ്തു മരിക്കുന്നതിനുമുമ്പ് പറഞ്ഞു: ഞാൻ പോകുന്നതു നിങ്ങൾക്ക് നല്ലത്. ഞാൻ പോയാൽ കാര്യസ്ഥനെ നിങ്ങൾക്ക് അയച്ചുതരും. അവൻ വന്ന് നിങ്ങളെ സകല സത്യത്തിലും വഴി നടത്തും.

കാര്യസ്ഥനായ പരിശുദ്ധാത്മാവ് പെന്തിക്കൊസ്തി പെരുന്നാൾ ദിവസം കാത്തിരുന്ന ശിഷ്യന്മാരുടെമേൽ ഇറങ്ങി. ആ പരിശുദ്ധാത്മാവ് ഇന്ന് നാടായ നാടെല്ലാം വ്യാപരിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ ആ പരിശുദ്ധാത്മാവാണ് നിങ്ങളുടെ അരികത്ത് വന്ന് നിൽക്കുന്നത്. ആ പരിശുദ്ധാത്മാവാണ് നിങ്ങളോട് വാദിക്കുന്നത്. ആ പരിശുദ്ധാത്മാവാണ് നിങ്ങളുടെ ഹൃദയത്തിൽ മുട്ടിക്കൊണ്ടിരിക്കുന്നത്.

> *"ഞാൻ വാതിൽക്കൽ നിന്ന് മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും."*
>
> *വെളിപ്പാട് 3 : 20*

പറഞ്ഞുതീരാത്ത ആനന്ദം! യിസ്ഹാക്കിന്റെ മണിയറയിലേക്കുള്ള പ്രവേശനം! യിസ്ഹാക്കിന്റെ മണവാട്ടിയായിത്തീരുന്ന മഹാഭാഗ്യം! യാത്ര ക്ലേശകരമാണ്. മരുഭൂമിയല്ലേ?

റിബെക്ക തളർന്നു. റിബെക്ക ഇടയ്ക്കു ചോദിക്കും: ഇനി എത്ര ദൂരമുണ്ട്? നല്ല വെയിൽ, നല്ല ദാഹം. സാരമില്ല, എല്യേസർ പറയും: യിസ്ഹാക്കിന്റെ വർണ്ണനകൾ തുടങ്ങുമ്പോൾ റിബെക്കയുടെ ക്ഷീണം മാറും.

യിസ്ഹാക്കിന്റെ വർണ്ണനകൾ കേട്ടു കേട്ടു ക്ഷീണം മാറി അവൾ നടക്കുകയാണ്. യിസ്ഹാക്കിന്റെ ആകാരസൗഷ്ടവം, സ്നേഹാർദ്രമായ ഹൃദയം, അനുസരണശീലമാർന്ന മനസ്സ്, അപ്പനോടുള്ള പ്രതിബദ്ധത, കുടുംബത്തിന്റെ യശസ്സു കാക്കാനുള്ള മനോഭാവം, ആഭിജാത്യമുള്ള യൗവ്വനം. ഓരോന്നോരോന്ന് കാര്യസ്ഥൻ വിവരിക്കുകയാണ്. യിസ്ഹാക്കിനെക്കുറിച്ചുള്ള വർണ്ണന കേൾക്കുമ്പോൾ അവളുടെ ക്ഷീണം പോകും.

ഈ ലോകജീവിതത്തിൽ ക്ലേശങ്ങളുണ്ട്. ഈ ലോകജീവിതത്തിൽ ഭാരങ്ങളുണ്ട്. യേശുവിന്റെ വർണ്ണനകൾ കേൾക്കുമ്പോൾ, ആത്മാവിന്റെ വചനം വായിക്കുമ്പോൾ, വചനം നിങ്ങളുടെ ഹൃദയത്തിലേക്കു കടക്കുമ്പോൾ, വചനം നിങ്ങളെ സമീപിക്കുമ്പോൾ, വചനം നിങ്ങളെ തലോടുമ്പോൾ, വചനം നിങ്ങളെ തഴുകുമ്പോൾ, വചനത്തിന്റെ ശക്തി നിങ്ങളിലേക്കിറങ്ങുമ്പോൾ ക്ഷീണങ്ങൾ മാറുകയാണ്. ശരീരത്തിലെ ക്ലേശങ്ങൾ മാറുന്നു. ശരീരത്തിന്റെ വേദനകൾ മാറുന്നു. ശരീരത്തിന്റെ രോഗങ്ങൾ മാറുന്നു.

വചനം കേൾക്കുമ്പോൾ ശരീരത്തിലുള്ള ചില മുഴകൾ അപ്രത്യക്ഷമാകുന്നു. മുഴയോടുകൂടി വചനം കേൾക്കാൻ വന്നിരുന്നു. വചനം കേട്ടുകഴിഞ്ഞപ്പോൾ മുഴ കാണുന്നില്ല. ശക്തമായ വയറുവേദനയോടുകൂടി വന്നിരുന്നു. വചനം കേട്ടുകഴിഞ്ഞപ്പോൾ വയറുവേദന മാറുന്നു.

പല നാളുകളായി ഉറങ്ങാൻ പറ്റുന്നില്ല. ഉറക്കം വരുന്നില്ല. ഭയങ്കര ഭീതിയും ആവലാതിയും. എന്നാൽ വചനം കേട്ടു, സമാധാനമായി കിടന്നുറങ്ങി.

എന്നും ദു:സ്വപ്നം കണ്ട് ഞെട്ടിയുണരുന്നു. ആരോ

പിടിച്ച് എറിയുന്നതുപോലെ കിടക്കയിൽ നിന്നെടുത്ത് മുകളി ലോട്ട് എറിയുന്നു. ഉറക്കെ അലറിക്കരഞ്ഞുകൊണ്ട് ഉച്ചത്തിൽ മുറവിളികൂട്ടുന്നു.

അമ്മ വിളിച്ച് എഴുന്നേൽപ്പിക്കുന്നു: "മോളേ, എന്തുപറ്റി?" "അയ്യോ, എന്നെ ആരാണ്ട് എടുത്ത് മുകളിലേക്ക് എറിഞ്ഞു. വായും മൂക്കും പൊത്തിപ്പിടിച്ചു. എനിക്ക് ശ്വാസം കിട്ടുന്നില്ല." "മോളേ, തോന്നലാണ്." "അല്ലമ്മേ, എന്നെ ആരോ പിടിച്ച് എറി ഞ്ഞതാണ്."

വചനം കേട്ടു. വചനം കേട്ടു കഴിഞ്ഞപ്പോൾ പിന്നെ ആരും മൂക്കും വായും പൊത്താനും വരുന്നില്ല, എടുത്തെറിയാനും വരുന്നില്ല. സുഖമായി കിടന്നുറങ്ങുന്നു.

എന്താണു കാരണം? ഈ അത്ഭുതപുരുഷൻ, പരിശുദ്ധാ ത്മാവ്, ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവ് നിങ്ങ ളോടു ചേർന്ന് നിങ്ങളെ തലോടുകയാണ്. പരിശുദ്ധാത്മാവ് നിങ്ങളുടെ അരികത്തേക്കു വന്ന്, നിങ്ങളുടെ കണ്ണുനീരു തുട യ്ക്കാൻ ബദ്ധപ്പെടുകയാണ്. കർത്താവായ യേശു തന്നെയാ ണത്. അത് ജീവനുള്ള ക്രിസ്തുവാണ്. അവന്റെ തൃക്കരം നിങ്ങളുടെ കണ്ണുനീര് തുടച്ചുതരും. നിങ്ങളുടെ ആവലാതികൾ മാറ്റിത്തരും.

രോഗം മാറ്റിത്തരിക മാത്രമല്ല, നിങ്ങളുടെ പലപല പ്രശ്ന ങ്ങക്ക് പരിഹാരം തരും. കടത്തിന്റെ ആകുലങ്ങൾക്ക് ഒരു പൊറുതി തരും. സത്യമായും ഒരു ദൈവം നമ്മുടെ മദ്ധ്യത്തി ലുണ്ട്. ദൈവജനമേ, നിങ്ങളുടെ ഹൃദയത്തിന്റെ വിവിധങ്ങ ളായ ആവശ്യങ്ങൾ നിറവേറ്റിത്തന്ന്, ആകുലങ്ങൾ മാറ്റിത്തന്ന് നിങ്ങളെ അത്ഭുതകരമായി നടത്താൻ ഈ ദൈവം ശക്ത നാണ്. അത്ഭുതങ്ങളുടെ ദൈവമാണ് നമ്മുടെ കർത്താവായ യേശുക്രിസ്തു!

മാറാരോഗങ്ങൾ മാറ്റുന്നവനാണ് കർത്താവായ യേശു ക്രിസ്തു. ഹൃദയം തകർന്നവരെ മുറികെട്ടുന്നവനാണവൻ!

അത്ഭുതങ്ങളുടെ കാലം തീർന്നുപോയിട്ടില്ല. ദൈവപൈതലേ, നീ വിശ്വസിക്കൂ. നിന്റെ ജീവിതത്തിലെ പാപങ്ങൾ നീ കണ്ടുപിടിക്കൂ. ഏറ്റുപറഞ്ഞ് ഉപേക്ഷിക്കൂ. സകല പാപങ്ങളോടും യാത്ര പറയൂ. പാപമില്ലാത്ത പുതിയ ജീവിതം നീ തുടങ്ങൂ. പാപമില്ലാത്ത ജീവിതത്തിന്റെ സൗഖ്യം നീ അനുഭവിക്കൂ. പാപം മാറുമ്പോഴുണ്ടാകുന്ന ആന്തരികശാന്തിയുടെ അത്ഭുതകരമായ അനുഭൂതി നീ അനുഭവിക്കൂ.

നിന്റെ ജീവിതത്തിലേക്ക് ക്രിസ്തു കടന്നുവരട്ടെ. ക്രിസ്തു നിന്നെ വലയം ചെയ്യട്ടെ; ക്രിസ്തു നിന്നെ തലോടട്ടെ; ക്രിസ്തുവിന്റെ ആണിപ്പാടുള്ള കരം നിന്റെ ശിരസ്സിൽ വയ്ക്കട്ടെ. നിന്റെ സകല പാപങ്ങളും ക്ഷമിക്കട്ടെ. ശാപദോഷങ്ങൾ നീക്കട്ടെ.

## പത്ത്

*"വൈകുന്നേരത്ത് യിസ്ഹാക്ക് ധ്യാനിപ്പാൻ വെളി പ്രദേശത്ത് പോയിരുന്നു; അവൻ തലപൊക്കി നോക്കി ഒട്ടകങ്ങൾ വരുന്നതു കണ്ടു."*

*ഉല്പത്തി 24 : 63*

വേദപുസ്തകത്തിലെ പഴയനിയമത്തിലുള്ള സംഭവ ങ്ങൾക്കും വിവിധ വസ്തുതകൾക്കും പൊരുളായ അർത്ഥം പുതിയനിയമത്തിൽ നമുക്ക് കാണാൻ സാധിക്കും.

പഴയനിയമത്തിലുള്ളതെല്ലാം നിഴലാണ്. പുതിയനിയമ ത്തിൽ എല്ലാം പൊരുളായി നമുക്കു ലഭിക്കുകയാണ്. പഴയനി യമത്തിൽ നാം കാണുന്ന ഓരോ കഥാപാത്രവും പുതിയനിയ മത്തിലേക്കു വരുമ്പോൾ സജീവയാഥാർത്ഥ്യങ്ങളായി, വസ്തുനിഷ്ഠമായി നമുക്ക് നേരിട്ടു കാണാനും അനുഭവി ക്കാനും സാധിക്കുന്നു.

അബ്രാഹാം പിതാവ്, പിതാവാം ദൈവത്തിന്റെ ഒരു പ്രതിനിധീകരണമാണ്; ഒരു പ്രതീകമാണ്!

യിസ്ഹാക്ക്, പിതാവിന്റെ ഏകജാതനായ കർത്താവായ യേശുക്രിസ്തുവിന്റെ ഒരു പ്രതീകമാണ്. എല്യേസർ പരിശു ദ്ധാത്മാവിന്റെ പ്രതീകമാണ്. പിതാവ്, പുത്രൻ, പരിശുദ്ധാ ത്മാവ് എന്ന ത്രിത്വം സംയോജിതരായി ആവിഷ്ക്കരിക്കപ്പെട്ടി രിക്കുന്ന അദ്ധ്യായമാണ് ഉല്പത്തി 24-ാം അദ്ധ്യായം.

അബ്രാഹാം പിതാവ് എല്യേസറിനെ തന്റെ ഏകജാതനായ

യിസ്ഹാക്കിന് ഒരു മണവാട്ടിയെ തേടി പറഞ്ഞുവിടുകയാണ്. അങ്ങ് ദൂരെ ദൂരെ കനാനിൽ നിന്നും ഹാരാനിലേക്ക് യിസ്ഹാക്കിന് മണവാട്ടിയെ തേടി എല്യേസർ പോവുകയാണ്.

പിതാവായ ദൈവം കർത്താവായ യേശുക്രിസ്തുവിന് മണവാട്ടിസഭയെ ഒരുക്കുന്നതിനുവേണ്ടി പരിശുദ്ധാത്മാവിനെ ഈ ഭൂമിയിലേക്ക് അയച്ചിരിക്കുന്നതിന്റെ ദൃഷ്ടാന്തവത്ക്കരണമാണ് വാസ്തവത്തിൽ നാം കാണുന്നത്.

നിത്യനായ ദൈവം തന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിന് ഒരു മണവാട്ടിയായി മണവാട്ടിസഭയെ നീതിയിൻ വസ്ത്രം ധരിപ്പിച്ച് ഒരുക്കുന്നതിന്, ആടയാഭരണങ്ങൾ അണിയിച്ചൊരുക്കുന്നതിന് വേണ്ടി കാര്യസ്ഥനായ പരിശുദ്ധാത്മാവിനെ, ആശ്വാസപ്രദനായ പാറക്കലീത്തയെ അയയ്ക്കുകയാണ്.

പൊരുളായ വസ്തുതയുടെ നിഴലായി ഈ കാര്യം അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും എല്യേസറിന്റെയും ജീവിതത്തിൽക്കൂടി നമുക്ക് പരിശുദ്ധാത്മാവ് വ്യക്തമായി വരച്ചു കാണിച്ചു തരികയാണ്.

എല്യേസർ അങ്ങ് ദൂരെ ദൂരെ ഹാരാനിൽ, പത്ത് ഒട്ടകങ്ങളുമായി ചെന്നു. റിബെക്കയെ കണ്ടുമുട്ടി. വളരെ യാദൃച്ഛികമായി കണ്ടുമുട്ടിയതുപോലെ തോന്നും. പക്ഷേ, എല്ലാം ദൈവനിശ്ചയമാണ്. ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം ദൈവനിശ്ചയമാണ്. എല്ലാം ദൈവികമായ ഒരു കാര്യപരിപാടിയുടെ പൂർത്തീകരണമാണ്.

നാം ഈ ഭൂമിയിലേക്ക് വന്നത് യാദൃച്ഛികമായിട്ടല്ല. നമ്മുടെ ജീവിതത്തിൽ ഇതുവരെ സംഭവിച്ചതൊന്നും യാദൃച്ഛികമായിട്ടല്ല; നമ്മുടെ ജീവിതത്തിൽ വന്ന കെടുതികൾ; ദുർവിപര്യയങ്ങൾ, യാതനകൾ, കഷ്ടതകൾ, പ്രയാസങ്ങൾ, പ്രതിസന്ധികൾ ഒന്നും യാദൃച്ഛികമല്ല.

ജീവിതത്തിൽ വന്ന നേട്ടങ്ങൾ, അനുഗ്രഹങ്ങൾ, നാം കൈവരിച്ച നല്ലകാര്യങ്ങൾ, അവയും യാദൃച്ഛികമല്ല. ദൈവം അറിയാതെ ഒന്നും സംഭവിക്കുന്നില്ല; ദൈവനിശ്ചയപ്രകാരം ഓരോന്നും നടക്കുന്നു.

ജീവനുള്ള ദൈവത്തിന് നമ്മെ ഓരോരുത്തരെക്കുറിച്ചും സുനിയതമായ ചില പദ്ധതികളുണ്ട്; വളരെ വ്യക്തമായ ചില പ്ലാനുകളുണ്ട്. നമ്മെ എവിടെ എത്തിക്കണമെന്ന് വളരെ കൃത്യ മായ ഒരു കാര്യപരിപാടിയുണ്ട്. നമ്മുടെ ജീവിതത്തിൽ നമ്മെ എവിടെ എത്തിക്കണമെന്നുള്ള ആഗ്രഹംകൊണ്ടും പദ്ധതി കൊണ്ടും ദൈവം അതിലേക്ക് നമ്മെ ബദ്ധപ്പെടുത്തിക്കൊണ്ടി രിക്കയാണ്.

റിബെക്കയോട് അവളുടെ അമ്മയും സഹോദരനും ചോദിക്കുന്നുണ്ട്: നീ ഈ പുരുഷനോടുകൂടെ പോകുന്നുവോ എന്ന്. അമ്മയും സഹോദരനും കാര്യസ്ഥനായ എല്യേസറി നോട് പറയുന്നുണ്ട്, ബാല ഒരു പത്തുദിവസംകൂടി ഞങ്ങളുടെ കൂടെ പാർക്കട്ടെ, എന്നിട്ട് പറഞ്ഞുവിടാം, കുറച്ചുകൂടി കഴി ഞ്ഞോട്ടെ എന്ന്.

നീ ഈ പുരുഷനോടുകൂടെ പോകുന്നുവോ എന്നു ചോദിക്കുമ്പോൾ റിബെക്ക പറയുന്നു: “ഞാൻ പോകുന്നു.” ഞാൻ പോകുന്നു എന്ന ഒറ്റ സമർപ്പണത്തിൽ എത്ര ദൂരവ്യാപ കമായ കാര്യങ്ങളാണ് പിൽക്കാലത്ത് ശക്തമായ മുന്നേറ്റമായി നാം കാണുന്നത്!

എന്തൊരത്ഭുതം! നീ പോകുന്നുവോ എന്നു ചോദിക്കു മ്പോൾ ഞാൻ പോകുന്നു എന്ന് പറയേണ്ടതിനു പകരം റിബെക്ക ഒന്നു മടിച്ചിരുന്നെങ്കിൽ ദൈവത്തിന്റെ കാര്യപരിപാ ടികൾ തകർന്നേനെ. ദൈവത്തിന്റെ ഉദ്ദേശങ്ങൾ എല്ലാം മാറി പ്പോയേനെ.

നമ്മുടെ ജീവിതത്തിൽ ഒരിക്കലും ദൈവിക ഉദ്ദേശ്യം

നിറവേറ്റുന്നതിന് തടസ്സമായി നാം നിൽക്കരുത്. നമ്മെ ഓരോ സ്ഥാനത്തെത്തിക്കുവാനുള്ള ദൈവത്തിന്റെ പരിശ്രമത്തിന് വിഘ്നം സൃഷ്ടിക്കാൻ നമ്മുടെ യാതൊരു ചെയ്തികളും വാക്കുകളും കാരണമായിത്തീരരുത്. ഒരു കാരണവശാലും ജീവനുള്ള ദൈവം നമ്മെ വളർത്താനും ഉയർത്താനും അനുഗ്രഹിക്കാനും നോക്കുമ്പോൾ, ആ അനുഗ്രഹത്തിന് വിഘ്നം സൃഷ്ടിക്കുന്ന യാതൊരു പ്രതികരണങ്ങളും നമ്മിൽ നിന്ന് വന്നുപോകരുത്. യാതൊരു പ്രവണതയും യാതൊരു പെരുമാറ്റവും നമ്മിൽനിന്ന് വന്നുപോകരുത്.

റിബെക്ക, “ഞാൻ പോകുന്നു” എന്നു പറഞ്ഞു. റിബെക്ക തീരുമാനമെടുത്തു. റിബെക്ക സമർപ്പിച്ചു. യിസ്ഹാക്കിന്റെ ഭാര്യയാകാൻ സമർപ്പിക്കുമ്പോൾ റിബെക്ക അറിയുന്നില്ല യിസ്ഹാക്ക് ആരാണെന്ന്. കാര്യസ്ഥനായ എല്യേസർ യിസ്ഹാക്കിനെക്കുറിച്ച് പറഞ്ഞ വർണ്ണനകൾ മാത്രമേ അവൾ കേട്ടിട്ടുള്ളൂ.

അവൾക്ക് നേരിട്ട് അറിവില്ല. യിസ്ഹാക്കിനെ കണ്ടിട്ടില്ല. യിസ്ഹാക്കിനെക്കുറിച്ച് നേരത്തെ കേട്ടിട്ടില്ല, യിസ്ഹാക്കിന്റെ സ്വഭാവം എന്താണെന്ന് അറിഞ്ഞുകൂടാ. എങ്ങനെയുള്ളവൻ എന്നു മനസ്സിലായിട്ടില്ല. പക്ഷേ, ഈ കാര്യസ്ഥൻ പറഞ്ഞ വാക്കുകൾ അവൾക്ക് വിശ്വസിക്കാൻ കഴിഞ്ഞു.

നാം ദൈവത്തിന്റെ വചനം കേൾക്കുമ്പോൾ വിശ്വസിക്കാൻ സാധിക്കുന്നത് ഒരു മഹാഭാഗ്യമാണ്. ഒന്നും സംശയിക്കാതെ, ഒന്നും ബുദ്ധികൊണ്ട് അപഗ്രഥിച്ചുനോക്കാതെ, നമ്മുടെ കാര്യകാരണവിവേചനശക്തികൊണ്ട് ഒന്നും വിശകലനം ചെയ്യാതെ കണ്ണുമടച്ച് വിശ്വസിക്കാൻ കഴിയുമെങ്കിൽ അതൊരു വലിയ കൃപയാണ്, വലിയ ഭാഗ്യമാണ്.

നമ്മുടെ ജീവിതത്തിൽ നാം എപ്പോഴും ദൈവത്തിന്റെ വചനത്തെ വിശ്വസിക്കുന്നവരായിരിക്കണം. ദൈവത്തിന്റെ

കാര്യപരിപാടികളെ വിശ്വസിക്കുന്നവരായിത്തീരണം. എല്ലാം കാണുന്ന ഒരു ദൈവമുണ്ട്, എന്നെ ഭൂമിയിലേക്ക് കൊണ്ടുവന്ന ഒരു ദൈവമുണ്ട് എന്നൊരു വിശ്വാസം. എല്ലാം അറിയുന്ന ഒരു ദൈവമുണ്ട്, എന്റെ ജീവിതത്തിൽ ഇനിയും എല്ലാമെല്ലാം നന്മയ്ക്കാക്കി മാറ്റാൻ ദൈവത്തിനു കഴിയും എന്നുള്ള വിശ്വാസം.

എനിക്കുവന്ന കേടുകളും കെടുതികളും മാറ്റി എനിക്കുവന്ന പോരായ്മകളും കോട്ടങ്ങളും മാറ്റി എന്നെ ഇനിയും ഐശ്വര്യമായി നടത്താൻ ശക്തനായ ഒരു ദൈവമുണ്ട്. ആ ക്രിസ്തു എന്റെ അരികിൽ നിൽക്കുന്നുണ്ട്. ആ ക്രിസ്തു എന്നെ സ്നേഹിക്കുന്നുണ്ട് എന്ന് വിശ്വസിക്കാൻ സാധിക്കുന്നത് ഒരു മഹാഭാഗ്യമാണ്.

റിബേക്കയെ കൂട്ടിക്കൊണ്ട് എല്യേസർ യാത്ര തുടർന്നു.

*"പിന്നെ റിബെക്കയും അവളുടെ ദാസിമാരും എഴുന്നേറ്റ് ഒട്ടകപ്പുറത്തുകയറി ആ പുരുഷനോടുകൂടെ പോയി; അങ്ങനെ ദാസൻ റിബെക്കയെ കൂട്ടിക്കൊണ്ടു പോയി." ഉല്പത്തി 24 : 61*

നെടുകെ കിടക്കുന്ന മരുഭൂമിയിൽക്കൂടി, ഊഷരമായ മരുപ്പറമ്പിൽക്കൂടി ഒട്ടകപ്പുറത്തുകയറി റിബെക്കയും എല്യേസറും വേലക്കാരും ഒട്ടകങ്ങളും എല്ലാമായി അങ്ങനെ യാത്ര ചെയ്തു നീങ്ങുകയാണ്.

അപ്പനേയും അമ്മയേയും സഹോദരനേയും ഇത്രയും കാലം ജീവിച്ചുവന്ന വീടിനേയും എല്ലാം വിട്ടു റിബെക്ക പുറപ്പെടുകയാണ്. പക്ഷേ, അവളുടെ മുന്നിൽ വളരെ വ്യക്തമായ ഒരു ചിത്രമുണ്ട്. വളരെ വ്യക്തമായ ഒരു വസ്തുതയുണ്ട്.

യിസ്ഹാക്കിന്റെ അരികിലേക്കാണ് പോകുന്നത്. അരുമ മണവാളന്റെ അരികിലേക്കാണ് പോകുന്നത്. ഞാൻ കണ്ടിട്ടില്ലെങ്കിലും ഞാൻ അറിഞ്ഞിട്ടില്ലെങ്കിലും എനിക്ക് ഒരു

കാര്യവും വിശദമായിട്ട് അറിയില്ലെങ്കിലും എല്യേസർ പറഞ്ഞ വാക്കുകൾ വിശ്വസിച്ചുകൊണ്ട് ഞാനിതാ പോവുകയാണ്. വളരെ ശക്തമായ ഒരു തീരുമാനമാണ് റിബെക്കയുടെ ആ നടപടി.

സഹോദരങ്ങളേ, നിങ്ങൾ വിശ്വസിക്കൂ. നിങ്ങൾ ക്രിസ്തുവിന്റെ കൂടെ ഇറങ്ങി പുറപ്പെടാനായി നിങ്ങളുടെ ജീവിതം സമർപ്പിക്കുമ്പോൾ, നിങ്ങൾ ഒരു മാനസാന്തരാനുഭവത്തിലേക്കു വരുമ്പോൾ, യേശുക്രിസ്തുവിനെ നിങ്ങളുടെ ഹൃദയത്തിലേക്ക് നിങ്ങൾ വിളിക്കുമ്പോൾ, കർത്താവേ, നീ എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ, നീ എന്റെ നാഥനായി എന്റെ ഹൃദയത്തിലേക്കു വരണമേ എന്ന് പ്രാർത്ഥിക്കുമ്പോൾ സംഭവിക്കുന്നത് ഒരു വലിയ മഹാത്ഭുതമാണ്. ക്രിസ്തു നമ്മുടെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരികയാണ്. ക്രിസ്തു നമ്മുടെ ജീവിതത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുകയാണ്. ക്രിസ്തുവിന്റെ ആത്മാവ് നമ്മെ നടത്തിക്കൊണ്ടുപോവുകയാണ്.

നമുക്ക് ഒന്നും അറിഞ്ഞുകൂടാ. നാം നടന്നുവന്ന വഴികളിലൂടെയല്ല പോകുന്നത്; കണ്ടിട്ടില്ലാത്ത വഴികളിലൂടെയാണ്. ഈ വഴിയെ നീ ഇതിനുമുമ്പ് സഞ്ചരിച്ചിട്ടില്ലല്ലോ എന്ന് യഹോവയായ ദൈവം മോശയോട് പറയുന്നപ്രകാരം നാം സഞ്ചരിച്ചിട്ടില്ലാത്ത വഴികളിൽക്കൂടി നാമിതാ പോവുകയാണ്.

എന്താണ് അടുത്തതെന്ന് നമുക്കറിഞ്ഞുകൂടാ. എന്നാണ് ഈ യാത്ര തീരുന്നത് നമുക്ക് അറിഞ്ഞുകൂടാ. നാം എല്യേസറിന്റെ കൂടെ, പരിശുദ്ധാത്മാവിന്റെ പിറകെ യാത്ര ചെയ്ത് പോവുകയാണ്.

അതെന്ത് സുഖപ്രദമായ യാത്രയാണ്! എല്യേസറിന്റെ, യിസ്ഹാക്കിനെക്കുറിച്ചുള്ള വർണ്ണനകൾ കേൾക്കാം. യിസ്ഹാക്കിന്റെ സ്വഭാവഗുണത്തെക്കുറിച്ചുള്ള വർണ്ണനകൾ

കേൾക്കാം. അബ്രാഹാം പിതാവിന്റെ ഏകജാതനായ യിസ്ഹാക്ക്, വർഷങ്ങൾ വർഷങ്ങൾ നീണ്ട കാത്തിരിപ്പിനു ശേഷം ലഭിച്ച ഈ യിസ്ഹാക്ക്, അപ്പനെ അനുസരിക്കുന്ന ആ ഓമനപ്പുത്രൻ, അപ്പന്റെ മുമ്പിൽ കൈനീട്ടിക്കൊടുത്ത മകൻ, അപ്പൻ കൈയും കാലും കെട്ടി യാഗപീഠത്തിന്മേൽ കിടത്തിയപ്പോൾ, പുഞ്ചിരിയോടെ അപ്പന്റെ മുഖത്തേക്കു നോക്കി അങ്ങനെ യാഗപീഠത്തിന്മേൽ കിടന്ന യിസ്ഹാക്ക്. അങ്ങനെ ഓരോന്നോരോന്ന് റിബെക്കയെ വർണ്ണിച്ചുകേൾപ്പിക്കുകയാണ്.

ഓരോ വാക്കും കേൾക്കുമ്പോൾ റിബെക്കയുടെ ഹൃദയം ആനന്ദംകൊണ്ട് പുളകം കൊള്ളുകയാണ്. സമാധാനവും സന്തോഷവും ഹൃദയത്തിലേക്ക് അലതല്ലി കടന്നുവരികയാണ്. ആശ്വാസത്തിന്റെ അത്ഭുതകരമായ നിമിഷങ്ങൾ അവൾ ചിലവഴിക്കുകയാണ്; യാത്രാക്ലേശം മറക്കുകയാണ്. ദുരിതങ്ങൾ മറക്കുകയാണ്. ഉഷ്ണക്കാറ്റ്, അവളെ ഏശാതെ, അവളുടെ ശരീരത്തിൽ ഏൽക്കുന്നുണ്ടെങ്കിലും അത് അറിയാതെ അതിനേക്കാൾ അപ്പുറം അനുഗ്രഹദായകമായ വാക്കുകൾ കേട്ട് അവൾ ആനന്ദംകൊണ്ട്, ആശ്വാസംകൊണ്ട് മുന്നോട്ടു പോവുകയാണ്.

കഠിനമായ, ശക്തമായ സൂര്യരശ്മികളുടെ ആഘാതം അവളുടെ ശരീരത്തിൽ ഏൽക്കുന്നുണ്ട്. എങ്കിൽപ്പോലും വലിയോരു സമാധാനത്തിന്റെ, സ്നേഹത്തിന്റെ മൂടുപടം അണിഞ്ഞുകൊണ്ട് അവളിതാ യാത്ര ചെയ്തുപോകുകയാണ്.

പ്രിയപ്പെട്ടവരേ, നിങ്ങളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ വചനം നിങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, പരിശുദ്ധാത്മാവിന്റെ വചനത്തോടു ചേർന്നു നിങ്ങൾ യാത്രചെയ്യുമ്പോൾ ഇതുവരെയും നിങ്ങൾ അനുഭവിച്ചിട്ടില്ലാത്ത ആശ്വാസം നിങ്ങൾക്ക് ലഭിക്കും. നിങ്ങൾക്കു കിട്ടിയിട്ടില്ലാത്ത ഒരു സന്തോഷം നിങ്ങൾക്കു ലഭിക്കും. നിങ്ങൾ ഈ ക്ലേശ

ങ്ങൾ മറക്കും.

ഇന്നിവിടെ നമുക്ക് ക്ലേശങ്ങളും രോഗങ്ങളും ഉണ്ട്. വേദനകളും പ്രശ്നങ്ങളുംകൊണ്ട് ഉള്ള് വിങ്ങുന്നുണ്ട്. ഹൃദയം ഉരുകിത്തിളയ്ക്കുന്നുണ്ട്. മനസ്സ് ചിലപ്പോഴെല്ലാം പതറുന്നുണ്ട്. ഭീതിയും ഭയവും നമ്മെ അലട്ടുന്നുണ്ട്. നാളെയെക്കുറിച്ചുള്ള ആശങ്കകൾ നമ്മെ വലയം ചെയ്യുന്നുണ്ട്. എങ്ങനെ മുന്നോട്ടു പോകുമെന്നറിയാതെ നാം അമ്പരിപ്പിലാകുന്നുണ്ട്; പരിഭ്രമം നമ്മെ മൂടുന്നുണ്ട്, നാം പലപ്പോഴും അമ്പരപ്പിലായി നിന്നുപോകാറുണ്ട്. ഇവിടെ ഈ ദുരിതം പിടിച്ച യാത്രയിൽ, ഈ ക്ലേശഭൂയിഷ്ഠമായ യാത്രയിൽ നമുക്കു താങ്ങും തണലുമായി ദൈവത്തിന്റെ വചനവും ദൈവത്തിന്റെ ആത്മാവും എപ്പോഴും കൂടെയുണ്ടായിരിക്കും.

ജീവനുള്ള ദൈവത്തിന്റെ വചനം, ശക്തമായ ദൈവത്തിന്റെ വചനം, ചലിപ്പിക്കുന്ന ദൈവത്തിന്റെ വചനം, മനസ്സിനെ ഉന്മേഷഭരിതമാക്കുന്ന ദൈവത്തിന്റെ വചനം, ആശ്വാസംദാനം ചെയ്യുന്ന ദൈവത്തിന്റെ വചനം, ഹൃദയത്തിൽ സന്തോഷം നിറയ്ക്കുന്ന ദൈവത്തിന്റെ വചനം, ഈ വചനം നമ്മെ ആശ്വസിപ്പിച്ച് നടത്തിക്കൊണ്ടു പോവുകയാണ്.

അബ്രാഹാം തന്റെ ഏകജാതനായ മകൻ യിസ്ഹാക്കിനെ മോറിയാമലയിൽ യാഗം കഴിക്കാൻ ദൈവകല്പന അനുസരിച്ചുപോകുന്നു. അതിനെ തുടർന്ന് നാം തിരുവചനത്തിൽ വായിക്കുന്നു:

*"ബെഥൂവേൽ റിബെക്കയെ ജനിപ്പിച്ചു."*

*ഉല്പത്തി 22 : 23*

യിസ്ഹാക്കിന്റെ ബലി, അതിനെത്തുടർന്ന് റിബെക്കയുടെ ജനനം. വളരെ അർത്ഥവത്താണ്. യാഗം കഴിഞ്ഞ് മണവാട്ടി പിറക്കുന്നു! പ്രിയപ്പെട്ടവരേ, യിസ്ഹാക്കിന്റെ ബലി-ആ യാഗം കഴിഞ്ഞു. ഇതാ യിസ്ഹാക്കിനുള്ള കന്യക പിറന്നു

കഴിഞ്ഞു.

കർത്താവായ യേശുക്രിസ്തുവിന്റെ മണവാട്ടിയാണ് സഭ. ഈ സഭ ഉദയം കൊള്ളുന്നത് യേശുവിന്റെ ക്രൂശാരോഹണത്തെത്തുടർന്നാണ്. യേശുവിന്റെ ക്രൂശിലെ തിരുബലിയെത്തുടർന്നാണ്. യേശുക്രിസ്തുവിന്റെ തിരുബലിയുടെ ഫലമായിട്ടാണ് ക്രൈസ്തവസഭ, ക്രിസ്തുവിശ്വാസികൾ ഉളവാകുന്നത്.

വേദപുസ്തകത്തിലെ ഒരു സംഭവവും നിസ്സാരമല്ല. ഓരോ വാക്കും അർത്ഥവത്താണ്; വിലയേറിയതാണ്. ഈ ബൈബിൾ മനോഹരമായ ആശയം ഉൾക്കൊള്ളുന്നു എന്നു മാത്രമല്ല ഇത് സജീവചൈതന്യമാർന്ന വചനമാണ്; ദൈവത്തിന്റെ വാക്കാണ്.

യിസ്ഹാക്കിന്റെ യാഗം കഴിഞ്ഞ ഉടനെ ബെഥൂവേൽ റിബെക്കയെ ജനിപ്പിച്ചു. തുടർന്ന് നാം കാണുന്നത് അബ്രാഹാമിന്റെ ഭാര്യയായ സാറായുടെ മരണമാണ്. എല്ലാം വളരെ അർത്ഥവത്താണ്.

യിസ്ഹാക്കിന്റെ ബലി, റിബെക്കയുടെ ജനനം, സാറായുടെ മരണം. അബ്രാഹാം പിതാവ് ഈക്കണ്ട യാത്രയെല്ലാം കഴിഞ്ഞ് ഇന്ന് ആദ്യമായി ഒരു തുണ്ട് നിലം വാങ്ങുകയാണ്; അല്പം ഭൂമി സമ്പാദിക്കുകയാണ്. മക്പേലാ ഗുഹ തന്റെ ഭാര്യയായ സാറയെ അടക്കാൻ വേണ്ടിയാണ് അബ്രാഹാം വിലകൊടുത്തു വാങ്ങിയത്.

ആ ഗുഹയിൽ, സാറാ, അബ്രാഹാം, യിസ്ഹാക്ക്, റിബെക്ക, യാക്കോബ്, ലേയ ഇങ്ങനെ ആറുപേരെ അടക്കം ചെയ്തു.

യിസ്ഹാക്കിന്റെ വിവാഹത്തിന് മുമ്പ് സാറാ മരിക്കുകയാണ്. അമ്മ മരിക്കുകയാണ്. വാസ്തവമായും പഴയ തലമുറ മാറിപ്പോയിട്ട് ഒരു പുതിയ തലമുറ ഉദയം കൊള്ളുകയാണ്. ആ വീട്ടിലുള്ള അബ്രാഹാമിന്റെ ഭാര്യയായ സാറാ മരിച്ചു

കഴിഞ്ഞിട്ട് ഇതാ ഒരു പുതിയ മണവാട്ടി അവിടെ ഉണ്ടാകാൻ പോകുന്നു.

നമുക്കുവേണ്ടി എല്ലാം കരുതുന്ന ദൈവം! നമുക്കുവേണ്ടി അരുമമണവാളനായ യേശു ക്രൂശിക്കപ്പെട്ടിരിക്കുന്നു. നമ്മെ വീണ്ടെടുപ്പിലേക്ക് നയിക്കുവാൻ, നമ്മെ സ്വന്തം മണവാട്ടി യായി സ്വീകരിപ്പാൻ, സ്വന്തം ഭവനത്തിലേക്ക് ഇന്ന് നിന്നെയും ചേർക്കാൻ സ്വർഗ്ഗത്തിലെ ദൈവം തിരുമനസ്സായിരിക്കുന്നു.

ഞാനുംകൂടി ചെന്നെങ്കിൽ മാത്രമേ ദൈവത്തിന്റെ ഭവനം സമ്പൂർണ്ണമാകുകയുള്ളൂ. നിങ്ങൾ ഒരാളുംകൂടി വന്നെ ങ്കിൽ മാത്രമേ സ്വർഗ്ഗത്തിലെ ദൈവത്തിന്റെ ഭവനം പൂർണ്ണത യിൽ എത്തുകയുള്ളൂ. മോളേ, നീയും വരാൻ ദൈവം കാത്തു നിൽക്കുകയാണ്.

സാറാ മരിച്ചുകഴിഞ്ഞിരിക്കുന്നു. അവിടെയുള്ള ശൂന്യത നികത്തിയെടുക്കണം. അതിനായി ഈ റിബെക്ക വന്നു ചേരേ ണ്ടിയിരിക്കുന്നു. നിങ്ങളോരോരുത്തരും വിലയേറിയവരാണ്. നിങ്ങളോരോരുത്തരും ക്രിസ്തുവിന്റെ മണവാട്ടിയാണ്. ക്രിസ്തുവിന്റെ മണവാട്ടിയായി അരുമമണവാളനായ യേശു വിന്റെ മണവറയിലേക്ക് ചേർക്കപ്പെടേണ്ടവരാണ്.

നിങ്ങൾ യേശുവിന്റെ സന്നിധിയിലേക്ക് ഓടി വരണം. നീയും കൂടി വരുവാൻ സ്വർഗ്ഗം കാത്തുനിൽക്കുകയാണ്. അന്യദേശത്ത്, അന്യഭവനത്തിൽ ജനിച്ചവളായ നീ അവിടം വിട്ട് എല്യേസറിന്റെ വാക്കുകൾ കേട്ട് പുറപ്പെട്ട് ഈ ഭവന ത്തിൽ വരുവാൻ സ്വർഗ്ഗമിതാ കാത്തുനിൽക്കുന്നു. അതിനു വേണ്ടി പരിശുദ്ധാത്മാവിനെ അയച്ചിരിക്കുന്നു. പരിശുദ്ധാ ത്മാവ് അദ്ധ്വാനിക്കുകയാണ്. പരിശുദ്ധാത്മാവ് വചനത്താൽ നിങ്ങളെ ക്ഷണിക്കുകയാണ്.

ആ വചനം കേട്ട് നിങ്ങളും പുറപ്പെടുവിൻ; നമുക്ക് യിസ്ഹാക്കിന്റെ ഭവനത്തിലേക്ക് പോകാം; രാജാധിരാജാ

വായ യേശുവിന്റെ മണവറയിലേക്കു പോകാം. യേശുവിന്റെ സന്നിധിയിലേക്ക് ചേരുവാൻ നമുക്ക് ഒരുങ്ങാം. നമുക്ക് പരിശുദ്ധാത്മാവാകുന്ന എല്യേസറിനെ കൈക്കൊള്ളാം. പരിശുദ്ധാത്മാവിന്റെ വചനം കൈക്കൊണ്ടുകൊണ്ട് ഒരു പുതിയ ചുവടുവയ്പ്പെടുക്കാം.

യേശുവിന്റെ പുറകെ ഇറങ്ങി പുറപ്പെടാം. യേശുവിന്റെ ക്രൂശുമരണത്താൽ രക്ഷിക്കപ്പെട്ട സഭയായി, യേശുവിന്റെ തിരുബലിയാൽ വീണ്ടെടുക്കപ്പെട്ട സഭയായി നമുക്കും ക്രിസ്തുവിനോട് ചേരാം. നമുക്കും സമർപ്പിക്കാം.

# പതിനൊന്ന്

*"അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും കറ, ചുളുക്കം മുതലായത് ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കുതന്നേ തേജസ്സോടെ മുന്നിറുത്തേണ്ടതിനും തന്നെത്താൻ അവൾക്കുവേണ്ടി ഏല്പിച്ചു കൊടുത്തു."*

*എഫെസ്യർ 5 : 26, 27*

*"ഈ മർമ്മം വലിയത്; ഞാൻ ക്രിസ്തുവിനെയും സഭയെയും ഉദ്ദേശിച്ചത്രേ പറയുന്നത്."*

*എഫെസ്യർ 5 : 32*

മണവാട്ടിയെ വിശുദ്ധീകരിക്കുന്നു; കറയില്ലാതെ ഒരുക്കുന്നു; ചുളുക്കമില്ലാതെ ഒരുക്കുന്നു; ഒരു അശുദ്ധിയുമില്ലാതെ ഒരുക്കുന്നു.

എല്യേസർ റിബെക്കയെ യിസ്ഹാക്കിനു വേണ്ടി ഒരുക്കുന്നതുപോലെ ക്രിസ്തു തന്റെ സഭയെ ഒരുക്കുകയാണ്. അബ്രാഹാമിന്റെ ദാസനായ എല്യേസർ, മണവാട്ടിയായി ബെഥൂവേലിന്റെ മകളായ റിബെക്കയെ ദൂരെ ദേശത്തുനിന്ന് ഒരുക്കിക്കൊണ്ടു വരികയാണ്.

"കറ, ചുളുക്കം മുതലായത് ഒന്നുമില്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കുതന്നെ തേജസ്സോടെ മുൻനിറുത്തേണ്ടതിന്ന്" എന്ന് പുതിയനിയമത്തിൽ എഫെസ്യ ലേഖനത്തിൽ അപ്പൊസ്തലനായ പൗലോസ് പറയുന്നതിന്റെ

ഒരു ചെറിയ വിവരണം മാത്രമാണ് പഴയനിയമത്തിൽ ഉല്പത്തി പുസ്തകം 24-ാം അദ്ധ്യായം 16-ാം വാക്യത്തിൽ നാം കാണുന്നത്:

*"ബാല അതിസുന്ദരിയും പുരുഷൻ തൊടാത്ത കന്യകയും ആയിരുന്നു." ഉല്പത്തി 24 : 16*

അന്യസ്പർശം ഏൽക്കാതെ, വിശുദ്ധിയുടെ തേജസ്സോടെ വളർത്തപ്പെട്ടവളായിരുന്നു ഈ റിബെക്ക. അന്യൻ തൊടാതെ, അന്യന്റെ യാതൊരുവിധ മാലിന്യങ്ങളുമേൽക്കാതെ കറ, ചുളുക്കം ഒന്നുമില്ലാതെ ശുദ്ധയും നിഷ്ക്കളങ്കയുമായി വളർത്തപ്പെട്ടവളായിരുന്നു റിബെക്ക. യിസ്ഹാക്കിന്റെ കന്യക വിശുദ്ധയായിരിക്കണം. യിസ്ഹാക്കിനുവേണ്ടി ഒരുക്കപ്പെടുന്ന കന്യക കളങ്കമറ്റവളായിരിക്കണം; അവൾ അന്യസ്പർശമേൽ ക്കാത്തവളായിരിക്കണം.

പ്രിയപ്പെട്ടവരേ, നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ ചെളിയിൽ ചവിട്ടാതിരിക്കുന്നത് ഭാഗ്യം. അഥവാ ചെളിയിൽ ചവിട്ടിപ്പോയോ? കഴുകിക്കളയണം. സാധിക്കുമെങ്കിൽ ബാല്യം മുതലേ ചെളിയിൽ ചവിട്ടാതെ വളർന്നു വന്നാൽ അത് ഭാഗ്യമാണ്. ജീവിതത്തിൽ മനസ്സറിഞ്ഞ് ഒരു ചെളിയും ഏശാതെ, ഒരു കറയും പറ്റാതെ ജീവിക്കാൻ ഇടയായോ? അത് എത്രയോ ശ്രേഷ്ഠമായ ഒരനുഭവമാണ്! അതുകൊണ്ട് മാതാപിതാക്കന്മാർ തങ്ങളുടെ കുഞ്ഞുങ്ങളെ ബാല്യംമുതലേ ദൈവികമായ വഴി കളിൽ നടത്തണം.

അവരെ പ്രാർത്ഥന ശീലിപ്പിക്കണം, അവരെ തിരുവചനം അനുശീലിപ്പിക്കണം. തിരുവചനം അഭ്യസിപ്പിക്കണം. അവരെ വിശുദ്ധിയുടെ തേജസ്സിൽ, വളരെ സംശുദ്ധമായ, വളരെ ഏകാഗ്രമായ രീതിയിൽ വളർത്തിക്കൊള്ളണം. നല്ല ശിക്ഷണം കൊടുക്കണം, നല്ല ശാസന കൊടുക്കണം, നല്ല പത്ഥ്യോപദേശം കൊടുക്കണം. അങ്ങനെ നമ്മുടെ കുഞ്ഞുങ്ങളെ നാം

ദൈവാശ്രയത്തിൽ വളർത്തണം.

ഇന്ന് അനേകം കുടുംബങ്ങളും നരകയാതനയിൽ പിടയുന്നതിന്റെ കാരണം മക്കളെക്കുറിച്ചുള്ള ആവലാതിയാണ്. മക്കൾ വഴിതെറ്റിപ്പോകുന്നു, മക്കൾ വഷളായിത്തീരുന്നു. ഒരു അപ്പൻ ഈയിടെ എന്നോടു ചോദിച്ചു: സാറേ, എന്റെ ജീവിതത്തിലാകട്ടെ, എന്റെ ഭാര്യയുടെ ജീവിതത്തിലാകട്ടെ, ഞങ്ങൾ എത്ര അച്ചടക്കമുള്ളവരാണ്? എത്ര disciplined ആയിട്ടാണ് ഞങ്ങൾ ജീവിച്ചിട്ടുള്ളത്?

പക്ഷേ, എന്തുകൊണ്ടാണ് ഞങ്ങളുടെ മോൻ ഇങ്ങനെയായിപ്പോയത്? എന്തുകൊണ്ടാണ് അവൻ ഇതുപോലെ അനർത്ഥത്തിലേക്ക് പോയത്? അവൻ എന്തുകൊണ്ടാണ് ഇത്ര ഹീനമായ കൂട്ടുകെട്ടിൽ പോയത്? യാതൊരു അഴുക്കിലേക്കും പോകാതെ എത്ര കരുതലോടെയാണ് എന്റെ മാതാപിതാക്കൾ എന്നെ വളർത്തിയത്! എന്നാൽ എന്റെ മോൻ എന്താണ് ഇങ്ങനെ ആയിപ്പോയത്? ഇനി എന്താണ് ഒരു പരിഹാരം? ആ അപ്പൻ ചോദിക്കുകയാണ്.

നിങ്ങൾ അനേകർ മക്കളെയോർത്ത് വിതുമ്പുന്നവരില്ലേ? മക്കളുടെ ദുശ്ശീലങ്ങൾ കണ്ട് ഏങ്ങലടിക്കുന്നവരില്ലേ? മക്കളുടെ ജീവിതം മുടിയുന്നതുകണ്ട് ആകെ വിഷമിച്ചു കഴിയുന്നവരില്ലേ? മക്കളെയോർത്ത്, അവരുടെ ആശങ്കാകുലമായ ഭാവിയെ ഓർത്ത് നിരാശയോടെ കഴിയുന്നവരില്ലേ?

പ്രിയപ്പെട്ടവരേ, നിങ്ങളുടെ മക്കളെ നിങ്ങൾക്ക് കർത്താവിങ്കലേക്ക് നയിക്കാൻ സാധിക്കും. നിങ്ങൾ മാതൃകയായി ജീവിക്കൂ. അതു മാത്രമേ പോംവഴിയുള്ളൂ. ക്രിസ്തു നിങ്ങളുടെ ഹൃദയത്തിൽ നിറഞ്ഞു നിന്നാൽ, ക്രിസ്തു നിങ്ങളുടെ ഹൃദയത്തിൽ അത്യന്തശക്തിയോടെ വസിച്ചാൽ, ക്രിസ്തുവിന്റെ ആത്മാവ് നിങ്ങളിൽ വാണാൽ നിങ്ങളുടെ മക്കൾ വഴിതെറ്റിപ്പോവുകയില്ല.

നിങ്ങളുടെ മക്കൾ പൈശാചികന്റെ വഴിക്ക് നീങ്ങുകയില്ല. അവർ അരുതാത്ത കൂട്ടുകെട്ടിലേക്ക് പോവുകയില്ല; അരുതാത്ത ജീവിതഗതിയിലേക്ക് തിരിയുകയില്ല. തിന്മയിലേക്ക് വഴിതെറ്റിപ്പോവുകയില്ല. മാതൃകായോഗ്യമായി നിങ്ങൾ ജീവിക്കൂ. പുറമെയുള്ള മാതൃക മാത്രം പോരാ, നിങ്ങളുടെ ഹൃദയത്തിൽ ക്രിസ്തുവാകുന്ന തീ കത്തിക്കൊണ്ടിരിക്കണം. പരിശുദ്ധാത്മാവിന്റെ അഗ്നി കത്തിക്കൊണ്ടിരിക്കണം.

പരിശുദ്ധാത്മാവിന്റെ തീ എപ്പോഴും നിങ്ങളുടെ ഹൃദയത്തിൽ കത്തിക്കൊണ്ടിരുന്നാൽ, ആ തീ നിങ്ങളുടെ വീടിന്റെ മുറികളിലും പരിസരങ്ങളിലും നിങ്ങൾ ചരിക്കുന്ന വിവിധ മേഖലകളിലും നിങ്ങളുടെ ഭാര്യയിലേക്ക് അല്ലെങ്കിൽ ഭർത്താവിലേക്കും നിങ്ങളുടെ മക്കളിലേക്കും നിങ്ങളുടെ സാഹചര്യങ്ങളിലേക്കുമെല്ലാം അത് പ്രസരിച്ചുകൊണ്ടിരിക്കും. ആ ചൂട് മറ്റുള്ളവരിലേക്ക് പകർന്നുകൊണ്ടിരിക്കും.

നിങ്ങൾ പറഞ്ഞുകൊടുക്കുന്ന വാക്കുകളാലല്ല, ഉപദേശത്തിന്റെ പെരുപ്പത്തിനാലല്ല, നിങ്ങളുടെ ജീവിതത്തിന്റെ സുഗന്ധം അവരെ സത്യത്തിലേക്കും സ്നേഹത്തിലേക്കും ആകർഷിക്കും. നിങ്ങളുടെ ജീവിതത്തിന്റെ സൗരഭ്യം അവരെ വിശുദ്ധിയിലേക്ക് ആനയിക്കും. നമ്മുടെ കുഞ്ഞുങ്ങൾ വഴിതെറ്റിപ്പോകാൻ സ്വർഗ്ഗത്തിലെ ദൈവം സമ്മതിക്കുകയില്ല. ഏതെങ്കിലും പ്രകാരത്തിൽ, ഏതെങ്കിലും സമയത്ത് ദൈവം അവരെ വലയം ചെയ്ത്, കൃപാവലയത്തിൽ നിർത്തിക്കൊണ്ട് അവരെ ആനയിച്ചുകൊള്ളും.

മക്കളെ ഓർത്ത് കരയുന്നവരേ, നിങ്ങൾ വിശ്വസിക്കൂ. നിങ്ങൾ തീ ആയി നിൽക്കൂ. ക്രിസ്തു എന്ന തീ നിങ്ങളുടെ ഹൃദയത്തിൽ കത്തിക്കൊണ്ടിരിക്കട്ടെ. പരിശുദ്ധാത്മാവിന്റെ അഗ്നി നിങ്ങളിൽ ജ്വലിച്ചുകൊണ്ടിരിക്കട്ടെ. സ്നേഹത്തിന്റെ സുഗന്ധം നിങ്ങളിൽനിന്ന് പൊഴിഞ്ഞുകൊണ്ടിരിക്കട്ടെ. സ്വർഗ്ഗത്തിന്റെ സൗരഭ്യം നിങ്ങളിൽ നിന്ന് പരിമളമായി തൂകി,

പരിസരങ്ങളിലേക്ക് വ്യാപിച്ചുകൊണ്ടിരിക്കട്ടെ. അപ്പോൾ നിങ്ങളുടെ ജീവിതം ധന്യമാകുന്നതോടൊപ്പം നിങ്ങളുടെ പ്രിയപ്പെട്ടവരുടെയും ജീവിതത്തിലേക്ക് ആ ധന്യത പകർന്നു വരും.

യിസ്ഹാക്ക്, റിബേക്കയെ ഒരുക്കുവാൻ എല്യേസറിനെ അയച്ച പിതാവിന്റെ സ്നേഹത്തെ ഓർത്തും ധ്യാനിച്ചുംകൊണ്ട് വെളിമ്പ്രദേശത്ത് ഇറങ്ങി നിൽക്കുകയാണ്. അപ്പൻ ദാസനെ അയച്ചിരിക്കുന്നു. ദാസൻ പോയിട്ട് നാളുകളായി. എന്താണ് വരാൻ താമസം? യിസ്ഹാക്ക് തല പൊക്കിനോക്കി നിൽക്കുക യാണ്.

കന്യകയും അതുപോലെ തന്നെ. 'ഇനിയും എത്ര ദൂരമുണ്ട്' എന്ന് ഇടയ്ക്കിടയ്ക്ക് ദാസനോട് ചോദിക്കുകയാണ്. അങ്ങ് ദൂരെ ഹാരാനിൽനിന്ന്, ബെഥൂവേലിന്റെ ഭവനത്തിൽനിന്ന് റിബെക്ക യാത്രചെയ്തു വരികയാണ്. ഇത്രയും ദൂരം യാത്ര ചെയ്തു വരുന്നത് മരുഭൂമിയിൽക്കൂടിയാണ്.

മരുഭൂമിയിൽക്കൂടിയുള്ള യാത്ര ക്ലേശകരമാണ്. വെയി ലിന്റെ കഠിനമായ ഉഷ്ണമേറ്റ് വാടുന്നുണ്ട്. ഉഷ്ണക്കാറ്റടിച്ച് ശരീരം കരുവാളിക്കുന്നുണ്ട്. മാത്രമല്ല, ഒട്ടകം കുടിക്കുന്ന വെള്ളം തീർന്നു പോകുന്നു. ഒട്ടകത്തിന്റെ ശരീരത്തിൽ സംഭ രിച്ചിരിക്കുന്ന വെള്ളവും വറ്റി വറ്റിത്തീരുന്നു. മൈലുകൾ മൈലുകൾ താണ്ടിപ്പോകുമ്പോൾ ക്ഷീണം വർദ്ധിക്കുന്നു. ദാഹിച്ച് വലയുന്നു. ശരീരം വിയർത്തൊഴുകുന്നു. ഉഷ്ണക്കാ റ്റേറ്റ് വലയുന്നു. ഭാരമുണ്ട്; റിബെക്കാ ഇടയ്ക്കിടയ്ക്ക് ദാസനോട് ചോദിക്കും, 'ഇനിയെത്ര ദൂരമുണ്ട്?'

ഈ മരുഭൂമിയിൽക്കൂടിയുള്ള യാത്രയിൽ റിബെക്കയുടെ ക്ഷീണം മാറുന്നതെങ്ങനെയാണ്? ദാസൻ ചില കാര്യങ്ങൾ പറയും; മോളേ, നീ ഈ യാത്ര ചെയ്തുപോകുന്നത് നിനക്കുവേണ്ടി കാത്തുനിൽക്കുന്ന ഒരു മണവാളന്റെ അടുക്കലേക്കാണ്.

നിനക്കുവേണ്ടി അവിടെ വെളിമ്പ്രദേശത്ത് ഇറങ്ങി നിൽക്കുന്ന ഒരു മണവാളനുണ്ട്. അത് എന്റെ യജമാനനനാണ്. അപ്പന്റെ ഇഷ്ടം മുഴുവൻ അനുസരിച്ച ഏകജാതനായ മകൻ!

മോളേ, നീ ക്ലേശിക്കണ്ട. നിന്റെ കഷ്ടത തീരും. നിനക്ക് അവിടെ കൂടാരത്തിൽ, മണിയറയിൽ പ്രവേശനം കിട്ടും. നിനക്കവിടെ സുഖകരമായ, സന്തോഷസമൃദ്ധമായ കാലങ്ങൾ ലഭിക്കും. നിനക്കുവേണ്ടി മണവാളൻ കാത്തു നിൽക്കുന്നുണ്ട്.

യിസ്ഹാക്കിനെക്കുറിച്ചുള്ള വർണ്ണനകൾ എല്യേസർ പറഞ്ഞുകൊടുക്കും. അതു കേട്ട് അവളുടെ ഉള്ളം കുളിർക്കും. എന്റെ യജമാനന്റെ ഏകജാതനായ ഓമനകുമാരൻ! അവൻ ആയിരങ്ങളിൽ സുന്ദരനാണ്; പതിനായിരങ്ങളിൽ സുന്ദരനാണ്. അപ്പനെ മുഴുവൻ അനുസരിച്ച സൽസ്വഭാവങ്ങളുടെ വിളനിലമാണ് അവൻ. അവൻ ഏറ്റവും സ്നേഹമുള്ളവനാണ്, കരുണയുള്ളവനാണ്. യിസ്ഹാക്കിനെക്കുറിച്ചുള്ള വർണ്ണനകൾ കേട്ടു കേട്ടാണ് ഈ കന്യക യാത്ര ചെയ്യുന്നത്.

സഹോദരങ്ങളേ, ഈ പരദേശപ്രയാണകാലത്ത്, ക്രിസ്തുവിനെക്കുറിച്ചുള്ള വർണ്ണനകൾ കേട്ട് നമുക്കും യാത്ര ചെയ്യാം. അതാണ് ഈ തിരുവചനം. പഴയനിയമത്തിലും പുതിയനിയമത്തിലും രാജാധിരാജനായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള വർണ്ണനകൾ! ഗോഗുൽത്തായിലെ കുരിശിൽ അർപ്പിക്കപ്പെട്ട രക്ഷകനെക്കുറിച്ചുള്ള വർണ്ണനകൾ! നമുക്ക് പകരമായി ക്രൂശിൽ അർപ്പിക്കപ്പെട്ട സ്നേഹനിധിയായ രക്ഷകനെക്കുറിച്ചുള്ള വർണ്ണനകൾ കേട്ടുകൊണ്ട്, ദിനമ്പ്രതി ഈ തിരുവചനം ശ്രദ്ധിച്ചുകൊണ്ട് നമുക്ക് മുന്നോട്ട് പോകാം.

തിരുവചനം കേൾക്കാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ നിങ്ങൾക്ക് വചനം കൈയിലെടുത്ത് ശാന്തമായി വായിക്കാം. ദൈവത്തിന്റെ വചനം നിങ്ങൾക്ക് ധ്യാനിക്കാം, ദൈവവചനം

നിങ്ങൾക്ക് ഉരുവിടാം. കാണാതെ പഠിച്ച വചനങ്ങൾ വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരിക്കാം. ഓരോ വാക്യം പറയുമ്പോഴും നിങ്ങൾക്ക് കരുത്ത് വർദ്ധിക്കും.

മനസ്സിൽ ഭീതി വരുമ്പോൾ നിങ്ങൾക്ക് 27-ാം സങ്കീർത്തനം വായിക്കാം. മനസ്സ് ആകുലപ്പെടുമ്പോൾ നിങ്ങൾക്ക് 34-ാം സങ്കീർത്തനം വായിക്കാം. ഞാൻ ഒറ്റപ്പെട്ടു എന്നു തോന്നുമ്പോൾ നിങ്ങൾക്ക് 102-ാം സങ്കീർത്തനം വായിക്കാം. പ്രിയപ്പെട്ടവർ പിരിഞ്ഞുപോകുമ്പോൾ നിങ്ങൾക്ക് 90-ാം സങ്കീർത്തനം വായിക്കാം. നിങ്ങൾക്ക് ആപത്തുകളും പ്രയാസങ്ങളും പ്രശ്നങ്ങളും പരീക്ഷണങ്ങളും പ്രലോഭനങ്ങളും വരുമ്പോൾ 91-ാം സങ്കീർത്തനം വായിക്കാം.

നിങ്ങൾ ഒരുമിച്ചു കൂടുമ്പോൾ 84-ാം സങ്കീർത്തനം വായിക്കാം. നിങ്ങൾക്ക് തോൽവി പറ്റി എന്ന് തോന്നുമ്പോൾ 80-ാം സങ്കീർത്തനം വായിക്കാം. നിങ്ങൾ പ്രാർത്ഥിച്ചിട്ട് പ്രാർത്ഥനയ്ക്ക് മറുപടി കിട്ടിയില്ല എന്നു വരുമ്പോൾ 21-ാം സങ്കീർത്തനം വായിക്കാം. നിങ്ങൾക്ക് ശരീരത്തിൽ രോഗം വരുമ്പോൾ 31-ാം സങ്കീർത്തനവും 38-ാം സങ്കീർത്തനവും വായിക്കാം. ശരീരത്തിൽ വേദനയേറുമ്പോൾ നിങ്ങൾക്ക് 22-ാം സങ്കീർത്തനം വായിക്കാം. നിങ്ങളുടെ ജീവിതത്തിൽ 'ഞാൻ തുണയറ്റു പോയല്ലോ' എന്നു തോന്നുമ്പോൾ 23-ാം സങ്കീർത്തനം വായിക്കാം.

ഇങ്ങനെ ഒന്നൊന്നായി വായിച്ച് ധ്യാനിച്ച് പോകുമ്പോൾ അറിയാതെ വേദവാക്യങ്ങൾ നിങ്ങൾ കാണാതെ പഠിച്ചുപോകും. എന്നുമെന്നും വായിക്കുമ്പോൾ അത് ഹൃദയത്തിൽ ഉറച്ചു കഴിയും. പിന്നെപ്പിന്നെ അത് തന്നത്താൻ പറഞ്ഞുകൊണ്ട് നടക്കാം. പരീക്ഷയ്ക്കു പഠിക്കുന്ന കുട്ടികൾ ഇടവേളകളിൽ വേദവാക്യങ്ങൾ ഉറക്കെ പറയണം. ഈ വചനം എപ്പോഴും നിങ്ങൾക്ക് കൈയിൽ എടുക്കാം, വായിക്കാം, ധ്യാനിക്കാം. വചനം നിങ്ങൾക്കു പ്രമോദമായിരിക്കും. ഇത് മണവാളനെ

ക്കുറിച്ചുള്ള വർണ്ണനകളാണ്! യേശുക്രിസ്തുവിന്റെ സ്നേഹ ത്തെക്കുറിച്ചുള്ള വർണ്ണനകൾ!

“മരുഭൂമിയിൽക്കൂടി തന്റെ പ്രിയന്റെ മേൽ ചാരിക്കൊണ്ടു വരുന്നോരിവൾ ആര്?” എന്ന് ഉത്തമഗീതത്തിലെ വാക്യങ്ങൾ വായിക്കുമ്പോൾ നിങ്ങൾക്ക് ഓർക്കാം, മരുഭൂമിയിൽ തണ ലായി പ്രിയനുണ്ട്; ചാരുവാൻ പ്രിയന്റെ മാർവ്വുണ്ട്. ഞാൻ അനാഥനല്ല, ഞാൻ ഒറ്റയ്ക്കല്ല, ഞാൻ ഏകാകിയല്ല, ഞാൻ ഒറ്റപ്പെട്ടവനല്ല, എനിക്കൊരു നാഥനുണ്ട്. എനിക്കൊരു അരുമ കാന്തനുണ്ട്.

ഭർത്താവില്ലാത്തവർക്ക് അരുമ മണവാളനായിട്ട് യേശു വുണ്ട്. അപ്പനില്ലാത്തവർക്ക് അപ്പനായിട്ട് യേശുക്രിസ്തുവുണ്ട്. സ്വന്തം സഹോദരനില്ലാത്തവർക്ക് ഏറ്റവും പ്രിയ സഹോദര നായി യേശുവുണ്ട്. സ്നേഹിതന്മാരില്ലാത്തവർക്ക് ആത്മ സ്നേഹിതനായി യേശുവുണ്ട്. യേശുവിനോടുള്ള സഖിത്വം! യേശുവിനോടുള്ള സ്നേഹബന്ധം! ആ സ്നേഹബന്ധ ത്തിന്റെ ദൃഢതയിൽ നിങ്ങൾക്ക് യേശുവിനെ സ്തുതിക്കാൻ കഴിയും; നിങ്ങൾക്ക് യേശുവിനെ വാഴ്ത്തിപ്പാടാൻ പറ്റും.

അപ്പോൾ നിങ്ങളുടെ ശരീരം വിറയ്ക്കണമെന്നില്ല; ഉച്ച ത്തിൽ ഹാലേലൂയ്യാ പറയണമെന്നില്ല, പറഞ്ഞാലും കുഴപ്പ മില്ല. എങ്ങനെയെല്ലാം ദൈവത്തെ സ്തുതിക്കാൻ തോന്നു ന്നുവോ അങ്ങനെയെല്ലാം നിങ്ങൾക്ക് ചെയ്യാം. നിങ്ങൾ തനിയെ ഇരുന്നുകൊണ്ട് വേറെയാർക്കും ശല്യമില്ലാതെ, ഉള്ള സാഹചര്യമനുസരിച്ച് നിങ്ങൾക്ക് ദൈവത്തെ സ്തുതിക്കാം; ഹൃദയം എപ്പോഴും ദൈവസന്നിധിയിലേക്ക് പകർന്നുകൊണ്ടി രിക്കാം.

വചനം വായിച്ചുകൊണ്ടിരിക്കുമ്പോൾ ചിലപ്പോൾ നിങ്ങൾക്ക് കരയാൻ തോന്നും. നിങ്ങളുടെ കണ്ണീർ വീണ് വേദപുസ്തകത്തിന്റെ താളുകൾ നനയും. കർത്താവിന്റെ

സ്നേഹം വന്ന് നിങ്ങളെ തഴുകുന്നത് നിങ്ങൾ അനുഭവിക്കും. യേശു നിങ്ങളുടെ കണ്ണുനീർ തുടയ്ക്കുന്നത് നിങ്ങൾ അനുഭവിക്കും. നിങ്ങളുടെ രോഗം മാറുന്നത് നിങ്ങൾ അനുഭവിക്കും. നിങ്ങളുടെ വേദനകൾ ശമിക്കുന്നത് നിങ്ങൾ അനുഭവിക്കും.

നിങ്ങളുടെ ചില പാപങ്ങളെല്ലാം കത്തിപ്പോകുന്നത് നിങ്ങൾ അനുഭവിക്കും. വാശികളോ വഴക്കുകളോ മാറിപ്പോകുന്നത് നിങ്ങളുടെ സ്വന്തം അനുഭവമായിത്തീരും. ചിലരെക്കുറിച്ചുള്ള പരാതികൾ, പരിഭവങ്ങൾ, നിശ്ശേഷം മാറിപ്പോകുന്നത് അപ്പോൾ നിങ്ങളുടെ അനുഭവമായി മാറും. അഴുക്കുചിന്തകളും മലിനവികാരങ്ങളും നിങ്ങളിൽനിന്ന് ഇറങ്ങിയകലുന്നത് മനസ്സിലാക്കി നിങ്ങൾ ദൈവത്തെ സ്തുതിക്കാൻ തുടങ്ങും.

കർത്താവേ, ഇത്രനാൾ ഏറ്റു പറഞ്ഞിട്ടും പോകാത്തതെല്ലാം നിന്റെ വചനത്തിന്റെ ശക്തിയാൽ പോകുന്നല്ലോ എന്നു പറഞ്ഞ് നിങ്ങൾക്ക് ദൈവത്തെ സ്തുതിക്കാൻ പറ്റും. നിങ്ങളുടെ ഭീതികൾ അകലും; ആശങ്കകൾ മാറും, ഭയപ്പാടുകൾ മാറും. ഹൃദയത്തിലെ നൈരാശ്യങ്ങൾ മാറും. 'മരിച്ചാൽ മതി' എന്നുള്ള ചിന്തകൾ മാറും. നിങ്ങളുടെ ആത്മഹത്യാ പ്രവണതകൾ മാറും. ഹൃദയത്തിലേക്ക് സമാധാനം ഇരച്ച് കയറും. നിങ്ങളുടെ ജീവിതത്തിൽ ധൈര്യം കുതിച്ചു കയറും. നിങ്ങൾക്ക് പുതിയ സമാധാനം ലഭിക്കും.

യിസ്ഹാക്കിന്റെ മണവാട്ടിയായി വരുന്ന കന്യക - അവൾ യിസ്ഹാക്കിനെക്കുറിച്ചുള്ള വർണ്ണനകൾ കേട്ടുകൊണ്ട് ഒട്ടകപ്പുറത്തിരിക്കുകയാണ്. വെയിലിന്റെ ചൂട് അവളിപ്പോൾ അറിയുന്നില്ല. ഉഷ്ണക്കാറ്റേൽക്കുന്ന വിഷമം അവളിപ്പോൾ അറിയുന്നില്ല. ദാഹിച്ചു വലയുന്നതായി അവൾക്കിപ്പോൾ തോന്നുന്നില്ല. അവളുടെ ഹൃദയം നിറയെ ഇപ്പോൾ യിസ്ഹാക്കിനെക്കുറിച്ചുള്ള വർണ്ണനകളാണ്! അവളുടെ ഹൃദയം

നിറയെ ഏല്യേസർ നൽകുന്ന വർണ്ണനകളാണ്.

പരിശുദ്ധാത്മാവ് നിങ്ങൾക്ക് ക്രിസ്തുവിനെക്കുറിച്ചുള്ള വർണ്ണനകൾ തരികയാണ്. പരിശുദ്ധാത്മാവ് നിങ്ങളെ തലോടുകയാണ്. പരിശുദ്ധാത്മാവ് നിങ്ങളെ ആശ്വസിപ്പിക്കുകയാണ്. പരിശുദ്ധാത്മാവിന്റെ ഇളങ്കാറ്റ് നിങ്ങളുടെമേൽ വീശിക്കൊണ്ടിരിക്കുകയാണ്.

ഈ മരുഭൂമിയിൽ കൊടുങ്കാറ്റുണ്ട്, പ്രിയരേ, ഈ മരുഭൂമിയിൽ ഉഷ്ണക്കാറ്റുണ്ട്. ഈ മരുഭൂമിയാത്ര ക്ലേശകരമാണ്. ഈ മരുഭൂമിയാത്ര വേദനാകരമാണ്. ഇവിടെ കടബാദ്ധ്യതയുണ്ട്, ഇവിടെ രോഗപീഡയുണ്ട്, ഇവിടെ പ്രശ്നങ്ങളുണ്ട്. ഇവിടെ യാതനകളുണ്ട്, വേദനകളുണ്ട്, ദുരിതങ്ങളുണ്ട്. പ്രതിസന്ധികൾ നിങ്ങളുടെ ജീവിതത്തെ അലട്ടുന്നുണ്ട്.

എന്നാൽ അതിന്റെ മദ്ധ്യത്തിൽ നിങ്ങൾക്ക് ആശ്വാസം തരാൻ യേശുവുണ്ട്. നിങ്ങളെ കാത്തുനിൽക്കുന്ന പ്രിയനുണ്ട്. അവൻ വെളിമ്പ്രദേശത്തേക്ക് ഇറങ്ങി വന്ന് നിങ്ങളെ കാത്തുനിൽക്കുകയാണ്. ഒട്ടകങ്ങൾ വരുന്നുണ്ടോ എന്ന് യിസ്ഹാക്ക് തലപൊക്കി നോക്കുകയാണ്. യിസ്ഹാക്ക് നോക്കിനിൽക്കുമ്പോൾ തന്റെ മണവാട്ടി തനിക്കുവേണ്ടി ഒരുക്കപ്പെട്ടു വരുന്നത് കാണുന്നു.

നിങ്ങൾ ഒരുങ്ങിയോ? നിങ്ങൾ സമർപ്പിച്ചോ? നമുക്ക് ഹൃദയം ക്രിസ്തുവിനു വേണ്ടി കൊടുക്കാം. നമുക്കുവേണ്ടി രക്തം ചിന്തിയവൻ, അവനിതാ മദ്ധ്യാകാശത്തിൽ വരാറായി. യേശു വീണ്ടും വരാറായി. ജീവനുള്ളവരേയും മരിച്ചവരേയും ന്യായം വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനുമായ യേശുമശിഹയായ ഏക കർത്താവ് എഴുന്നള്ളാറായി! തന്റെ മഹത്വം ഉദിക്കാറായി! രാജാധിരാജന്റെ കാഹള

ധ്വനി കേൾക്കാറായി! വാനവിതാനം ഒരുങ്ങിക്കഴിഞ്ഞു.

മണൽത്തരികൾ തരിച്ചു തുടങ്ങി; പ്രകൃതി ഒരുങ്ങിത്തുടങ്ങി; എല്ലാമെല്ലാം തയ്യാറായി. മണവാളൻ വരാറായി. അത്തിവൃക്ഷം തളിർത്തു തുടങ്ങി; അതിന്റെ കൊമ്പുകൾ ഇളതായി. ഇല തളിർത്തു തുടങ്ങി, വേനൽ അടുത്തു. അതിവേഗം നിങ്ങൾ ഉണർന്നുകൊൾവിൻ. അവനുവേണ്ടി നിങ്ങൾ തല പൊക്കുവിൻ. അവനുവേണ്ടി നിങ്ങൾ എഴുന്നേറ്റു വരുവിൻ.

അവനായി ജീവിതം സമർപ്പിക്കുവിൻ. അവന്റെ കരങ്ങളിലേക്ക് ഭാവി ഏൽപ്പിച്ചു കൊടുപ്പിൻ. അവന്റെ രക്തത്താലുള്ള കഴുകൽ പ്രാപിച്ചുകൊൾവിൻ. കറയും ചുളുക്കവും ഇല്ലാത്തവരായിത്തീർന്നുകൊൾവിൻ. ഇന്നു നിങ്ങൾ പുതിയ ജീവിതം ആരംഭിച്ചു കൊള്ളുവിൻ.

# പന്ത്രണ്ട്

*"വൈകുന്നേരത്ത് യിസ്ഹാക്ക് ധ്യാനിപ്പാൻ വെളിമ്പ്രദേശത്ത് പോയിരുന്നു; അവൻ തലപൊക്കി നോക്കി ഒട്ടകങ്ങൾ വരുന്നത് കണ്ടു. റിബെക്കയും തലപൊക്കി യിസ്ഹാക്കിനെ കണ്ടിട്ട് ഒട്ടകപ്പുറത്തുനിന്ന് ഇറങ്ങി." ഉല്പത്തി 24 : 63, 64*

വൈകുന്നേരത്ത് യിസ്ഹാക്ക് ധ്യാനിപ്പാൻ വെളിമ്പ്രദേശത്ത് പോയിരുന്നു. യിസ്ഹാക്ക് തലപൊക്കി നോക്കി, ഒട്ടകങ്ങൾ കൂട്ടം കൂട്ടമായി വരുന്നതു കണ്ടു. ഒട്ടകങ്ങളിൽ തന്റെ പിതാവിന്റെ ഭവനത്തിലെ കാര്യസ്ഥനായ എല്യേസർ വരുന്നതു ദൂരെനിന്ന് യിസ്ഹാക്ക് കണ്ടു. എല്യേസറിനോട് ചേർന്ന് മറ്റൊരു ഒട്ടകത്തിൽ ഒരു യുവതിയും വരുന്നു. അങ്ങു ദൂരെ ഒട്ടകപ്പുറത്തിരുന്ന് റിബെക്കയും തല പൊക്കിനോക്കി. വെളിമ്പ്രദേശത്ത് ഒരു യുവാവ് ആകാംക്ഷാഭരിതനായി നിൽക്കുന്നു. അവൾ ചോദിച്ചു: വെളിമ്പ്രദേശത്ത് നമ്മെ എതിരേറ്റു വരുന്ന പുരുഷൻ ആര്? "അത് എന്റെ യജമാനൻ തന്നെ" എന്ന് ദാസനായ എല്യേസർ പറഞ്ഞു.

ഇന്ന് പലരും തല താഴ്ത്തി ഇരിക്കുകയാണ്. പലതരം അപകർഷതാബോധങ്ങൾ നമ്മെ അലട്ടിക്കൊണ്ടിരിക്കുന്നു. ഞാൻ പോരാത്തവൻ, എനിക്ക് കഴിവില്ല, പണമില്ല, ആരോഗ്യമില്ല, കരുത്തില്ല, ആൾബലമില്ല, സ്വാധീനമില്ല, സൗന്ദര്യമില്ല, വരുമാനമില്ല ഇങ്ങനെ പലതിലും സ്വയം പോരായ്മകൾ

തോന്നുന്നു. തല താണിരിക്കുകയാണ്.

ആത്മീയമായി തലതാണു പോയവരുണ്ട്. തീരുമാനങ്ങൾ എടുത്തു, സമർപ്പണം എടുത്തു, പ്രാർത്ഥിച്ചു, “ഞാൻ ദൈവസന്നിധിയിൽ വിശ്വസ്തതയോടെ നിൽക്കും” എന്ന് ദൈവത്തോട് വാക്ക് പറഞ്ഞു. പക്ഷേ, ആ സമർപ്പണത്തിൽ ഉറച്ചുനിൽക്കാൻ കഴിഞ്ഞില്ല. തല താണുപോയി. തെറ്റുകൾ സംഭവിച്ചുപോയി. വീഴ്ചകൾ വന്നുപോയി. ആത്മീയമായി പിന്മാറ്റങ്ങൾ സംഭവിച്ചുപോയി.

പലപ്പോഴും താണുതാണുപോയി. ആത്മീയമായ ശക്തി ചോർന്നുപോയി. പണ്ട് പ്രാർത്ഥനയ്ക്ക് വീര്യമുണ്ടായിരുന്നു, ഇന്ന് പ്രാർത്ഥനയ്ക്ക് കരുത്തില്ല. പണ്ട് സ്തുതിക്കാൻ ആർത്തിയുണ്ടായിരുന്നു, ഇന്ന് സ്തുതിയുടെ ആത്മാവ് നഷ്ടപ്പെട്ടിരിക്കുന്നു. പണ്ട് വിശുദ്ധിയുടെ തേജസ്സുണ്ടായിരുന്നു, ഇന്ന് വിശുദ്ധി കൈമോശം വന്നുപോയി. ചില പാപങ്ങളിൽ കുടുങ്ങിപ്പോയി. ഒരിക്കൽ വേണ്ട എന്നു വച്ച ചില പാപങ്ങളിൽ വീണുപോയി. തന്മൂലം ആത്മീയമായി അധ:പതിച്ചു, തല താണുപോയി.

എന്നാൽ നിങ്ങളുടെ ആരുടെയെല്ലാം തല താണിരിക്കുന്നുണ്ടോ, ആരെല്ലാം തല കുമ്പിട്ടിരിക്കുന്നുണ്ടോ, നിങ്ങളുടെ തല ഉയർത്തുവാൻ മതിയായവനായ കരുണയുള്ള കർത്താവ് നിങ്ങളുടെ അരികത്തേക്ക് വരുന്നു.

“അധരങ്ങളുടെ യാചന നിഷേധിക്കാത്ത ദൈവം!” ഉള്ളുവലഞ്ഞ് കരഞ്ഞാൽ കരച്ചിൽ കേൾക്കുന്ന ഒരു ദൈവമുണ്ട്. ഹൃദയം നുറുങ്ങി പ്രാർത്ഥിച്ചാൽ പ്രാർത്ഥന കേൾക്കുന്ന ഒരു ദൈവമുണ്ട്. നമ്മെ ആരെയും പിറകിൽ നിർത്താൻ ദൈവം ആഗ്രഹിക്കുന്നില്ല. പലപ്പോഴും നാം സ്വയം തളരുകയും പിൻമാറുകയും പിന്നോക്കം വലിയുകയും ചെയ്യുന്നു എങ്കിലും ദൈവം

കൃപയാൽ നമ്മെ തള്ളിത്തള്ളി മുന്നോട്ട് കൊണ്ടുപോവുക യാണ്.

*"ദൈവം നമുക്ക് ഉദ്ധാരണങ്ങളുടെ ദൈവമാകുന്നു."*
*സങ്കീർത്തനങ്ങൾ 68 : 20*

ദൈവത്തിന്റെ കല്പനപ്രകാരം മോറിയാമലയിൽ അബ്രാഹാം തന്റെ മകനെ യാഗമർപ്പിക്കാൻ തയ്യാറായി. എന്നാൽ യിസ്ഹാക്കിന് പകരം ഒരു ആട്ടിൻകുട്ടി യാഗ മായിത്തീർന്നു. യിസ്ഹാക്ക് അപ്പനെ അനുസരിക്കുന്ന ഒരു മകനായിരുന്നു. അപ്പനായ അബ്രാഹാം എടുത്തുകൊടുത്ത വിറകുകെട്ട് ചുമന്നുകൊണ്ട് മോറിയാമലയിലേക്ക് കയറിപ്പോ കുന്ന മകൻ! അപ്പന്റെ തിരുമുമ്പാകെ വളരെ വിനീതനായി നിന്നുകൊടുത്ത മകൻ! കെട്ടുവാനായി കൈകൾ നീട്ടിക്കൊ ടുത്തു നിന്ന മകൻ! യിസ്ഹാക്ക് അനുസരണമുള്ള, നല്ല വിശ്വസ്തതയുള്ള ഒരു ബാലനാണ്; വളരെ യോഗ്യനായ ഒരു മകനാണ്.

എന്നാൽ ആ യിസ്ഹാക്ക് യാഗം അർപ്പിക്കപ്പെടേണ്ടി യിരുന്നിടത്ത്, യിസ്ഹാക്കിന് പകരം ഒരു ആട്ടുകൊറ്റൻ യാഗമാക്കപ്പെട്ടു. പിന്നീട് നാം വേദപുസ്തകത്തിൽ യിസ്ഹാ ക്കിന്റെ വിവാഹക്കാര്യമാണ് കാണുന്നത്.

അബ്രാഹാമിന്റെ ദാസനായ എല്യേസർ അബ്രാഹാമിന്റെ നിർദ്ദേശപ്രകാരം യിസ്ഹാക്കിന് ഒരു മണവാട്ടിയെ തേടിപ്പോകുന്നു. കന്യകയായ റിബെക്കയെ ദാസൻ കൂട്ടി ക്കൊണ്ട് വരുമ്പോൾ ആ മണവാട്ടിയെ ചേർക്കുവാനായി സ്വന്തം കൂടാരത്തിൽ നിന്ന് ഇറങ്ങി വന്ന് വെളിമ്പ്രദേശത്തു തലപൊക്കിനോക്കി നിൽക്കുന്ന യിസ്ഹാക്കിനെ നമുക്കു കാണുവാൻ കഴിയും.

ക്രൂശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റ യേശുവിനെ ഇനി

നാം അക്ഷരികമായി കാണുന്ന ഒരു സമയമുണ്ട്. മദ്ധ്യാകാശത്തിൽ യേശുനാഥൻ എഴുന്നള്ളി വരുമ്പോൾ ക്രിസ്തുവിന്റെ മണവാട്ടിയായ സഭ യേശുവിനെ കാണും. അതിനിടയ്ക്കുള്ള കാലയളവാണ് സഭായുഗം അല്ലെങ്കിൽ കൃപായുഗം. ക്രിസ്തുവിനുവേണ്ടി മണവാട്ടിയെ ഒരുക്കിക്കൊണ്ടിരിക്കുന്ന കാലയളവാണ് ഇത്. അവളെ മന്ത്രകോടി അണിയിക്കുന്ന, ആടയാഭരണങ്ങൾ അണിയിക്കുന്ന കാലമാണ്.

മണവാട്ടി സഭയ്ക്കുവേണ്ടി ക്രിസ്തുനാഥൻ എഴുന്നള്ളി വരുന്നതിനുമുമ്പ് സഭയെ ഒരുക്കുന്ന അതിവിശിഷ്ടമായ ഒരു കാലയളവാണ് കൃപായുഗം. ഈ കൃപായുഗത്തിൽ ആർക്കും ഒരുങ്ങാം, ആർക്കും കടന്നുവരാം, ആർക്കും വിശുദ്ധ മണവാട്ടിയുടെ പദവി അലങ്കരിക്കാൻ സ്വയം സജ്ജമാക്കാം.

പ്രിയപ്പെട്ടവരേ, ഇത് മനസ്സിലായി കിട്ടുമ്പോൾ നിങ്ങളുടെ ഉള്ളം കോരിത്തരിക്കും. എന്തൊരു ഭാഗ്യപദവിയാണ് നമുക്ക് തന്നിരിക്കുന്നത്! നിത്യനായ ക്രിസ്തുവിന്റെ മണവാട്ടിയാകാനുള്ള ഭാഗ്യം! അപ്പൊസ്തലനായ പൗലോസ് പിൽക്കാലത്ത് എഴുതി:

> *"ഞാൻ ക്രിസ്തു എന്ന ഏകപുരുഷന് നിങ്ങളെ നിർമ്മലകന്യകയായി ഏല്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു. എന്നാൽ സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു."*
>
> *2 കൊരിന്ത്യർ 11 : 2, 3*

വിവാഹനിശ്ചയം കഴിഞ്ഞു. എല്ലാം തീരുമാനിച്ചു. വിവാഹമെല്ലാം ഉറച്ചു. പക്ഷേ, വിവാഹത്തിനു വേണ്ടി മണവാളൻ വരുമ്പോൾ അവൾ അന്യപുരുഷന്റെ കൂടെ കഴിയുന്നത്

കണ്ടാൽ എത്രയോ ദയനീയമായിരിക്കും! എത്രയോ വേദനാകരമായിരിക്കും! ഹൃദയം വഷളായിപ്പോകുമോ എന്നാണ് അപ്പൊസ്തലൻ പറയുന്നത്.

നിങ്ങളിൽ അനേകംപേർ ഈ നല്ല കാലയളവിൽ, സുപ്രസാദ സമയത്ത്, ക്രിസ്തുവിനുവേണ്ടി സമർപ്പിക്കുവാൻ ഭാഗ്യം ലഭിച്ചവരാണ്. “കർത്താവേ, ഇന്നു മുതൽ ഞാൻ നിന്റെ വക” എന്ന് വാക്കുപറഞ്ഞ് കർത്താവിനായി തങ്ങളെത്തന്നെ സമർപ്പിച്ചവരാണ്. നാവിൽ മാത്രമല്ല, ഹൃദയത്തിലും തീരുമാനമെടുത്ത് അങ്ങനെ ക്രിസ്തുവിന്റെ കൂടെ നടക്കുവാൻ വാസ്തവമായ പ്രതിഷ്ഠയിലേക്കു വന്നവരാണ്.

എന്നാൽ നൂറ്റാണ്ടുകൾക്കുമുമ്പ് അപ്പൊസ്തലനായ പൗലോസ് വേദനയോടെ പറഞ്ഞതുപോലെയുള്ള അപായകരമായ അനുഭവങ്ങൾ നിങ്ങളിൽ ആർക്കെങ്കിലും വന്നോ എന്ന് ചിന്തിക്കുന്നത് നല്ലതാണ്. “സർപ്പം ഹവ്വായെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു” എന്നാണ് അപ്പൊസ്തൊലൻ പറയുന്നത്.

നിങ്ങൾ ദൈവത്തോട് വാക്കു പറഞ്ഞവരാണ്, ഹൃദയത്തിലേക്ക് ക്രിസ്തുവിനെ എതിരേറ്റവരാണ്; നിങ്ങൾ ക്രിസ്തുവിനായി തങ്ങളെത്തന്നെ ഒരുക്കുവാൻ തീരുമാനം എടുത്തവരാണ്; നിങ്ങൾ പാപത്തോട് യാത്രപറഞ്ഞവരാണ്; പാപ ഇമ്പങ്ങളെ ഉപേക്ഷിച്ചവരാണ്; ലോകയിമ്പം വേണ്ട, പാപ സുഖം വേണ്ട, ഭൗതിക സന്തോഷങ്ങൾ വേണ്ട എന്ന് ദൈവത്തോട് വാക്കു പറഞ്ഞ് ഇറങ്ങി പുറപ്പെട്ടവരാണ്.

എന്നാൽ സ്നേഹിതരേ, നിങ്ങളുടെ ഹൃദയം ഇന്ന് വഷളായിപ്പോയിരിക്കുകയാണോ? പൈശാചികൻ നിങ്ങളെ

കൈവശപ്പെടുത്തിയിരിക്കുകയാണോ? സാത്താന്യചിന്തകൾ നിങ്ങളുടെ ഹൃദയത്തിൽ കുടിപാർക്കുന്നുണ്ടോ? സാത്താന്യ മോഹങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ ഇന്നു വാഴുന്നുണ്ടോ? പ്രിയപ്പെട്ടവരേ, നിങ്ങളെത്തന്നെ ഒന്ന് ശോധന ചെയ്യൂ.

എന്റെ കർത്താവേ, എന്റെ ജീവിതത്തിൽ ഞാൻ എടുത്ത തീരുമാനങ്ങളിൽനിന്ന് വ്യതിചലിച്ചു പോയല്ലോ; ഞാൻ പിന്മാറിപ്പോയല്ലോ; എനിക്ക് അനർത്ഥം നേരിട്ടുപോയല്ലോ. എന്റെ വീര്യം കെട്ടുപോയല്ലോ. എന്റെ ശക്തി കുറഞ്ഞുപോയല്ലോ. എന്റെ സമർപ്പണത്തിൽനിന്ന് ഞാൻ പിന്നോക്കം പോയല്ലോ. പാപത്തിന്റെ ഇമ്പങ്ങൾ എന്നെ വശീകരിച്ചല്ലോ. പാപത്തിന്റെ ഇമ്പങ്ങളിൽ ഞാൻ കുടുങ്ങിപ്പോയല്ലോ. ലോകത്തിന്റെ ഇമ്പങ്ങൾ എന്നെ സ്വാധീനപ്പെടുത്തിയല്ലോ. കർത്താവേ, എനിക്ക് അബദ്ധങ്ങൾ പറ്റിപ്പോയല്ലോ എന്ന് ദൈവത്തോട് പറയാൻ തോന്നുന്നുണ്ടോ?

മണവാളനായ യിസ്ഹാക്ക് കൂടാരത്തിൽനിന്ന് ഇറങ്ങി വെളിമ്പ്രദേശത്തേക്ക് തന്റെ മണവാട്ടിയേയും വഹിച്ചുകൊണ്ടു വരുന്ന ഒട്ടകങ്ങളെ കാണുവാൻ തലപൊക്കി നോക്കിയതുപോലെ കർത്താവായ യേശു സ്വർഗ്ഗത്തിൽനിന്ന് മദ്ധ്യാകാശത്തിൽ എഴുന്നള്ളി വന്ന് തലപൊക്കി നോക്കുമ്പോൾ നിങ്ങൾ ആ മണവാട്ടി സഭയിൽ കാണുമോ?

കർത്താവായ യേശുക്രിസ്തു മദ്ധ്യാകാശത്തിൽ വരുമ്പോൾ, അന്ന് വിശുദ്ധന്മാർ മാത്രം ആ കാഴ്ച കാണും. വിശുദ്ധന്മാർ മാത്രം അന്ന് തിരുസന്നിധിയിലേക്ക് പറന്നുയരും.

*"കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴു*

*ന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. ഈ വചനങ്ങളെക്കൊണ്ട് അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ.”*

*1 തെസ്സലൊനിക്യർ 4 : 16 – 18*

ആശ്വസിക്കാനുള്ള വചനം അതാണ്. അന്ന് എന്റെ ക്ലേശങ്ങൾ തീരും, എന്റെ യാതനകൾ തീരും, എന്റെ രോഗങ്ങൾ തീരും, എന്റെ കടബാദ്ധ്യതകൾ തീരും.

കർത്താവേ, കഷ്ടതയില്ലാത്ത ദേശത്തേക്ക്, കണ്ണുനീരില്ലാത്ത ദേശത്തേക്ക്, വഴക്കില്ലാത്ത ദേശത്തേക്ക്, ഭിന്നതയില്ലാത്ത ദേശത്തേക്ക്, കക്ഷിവൈരാഗ്യമില്ലാത്ത ദേശത്തേക്ക്, സ്നേഹത്തിന്റെ സ്വർഗ്ഗീയമണ്ഡലത്തിലേക്ക് എന്നെ സ്വീകരിപ്പാൻ എന്റെ അരുമനാഥൻ എഴുന്നള്ളി വരുമല്ലോ.

വെളിമ്പ്രദേശത്തേക്ക് എഴുന്നള്ളി വന്ന യിസ്ഹാക്ക് റിബെക്കയ്ക്ക് വേണ്ടി കാത്തുനിന്നതുപോലെ, എന്റെ കർത്താവേ, അവിടുന്ന് തലപൊക്കി നോക്കുമ്പോൾ ഞാനും കാണപ്പെടുമോ? അന്ന് കാണപ്പെടണമെങ്കിൽ ഇന്ന് അതിനുള്ള ഒരുക്കം പ്രാപിക്കേണ്ടതാണ്. ഈ കൃപായുഗത്തിൽ ഞാൻ ഒരുങ്ങിയില്ലെങ്കിൽ കനത്ത നഷ്ടമാണ് എനിക്ക് സംഭവിക്കാൻ പോകുന്നത്.

ഇത് സഭായുഗമാണ്. അകത്തു കടക്കാൻ പറ്റിയ സമയമാണ്. ഇന്ന് പെട്ടകത്തിന്റെ വാതിൽ തുറന്നിരിക്കുന്ന സമയമാണ്. പെട്ടകത്തിന്റെ വാതിൽ തുറന്നുവച്ചുകൊണ്ട് നീതി പ്രസംഗിയായ നോഹ ഇടതടവില്ലാതെ പ്രസംഗിച്ചുകൊണ്ടിരുന്നു: “വരുവിൻ, കയറുവിൻ, പ്രളയത്തിൽനിന്ന് രക്ഷപ്പെടുവിൻ,

ആർക്കും കയറാം; ഏത് ഘോരമൃഗത്തിനും കയറാം; കരടിക്കും ചെന്നായയ്ക്കും കയറാം. ഏതു പുള്ളിപ്പുലിക്കും സിംഹത്തിനും കടക്കാം; കരടിക്കു തുല്യം അമറുന്നവനും കടന്നു വരാം. ഏതു ഘോര ഹിംസ്രമൃഗത്തിനും കടന്നു വരാം. ആർക്കും പ്രവേശിക്കാം. ഇന്ന് പെട്ടകത്തിന്റെ വാതിൽ തുറന്നിരിക്കുന്നു.

സ്നേഹിതരേ, ഈ നല്ല സമയം അകത്തു കടക്കാൻ നിങ്ങളെത്തന്നെ സമർപ്പിക്കുന്നുണ്ടോ? തുറക്കപ്പെട്ട വാതിൽ കർത്താവായ യേശുവിന്റെ തിരുവിലാവാണ്! യേശുക്രിസ്തുവിന്റെ തിരുഹൃദയം തുറക്കപ്പെട്ടിരിക്കുകയാണ്. ഏതു കൊടും പാപിക്കും കടന്നുവരാം. ഏത് അശുദ്ധനും കടന്നുവരാം. ഏതു നരകയോഗ്യനായ മനുഷ്യനും പ്രവേശിക്കാം. ആരും നശിച്ചു പോകേണ്ട കാര്യമില്ല. ആരും നഷ്ടപ്പെട്ടു പോകേണ്ട ആവശ്യമില്ല. ആരും കൊള്ളരുതായ്മയിൽ തീർന്നുപോകേണ്ട ആവശ്യമില്ല. ആരും നരകത്തിന്റെ ഭീകരതയിലേക്ക് തള്ളപ്പെടേണ്ട ആവശ്യമില്ല.

ഏതു കൊടുംക്രൂരപാതകിക്കും അകത്തു പ്രവേശനമുണ്ട്. വരുവിൻ, യേശുക്രിസ്തു ക്ഷണിക്കുകയാണ്. നീതിപ്രസംഗിയായ നോഹ വിളിച്ചു പറഞ്ഞു: അകത്തു വന്നു രക്ഷപ്പെടുവിൻ, ഇതാ പ്രളയം വരുന്നു. ആരും അടയ്ക്കാതവണ്ണം അടയ്ക്കുന്നവൻ വാതിലടച്ചാൽ പിന്നെ ആർക്കും പ്രവേശനമില്ല.

സഹോദരങ്ങളേ, ഈ വിലയേറിയ സമയം നിങ്ങൾ പാഴാക്കരുത്. ഈ നല്ല കാലം നിങ്ങൾ കളയരുത്. ഇനിയും നിങ്ങൾ താമസിക്കരുത്. ഇനിയും നിങ്ങൾ തറ്റു നിൽക്കരുത്; പിന്നെയാകട്ടെ എന്നു വയ്ക്കരുത്; സാധിച്ചില്ലെങ്കിലോ? സമയം കിട്ടിയില്ലെങ്കിലോ? അവസരം ലഭിച്ചില്ലെങ്കിലോ? വാതിൽ അടഞ്ഞുപോയാലോ? പ്രിയൻ വന്നാലോ?

അവൻ തേജസ്സിൽ പ്രത്യക്ഷനാകുമ്പോൾ, തേജോമയമായ അനുഭവമുള്ള ദൈവമക്കൾ മാത്രം അകത്തു പ്രവേശിക്കും. അവർ മാത്രം പറന്നുയരും. വിശുദ്ധിയുടെ തേജസ്സുള്ളവർ, കറയും ചുളുക്കവും ഇല്ലാത്ത കന്യകമാത്രം അകത്തു പ്രവേശിക്കും. മണവാട്ടി സഭ അകത്തേക്കു കൈക്കൊള്ളപ്പെടും.

പ്രിയപ്പെട്ടവരേ, ഇന്ന് അതിവേഗം ഈ പെട്ടകത്തിൽ കയറിക്കൊൾവിൻ. സ്നേഹവാനായ ക്രിസ്തു നിങ്ങളെ ക്ഷണിക്കുകയാണ്. ഇതുവരെയും നിങ്ങൾ അമാന്തിച്ചു നിന്നു, താമസിച്ചു നിന്നു. ഇന്നിതാ സുപ്രസാദകാലം, ഇപ്പോൾ ഇതാ രക്ഷാദിവസം. ആർക്കും പ്രവേശിക്കാവുന്ന സമയം. നമുക്കു സമർപ്പിക്കാം, നമുക്കും ക്രിസ്തുവാകുന്ന സ്വർഗ്ഗീയ പെട്ടകത്തിൽ പ്രവേശിക്കാം.

# പതിമൂന്ന്

*"വൈകുന്നേരത്ത് യിസ്ഹാക്ക് ധ്യാനിപ്പാൻ വെളി പ്രദേശത്ത് പോയിരുന്നു; അവൻ തലപൊക്കി നോക്കി ഒട്ടകങ്ങൾ വരുന്നതു കണ്ടു. റിബെക്കായും തലപൊക്കി യിസ്ഹാക്കിനെ കണ്ടിട്ട് ഒട്ടകപ്പുറത്തുനിന്ന് ഇറങ്ങി. അവൾ ദാസനോട്: വെളിപ്രദേശത്ത് നമ്മെ എതിരേറ്റുവരുന്ന പുരുഷൻ ആരെന്നു ചോദിച്ചതിന്നു എന്റെ യജമാനൻ തന്നേ എന്നു ദാസൻ പറഞ്ഞു."* *ഉല്പത്തി 24 : 63 – 65*

തനിക്കുവേണ്ടി എല്യേസർ ഒരുക്കികൊണ്ടുവരുന്ന മണവാട്ടിയായ റിബെക്കയെ എതിരേല്ക്കുവാനായി യിസ്ഹാക്ക് തന്റെ കൂടാരത്തിൽനിന്നും വെളിപ്രദേശത്തേക്ക് ഇറങ്ങി വന്നു.

യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിന്റെ നിഴലായ പ്രസ്താവനകളാണ് നാം കാണുന്നത്. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ്! വെളിപ്രദേശത്ത് ഒരു പുരുഷൻ എതിരേറ്റു വരുന്നു! സ്വന്തം കൂടാരത്തിൽ നിന്നിറങ്ങി, മരുഭൂമിക്കരികെ വെളിപ്രദേശത്ത് ഒരു പുരുഷൻ ഇതാ എതിരേറ്റു വരുന്നു. കർത്താവായ യേശുക്രിസ്തു സ്വർഗ്ഗീയരാജാസനത്തിൽ നിന്ന് ഇറങ്ങി മദ്ധ്യാകാശം വരെ വരുന്നതിന്റെ വ്യക്തമായ ചിത്രീകരണമാണ്, ക്രിസ്തുവിന്റെ പുനരാഗമനത്തിന്റെ ചിത്രമാണ് ഇവിടെ പരിശുദ്ധാത്മാവ് വരച്ചു കാണിച്ചു തരുന്നത്.

പിതാവിന്റെ വലതുഭാഗത്ത് ഇരിക്കുന്ന പുത്രൻതമ്പുരാൻ, പിതാവിന്റെ സന്നിധിയിൽനിന്ന് ഈ ഭൂമിയിലേക്ക് എഴുന്നള്ളി വരുന്നു. പക്ഷേ, ഈ ഭൂമിയിലേക്കു വന്നു കാൽ ചവിട്ടുന്നില്ല. മദ്ധ്യാകാശംവരെ വരുന്നു. വെളിമ്പ്രദേശംവരെ മാത്രം വരുന്നു. "വെളിമ്പ്രദേശത്തു നമ്മെ എതിരേറ്റു വരുന്ന പുരുഷൻ ആര്?" "അത് എന്റെ യജമാനൻ തന്നേ." റിബെക്ക ദൂരെ നിന്നു തലപൊക്കി നോക്കി ഒരു പുരുഷൻ എതിരേറ്റു വരുന്നത് കണ്ടു.

നാളുകളായി അവൾ എല്യേസറിന്റെ കൂടെ യാത്ര ചെയ്തു വരികയായിരുന്നു. ഇപ്പോൾ ആ യാത്രയുടെ ഏതാണ്ട് പരിസമാപ്തിയോടടുത്തു വരുന്നു; യിസ്ഹാക്കിനോട് അടുത്തു വരികയാണ്. യിസ്ഹാക്കിന്റെ കൂടാരത്തോട് അടുത്തു വരികയാണ്. കഷ്ടപ്പാട് നിറഞ്ഞ യാത്രയായിരുന്നു, വെള്ളത്തിനു പലപ്പോഴും വിഷമിച്ചുള്ള യാത്രയായിരുന്നു.

ദാഹിച്ച് വലഞ്ഞിട്ടുള്ള യാത്രയായിരുന്നു. മരുപ്പറമ്പിലൂടെയുള്ള യാത്രയായിരുന്നു. മണലാരണ്യത്തിലെ ഊഷരമായ മണൽത്തരികളിൽ നിന്നും ഉയർന്നുവരുന്ന കഠിനമായ ഉഷ്ണതാപമേറ്റ് വലഞ്ഞുകൊണ്ടുള്ള യാത്രയായിരുന്നു. വെയിലേറ്റു വാടുന്ന യാത്രയായിരുന്നു. കഷ്ടപ്പാടു നിറഞ്ഞ യാത്രയായിരുന്നു. ആ യാത്രയുടെ സമാപ്തിയിലേക്കു വരുമ്പോൾ അവൾ നോക്കി; ദൂരെ ഒരു പുരുഷൻ എതിരേറ്റു വരുന്നു.

അവൾ എല്യേസറിനോട് ചോദിച്ചു: വെളിമ്പ്രദേശത്തു നമ്മെ എതിരേറ്റു വരുന്ന പുരുഷൻ ആര്? അത് എന്റെ യജമാനൻ തന്നേ. മോളേ, നീ ഇത്രയും ദിവസം കഷ്ടപ്പെട്ടു യാത്ര ചെയ്തില്ലേ. ഞാൻ ഒരാളെക്കുറിച്ച് നിന്നോട് പറഞ്ഞില്ലേ; നീ ആർക്കുവേണ്ടിയാണോ വരുന്നത്, നീ ആരെ തേടിയാണോ പുറപ്പെട്ടത്, ആരെ ആഗ്രഹിച്ചും താത്പര്യപ്പെട്ടുമാണോ നീ നിന്റെ അപ്പനേയും അമ്മയേയും സഹോദരനെയും

വിട്ടു പുറപ്പെട്ടത്, ദൂരെ ദൂരെ നിന്റെ പിതൃഭവനത്തിൽ നിന്നു നീ പുറപ്പെട്ടത് ആർക്കുവേണ്ടിയാണോ ആ എന്റെ യജമാനനാണ്, ആ യിസ്ഹാക്കാണ് വെളിമ്പ്രദേശത്ത് എതിരേറ്റു വരുന്നത്.

വളരെ മനോഹരമായ ഒരു ചിത്രമാണ് നാം ഇവിടെ കാണുന്നത്. കഷ്ടപ്പാടുനിറഞ്ഞ യാത്ര അവസാനത്തോട് അടുക്കുകയാണ്. പ്രിയപ്പെട്ടവരേ, നമ്മുടെ ജീവിതത്തിലുമുണ്ട് കഷ്ടപ്പാടുകൾ. നമുക്കുമുണ്ട് രോഗങ്ങൾ, നമുക്കുമുണ്ട് വേദനകൾ, നമുക്കുമുണ്ട് പ്രതിസന്ധികൾ. എത്രയെത്ര പ്രശ്നങ്ങളിലൂടെയാണ് നാം ഓരോ ദിവസവും കഴിഞ്ഞു കൂടുന്നത്?

പണത്തിന്റെ ഞെരുക്കമുണ്ട്. കടത്തിൽ മുങ്ങി വിഷമിക്കുന്നവരില്ലേ? ഓരോ പ്രശ്നങ്ങളിൽപ്പെട്ട് മനസ്സ് നൊന്തു വിങ്ങിക്കഴിയുന്നവരില്ലേ? ഒരുപക്ഷേ നിങ്ങൾ ഇന്ന് ഉള്ളുനീറിക്കഴിയുന്നവരായിരിക്കും. ഉമിത്തീ നീറുന്നതുപോലെ നീറിനീറി എരിഞ്ഞെരിഞ്ഞ് വലഞ്ഞു വിഷമിക്കുന്നവരായി രിക്കും.

എന്നാൽ ഇതിന് ഒരു പരിസമാപ്തിയുണ്ട്; ഒരറുതിയുണ്ട്; ഒരു അവസാനമുണ്ട്. നമ്മുടെ കർത്താവായ യേശു വീണ്ടും വരും. നമുക്ക് ഒരു നല്ല, പ്രത്യാശാകരമായ ഭാവിയുണ്ട്. ഇവിടെ കണ്ണുനീരേയുള്ളൂ. ഇവിടെ ദുരിതമേയുള്ളൂ. ഇവിടെ എതിർപ്പുകളേയുള്ളൂ. ഇവിടെ പോരാട്ടമേയുള്ളൂ. ഇവിടെ ശത്രുത്വമേയുള്ളൂ. ഇവിടെ തെറ്റിദ്ധാരണയേയുള്ളൂ. ഇവിടെ ആക്ഷേപങ്ങളും പരിഹാസങ്ങളുമേയുള്ളൂ. ഇവിടെ നിന്ദകളും ദുഷികളുമേയുള്ളൂ.

പ്രിയപ്പെട്ടവരേ, ഇവിടെ ആപത്തുകളും അത്യാഹിതങ്ങ ളുമുണ്ട്. എന്നാൽ നമുക്ക് ഇതിനെല്ലാം ഒരു അറുതിയുണ്ട്. കർത്താവായ യേശു വീണ്ടും വരും. അതാണ് മഹത്വകരമായ പ്രത്യാശ.

തീത്തോസിന്റെ ലേഖനത്തിൽ അപ്പൊസ്തലനായ പൗലോസ് പറയും, ഭാഗ്യകരമായ പ്രത്യാശ എന്ന്. ഈ മഹത്വകരമായ പ്രത്യാശ ഭാഗ്യകരമായ പ്രത്യാശയാണ്. യേശു വീണ്ടും വരും എന്നുള്ളത്, കണ്ണുനീരു തോരും എന്നുള്ളത്, ദുരിതങ്ങൾ തീരും എന്നുള്ളത്, യാതനകൾ മാറും എന്നുള്ളത്, ജീവിതത്തിൽ ഇനിയും സന്തോഷകാലങ്ങൾ ലഭിക്കും എന്നുള്ളത്, നമുക്ക് ഒരു വിശ്രമം കിട്ടും എന്നുള്ളത് ഭാഗ്യകരമായ പ്രത്യാശയാണ്.

ഇന്ന് വിശ്രമമില്ലാതെ പണിയെടുക്കുന്നു, അദ്ധ്വാനിക്കുന്നു. അദ്ധ്വാനിച്ചിട്ടും കൈയിൽ ഒന്നും നിൽക്കുന്നില്ല, ചോർന്നു പോകുന്നു. സമ്പാദിക്കുന്നുണ്ട് ഒന്നും നമ്മുടെ ആവശ്യത്തിനു മതിയാകുന്നില്ല. നാം ആവശ്യഭാരങ്ങളിൽ വലയുകയാണ്.

പ്രിയപ്പെട്ടവരേ, അദ്ധ്വാനഫലം നമുക്ക് അനുഭവിക്കാൻ സാധിക്കാതെ അന്യൻ കൊണ്ടുപോകുന്നു. പല നഷ്ടങ്ങൾ സംഭവിക്കുന്നു, കഷ്ടങ്ങൾ സംഭവിക്കുന്നു. എന്നാൽ ഇതിനെല്ലാം ഒരവസാനമുണ്ട്. ഒരു ആശ്വാസകാലമുണ്ട്. ഭാഗ്യകരമായ പ്രത്യാശ! കണ്ണീരു തുടയ്ക്കുന്ന ഒരു ദിവസമുണ്ട്. നിത്യമായി ആനന്ദം അലതല്ലുന്ന ഒരു ദിവസമുണ്ട്, നിത്യസന്തോഷം ആരംഭിക്കുന്ന ഒരു ദിവസമുണ്ട്. യേശു വീണ്ടും വരും.

> *"വെളിമ്പ്രദേശത്ത് നമ്മെ എതിരേറ്റുവരുന്ന പുരുഷൻ ആര് എന്ന് ചോദിച്ചതിന്ന് എന്റെ യജമാനൻതന്നെ എന്ന് ദാസൻ പറഞ്ഞു"*
>
> *ഉല്പത്തി 24 : 65*

> *"വൈകുന്നേരത്ത് യിസ്ഹാക്ക് ധ്യാനിപ്പാൻ വെളിമ്പ്രദേശത്തു പോയിരുന്നു." ഉല്പത്തി 24 : 63*

'വൈകുന്നേരത്ത്' എന്ന വാക്ക് ഇവിടെ വളരെ പ്രസക്തമാണ്. യിസ്ഹാക്ക് വരുന്നത് വൈകുന്നേര സമയത്താണ്. വൈകുന്നേരസമയം! ഇരുൾ പരന്നു

തുടങ്ങിയിരിക്കുന്നു. യേശുവിന്റെ വരവ് ഇരുളു പരക്കുന്ന നാഴികയിലാണ്; യേശുവിന്റെ വരവ് ലോകം ഇരുളാകുന്ന സമയത്താണ്.

ലോകത്തെല്ലാം ധാർമ്മികമായി ഇരുളു വ്യാപിക്കുന്ന കാലം; സാന്മാർഗ്ഗികമായി ഇരുളു വ്യാപിക്കുന്ന കാലം, സാംസ്കാരികമായി ഇരുളു വ്യാപിക്കുന്ന കാലം; മനുഷ്യന്റെ സ്വാഭാവത്തിൽ ഇരുളു വ്യാപിക്കുന്ന കാലം. എല്ലാ വിധത്തിലും ഇരുളിന്റെ കാലം! അസന്മാർഗ്ഗികത നിറഞ്ഞു നിൽക്കുന്ന, അധാർമ്മികത നിറഞ്ഞു നിൽക്കുന്ന കാലം, അക്രമവും അഴിമതിയും നിറഞ്ഞു നിൽക്കുന്ന കാലം! കൊള്ളയും കൊള്ളിവെപ്പും നടക്കുന്ന കാലം! കവർച്ചകളും ദുരിതങ്ങളും വളരുന്ന കാലം! എല്ലാവിധത്തിലും തകർന്നടിയുന്നൊരു കാലം!

ആ കാലത്തെക്കുറിച്ച് കർത്താവ് തന്നെ പറഞ്ഞു: “മനുഷ്യപുത്രൻ വരുമ്പോൾ വിശ്വാസം കണ്ടെത്തുമോ?” അനേകർ ദൈവത്തെ തെറ്റിദ്ധരിക്കുന്ന കാലം; ദൈവമുണ്ടോ എന്നു സംശയിക്കുന്ന കാലം! ദൈവത്തെ അവിശ്വസിക്കുന്ന കാലം! ദൈവം ഇല്ല എന്നു തറപ്പിച്ചുപറയുന്ന കാലം! നിരീശ്വരത്വം വളരുന്ന കാലം!

അനേകർ ദൈവനിഷേധികളായിത്തീരുന്ന കാലം! കൊള്ളയും കൊള്ളരുതായ്മയുമായി ജീവിതം താറുമാറാക്കുന്ന കാലം! മാതാപിതാക്കളെ അനുസരിക്കാത്ത കാലം! ഭർത്താവ് ഭാര്യയെ കൊല്ലുന്ന കാലം! ഭാര്യ ഭർത്താവിനെ കൊല്ലുന്ന കാലം! മക്കൾ മാതാപിതാക്കളെ കൊല്ലുന്ന കാലം! അക്രമവും അഴിമതിയും നടമാടുന്ന കാലം!

ഇരുളിന്റെ കാലങ്ങൾ! ഭയാനകമായ ഇരുട്ടിന്റെ കാലങ്ങൾ! എല്ലാമെല്ലാം ഇരുണ്ടുപോകുന്ന കാലങ്ങൾ! അവിശ്വാസം വളരുന്ന കാലങ്ങൾ! ഈ കാലങ്ങൾ അതിക്രമകാലങ്ങളാണ്,

അഴിമതിയുടെ കാലങ്ങളാണ്. എവിടെയുണ്ട് നീതി? എവിടെയുണ്ട് സത്യം?

സുവിശേഷം പറയുന്നവർപോലും ജീവിതത്തിൽ വ്യക്തമായ നിബന്ധനകളില്ലാതെ, തത്വദീക്ഷയില്ലാതെ, വ്യക്തമായ കാഴ്ചപ്പാടില്ലാതെ, ആത്മീയമായ അവബോധമില്ലാതെ സുവിശേഷം പേരിനു പറഞ്ഞുകൊണ്ട് നടക്കുന്ന കാലം! അനേകം സുവിശേഷവേലക്കാരും, സുവിശേഷവേലകൾ പോലും അധ:പതിച്ചിരിക്കുന്ന കാലം! മനുഷ്യതതി ഇരുട്ടിൽ തപ്പുന്ന കാലം!

സമാധാനത്തിന്റെ കണികയില്ലാത്ത കാലം! ഇരുളു വ്യാപിക്കുന്ന കാലം! യേശു വരാറായിരിക്കുന്നു.

> *"അന്ത്യകാലത്ത് ദുർഘടസമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്ര ഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്ത വരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യ മില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണ ദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗ പ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും. അങ്ങനെയു ള്ളവരെ വിട്ടൊഴിയുക."*
>
> *2 തിമൊഥെയൊസ് 3 : 1 – 5*

അന്ത്യകാലത്ത് ദുർഘടസമയങ്ങൾ വരും. അവസാനകാലം, ഇതെല്ലാം ഒത്തുവന്നിരിക്കുന്ന കാലമാണ്.

> *"അതുകൊണ്ട് ദൈവം അവരെ തങ്ങളുടെ ഹൃദയങ്ങളിലെ മോഹങ്ങളിൽ സ്വന്തശരീരങ്ങളെ*

*തമ്മിൽ തമ്മിൽ അവമാനിക്കേണ്ടതിന്നു അശുദ്ധിയിൽ ഏല്പിച്ചു. ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു. സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ചു ആരാധിച്ചു."*

*റോമർ 1 : 24, 25*

സൃഷ്ടിച്ചവനേക്കാൾ സൃഷ്ടിയെ ഭജിച്ച് ആരാധിക്കുന്ന കാലം! സാത്താന്യസേവ എന്നുപറയുന്ന സമ്പ്രദായം നമ്മുടെ കേരളക്കരയിലും ധാരാളമായി വ്യാപിച്ചു വരുന്നു.

Black Mass എന്നുപറയുന്ന കറുത്ത കുർബ്ബാനകൾ! സാത്താനെ ആരാധിക്കുന്ന മേളതാളങ്ങളോടുകൂടിയ, വാദ്യവിശേഷങ്ങളോടുകൂടിയ സംഗീത വിരുന്നുകൾ! വലിയ ആഘോഷങ്ങൾ. മനുഷ്യരെ ആകർഷിക്കുന്ന തരത്തിലുള്ള, ആത്മീയത്തിന്റെ പേരിൽ വരുന്ന അനാത്മീയമായ കാര്യങ്ങൾ.

*"അതുകൊണ്ട് ദൈവം അവരെ അവമാനരാഗങ്ങളിൽ ഏല്പിച്ചു; അവരുടെ സ്ത്രീകൾ സ്വാഭാവിക ഭോഗത്തെ സ്വഭാവവിരുദ്ധമാക്കിക്കളഞ്ഞു. അവ്വണ്ണം പുരുഷന്മാരും സ്വാഭാവികസ്ത്രീഭോഗം വിട്ടു അന്യോന്യം കാമം ജ്വലിച്ച് ആണോടു ആൺ അവലക്ഷണമായതു പ്രവർത്തിച്ചു."*

*റോമർ 1 : 26, 27*

*"അവർ സകല അനീതിയും ദുഷ്ടതയും അത്യാഗ്രഹവും ദുർബുദ്ധിയും നിറഞ്ഞവർ; അസൂയ, കൊല, പിണക്കം, കപടം, ദുശ്ശീലം എന്നിവ തിങ്ങിയവർ, കുരളക്കാർ, ഏഷണിക്കാർ, ദൈവദ്വേഷികൾ, നിഷ്ഠുരന്മാർ, ഗർവ്വിഷ്ഠൻമാർ, ആത്മപ്രശംസക്കാർ, പുതുദോഷം സങ്കല്പിക്കുന്നവർ, മാതാപിതാക്കന്മാരെ അനുസരിക്കാത്തവർ, ബുദ്ധിഹീനർ, നിയമലംഘികൾ, വാത്സല്യമില്ലാത്തവർ, കനി*

*വറ്റവർ. ഈ വക പ്രവർത്തിക്കുന്നവർ മരണയോഗ്യർ എന്നുള്ള ദൈവന്യായം അവർ അറിഞ്ഞിട്ടും അവയെ പ്രവർത്തിക്ക മാത്രമല്ല പ്രവർത്തിക്കുന്നവരിൽ പ്രസാദിക്കയും കൂടെ ചെയ്യുന്നു."*

*റോമർ 1 : 29 – 32*

അന്ത്യകാലം! അത് ഇരുളുപടരുന്ന കാലമാണ്. സകല നീതിയും സകല സത്യവും സകല ന്യായവും ഉപേക്ഷിക്കുന്ന കാലമാണ്. അതിനെക്കുറിച്ച് അപ്പൊസ്തലനായ പൗലോസ് പറയുന്നു:

*"അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന് അറിയുന്നില്ലയോ? നിങ്ങളെത്തന്നെ വഞ്ചിക്കാതിരിപ്പിൻ; ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷകാമികൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല."* *1 കൊരിന്ത്യർ 6 : 9, 10*

*"ജഡത്തിന്റെ പ്രവർത്തികളോ; ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ എന്ന് വെളിവാകുന്നു. ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു ഞാൻ മുമ്പെ പറഞ്ഞതുപോലെ ഇപ്പോഴും നിങ്ങളോടു മുൻകൂട്ടി പറയുന്നു."*

*ഗലാത്യർ 5 : 19 – 21*

ഇതെല്ലാം അന്ത്യകാല ലക്ഷണങ്ങളാണ്. സഹോദരങ്ങളേ, അന്ത്യകാലത്ത് ദുരുപദേശങ്ങളും ദുരുപദേഷ്ടാക്കന്മാരും

ഉണ്ടാകും. ഇരുൾ പകരുന്ന കാലം.

> *"എന്നാൽ കള്ളപ്രവാചകന്മാരും ജനത്തിന്റെ ഇടയിൽ ഉണ്ടായിരുന്നു. അങ്ങനെ നിങ്ങളുടെ ഇടയിലും ദുരുപദേഷ്ടാക്കന്മാർ ഉണ്ടാകും; അവർ നാശകരമായ മതഭേദങ്ങളെ നുഴയിച്ച് തങ്ങളെ വിലയ്ക്കു വാങ്ങിയ നാഥനെ തള്ളിപ്പറഞ്ഞു തങ്ങൾക്കു തന്നേ ശീഘ്രനാശം വരുത്തും. അവരുടെ ദുഷ്കാമപ്രവൃത്തികളെ പലരും അനുകരിക്കും; അവർ നിമിത്തം സത്യമാർഗ്ഗം ദുഷിക്കപ്പെടും. അവർ ദ്രവ്യാഗ്രഹത്തിൽ കൗശലവാക്കു പറഞ്ഞ് നിങ്ങളെ വാണിഭം ആക്കും. അവർക്കു പൂർവ്വകാലം മുതൽ ന്യായവിധി താമസിയാതെ വരുന്നു; അവരുടെ നാശം ഉറങ്ങുന്നതുമില്ല."*
>
> *2 പത്രോസ് 2 : 1 – 3*

ആത്മീയം വില്പനച്ചരക്കാക്കുന്ന കാലം. ആത്മീയ പ്രവർത്തനങ്ങൾ ധനാഗമ മാർഗ്ഗമാക്കുന്ന കാലം. സഹോദരങ്ങളേ, ഇന്ന് നിങ്ങൾ ചിന്തിക്കൂ. ഒരു വൈകുന്നേര സമയം വന്നിരിക്കുന്നു. എല്ലാം ഇരുണ്ടുവന്നിരിക്കുന്നു.

സത്യമാർഗ്ഗം ദുഷിക്കപ്പെടുന്നകാലം. സത്യം ഏതാണെന്ന് അറിയാൻ വയ്യാതെ മനുഷ്യർ അമ്പരിപ്പിലായി ഉഴലുന്ന കാലം. എല്ലാം പ്രസംഗങ്ങളിൽ കേൾക്കുന്നു; പുസ്തകങ്ങളിൽ വായിക്കുന്നു. ഏതാണ് സത്യം? സത്യം തിരിച്ചറിയാൻ പറ്റുന്നില്ല. സത്യം തിരിച്ചറിയാൻ പറ്റാതെ മനുഷ്യൻ തപ്പിനടക്കുന്ന കാലം. ഇരുൾ വ്യാപിക്കുന്നു. ഇരുട്ട് കൂടിവരുന്നു. മനുഷ്യഹൃദയം ഇരുണ്ടുപോകുന്നു. മനുഷ്യഹൃദയം എല്ലാവിധത്തിലും സംസ്ക്കാരമില്ലാത്തതായിത്തീരുന്നു. സ്നേഹമില്ലാത്തതായിത്തീരുന്നു. പരസ്പരവിശ്വാസമില്ലാത്തതായിത്തീരുന്നു. പരസ്പരം കരുണയില്ലാത്തതായിത്തീരുന്നു. മനുഷ്യഹൃദയം വളഞ്ഞ വഴികളിലേക്കു തിരിയുന്നു.

എന്നാൽ പ്രിയപ്പെട്ടവരേ, ഈ വൈകുന്നേരസമയത്ത് യിസ്ഹാക്ക് വെളിമ്പ്രദേശത്തേക്ക് ഇറങ്ങി വരികയാണ്. കർത്താവായ യേശു വീണ്ടും വരാറായിരിക്കുന്നു. യേശു വീണ്ടും വരും.

*“ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ച് നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ. കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്ന് ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞു പോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും.” 2 പത്രോസ് 3 : 9, 10*

പ്രിയപ്പെട്ടവരേ, ആരും നശിച്ചുപോകരുതെന്ന് ദൈവത്തിന് ആഗ്രഹമുണ്ട്. അതുകൊണ്ട് കർത്താവ് അവസരം നീട്ടിത്തരികയാണ്. നാളെ ഒരു ദിവസം ദൈവത്തിന്റെ വചനം കേൾക്കാൻ ഇടയാകുന്നതിനു മുമ്പ് ഞാൻ ഈ ഭൂമിയിൽ നിന്നു മാറ്റപ്പെടുമോ? ഞാൻ ഈ ഭൂമിയിൽ നിന്നും നീങ്ങിപ്പോകുമോ? കർത്താവേ, നിന്റെ വരവിനുവേണ്ടി എനിക്ക് ഒരുങ്ങണം. നിന്റെ വരവിനുവേണ്ടി എനിക്കു വിശുദ്ധീകരണം അനുഭവിക്കണം. നിങ്ങൾ പ്രാർത്ഥിക്കൂ.

നിങ്ങൾ എത്ര വിശുദ്ധജീവിതവും ഭക്തിയുമുള്ളവർ ആയിരിക്കേണ്ടതാണ് എന്നാണ് അപ്പൊസ്തലനായ പത്രോസ് പറയുന്നത്.

*‘‘ഇങ്ങനെ ഇവ ഒക്കെയും അഴിവാനുള്ള തായിരിക്കയാൽ ആകാശം ചുട്ടഴിവാനും മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനും ഉള്ള*

*ദൈവദിവസത്തിന്റെ വരവു കാത്തിരുന്നും ബദ്ധപ്പെടുത്തിയുംകൊണ്ടു നിങ്ങൾ എത്ര വിശുദ്ധ ജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കേണം." 2 പത്രോസ് 3 : 11, 12*

ഒന്നാം നൂറ്റാണ്ടിൽ തന്നെ അപ്പൊസ്തലനായ പത്രോസ് ഇക്കാര്യം പ്രബോധിപ്പിച്ചു: ഇന്നിതാ നൂറ്റാണ്ടുകൾ നൂറ്റാണ്ടുകൾ പിന്നിട്ടു. ഇന്നും അതേ വാക്കുകൾ നമ്മുടെ മുമ്പിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവു വരച്ചുകാട്ടിത്തരികയാണ്.

നിങ്ങൾ എത്ര വിശുദ്ധജീവിതവും ഭക്തിയും ഉള്ളവർ ആയിരിക്കേണം. മണവാളൻ ഇതാ എഴുന്നള്ളി വരാറായിരിക്കുന്നു. അവൻ വെളിമ്പ്രദേശത്തേക്ക് ഇറങ്ങി വരാറായിരിക്കുന്നു. മണവാട്ടി ഒരുങ്ങി യാത്രചെയ്ത് മണവാളനോടു സമീപിക്കേണ്ട കാലമായിരിക്കുന്നു. എല്യേസർ മണവാട്ടിയെ ഒരുക്കി യാത്ര പുറപ്പെട്ടിരിക്കുന്നു.

പ്രിയപ്പെട്ടവരേ, നിങ്ങളും ചേർന്നില്ല എന്നു വരരുത്. നിങ്ങളും ഈ മണവാട്ടി സഭയിൽ അംഗമായിത്തീർന്നില്ല എന്നു വരരുത്. ക്രിസ്തുവിന്റെ മണവാട്ടിസഭയിൽ ചേരുന്നതിന് ഒരു പൈസയും മുടക്കേണ്ട കാര്യമില്ല. നിങ്ങൾ അതിന് ഒരു സഭയും മാറണ്ട. നിങ്ങളുടെ സ്വഭാവം മാറണം. ക്രിസ്തു നിങ്ങളുടെ ഹൃദയത്തിൽ വരണം.

ക്രിസ്തു നിങ്ങളുടെ ജീവിതത്തെ വിശുദ്ധീകരിക്കും. നിങ്ങളുടെ പാപപ്രവണതകൾ മാറും. നിങ്ങളുടെ കോപശീലം മാറും. നിങ്ങളുടെ വാശിയും വഴക്കും വൈരാഗ്യവും പിണക്കവും മാറും. നിങ്ങളുടെ ഹൃദയത്തിൽ ഈർഷ്യയും അസൂയയും മാറും. നിങ്ങളുടെ സ്വാർത്ഥതയും അഹങ്കാരവും മാറും.

നിങ്ങളുടെ ഹൃദയത്തിലേക്കു യേശു വന്ന് വാസം ചെയ്യും. ഇപ്പോൾ തന്നെ നിങ്ങൾക്ക് യേശുവിനെ ഹൃദയത്തിലേക്ക്

സ്വീകരിക്കാം.

യേശുവേ, എന്റെ സകല പാപങ്ങളും പോക്കുവാൻ കുരിശിൽ മരിച്ച രക്ഷകാ, നീ എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ. എന്റെ കഴിഞ്ഞകാല പാപങ്ങളെല്ലാം തിരുരക്തത്താൽ കഴുകപ്പെട്ടവനായി ഒരു പുതിയ ജീവിതം നയിക്കാൻ ഞാനിതാ തീരുമാനിക്കുന്നു. എന്റെ ജീവിതത്തിന്റെ ചുക്കാൻ നീ പിടിക്കണമേ. എന്നെ നിന്റെ മകനാക്കിത്തീർക്കണമേ.

എന്നെ നീ കൈക്കൊള്ളണമേ. എന്റെ പേര് ജീവന്റെ പുസ്തകത്തിൽ എഴുതിച്ചേർക്കണമേ. സ്വർഗ്ഗരാജ്യത്തിന്റെ അവകാശം എനിക്കു തരണമേ. യേശു വീണ്ടും വരുമ്പോൾ പറന്നുയരുന്ന വിശുദ്ധന്മാരുടെ കൂട്ടത്തിൽ പറക്കാൻ എനിക്കു വിശുദ്ധജീവിതം തരണമേ; എന്നെ അനുഗ്രഹിക്കണമേ.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം - ഭാഗം ഒന്ന്
53. കണ്ണീർപ്പാടം - ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസ വീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. CALEB - A BRAVE HERO OF FAITH
107. രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. LITTLE FOXES
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?
112. സമർപ്പണം
113 ON WIND'S WAY
114. സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?
115. भाग्यशाली
116. ജയാളികൾ
117. സൂര്യനുദിക്കും
118 VICTORIOUS LIVING
119. DEATH, WHERE IS YOUR VICTORY?
120. അഭിവൃദ്ധി പ്രാപിക്കണമോ?
121. എഴുന്നേല്ക്കുക
122 WHAT MUST I DO TO BE SAVED?
123. സ്നേഹാർദ്രകരങ്ങൾ
124. മ്ലാനത മാറുമോ?
125. ഫിലേമോൻ
126. DEDICATION
127. മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ
128. ദൈവത്തിന്റെ സ്നേഹിതൻ
129. വിശ്വാസികളുടെ പിതാവ്

# ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ പ്രധാനയോഗങ്ങൾ

**Prof. M.Y. യോഹന്നാന്റെ** ഭവനത്തിനടുത്തുള്ള പ്രാർത്ഥനാഹാളിൽ

കടയിരുപ്പ് (കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്)

Ph : 0484 -2689489, 9142 303096

| | |
|---|---|
| രണ്ടാം ശനിയാഴ്ച | 9.00am - 2.00pm |
| സാക്ഷ്യയോഗം | 4.30pm - 9.00pm |
| രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 12.30pm - 5.00pm |
| മൂന്നാം ഞായറാഴ്ച | 12.30pm - 5.00pm |
| എല്ലാ തിങ്കളാഴ്ചയും | 6.00pm - 8.30pm |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്സ്) | 6.00pm - 8.30pm |
| ഒന്നാം ചൊവ്വാഴ്ച (സ്ത്രീകളുടെ യോഗം) | 9.00am - 12.45pm |
| എല്ലാ ഒന്നും മൂന്നും ബുധനാഴ്ച യുവാക്കന്മാരുടെ യോഗം (15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |